# കാനൻ നിയമം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# കാനൻ നിയമം

**Title:** Canon Law
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 July 28 (St. Alphonsa)

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu
Rev. Dr. Joseph Kakkaramattam

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith KC
Mrs. Maneesha Shinoj
Mrs. Anitha Vijayan
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. പാശ്ചാത്യ, പൗരസ്ത്യ സഭകളുടെ കാനൻ നിയമസംഹിതകൾ (CIC, CCEO) ........ 5
2. സഭയിലെ പരമാധികാരം ........ 23
3. പാത്രിയാർക്കൽ സഭകൾ ........ 33
4. മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ ........ 64
5. രൂപതകളും മെത്രാന്മാരും ........ 68
6. വിശ്വാസികളുടെ അവകാശങ്ങളും കടമകളും ........ 81
7. ദൈവാരാധന, പ്രത്യേകിച്ചും കൂദാശകൾ ........ 94
8. വിവാഹത്തെക്കുറിച്ചുള്ള കാനൻ നിയമങ്ങൾ........ 113

## ആധാര ഗ്രന്ഥങ്ങൾ

1. ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ & ഡോ. ജോർജ് മഠത്തിക്കണ്ടത്തിൽ, *പൗരസ്ത്യ സഭകളുടെ കാനോനകൾ സഭാജീവിതത്തിൽ,* (കോട്ടയം : OIRSI പ്രസിദ്ധീകരണം 1998).
2. ഡോ. ജോസഫ് പാംപ്ലാനി (എഡി.) *സഭയും ദൈവശാസ്ത്രവും :* തിയോളജിയ - 1, (തലശ്ശേരി : ആൽഫാ ബുക്സ്, 2010).

*Published for the use of the students of Alpha Institute of Theology and Science*



# 01

# പാശ്ചാത്യ, പൗരസ്ത്യ സഭകളുടെ കാനൻ നിയമസംഹിതകൾ (CIC, CCEO)

ചില 'അരുതു'കളുടെയും 'അതെ'കളുടെയും ആകെത്തുകയാണ് നിയമം. അവ ഒരേ സമയം ചില കാര്യങ്ങൾ ചെയ്യാൻ കല്പിക്കുന്നതും ചിലത് ചെയ്യരുതെന്ന് നിഷ്കർഷിക്കുന്നതുമാണ്. നിയമങ്ങൾ ജീവിതത്തിന്റെ മാർഗ്ഗരേഖകളുമാണ്. ഉദാ: ട്രാഫിക് നിയമങ്ങൾ. നിയമം പലപ്പോഴും കാരണങ്ങൾ (Reasons) തരാറില്ല. അവ അതിനാൽത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നതും സാധാരണവുമാണ്. 'ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുക' എന്ന ക്രിസ്തീയനിയമം വെളിപ്പെടുത്തുന്നത് നിയമത്തിന്റെ ഈ സ്വഭാവമാണല്ലോ.

### വിവിധതരം നിയമങ്ങൾ

### സ്വാഭാവിക നിയമം (ius Naturale)

മനസ്സാക്ഷി മനുഷ്യമനസ്സിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതും മനുഷ്യപ്രകൃതിയിൽത്തന്നെ

അന്തർലീനമായിരിക്കുന്നതുമാണ് Natural law അഥവാ സ്വാഭാവിക നിയമങ്ങൾ. കാര്യകാരണസഹിതം മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്നിരിക്കുന്ന ഈ നിയമങ്ങൾ മനുഷ്യമനസ്സാക്ഷിയിൽ നിന്ന് ഉത്ഭൂതമാകുന്നതാണ്. ഉദാ: കള്ളം പറയരുത്, കൊല്ലരുത്.

എല്ലാ വ്യക്തികൾക്കും ഒരുപോലെ ബാധകവും ദൈവം സൃഷ്ടിച്ച സകലരും അനുഷ്ഠിക്കാൻ കടപ്പെട്ടതുമാണ് സ്വാഭാവിക നിയമം. എന്തെന്നാൽ ഇതിനുപിന്നിൽ എപ്പോഴും ഒരു കാര്യവും കാരണവുമുണ്ടായിരിക്കും. ഈ നിയമപാലനത്തിന് നീതി, സത്യം, ധാർമ്മികത എന്നീ ത്രിവിധ മൂല്യങ്ങളുടെ അടിസ്ഥാനമുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. കാരണം ഇവയാണ് സ്വാഭാവികനിയമത്തിന് തന്നെ അസ്തിത്വം നല്കുന്ന സുപ്രധാന ഘടകങ്ങൾ. അതിനാൽത്തന്നെ ഈ നിയമങ്ങൾ പാലിക്കാൻ സകലരും ബാധ്യസ്ഥരുമാണ്.

### സർഗാത്മകനിയമങ്ങൾ

സമുദായത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതിക്കും നിലനില്പിനും വേണ്ടിയാണ് നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അത് ജീവിതത്തിന് അടുക്കും ചിട്ടയും കൈവരുത്തുന്നു. സമൂഹജീവിയായ മനുഷ്യൻ തനിക്കുള്ള അധികാരങ്ങളും അവകാശങ്ങളും എന്തൊക്കെയാണെന്നും, നിയമം എന്തിനുവേണ്ടി, എപ്രകാരം പാലിക്കണം എന്നും അറിഞ്ഞിരിക്കണം. ഒരു വ്യക്തിക്ക് പലതരത്തിലുള്ള നിയമങ്ങൾ പാലിക്കേണ്ടതായി വരാറുണ്ട്. ഒരു രാജ്യത്തിലെ പൗരനെന്നനിലയിൽ ആ രാജ്യത്തിന്റെനിയമം (civil law), ഏതെങ്കിലും ഒരു മതവിഭാഗത്തിലെ അംഗം എന്ന നിലയിൽ മതത്തിന്റെ നിയമം തുടങ്ങിയവ പാലിക്കാൻ ഒരുവൻ കടപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ കത്തോലിക്കാസഭയുടെ അംഗങ്ങൾ സഭയുടെ നിയമം (canon law) പാലിക്കാൻ കടപ്പെട്ടവരാണ്.

ഏതെങ്കിലുമൊരു രാജ്യത്തിന്റെ, ഉദാഹരണത്തിന്, ഇന്ത്യയുടെ നിയമം നിർമ്മിക്കുന്നത് പാർലമെന്റാണ്. അതേസമയം ആഗോള കത്തോലിക്കാ സഭയ്ക്കുവേണ്ടി നിയമനിർമ്മാണം നടത്തുക സഭാതലവനായ മാർപ്പാപ്പയാണ്.

സർഗ്ഗാത്മക നിയമം (positive law) ഉണ്ടാക്കാൻ പ്രത്യേക അധികാരമുള്ളവർക്കേ സാധിക്കുകയുള്ളൂ. 4 തരം നിയമങ്ങളാണ് ഇതിൽപ്പെടുക.





**സർഗ്ഗാതമക നിയമം**

ദൈവികനിയമം | സഭാത്മകനിയമം | സ്ഥാപനനിയമങ്ങൾ | രാജ്യനിയമം

**ദൈവികനിയമം :** ദൈവം നേരിട്ട് തരുന്നവ.
ഉദാ: പത്തു കല്പനകൾ.

**സ്ഥാപന നിയമം :** ഓരോ സ്ഥാപനത്തിലും നിയമനിർമ്മാണ അധികാരമുള്ള വ്യക്തികൾ വഴി ലഭിക്കുന്നവ.

**രാജ്യ നിയമം :** അതതു രാജ്യത്തിലെ പാർലമെന്റ് വഴി നല്കപ്പെടുന്നവ.

**ദൈവിക നിയമം:** ദൈവം മനുഷ്യന് നേരിട്ട് നല്കിയ ഈ ദൈവികനിയമങ്ങൾ പാലിക്കാൻ സകല സൃഷ്ടികളും കടപ്പെട്ടിരിക്കുന്നു. കത്തോലിക്കാ വിശ്വാസസംഹിതയുടെ ആകെത്തുകയാണ് ഈ നിയമങ്ങൾ എന്നുപറയാം. മനുഷ്യജീവിതത്തിന്റെ ഊടും പാവുമായ ദൈവികനിയമങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് മനുഷ്യബുദ്ധിക്കു മനസ്സിലാക്കാനും ഗ്രഹിക്കാനും സ്വീകരിക്കാനും ഉപയുക്തമായ വിധത്തിലാണ്. ദൈവത്താൽ നല്കപ്പെട്ടവയായതിനാൽ ദൈവികനിയമങ്ങളിൽ മാറ്റം വരുത്താൻ സഭയ്ക്കും മനുഷ്യനും അവകാശമോ അധികാരമോ ഇല്ല. എന്നാൽ സ്ഥലകാലസാഹചര്യങ്ങൽക്കനുസൃതം ഇവയ്ക്ക് ചില വ്യാഖ്യാനങ്ങൾ നൽകാനും ചില നവീകരണങ്ങൾ വരുത്താനും സാധിക്കും. ഉദാ:- ഒരു കാലഘട്ടത്തിൽ ദൈവികനിയമത്തിന്റെ ഭാഗമായി അടിമത്തത്തെ കണക്കാക്കിയിരുന്നു. എങ്കിൽ, ഇന്നത് ദൈവനിയമത്തിന് എതിരാണ് എന്നു വ്യക്തമായി സഭ പഠിപ്പിക്കുന്നു.

വിശ്വാസവീക്ഷണത്തിനും പാരമ്പര്യങ്ങൾക്കും അനുയോജ്യമായും ഇന്നിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തും ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സാധിതമാക്കും വിധവും വേണം ദൈവീകനിയമങ്ങൾ വ്യാഖ്യാനിക്കുവാനും നവീകരിക്കുവാനും. ദൈവികനിയമങ്ങൾ നല്കപ്പെട്ടത് വെളിപാടുകൾ വഴിയാണ്. ക്രിസ്തുവഴി നമുക്കുലഭ്യമായ ദൈവികനിയമം ആണ് പുതിയനിയമവും പാരമ്പര്യങ്ങളും. സ്വാഭാവിക നിയമവും ദൈവികനിയമവും പരസ്പര ബന്ധിതങ്ങളും പരസ്പര പൂരകങ്ങളുമാണ്. ദൈവിക

നിയമം സ്വാഭാവികനിയമത്തെ പൂർണ്ണമാക്കുകയും അതിന്റെ അന്തഃസത്തയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. സ്വാഭാവികനിയമത്തിന്റെ ഉത്ഭവംതന്നെ ദൈവികനിയമത്തിൽ നിന്നാണ്.

### സർഗാത്മക മാനുഷികനിയമങ്ങൾ

സഭയ്ക്കുവേണ്ടിയുള്ള നിയമനിർമ്മാണ അധികാരം യേശുക്രിസ്തുവിൽനിന്ന് ഏറ്റെടുത്തവരാണ് അപ്പസ്തോലന്മാർ. ഇതിന്റെ തെളിവുകൾ പുതിയനിയമലേഖനങ്ങളിലും പാരമ്പര്യങ്ങളിലും ഉണ്ട്. ഈ അധികാരാവകാശങ്ങൾ അപ്പസ്തോലന്മാരുടെ പിന്തുടർച്ചക്കാരായ മെത്രാന്മാർ ഏറ്റെടുക്കുകയും കാലാകാലങ്ങളിൽ സഭയ്ക്കാവശ്യമായ നിയമങ്ങൾ നിർമ്മിക്കുകയും, നിലവിലുള്ളതിനെ നവീകരിക്കുകയും ചെയ്യുന്നു. സാർവ്വത്രിക സഭയെ സംബന്ധിച്ച നിയമങ്ങളിൽ പരമാധികാരം പത്രോസിന്റെ പിൻഗാമിയും റോമിന്റെ മെത്രാനുമായ മാർപ്പാപ്പയ്ക്കു മാത്രമാണ്. ഈ ആധികാരികതയെക്കുറിച്ചുള്ള അറിവ് ബൈബിളും പാരമ്പര്യങ്ങളും തന്നെയാണ് നമുക്ക് നൽകുന്നത്.

### രാജ്യനിയമവും സഭാനിയമവും

രാജ്യനിയമത്തിന്റെയും സഭാനിയമത്തിന്റെയും സവിശേഷതകൾ പ്രതിപാദിച്ചിട്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| രാജ്യനിയമം | സഭാനിയമം |
|---|---|
| • ഈ നിയമങ്ങൾ ലോകസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നു. | • പരമാധികാരിയായ മാർപാപ്പ നിയമങ്ങൾ വിളംബരം ചെയ്യുന്നു. |
| • രാജ്യസഭയിൽവച്ച് വേണ്ട വ്യതിയാനങ്ങൾ വരുത്തുന്നു. | • വിശ്വാസികൾ ഇവ അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു. |
| • രാജ്യസഭയിൽ നിന്നും ഈ നിയമങ്ങൾ പ്രസിഡണ്ട് സ്വീകരിച്ച് തന്റെ ഒപ്പോടുകൂടി പുറപ്പെടുവിക്കുന്നു. | • വിശ്വാസജീവിതക്രമീകരണത്തിന് ഊന്നൽ നൽകുന്നു |
| • ഈ നിയമങ്ങളിൽ വരുന്ന വീഴ്ചകൾക്ക് ശിക്ഷാവിധികളുണ്ട്. | • നിയമങ്ങളുടെ അനുസരണം വ്യക്തിയുടെ സ്വതന്ത്ര തെരഞ്ഞെടുപ്പാണ്. |
| • ക്രമസമാധാനത്തിന് പ്രത്യേക സംവിധാന ക്രമങ്ങളുണ്ട് (പോലീസ്, പട്ടാളം etc.) | • നിയമങ്ങൾ അനുസരിപ്പിക്കാൻ പ്രത്യേക സംവിധാനങ്ങളില്ല. |
| | • നിയമപാലനത്തിന് സഭയിൽ പരിമിതികളുണ്ട്. |





### കാനൻ നിയമത്തിന്റെ ഉത്ഭവം

"കാനോൻ" (kanon) എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥതലങ്ങൾ താഴെപ്പറയുന്നവയാണ്.

- 'അളവുകോൽ' അഥവാ അളക്കാൻ ഉപയോഗിക്കുന്ന നീളമുള്ളതും വക്രമല്ലാത്തതുമായ മരക്കഷണം
- നേർരേഖ വരയ്ക്കാൻ ഉപയോഗിക്കുന്ന മരക്കോൽ
- നേർവഴി കാണിക്കാനും, സ്വഭാവരൂപീകരണം, ശിക്ഷണം എന്നിവയ്ക്കുമുള്ള ചൂണ്ടുപലകകൾ അഥവാ മാർഗ്ഗരേഖകൾ.

തിരുസഭയിൽ ഉപയോഗത്തിലിരുന്ന 'വിശുദ്ധപുസ്തകങ്ങൾക്ക്' പൊതുവായി 'കാനോന' എന്നു പറഞ്ഞിരിക്കുന്നു (canonical books). ക്രിസ്തീയ സഭകളുടെ പശ്ചാത്തലത്തിൽ വിശ്വാസസത്യങ്ങൾ, ദൈവീക നിയമങ്ങൾ, ശിക്ഷണനിയമങ്ങൾ എന്നീ പേരുകളാൽ ഈ മാർഗ്ഗരേഖകൾ (കാനോനകൾ) അറിയപ്പെടാൻ തുടങ്ങി.

- നിയമങ്ങൾ പാലിച്ച് സന്യാസജീവിതം നയിച്ചിരുന്ന ഒരുകൂട്ടം സമർപ്പിതർ കാനോൻസ് (canons) എന്നറിയപ്പെട്ടിരുന്നു.
- സഭയിൽ വിശ്വാസരഹസ്യങ്ങളെ സൂചിപ്പിക്കാൻ "കാനൻ" എന്ന പദം ഉപയോഗിച്ചിരുന്നു. ഉദാ: വി. ഗ്രന്ഥകാനൻ, ആരാധനാക്രമകാനോന, വിശുദ്ധരാക്കുന്ന പ്രക്രിയ.
- ലത്തീൻ ഭാഷയിൽ "yegalae", "Lex", "ius", എന്നീ "കാനോന"യെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്.

### നിയമത്തിന്റെ മൂന്നുതലങ്ങൾ

ജനനം, ജീവിതം, മരണം തുടങ്ങിയഘട്ടങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിനുള്ളതുപോലെ നിയമവും വിവിധ ഘട്ടങ്ങളിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നത്.

### സൃഷ്ടി

ഇതിൽ ഒരു നിയമനിർമ്മാതാവ് ഉണ്ടായിരിക്കും. ഇദ്ദേഹം നിയമത്തിന്റെ മൂല്യം, സ്വീകരണം എന്നിവ നിർണ്ണയിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. നിയമം ആർക്കുവേണ്ടി? എന്തിനുവേണ്ടി? എന്താണിതിന്റെ പ്രസക്തി? ഈ നിയമം സ്വീകരിക്കാൻ സമൂഹം തയ്യാറാണോ? തുടങ്ങിയ ചോദ്യങ്ങൾക്കെല്ലാം തൃപ്തികരമായ ഉത്തരം കിട്ടിയാൽ നിയമത്തിന്റെ ഉത്ഭവമായി.

### ആശയവിനിമയം

നിയമത്തിലെ സുപ്രധാന കണ്ണികൾ നിയമനിർമ്മാതാവും

സ്വീകർത്താവുമാണ്. നിയമപാലനത്തിന് അത് ഔദ്യോഗികമായി പുറപ്പെടുവിച്ചിരിക്കണം. ഉചിതമായ മാർഗ്ഗങ്ങളിലൂടെ സ്വീകർത്താക്കളിൽ എത്തിക്കണം. നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് നിശ്ചിതമായ കാലപരിധി നിശ്ചയിക്കണം. നിയമപഠനത്തിനും പാലനത്തിനും സമയപരിധി ഉണ്ടായിരിക്കണം. നിയമവിളംബരത്തിനും പാലനത്തിനുമിടയ്ക്കുള്ള സമയപരിധിക്ക് "Vocatio Legis"/ "Vocation of law'' എന്നുപറയുന്നു.

**സ്വീകരണം**

നിയമം ആരെ ഉദ്ദേശിക്കുന്നുവോ അവൻ അല്ലെങ്കിൽ സമൂഹം/ സമുദായം ആ നിയമം സ്വീകരിക്കുകയും പാലിക്കുകയും വേണം. ഇത് നിയമത്തെ 'അംഗീകരിക്കൽ' എന്നതിലുപരി ഒരു 'ഉൾക്കൊള്ളൽ' ആണ്. സമൂഹം സ്വതന്ത്രബുദ്ധി ഉപയോഗിച്ച് നിയമനിർമ്മാതാവിന്റെ ഉദ്ദേശശുദ്ധിയും നിയമത്തിന്റെ പൊരുളും മനസ്സിലാക്കണം. ഈ മനസ്സിലാക്കലിന് മൂന്നു കാര്യങ്ങൾ ആവശ്യമാണ്.

(i) ബൗദ്ധികമായ മനസ്സിലാക്കൽ
(ii) പണ്ഡിതരുടെ വ്യാഖ്യാനങ്ങൾ
(iii) സമൂഹത്തിലുള്ള നടപ്പിലാക്കൽ

അതിനാൽ സഭയുടെ നിയമജീവിതത്തിലെ കഥാപാത്രങ്ങൾ സമൂഹവും നിയമനിർമ്മാതാക്കളും നിയമത്തിന്റെ വിധികർത്താക്കളും ആണ്. നിയമം വേണ്ടവിധത്തിൽ മനസ്സിലാക്കുക, സ്വീകരിക്കുക, ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് സർവ്വപ്രധാനം.

**കാനൻ നിയമത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും**

തിരുസ്സഭയുടെ കാനോനിക സംഹിത സഭയുടെ ജീവിതക്രമീകരണത്തിനും ശിക്ഷണത്തിനും വേണ്ടിയുള്ളതാണ്. അല്ലാതെ അവ വിശ്വാസസത്യങ്ങളല്ല. കാനൻസംഹിതയുടെ ലക്ഷ്യം സഭാസമൂഹത്തിന് മാർഗ്ഗനിർദ്ദേശം നൽകുക എന്നതിലാണടങ്ങിയിരിക്കുന്നത്. വിശ്വാസസത്യങ്ങളെക്കാൾ മാർഗ്ഗനിർദ്ദേശങ്ങളാണ് കാനോനസംഹിതയിലെ പ്രതിപാദ്യം. ഇത് ക്രിയാത്മകമായ ചെയ്തികൾക്ക്, നന്മപ്രവൃത്തികൾക്ക്, നിർദ്ദേശങ്ങൾ നൽകുന്നു. ഇതിൽ വിശ്വാസത്തിന്റെ ഘടകങ്ങൾക്കായിരിക്കുകയില്ല മുൻതൂക്കം.

**നിയമത്തിന്റെ ധർമ്മങ്ങൾ**

വ്യത്യസ്തമായ രീതിയിൽ ചരിക്കുന്ന സംവിധാനങ്ങളായ രാഷ്ട്രത്തെയും തിരുസ്സഭയെയും നാം വേർതിരിച്ചുതന്നെ കാണണം. നന്മയുടെ ഉത്ഭവം, ചരിത്രം, വളർച്ച, ലക്ഷ്യം എല്ലാം രാഷ്ട്രത്തിന്റേതിൽനിന്നു വ്യത്യസ്തമാണ്. ദൈവശാസ്ത്രപരമായി നോക്കു





മ്പോൾ സഭ എന്നുപറയുന്നത് ഒരു രഹസ്യമാണ്. പരിശുദ്ധാത്മാവിന്റെ ആവാസസ്ഥലവും രക്ഷയുടെ അടയാളവുമായ സഭയ്ക്ക് ഒരു ദൗത്യം സാധിക്കാനുണ്ട്. എത്തിപ്പിടിക്കാനായി ഒരു അന്ത്യവുമുണ്ട്. ശിക്ഷാനടപടികൾക്കെന്നതിനേക്കാൾ സഭ ഊന്നൽ കൊടുക്കുന്നത് ശിക്ഷണത്തിനാണ്. അതു നടപ്പിൽ വരുത്താൻ പോലീസോ പട്ടാളമോ വേണ്ട. സാധാരണക്കാരും പാപികളുമടങ്ങിയ ഒരു സമൂഹമാണ് സഭ. അതിനാൽ സഭയിൽ ക്രമങ്ങളും ശിക്ഷണവും അവകാശങ്ങളും നിജപ്പെടുത്തണം

**നിയമത്തിന്റെ നാലു ധർമ്മങ്ങൾ**

ഏതൊരു നിയമത്തിനും നിർവ്വഹിക്കുവാനുള്ളത് നാലുതരം ധർമ്മങ്ങളാണ്.

1. ലക്ഷ്യങ്ങൾ നിശ്ചയിക്കുക
2. ഭദ്രത ഉറപ്പാക്കുക
3. ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വചിക്കുക.
4. ബോധനം നല്കുക

തിരുസഭയുടെ കാനൻസംഹിത ഈ നാലുധർമ്മങ്ങളും നിർവ്വഹിക്കുന്നതായി കാണാം.

**ലക്ഷ്യങ്ങൾ നിശ്ചയിക്കുക:** 'ആത്മാക്കളുടെ രക്ഷ' (Salus animarum) സഭയുടെ പ്രധാന ഉദ്ദേശ്യമാണ്. സഭ അവളുടെ മക്കളുടെ രക്ഷ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രമായി കാണുന്നു. നിയമസംഹിതയിലെ ഓരോ കാനോനയും സഭ എങ്ങനെ ഈ രക്ഷ സാധിക്കുന്നു, ഇതിനായി എന്തുചെയ്യുന്നു എന്ന് എടുത്തു കാണിക്കുന്നു. സഭയുടെ സുപ്രധാനനിയമം (supreme rule) തന്നെ 'ആത്മാക്കളുടെ രക്ഷ'യാണ്. ഇതിനായി സഭ മറ്റെല്ലാം മാറ്റിവയ്ക്കുന്നു.

**ഭദ്രത ഉറപ്പാക്കുക:** നിയമം സഭയിൽ ക്രമീകരണവും സ്ഥിരത (stability) യും കൈവരുത്തുന്നു. ഈ നിയമം വഴി സംജാതമാകുന്ന ഐക്യം എല്ലാവരും അവരവരുടെ ജീവിതത്തിൽ അനുഭവിക്കണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു. അതിനുവേണ്ടി സഭ അധികാരികളെ തെരഞ്ഞെടുക്കുന്നു, കൂദാശകൾ പരികർമ്മം ചെയ്യുന്നു, ദൈവവചനം പ്രഘോഷിക്കുന്നു. യഥോചിതം തീരുമാനങ്ങൾ കൈക്കൊള്ളുന്നു, നീതി നിർവ്വഹിക്കുന്നു.

**കടമകളും ഉത്തരവാദിത്തങ്ങളും:** വ്യക്തിഗത അവകാശങ്ങളുടെ സംരക്ഷണത്തിലാണ് നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വിപരീതസാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോൾ പരിഹാരം കാണുന്നതിനും നിയമം ആവശ്യമാണ്. പ്രശ്നപരിഹാരത്തിനും ചോദ്യ

ങ്ങൾക്ക് ഉത്തരം ലഭ്യമാക്കാനും സംശയനിവാരണത്തിനും ആവശ്യമായ നിയമഫോറങ്ങൾ സഭ രൂപപ്പെടുത്തിയിട്ടുണ്ട്. സഭയിലും രാഷ്ട്രത്തിലും അംഗങ്ങളുടെ അവകാശങ്ങൾക്കും കടമകൾക്കും തുല്യപ്രാധാന്യമാണ് നല്കപ്പെടുന്നത്.

**ബോധനം:** സഭാ സമൂഹത്തെ എല്ലാകാര്യങ്ങളും വേണ്ടവിധം പഠിപ്പിക്കാനുള്ള ഒരു ഉപാധിയാണ് നിയമങ്ങൾ. വിശ്വാസികൾ തങ്ങളുടെ ജീവിതമൂല്യങ്ങളും നിലയും വിലയുമെല്ലാം ആർജ്ജിച്ചെടുക്കുന്നത് നിയമപഠനത്തിലൂടെയാണ്. സഭാതനയരുടെ പ്രതീക്ഷകളും വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ യോഗ്യത (qualifications) യും സന്യസ്തരുടെ ജീവിതാന്തസ്സിന്റെ കടമകളും ക്രമീകരിക്കുന്നതും നിജപ്പെടുത്തുന്നതും സഭാ നിയമങ്ങൾ തന്നെയാണ്.

**കാനൻ നിയമചരിത്രം**

കാനൻ നിയമചരിത്രം വളരെ വിസ്തൃതവും അതിരുകാണാൻ കഴിയാത്തവിധം വിശാലവുമാണ്. പ്രധാനപ്പെട്ട ചരിത്രവികാസങ്ങളിലൂടെ കാനോനിക നിയമ ചരിത്രത്തെ വളരെ ചുരുക്കവും സാരാംശം നഷ്ടപ്പെടുത്താതെയും പ്രതിപാദിക്കുകയാണിവിടെ. ഏകമായ ആഗോള കത്തോലിക്കാസഭ വിവിധതരം പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും കാനോനിക നിയമസംഹിതകളുംകൊണ്ട് സമ്പന്നമാണ്. പന്തക്കുസ്താദിനത്തിൽ ജറുസലെമിൽ ആരംഭംകുറിച്ച സഭ വിവിധരാജ്യങ്ങളിൽ, വ്യത്യസ്തരൂപഭാവങ്ങളിൽ വളർന്ന് 'പാശ്ചാത്യം', 'പൗരസ്ത്യം' എന്നീ രണ്ട് വിഭാഗങ്ങളായി ഇന്നും നിലകൊള്ളുന്നു. ഈ വിഭജനം റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടുണ്ടായതാണ്. എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയോക്ലീഷൻ ചക്രവർത്തി (284-305) റോമാസാമ്രാജ്യത്തെ നാലായി വിഭജിച്ചെങ്കിലും ക്രമേണ നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ (395) അത് പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ രണ്ടുവിഭാഗങ്ങൾ മാത്രമായിത്തീർന്നു. പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം റോമായും പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളും ആയിരുന്നു. പൗരസ്ത്യറോമാസാമ്രാജ്യത്തിൽ പാരമ്പര്യങ്ങളും ക്രമാനുഷ്ഠാനങ്ങളും വഴി രൂപംകൊണ്ട് വളർന്നുവികസിച്ച സഭകളാണ് പൗരസ്ത്യസഭകൾ എന്നറിയപ്പെടുന്നത്. പാശ്ചാത്യസാമ്രാജ്യത്തിൽ വളർന്നുവന്ന സഭ പാശ്ചാത്യസഭ എന്നറിയപ്പെടുന്നു.

കാലക്രമേണ റോമാസാമ്രാജ്യത്തിനുപുറത്ത് ശ്ലീഹന്മാർ സഭകൾ സ്ഥാപിക്കുകയുണ്ടായി. അങ്ങനെ ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അഞ്ച് പൗരസ്ത്യ പാരമ്പര്യങ്ങൾ രൂപംകൊണ്ടു. അവ പേർഷ്യൻ, ബൈസന്റയിൻ, അലക്സാണ്ട്രിയൻ, അർമേനിയൻ, അന്ത്യോക്യൻ എന്നിവയാണ്. ഇവയ്ക്ക് തനതായ ആരാധനക്രമ പാരമ്പര്യങ്ങൾ, അതായത്, ബലിയർപ്പണം, യാമപ്രാർത്ഥനകൾ, കൂദാശാനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, തിരുനാളുകൾ, കാനോൻ നിയമസംഹിതകൾ ഇവയുണ്ടായിരുന്നു. കാലക്രമേണ പാശ്ചാത്യവിഭാഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം പൗരസ്ത്യസഭകൾ എന്നപേര് പ്രാബല്യത്തിൽ വന്നു. മേൽപ്പറഞ്ഞ പൗരസ്ത്യ -പേർഷ്യൻ-കൽദായ പശ്ചാത്തലത്തിലാണ് നമ്മുടെ സീറോമലബാർസഭ വളർന്നുവന്നത്. പൗരസ്ത്യ-പാശ്ചാത്യ കത്തോലിക്കാസഭകൾ എല്ലാ കാര്യങ്ങളും വിഭിന്ന രീതിയിലാണ് കണ്ടിരുന്നതും നടത്തിയിരുന്നതും. ഇങ്ങനെയാണ് രണ്ടുതരം കാനോനികനിയമസംഹിതകൾ രൂപപ്പെട്ടതും അതിന്റെ വിവിധരൂപങ്ങൽ മാറിമാറി പ്രാബല്യത്തിൽ വന്നതും. ഈ ദ്വിവിധ കാനൻ സംഹിതകളുടെയും ചരിത്രത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് അവയുടെ സ്രോതസ്സുകൾ ഏവയെന്ന് പരിശോധിക്കാം.

**കാനൻ നിയമത്തിന്റെ ഉറവിടങ്ങൾ**

രണ്ടു സ്രോതസ്സുകളാണ് പ്രധാനമായും കാനൻ നിയമത്തിന്റെ പ്രചോദകങ്ങൾ ആയി എക്കാലവും നിലകൊള്ളുന്നത്.

1. പത്തുകല്പനകൾ, യേശുക്രിസ്തുവിന്റെ പഠനങ്ങൾ, അപ്പസ്തോലന്മാരുടെ പഠനങ്ങൾ, മാർപാപ്പമാരും എക്യുമെനിക്കൽ സൂനഹദോസുകളും കൗൺസിലുകളും.

2. നിയമങ്ങൾ അടങ്ങിയ രേഖകളുടെ ശേഖരങ്ങൾ, സഭയിലെ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കാനൻ നിയമചരിത്രത്തെ മൂന്നു ചോദ്യങ്ങൾക്കുത്തരമായി വിശദീകരിക്കുകയാണ് അഭികാമ്യം.

a) ആരാണ് കാനോൻ നിയമസംഹിത ഉണ്ടാക്കിയത്?

b) സ്വീകരിച്ചിരിക്കുന്ന അധികാരവും രൂപഭാവങ്ങളുമേവ?

c) നിയമങ്ങളുടെ രൂപകല്പനയ്ക്ക് സ്വീകരിച്ച നയങ്ങളും രീതികളും ഏവ?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ തുടർന്നുള്ള കാനൻനിയമചരിത്രത്തിന്റെ വിശകലനത്തിലൂടെ വ്യക്തമാക്കുന്നതാണ്.

**ലത്തീൻ സഭയുടെ കാനൻ നിയമ സംഹിത (CIC)**

1985 ജനുവരി 25-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള നിയമസംഹിതയുടെ പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിച്ചു.

“നിയമങ്ങൾ ദൈവത്തിന്റെ അത്യുദാരമായ ദാനമാകുന്നു. അവയുടെ അനുഷ്ഠാനമോ സാക്ഷാത്തായ വിവേകവും (പ്രഭാ: 24)”. എന്ന പഴയനിയമത്തിലെ ആശയം ഉദ്ധരിച്ചുകൊണ്ടാണ് പാപ്പാ പുതിയ കാനൻനിയമസംഹിതയുടെ ഔപചാരികമായ പ്രകാശനം നിർവ്വഹിച്ചത്. ലത്തീൻ സഭയുടെ നിയമസംഹിതയുടെ രണ്ടാമത്തെ പ്രധാനപതിപ്പാണിത്. പാശ്ചാത്യസഭയിൽ നിലവിലിരുന്ന നിയമക്കുറിപ്പുകൾ ക്രോഡീകരിച്ച് 1917ൽ പുറത്തിറക്കിയ നിയമസംഹിതയാണ് ആദ്യപതിപ്പ് (CIC 1917-codex iuris canomici-The code of canon law).

വിവിധവകുപ്പുകളുടെ തരംതിരിവനുസരിച്ചുള്ള പൊതുനിയമങ്ങൾ വ്യക്തികളെ സംബന്ധിക്കുന്ന, വസ്തുക്കളെ സംബന്ധിക്കുന്ന, നിയമനടപടികളെ സംബന്ധിക്കുന്ന, കുറ്റകൃത്യങ്ങളെയും അവയ്ക്കുള്ള ശിക്ഷകളേയും സംബന്ധിക്കുന്ന നിയമങ്ങൾ - എന്നീ അഞ്ചുപുസ്തകങ്ങളിലായി ആകെ രണ്ടായിരത്തി നാനൂറ്റി പതിനാല് (2414) കാനോനകൾ ഇതിലുണ്ട്. 1917 ലെ CIC യ്ക്കുമുമ്പുള്ള ചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന വസ്തുതകൾ ഇവയാണ്. മുൻപറഞ്ഞതുപോലെ ഇന്നു ലഭ്യമായിരിക്കുന്ന കത്തോലിക്കാസഭയുടെ കാനൻ നിയമസംഹിതകളുടെ സ്രോതസ്സും ആദ്യനിയമങ്ങളുമായി നിലകൊള്ളുന്നത് ബൈബിൾ പഠനങ്ങളാണ്. തുടർന്ന് അപ്പസ്തോലന്മാരുടെ പഠനങ്ങൾ ഇതിനോടുചേർക്കപ്പെട്ടു. പില്ക്കാലത്ത്, മാർപ്പാപ്പമാരും സാർവ്വത്രിക കൗൺസിലുകളും സഭാകേന്ദ്രാലയങ്ങലും കാലാകാലങ്ങളിൽ നല്കിക്കൊണ്ടിരുന്ന നിയമശാസനകളെയും നിർദ്ദേശങ്ങളെയും ആധാരമാക്കിയായിരുന്നു സഭയുടെ സ്ഥാപന-സാമൂഹ്യവ്യവസ്ഥിതി ക്രമീകരിച്ച് നിയന്ത്രിച്ചുപോന്നിരുന്നത്.

കാലഹരണപ്പെട്ടുപോയവയെ മാറ്റി വൈവിധ്യമാർന്നതും ഭിന്നാത്മകവുമായ നിയമങ്ങൾ അടങ്ങിയിട്ടുള്ള വിവിധശേഖരങ്ങളിൽനിന്നും (collections) പ്രസക്തമായവ മാത്രം തെരഞ്ഞെടുത്ത് ഒരു സംഹിതയുടെ ചട്ടക്കൂടിലാക്കിക്രമീകരിക്കുക എന്ന ദുഷ്കരമായ ജോലിയായിരുന്നു 1917-ലെ നിയമസംഹിതാ വിധാതാക്കൾക്ക് നിർവ്വഹിക്കേണ്ടിയിരുന്നത്. പന്ത്രണ്ടുകൊല്ലത്തെ നിതാന്ത പരിശ്രമത്തിന്റെ ഫലമായിട്ടാണ് CIC-1917 പുറത്തിറങ്ങിയത്.

ലോകത്തിന്റെ ഗതിവിഗതികൾ അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്നതിനാൽ ക്രമേണ ഈ നിയമസംഹിതയും പരിഷ്കരിക്കേണ്ട ആവശ്യം നേരിട്ടു. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും മാറുന്ന കാലഘട്ടത്തിലെ സഭയുടെ ആവശ്യങ്ങൾ പരിഗണിച്ചും





1959 ജനുവരി 25-ാം തീയതി ജോൺ 23-ാമൻ മാർപാപ്പ II-ാം വത്തിക്കാൻ കൗൺസിലിന് സമാഹ്വാനം ചെയ്തു. പ്രസ്തുത അവസരത്തിൽ കൗൺസിലിൽവച്ച് കാനൻനിയമപരിഷ്കരണത്തിനുള്ള സജ്ജീകരണങ്ങൾ ഉണ്ടായിരിക്കുമെന്നും അറിയിച്ചു. 1963 മാർച്ച് 28-ന് നിയമസംഹിത പരിഷ്കരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷൻ സ്ഥാപിതമായി. എങ്കിലും II-ാം വത്തിക്കാൻ കൗൺസിൽ മൂലം ഈ ജോലി നീട്ടിവയ്ക്കുകയാണുണ്ടായത്. 1965 നവംബർ 20-ാം തീയതി നിയുക്ത കമ്മീഷൻ ഈ ജോലിക്ക് തുടക്കം കുറിച്ചു. തദവസരത്തിൽ അന്നത്തെ മാർപാപ്പ പോൾ ആറാമൻ നവീകരണ ജോലി സംബന്ധിച്ച് രണ്ടു സുപ്രധാന നിർദ്ദേശങ്ങൾ പ്രസ്തുതകമ്മീഷന് നല്കി. അവ താഴെപ്പറയുന്നവയാണ്.

1. നവീകരണം കൊണ്ടുദ്ദേശിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെ പുനസംവിധാനം മാത്രമല്ല, ഉടച്ചുവാർക്കൽ (Recasting) കൂടിയാണ്.
2. നിയമനിർമ്മാണത്തിന് അടിസ്ഥാനമായി സ്വീകരിക്കേണ്ടത് വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളായിരിക്കണം.

അഞ്ചു ഭൂഖണ്ഡങ്ങളിലെ മുപ്പത്തൊന്നു രാഷ്ട്രങ്ങളിൽ നിന്നുള്ള ഒരു വിദഗ്ധസംഘമാണ് റിവിഷൻജോലി നിർവ്വഹിച്ചത്.

അവർ: 105 കർദ്ദിനാളന്മാർ, 77 മെത്രാപ്പോലീത്താമാരും മെത്രാന്മാരും, 73 രൂപതാവൈദികർ, 47 സന്യാസവൈദികർ, 3 സിസ്റ്റേഴ്സ്, 12 അല്മായർ എന്നിവരാണ്. ഇവരുടെ സംഘാതാത്മക പ്രവർത്തനഫലമാണ് പുതിയ നിയമസംഹിത. 1917 CIC യുടേതിൽ നിന്നും പുതിയ നിയമസംഹിതയുടെ ഘടനയും ക്രമീകരണവും വ്യത്യസ്തമാണ്.

പ്രതിപാദ്യവിഷയങ്ങളുടെ സ്വഭാവം പരിഗണിച്ച് പ്രത്യേകശീർഷകങ്ങളോടുകൂടി ഭാഗങ്ങളും വകുപ്പുകളും ഉപവകുപ്പുകളുമായി തരംതിരിച്ച് ഏഴുപുസ്തകങ്ങളിലായി 1752 കാനോനകൾ ഈ സംഹിതയിലുണ്ട്.

| | |
|---|---|
| ഒന്നാം പുസ്തകം | - പൊതുനിയമങ്ങൾ |
| രണ്ടാം പുസ്തകം | - ദൈവജനം |
| മൂന്നാം പുസ്തകം | - സഭയുടെ പ്രബോധനാധികാരം |
| നാലാം പുസ്തകം | - സഭയിലെ വിശുദ്ധീകരണ ശുശ്രൂഷകൾ |
| അഞ്ചാം പുസ്തകം | - സഭയുടെ സ്ഥാവരജംഗമവസ്തുക്കൾ |
| ആറാം പുസ്തകം | - സഭയിലെ അനുമതികൾ |
| ഏഴാം പുസ്തകം | - സഭയിലെ നിയമവ്യവസ്ഥിതി |

1917 CIC-യിലേക്കാൾ 662 കാനോനകൾ ഇതിൽ കുറവാണ്. ക്രമാനുഗതവും അർത്ഥസമ്പുഷ്ടവുമായ ഘടനയാണ് 1983-ലെ CIC യ്ക്കുള്ളത്. അവതരണത്തിലും കാലാനുഗതമായ നവീകര ണങ്ങൾ വരുത്തുന്നതിലും - ചില സാങ്കേതിക പോരായ്മകളെ ഒഴിച്ചുനിർത്തിയാൽ - പുതിയ സംഹിത വിജയിച്ചിട്ടുണ്ട്. സഭയെ സംബന്ധിച്ചുള്ള II-ാം വത്തിക്കാൻ കൗൺസിലിന്റെ ശാസ്ത്രീയ പഠനവും സിദ്ധാന്തവും (Ecclesiology) നിയമത്തിന്റെ ഭാഷയിൽ (Judicial Language) അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് പുതിയ CIC യുടെ പ്രധാനസവിശേഷത. 1983 ലെ CIC ലത്തീൻറീത്തിൽപ്പെട്ട കത്തോലിക്കാസഭാ വിഭാഗത്തിനുമാത്രമേ ബാധകമായിരിക്കുക യുള്ളൂ (Can. I). പൗരസ്ത്യറീത്തുകളിൽപ്പെട്ട സഭാവിഭാഗ ങ്ങൾക്കുവേണ്ടിയുള്ള നിയമസംഹിത (CIEO) പിന്നീടാണ് പുറ ത്തുവന്നത്.

### പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത

പൗരസ്ത്യസഭകൾക്കുവേണ്ടി പരിഷ്കരിച്ച പൊതുവായ നിയ മസംഹിത 'sacri canones' എന്ന തിരുവെഴുത്തുവഴി 1990 ഒക്ടോ ബർ 18-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ചു പ്രസിദ്ധീകരിച്ചു.

CCEO-Cpdex Canonum Ecelesiarum Orientalium - The code of canons of the eastern churches (പൗരസ്ത്യസഭകളുടെ കാനോൻ നിയമസംഹിത) എന്ന ശീർഷകത്തിൽ പ്രകാശനം ചെയ്ത നിയമസംഹിത 1991 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബ ല്യത്തിൽവന്നു. ഈ പുതിയ കാനൻ നിയമസംഹിതയെ പൗര സ്ത്യസഭകളുടെ ഉത്തമഭരണമാധ്യമമായും സഭാചരിത്രത്തിലെ നാഴി കക്കല്ലായും മാർപാപ്പ വിശേഷിപ്പിച്ചു. 21 പൗരസ്ത്യ വ്യക്തിഗത കത്തോലിക്കാ സഭകൾക്കു മുഴുവനുമായുള്ള common code ആയ CCEO-യെ പൗരസ്ത്യസഭകളുടെ 'മാഗ്നാകാർട്ട' എന്നുവിശേഷി പ്പിക്കാം. മെത്രാന്മാരുടെ സിനഡിൽ CCEO-യെ അവതരിപ്പിച്ചു കൊണ്ട് ജോൺപോൾ മാർപാപ്പ നടത്തിയ പ്രസംഗത്തിലെ ചില പ്രധാന പരാമർശങ്ങൾ താഴെക്കൊടുക്കുന്നു.

1. വത്തിക്കാൻ കൗൺസിൽ വിഭാവനംചെയ്ത സഭാനിയമപരി ഷ്കരണത്തിന്റെ കാര്യത്തിലെ മൂന്നാമത്തെ ചുവടുവയ്പായിരുന്നു CCEO യുടെ പ്രസിദ്ധീകരണം. 1983-ൽ CIC യും 1988-ൽ റോമൻ കൂരിയായുടെ പരിഷ്കരണം ലക്ഷ്യംവച്ചു പുറപ്പെടുവിച്ച 'നല്ല ഇട യൻ' (Pastor Bonus) എന്ന തിരുവെഴുത്തുമാണ് മറ്റു സുപ്രധാന നാഴികക്കല്ലുകൾ. സാർവ്വത്രികസഭയുടെ നിയമസംവിധാനതലങ്ങ





ളിൽ ലത്തീൻ-പൗരസ്ത്യസഭകളുടെ നിയമസംഹിതകൾക്ക് തുല്യ സ്ഥാനമാണുള്ളത്.

2. സാർവ്വത്രികസഭയുടെ എല്ലാ വിഭാഗങ്ങളും ഈ നിയമസം ഹിതയെ (CCEO) അതിന്റെ വിശദാംശങ്ങളോടുകൂടി സ്വീകരിച്ച് അംഗീകരിക്കേണ്ടിയിരിക്കുന്നു.

3. പൗരസ്ത്യസഭകളുടെ ഭരണസീമകൾക്കുവെളിയിൽ സ്ഥിതി ചെയ്യുന്ന പൗരസ്ത്യകത്തോലിക്കാ വിശ്വാസികളുടെ പ്രത്യേകസാ ഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേകനിയമങ്ങൾക്കാ യുള്ള (Particular law-Jus speciale) വ്യവസ്ഥകൾ ഈ നിയമ സംഹിത വിഭാവനം ചെയ്തിട്ടുണ്ട്.

4. പുതിയ നിയമസംഹിതയുടെ (CCEO) എക്യുമെനിക്കൽ സ്വഭാ വമാണ് അതിന്റെ എടുത്തുപറയാവുന്ന മറ്റൊരു സവിശേഷത.

ജോൺപോൾ മാർപാപ്പ CCEO യ്ക്കു നല്കുന്ന വിശേഷണം 'സഭാശുശ്രൂഷയിലെ സ്നേഹവാഹനം' (The vehicle of charity in the service of the church) എന്നാണ്. "പൗരസ്ത്യസഭകൾ വളർന്നുവികസിക്കാനും അതോടൊപ്പം അവയിൽ നിക്ഷിപ്തമാ യിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലിക ചൈതന്യത്തോടെ പൂർണ്ണമാക്കുവാനും" (OE.I) CCEO ഏറെ സഹായകരമാകുമെന്ന് ഇതിനാൽ വ്യക്തമാണ്.

### CCEO യുടെ രൂപീകരണചരിത്രം

എല്ലാ പൗരസ്ത്യസഭകൾക്കും പൊതുവായും സമ്പൂർണ്ണമായ തുമായ ഒരു കാനൻനിയമസംഹിതയ്ക്കു രൂപംകൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി പതിനൊന്നാം പീയൂസ് മാർപാപ്പ അധ്യക്ഷ നായുള്ള ഒരു സമിതി 1927-ൽ നിയമിതമായി. തുടർന്ന് 1929-ൽ കർദ്ദിനാൾ ഗാസ്പാരിയുടെ അധ്യക്ഷതയിൽ കർദ്ദിനാൾമാരുടെ പ്രാരംഭ കമ്മീഷൻ നിലവിൽവന്നു. 1935-ൽ കാനൻ നിയമ സംഹി തയുടെ ക്രോഡീകരണത്തിനായി പതിനൊന്നാം പീയൂസ് പാപ്പാ ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനഫലമായി 1948 ൽ സമ്പൂർണ്ണനിയമസംഹിതയുടെ കര ടുരേഖ അംഗീകാരത്തിനും പ്രസിദ്ധീകരണത്തിനുമായി പന്ത്രണ്ടാം പീയൂസ് മാർപാപ്പയ്ക്കു സമർപ്പിച്ചു. എങ്കിലും ഈ കരടുരേഖയിൽ നിന്ന് ചില ഭാഗങ്ങൾമാത്രം പല തവണകളിലായി തിരുവെഴു ത്തുകൾ (Motu Proprio) മുഖേന പ്രസിദ്ധപ്പെടുത്തുകയാണു ണ്ടായത്. അവ:-

a) 1948-ൽ വിവാഹം സംബന്ധിച്ചവ (crebrae allatac)

b) 1950-ൽ നീതിന്യായം, കോടതിനടപടികൾ എന്നിവയെ സംബന്ധിച്ചവ
c) 1952-ൽ സന്യസ്തരെ സംബന്ധിച്ചും പള്ളിവസ്തുക്കളുടെ ഭരണക്രമം സംബന്ധിച്ചും ഉള്ളവ
d) 1957-ൽ വ്യക്തികളെ സംബന്ധിച്ചവ

മറ്റ് കൂദാശകളെ സംബന്ധിച്ച കാനോനകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല. വത്തിക്കാൻ ശേഖരത്തിൽ ഇന്നും അതിന്റെ ഫയൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. 12-ാം പീയൂസ് പാപ്പായുടെ കാലശേഷം സ്ഥാനാരോഹണം ചെയ്ത 23-ാം ജോൺ മാർപാപ്പ പൗരസ്ത്യ നിയമ സംഹിതയുടെ ബാക്കിവരുന്ന ഭാഗങ്ങളുടെ പ്രസിദ്ധീകരണം തല്ക്കാലം നിറുത്തിവയ്ക്കുകയാണുണ്ടായത്. 2-ാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ പാപ്പായ്ക്ക് സാർവ്വത്രികസഭയുടെ നിയമസംവിധാനം മുഴുവനായും വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ പരിഷ്കാര വിധേയമാക്കാനായിരുന്നു താല്പര്യം. സഭയിലും ലോകത്തിലും ത്വരിതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് കാലാനുഗതമായ ഒരു നവീകരണം പൗരസ്ത്യസഭകളുടെ കാനോനസംഹിതകൾക്കും ഉണ്ടായിരിക്കണമെന്ന് പാപ്പാ നിഷ്കർഷിച്ചു. അതിനാൽ 1959 ജനുവരി 25 ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനംചെയ്ത അവസരത്തിൽത്തന്നെ പ്രസ്തുത കൗൺസിലിൽവച്ച് കാനൻനിയമപരിഷ്കരണങ്ങൾക്കുള്ള സജ്ജീകരണവുംകൂടി ഉണ്ടായിരിക്കുമെന്ന് സഭയെ അറിയിച്ചതായി നാം മുമ്പ് കണ്ടതാണല്ലോ. എങ്കിലും 1965-ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ടും കാനൻ പരിഷ്കരണക്രമീകരണങ്ങൾ കാര്യമായി പുരോഗമിയ്ക്കാകയാൽ 1972 -ൽ പോൾ ആറാമൻ പാപ്പ പൗരസ്ത്യ നിയമ സംഹിതയുടെ സമഗ്രപരിഷ്കരണത്തിനായി കർദ്ദേനാൾ ജോസഫ് പാറേക്കാട്ടിൽ അധ്യക്ഷനായുള്ള ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. 1974 മാർച്ച് 18-ാം തീയതിയിലെ ഉദ്ഘാടനസമ്മേളനത്തോടുകൂടി നിയുക്തകമ്മീഷൻ (PCCICOR) ജോലി ആരംഭിച്ചു. ഇരുപത്തൊന്നു പൗരസ്ത്യവ്യക്തിസഭകളുടെ (Ecclesia Sui iuris) പ്രാതിനിധ്യസ്വഭാവമുള്ള ഒരു വിദഗ്ധസംഘമാണ് നിയമസംഹിതയുടെ ജോലി നിർവ്വഹിക്കുവാനുണ്ടായിരുന്നത്. ഈ കമ്മീഷന് പോൾ ആറാമൻ പാപ്പാ ചില മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയത് ചുരുക്കമായി നമുക്കു കാണാം.

a) തിരുസ്സഭ (LG), പൗരസ്ത്യസഭകൾ (OE), എക്യുമെനിസം ഇവയെ സംബന്ധിച്ച വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ക്രോഡീകരണപ്രക്രിയയ്ക്ക് അടിസ്ഥാനമായി സ്വീകരിക്കുക.





b) എല്ലാ പൗരസ്ത്യവ്യക്തിസഭകൾക്കും ബാധകമാകുന്ന പൊതുനിയമങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് പുതിയ നിയമസംഹിത ക്രോഡീകരിക്കുക
c) യഥാർത്ഥവും കാലോചിതവും പൗരസ്ത്യപാരമ്പര്യങ്ങളിൽ അടിയുറച്ചതും പൗരസ്ത്യസ്വഭാവമുള്ളതുമായ നിയമസംഹിതയ്ക്ക് രൂപംനൽകുക. ഓരോ സഭയ്ക്കും തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും സ്ഥലകാല അനുരൂപണങ്ങൾ നടത്താനുമുള്ള സാധ്യത ഉണ്ടായിരിക്കണം.
d) എക്യുമെനിസത്തെ പ്രോത്സാഹിപ്പിക്കുന്നതും നൈയാമിക സ്വഭാവമുള്ളതും (Juridical) അജപാലനാഭിമുഖ്യമുള്ളതും (postoral) ആയിരിക്കണം. "പ്രത്യേകനിയമം" ഉണ്ടാകാനുള്ള സാധ്യത ഓരോ സഭയ്ക്കും ഉണ്ടായിരിക്കണം

ഈ കമ്മീഷനിലെ അംഗങ്ങൾ: 6 പാത്രിയർക്കീസുമാർ, 8 കർദ്ദിനാൾമാർ, 7 മെത്രാന്മാർ, കൺസൾട്ടേഴ്സായി 11 മെത്രാന്മാർ, 33 രൂപതാ വൈദികർ, 21 സന്യാസവൈദികർ, 2 അല്മായർ എന്നിവരാണ്.

ഒൻപത് പഠനഗ്രൂപ്പുകൾ ആയി തിരിച്ച് നിയമസംഹിതയുടെ കരടിനു രൂപം കൊടുത്തതോടുകൂടി 1980 ൽ ക്രോഡീകരണപ്രക്രിയയുടെ 1-ാം ഘട്ടം അവസാനിക്കുകയും കൺസൾട്ടേഴ്സിന്റെ ദൗത്യം പൂർത്തിയാവുകയും ചെയ്തു. ലത്തീൻ കാനോൻ നിയമത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ക്രമീകരണത്തോടുകൂടിയ ഘടനയാണ് CCEO യ്ക്കുള്ളത്. വത്തിക്കാന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ Acta apostolica sedis AAS vol. 82 No.II ൽ ആണ് CCEO യുടെ ലത്തീൻ രൂപത്തിലുള്ള ഗ്രന്ഥം കൊടുത്തിരിക്കുന്നത്. നീണ്ടവർഷങ്ങളിലെ ക്രോഡീകരണചരിത്രം 32 വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### CCEO യുടെ ഘടനയും ഉള്ളടക്കവും

**ശീർഷകം:** പൗരസ്ത്യസഭകളുടെ കാനോൻനിയമസംഹിതയുടെ തലക്കെട്ട് എന്തായിരിക്കണമെന്നത് ഒരു നീണ്ട വിവാദമായിരുന്നു. ലാറ്റിൻകോഡ് ലാറ്റിൻ സഭയ്ക്കുള്ളതായതിനാൽ അതു ദ്യോതിപ്പിക്കുന്ന ഒരു ശീർഷകം ലത്തീൻ കോഡിന് ഉണ്ടാകണമെന്ന് കർദ്ദിനാൾ പാറേക്കാട്ടിൽ നിർബന്ധം പറഞ്ഞിരുന്നു. എങ്കിലും ലത്തീൻസഭ ഈ നിർദ്ദേശം ഉൾക്കൊണ്ടില്ലെന്നു മാത്രമല്ല, The code of Canon Law എന്ന പൊതുശീർഷകം സ്വീകരിക്കുകയും അത് പല വിവാദങ്ങൾക്കും വഴി തെളിക്കുകയും ചെയ്തു. പൗര

സ്ത്യസഭാനിയമസംഹിതയ്ക്ക് ആ സഭകൾക്കാണ് നിയമം എന്നു കാണിക്കത്തക്ക രീതിയിലുള്ള ഒരു ശീർഷകം വേണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. അവസാനം ഏറെ ചർച്ചയ്ക്കും പഠനത്തിനും ശേഷം സ്വീകൃതമായത് CCEO എന്ന ശീർഷകം ആണ്. കമ്മീഷന്റെ നല്ലൊരുശതമാനം വോട്ട് ഈ പേരിനു കിട്ടിയിരുന്നു. ഈ ശീർഷകം പൗരസ്ത്യസഭകൾക്കുള്ള നിയമത്തെ വേർതിരിച്ചുകാണിക്കുകയും അതോടൊപ്പം ആദ്യകാലസഭയുടെ നിയമസംഹിതകളുടെ മധുരിമ നിലനിർത്തുകയും ചെയ്യുന്നു.

**ഭാഷ:** ക്രോഡീകരണത്തിന്റെ ആരംഭംമുതലേ (1972) പുതിയ നിയമസംഹിതയുടെ ഭാഷ എന്തായിരിക്കണമെന്നതിനെക്കുറിച്ചൊരു തർക്കം കമ്മീഷൻ അംഗങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. ഗ്രീക്കു വേണമെന്ന് ഒരുകൂട്ടവും അതല്ല ലാറ്റിൻമതിയെന്ന് മറുപക്ഷവും വാദിച്ചു. ഒരു ഘട്ടത്തിൽ പുതിയനിയമസംഹിത ഈ പറഞ്ഞ രണ്ടു ഭാഷയിലും പ്രസിദ്ധീകരിക്കാമെന്ന തീരുമാനത്തിലെത്തി എങ്കിലും ആദ്യസമ്പൂർണ്ണകരടുരൂപം ലത്തീൻഭാഷയിൽ മാത്രമേ പുറത്തിറങ്ങിയുള്ളൂ. ഒരു ഭാഗവും ഗ്രീക്കുഭാഷയിലുണ്ടായിരുന്നില്ല.

ഗ്രീക്കുഭാഷ ഇന്ന് വളരെ ചുരുക്കം ജനങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഗ്രീക്ക് മൂലഭാഷയാക്കി നിയമം പുറത്തിറക്കിയാൽ പൗരസ്ത്യസഭാംഗങ്ങളിൽ വളരെ ചുരുക്കംപേർ മാത്രമേ ഇതു വായിക്കാനും പഠിക്കാനും ഇടവരികയുള്ളൂ. കൂടുതൽപേർ ഉപയോഗിക്കുന്ന ഭാഷ എന്നത് ഒരു മാനദണ്ഡമാക്കുകയാണെങ്കിൽ ഉക്രേനിയൻ, മലയാളം, അറബിക് എന്നീ ഭാഷകളിലൊന്ന് സ്വീകരിക്കേണ്ടിവരും. കാരണം, ഗ്രീക്കുഭാഷയെക്കാൾ പൗരസ്ത്യസഭകളിൽ പ്രാധാന്യം ഈ ഭാഷകൾക്കാണ്. മാർപാപ്പയ്ക്ക് വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന ഒരു ഭാഷയായിരിക്കണം ഉപയോഗിക്കേണ്ടത് എന്നതിനാലും ഔദ്യോഗികഭാഷ ലത്തീൻ ആയതുകൊണ്ടും മാർപാപ്പായുടെ ഇന്നുവരെയുള്ള എല്ലാ രേഖകളും ലത്തീൻഭാഷയിൽ പ്രസിദ്ധീകരിച്ച പാരമ്പര്യം നിലനിൽക്കുന്നതുകൊണ്ടും ഇന്നുവരെ വത്തിക്കാനിൽ വേറെ യാതൊരു ഭാഷയും ഔദ്യോഗികമായി ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ടും CCEO ഉം ലത്തീൻ ഭാഷയിൽത്തന്നെ 1990 ൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ വിവിധഭാഷകളിലേയ്ക്ക് വിവർത്തനം നടത്താനുള്ള അവകാശം ഇതോടൊപ്പം കൊടുത്തിരിക്കുന്നു. ലത്തീൻഭാഷയിൽ പുറത്തിറങ്ങിയ CCEO യുടെ മൂലകൃതിയിൽ ഒട്ടേറെ ഗ്രീക്കുപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അത് CCEO യുടെ ഭംഗി വർധിപ്പിച്ചിട്ടേ ഉള്ളൂ.





**നിയമനിർമ്മാണം:** പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമസംഹിത മാർപാപ്പയ്ക്കൊപ്പം പൗരസ്ത്യവ്യക്തിസഭകളുടെ തലവന്മാരും കൂടിച്ചേർന്ന് പ്രസിദ്ധപ്പെടുത്തുവാനുള്ള ചിന്തകളും ചർച്ചകളും ഏറെ നടന്നിരുന്നു. 'ഒരുമിച്ചുള്ള' ഒരു വിളംബരം സഭയുടെ കൂട്ടായ്മ വർദ്ധിപ്പിക്കാനും കൂട്ടുത്തരവാദിത്വം എടുത്തുകാണിക്കാനും ഉപയുക്തമായ ഒരു വിലപ്പെട്ട അവസരമായിരിക്കുമെന്ന ചിന്തയാണ് ഇതിനു പിന്നിൽ പ്രബലപ്പെട്ടിരിക്കുന്നത്. പക്ഷേ വിവിധകാരണങ്ങളാൽ ഈ ചിന്ത ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. അതിനുനിരത്തപ്പെട്ട കാരണങ്ങൾ:

a) ഇന്നുവരെയുള്ള കത്തോലിക്കാ സഭാ ചരിത്രത്തിൽ ഒരു നിയമസംഹിതയും 'ഒരുമിച്ച്' പുറത്തിറക്കിയതായി കേട്ടിട്ടില്ല.

b) പൗരസ്ത്യസഭകൾക്ക് ഏകനേതൃത്വം ഇല്ലാത്തസ്ഥിതിക്ക് ആരെ തലവനായി സ്വീകരിക്കും എന്ന പ്രശ്നം അവശേഷിച്ചു.

c) വ്യത്യസ്ത റീത്തുകളെയും സഭകളെയും സംബന്ധിക്കുന്ന തീരുമാനങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം മാർപാപ്പയ്ക്കു മാത്രമേ ഉള്ളൂ.

അതിനാൽ അന്നത്തെ മാർപാപ്പ തന്നെ CCEO ഒപ്പുവച്ച് പ്രസിദ്ധപ്പെടുത്തി.

**ഉള്ളടക്കവും ഘടനയും**

CIC യും CCEO യും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ? അതോ ഒരേ കാര്യങ്ങൾ രണ്ടു ശീർഷകങ്ങൾകൊണ്ടു സൂചിപ്പിക്കുന്നതാണോ? എന്നു സംശയം തോന്നാം.

ഒറ്റവാക്കിൽ പറഞ്ഞാൽ, ആഗോള കത്തോലിക്കാസഭയെ സംബന്ധിച്ച പൊതുവായതും സാമ്യമുള്ളതുമായ കാര്യങ്ങൾ രണ്ടു നിയമസംഹിതകളിലും ഉണ്ട്. ഏതു നിയമവും സഭയുടെ തനിമയും നാനാത്വവും പരിരക്ഷിക്കാനുള്ള മാധ്യമമാണ്. നിയമത്തിന്റെ സ്വഭാവവും ഘടനയും മാറുമ്പോഴും തനിമ നഷ്ടപ്പെടുന്നില്ല. തിരുസഭയുടെ ഐക്യം കാത്തുസൂക്ഷിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നത് വിവിധങ്ങളായ നിയമങ്ങളാണ്. CIC യിലും CCEO യിലും പൊതുവായിട്ടുള്ള കാനോനകളുണ്ട്. അവ പ്രധാനമായും ഒരേ കാര്യങ്ങളാണ് ദ്യോതിപ്പിക്കുന്നത്. ചിലകാര്യങ്ങളിൽ CCEO യിൽ നിന്നു ഇകള വ്യത്യസ്തമായിരിക്കേണ്ടതുണ്ട്. അതിന് കാരണം, ലാറ്റിൻ സഭയിൽ നിന്ന് വളരെ ഭിന്നമായ അനേകം ഘടകങ്ങൾ പൗരസ്ത്യസഭകളിലുണ്ട്. അതിന്റെ പാരമ്പര്യങ്ങളും ആചാരങ്ങളും വിശ്വാസവും നിയമവും കാത്തുരക്ഷിക്കേണ്ട ചുമതല CCEO യ്ക്കാണ്.

എന്നാൽ ചില കാര്യങ്ങളിൽ രണ്ടു സഭകൾക്കും ഐക്യരൂപ്യം വേണം താനും. ഉദാ: നടപടി ക്രമങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ. സഭയിൽ നീതി നടപ്പാക്കാൻ രണ്ടു നിയമസംഹിതകളിലും വ്യത്യസ്തമായ നിയമം ഉണ്ടാകുന്നത് ഉചിതമല്ലല്ലോ.

CCEO 21 (+1) വ്യക്തിഗത കത്തോലിക്കാസഭകൾക്ക് (Eceleisia Sui iuris) വേണ്ടിയുള്ള പൊതുനിയമമാണ്. ഈ സഭകളുടെ പാരമ്പര്യം, ദൈവശാസ്ത്രം, ആരാധനാക്രമങ്ങൾ, ആദ്ധ്യാത്മികത എല്ലാം വളരെ വ്യത്യസ്തമാണ്. അതിനാൽ വ്യതിരിക്തമായ കാര്യങ്ങൾക്ക് ഓരോ വ്യക്തിസഭയ്ക്കും അതിന്റേതായ പ്രത്യേകനിയമം (particular law) ഉണ്ടാക്കാനുള്ള അനുവാദം CCEO യിൽ കൊടുത്തിട്ടുണ്ട്.

CCEO യിൽ 153 സ്ഥലത്ത് 'ius particulare' പ്രത്യേകനിയമം - ഉണ്ടാക്കാനുള്ള അവസരം നല്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. പ്രധാനകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാനും നിയമങ്ങൾ നിർമ്മിക്കാനുമുള്ള സാധ്യത ഈ അവസരം പ്രദാനംചെയ്യുന്നു. CCEO യുടെ ഉള്ളടക്കവും ഘടനയും പൗരസ്ത്യസഭകളുടെ ആചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കുമനുസരിച്ചാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം CCEO യ്ക്ക് മുമ്പുണ്ടായിരുന്ന നിയമസംഹിതകളുടെ (CICO, MP) രീതികളും സ്വീകരിച്ചിട്ടുണ്ട്. പൗരസ്ത്യ പാരമ്പര്യമാണ് 'ശീർഷകങ്ങൾ' ആയി 1546 കാനോനകളെയും വിന്യസിപ്പിച്ചിരിക്കുന്നത്. പാശ്ചാത്യരീതി ആയിരുന്നെങ്കിൽ "പുസ്തകം" ആകുമായിരുന്നു. 30 ശീർഷകങ്ങൾ വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ച് ക്രമാനുഗതമായി ചിട്ടപ്പെടുത്തിയിരിക്കുന്നു.

| CCEO യുടെ ഘടന | CIC യുടെ ഘടന |
|---|---|
| 30 ശീർഷകങ്ങൾ – അധ്യായങ്ങൾ – ഉപാധ്യായങ്ങൾ – കാനനുകൾ – ഖണ്ഡികകൾ ഉപകാനനുകൾ<br>ആകെ 1546 കാനനുകൾ | പുസ്തകങ്ങൾ – ഭാഗങ്ങൾ – ശീർഷകങ്ങൾ – അദ്ധ്യായങ്ങൾ – ഉപാദ്ധ്യായങ്ങൾ – കാനനുകൾ – ഖണ്ഡികകൾ – ഉപകാനനുകൾ<br>ആകെ 1752 കാനനുകൾ |

**ഡോ. സി. സിബി സി.എം.സി.**



# 02

## സഭയിലെ പരമാധികാരം

അപ്പസ്തോലന്മാരുടെ പിൻഗാമികളെന്ന നിലയിൽ മാർപാപ്പയ്ക്കും മാർപാപ്പ തലവനായുള്ള മെത്രാൻസംഘത്തിനും സഭയെ നയിക്കുന്നതിനും പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനുമായി ക്രിസ്തുനാഥനിൽനിന്നും പരമാധികാരം ലഭിച്ചിരിക്കുന്നു എന്നതാണ് ഈ ശീർഷകത്തിലുള്ള കാനോനകളുടെ അടിസ്ഥാനം. സഭയിൽ പരമാധികാരം അപ്പസ്തോലസംഘത്തിന്റെ തലവനും ശിഷ്യന്മാരിൽ പ്രഥമസ്ഥാനീയനുമായിരുന്ന പത്രോസ്ശ്ലീഹായുടെ പിൻഗാമിയായ റോമാമാർപാപ്പയ്ക്കുള്ളതാണ്. റോമാ മാർപാപ്പ റോമാസഭയുടെ അഥവാ ലത്തീൻസഭയുടെ പാത്രിയാർക്കീസ് മാത്രമല്ല സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമാണ്. അത്തരത്തിലുള്ള അധികാരത്തിന്റെ അർത്ഥവും വ്യാപ്തിയും അതിന്റെ വിനിയോഗരീതികളുമാണ് ഈ ശീർഷകത്തിലെ മുഖ്യ പ്രതിപാദ്യവിഷയം. മെത്രാൻസംഘം മാർപാപ്പയോടൊത്തു സാർവ്വത്രികസൂനഹദോസിലോ, അവരവ

രുടെ സ്ഥലങ്ങളിൽത്തന്നെ ആയിരുന്നുകൊണ്ടുപോലുമോ സംഘമായി സഭാനന്മയ്ക്കായി പ്രവർത്തിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും ഈ പരമാധികാരം വിനിയോഗിക്കപ്പെടുന്നു.

**കാനോന 42:** *കർത്താവിന്റെ നിശ്ചയപ്രകാരം പത്രോസും മറ്റ് അപ്പസ്തോലന്മാരും ഒരു സംഘമായി സ്ഥാപിതമായതിനു തുല്യം പത്രോസിന്റെ പിൻഗാമിയായ റോമാമാർപാപ്പയും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും പരസ്പരം യോജിപ്പിക്കപ്പെട്ടിരിക്കുന്നു.*

സഭയിലെ പരമോന്നതാധികാരം പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയിലും, മാർപാപ്പയോടുകൂടിയ മെത്രാന്മാരുടെ സംഘത്തിലും നിക്ഷിപ്തമായിരിക്കുന്നു. ക്രിസ്തുവിന്റെ നിശ്ചയപ്രകാരം പത്രോസും മറ്റ് അപ്പസ്തോലന്മാരും ഒരു സംഘമായിരിക്കുന്നതുപോലെ, പത്രോസിന്റെ പിൻഗാമിയായ റോമാമെത്രാൻ അഥവാ മാർപാപ്പ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടുകൂടി ഒരു സംഘമായി പ്രവർത്തിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയിലെ 22-ാം ഖണ്ഡിക (L.G. 22) യെ അടിസ്ഥാനമാക്കിയാണ് ഈ കാനോന രൂപപ്പെടുത്തിയിരിക്കുന്നത്.

**കാനോന 43 :** *തന്റെ പിൻഗാമികൾക്ക് കൈമാറുന്നതിനായി അപ്പസ്തോലന്മാരിൽ പ്രഥമസ്ഥാനീയനായ പത്രോസിന് പ്രത്യേകവിധത്തിൽ കർത്താവ് നല്കിയ സ്ഥാനം (munus) കയ്യാളുന്ന റോമിലെ സഭയുടെ മെത്രാൻ, മെത്രാൻസംഘത്തിന്റെ തലവനും ക്രിസ്തുവിന്റെ വികാരിയും സാർവ്വത്രികസഭയുടെ ഭൗമിക ഇടയനുമാകുന്നു. അതിനാൽ അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനംകൊണ്ടുതന്നെ അദ്ദേഹത്തിന് പരമോന്നതവും പൂർണ്ണവും നേരിട്ടുള്ളതും സാർവ്വത്രികവുമായ ഉദ്യോഗസഹജ അധികാരം (ordinary power) സഭയിൽ ഉണ്ട്. ഈ അധികാരം അദ്ദേഹത്തിന് എല്ലായ്പോഴും സ്വതന്ത്രമായി വിനിയോഗിക്കാവുന്നതാണ്.*

മാർപാപ്പയുടെ അധികാരത്തിന്റെ സ്വഭാവവും വ്യാപ്തിയും ഈ കാനോന വ്യക്തമാക്കുന്നുണ്ട്.

"പരമോന്നത അധികാരം" എന്നതുകൊണ്ട് മാർപാപ്പയുടെ അധികാരത്തിനുപരിയായി സഭയിൽ മറ്റ് അധികാരങ്ങൾ ഒന്നും ഇല്ലായെന്നും, "പൂർണ്ണ" മെന്നതുകൊണ്ട് അധികാരവിനിയോഗത്തിൽ പരിധികൾ ഇല്ലായെന്നും, "സാർവ്വത്രിക"മെന്നതുകൊണ്ട് സഭ മുഴുവനിലും ഉള്ളതെന്നും, "നേരിട്ടുള്ളത്" എന്നതുകൊണ്ട് മദ്ധ്യവർത്തികളുടെ സഹായമില്ലാതെ നേരിട്ട് വിനിയോഗിക്കാവുന്നതെന്നും, "ഉദ്യോഗസഹജ"മെന്നതുകൊണ്ട് ഔദ്യോഗികസ്ഥാനത്തോട് ചേർന്നതെന്നും അർത്ഥമാക്കുന്നു. ഇപ്രകാരമുള്ള അധികാരവിനിയോഗത്തിൽ അദ്ദേഹം പൂർണ്ണമായും സ്വതന്ത്രനാണെന്നും സഭാപരമോ രാഷ്ട്രീയമോ ആയ നിയന്ത്രണങ്ങൾക്കു വിധേയനല്ലെന്നും ഈ കാനോന വ്യക്തമാക്കുന്നു.





പത്രോസിന്റെ പിൻഗാമി, മെത്രാൻസംഘത്തിന്റെ അദ്ധ്യക്ഷൻ, ക്രിസ്തുവിന്റെ വികാരി, സാർവ്വത്രികസഭയുടെ ഭൂമിയിലെ ഇടയൻ എന്നീ നിലകളിൽ റോമിലെ മെത്രാനായ മാർപാപ്പയ്ക്ക് സഭയിൽ പൂർണ്ണവും പരമോന്നതവും നേരിട്ടുള്ളതും സാർവ്വത്രികവും ഉദ്യോഗസഹജവുമായ അധികാരമുണ്ട്. മെത്രാന് സ്വന്തം രൂപതയിലെ വിശ്വാസികളുടെമേൽ നേരിട്ട് അധികാരമുള്ളതുപോലെ മാർപാപ്പയ്ക്ക് എല്ലാ കത്തോലിക്കാ വിശ്വാസികളുടെയുംമേൽ നേരിട്ട് അധികാരമുണ്ട്. മേൽപ്പറഞ്ഞ അധികാരങ്ങൾ മാർപാപ്പയോടൊപ്പം മെത്രാൻസംഘത്തിലും നിക്ഷിപ്തമായിരിക്കുന്നു. ഈ അധികാരം പൂർണ്ണവും സാഘോഷവുമായ രീതിയിൽ മെത്രാൻസംഘം പ്രായോഗികമാക്കുന്നത് സാർവ്വത്രികസൂനഹോസുകളിലൂടെയാണ്.

**കാനോന 44 : §1.** *സഭയിൽ പരമോന്നതവും പൂർണ്ണവുമായ അധികാരം റോമാമാർപാപ്പയ്ക്ക് ലഭിക്കുന്നത് നിയമാനുസൃതമായ തിരഞ്ഞെടുപ്പ് അദ്ദേഹം അംഗീകരിക്കുന്നതുവഴിയും മെത്രാഭിഷേകസ്വീകരണം വഴിയുമാണ്. അതിനാൽ ഒരാൾ മുമ്പേ തന്നെ മെത്രാനാണെങ്കിൽ തിരഞ്ഞെടുപ്പ് അദ്ദേഹം അംഗീകരിക്കുന്ന നിമിഷം മുതൽ അദ്ദേഹത്തിന് ഈ അധികാരം ലഭിക്കുന്നതാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി മെത്രാൻ പദവി ഇല്ലാത്ത ആളാണെങ്കിൽ ഉടനെതന്നെ അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യണം.*

**§2.** *റോമാമാർപ്പാപ്പ തന്റെ ഔദ്യോഗികസ്ഥാനം (munus) രാജിവയ്ക്കുകയാണെങ്കിൽ അതിന്റെ സാധുതയ്ക്കായി അദ്ദേഹം അത് സ്വതന്ത്രമായി ചെയ്യുന്നതോടൊപ്പം ശരിയായി വെളിപ്പെടുത്തുകയും വേണം. എന്നാൽ, സാധുതയ്ക്കായി ആ രാജി ആരും സ്വീകരിക്കണമെന്നില്ല.*

മാർപാപ്പയെ തിരഞ്ഞെടുക്കുവാനുള്ള അവകാശം കർദ്ദിനാൾസംഘത്തിനാണ്. എൺപതു വയസ്സിനുമേൽ പ്രായമാകാത്ത കർദ്ദിനാൾമാർക്ക് ഈ തിരഞ്ഞെടുപ്പിൽ സംബന്ധിക്കാം. മാർപാപ്പ

സാർവ്വത്രികസഭയുടെ തലവനാണെങ്കിലും തിരഞ്ഞെടുപ്പിൽ എല്ലാ സഭകളിലുമുള്ള പ്രതിനിധികൾ സംബന്ധിക്കുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട ആൾ തിരഞ്ഞെടുപ്പ് സ്വീകരിച്ച് അംഗീകരിക്കുന്നതോടുകൂടിത്തന്നെ അദ്ദേഹം സാർവ്വത്രികസഭയുടെ തലവനാകുന്നു. ആ പദവിക്കനുസൃതമായിട്ടുള്ള സർവ്വ അധികാരാവകാശങ്ങളും അതോടൊപ്പം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട ആൾ മെത്രാഭിഷേകം ലഭിക്കാത്ത ആളാണെങ്കിൽ മെത്രാഭിഷേകത്തോടെ മുകളിൽപ്പറഞ്ഞ അധികാരാവകാശങ്ങൾ ലഭിക്കുന്നു.

ഏതെങ്കിലും കാരണവശാൽ മാർപാപ്പ രാജിവയ്ക്കുകയാണെങ്കിൽ രാജി ആരുടെയുംപക്കൽ സമർപ്പിക്കേണ്ട ആവശ്യമില്ല. എന്നാൽ വ്യക്തമായി കാരണം വെളിപ്പെടുത്തിയിരിക്കണം. ഇപ്രകാരം മാർപാപ്പ രാജിവച്ച ഒരു സംഭവം മാത്രമേ ചരിത്രത്തിൽ കാണുന്നുള്ളു. സെലസ്റ്റിൻ അഞ്ചാമൻ മാർപാപ്പ താൻ തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം 5 മാസം കഴിഞ്ഞപ്പോൾ 1294-ൽ രാജിവച്ച് സ്ഥാനം ഒഴിയുകയുണ്ടായി.

**കാനോന 45 : §1.** *തന്റെ ഔദ്യോഗിക പദവിയാൽ റോമാമാർപാപ്പയ്ക്ക് സാർവ്വത്രികസഭയുടെമേൽ മാത്രമല്ല അധികാരം ഉള്ളത്, പ്രത്യുത എല്ലാ രൂപതകളുടെയും രൂപതാസമൂഹങ്ങളുടെയും മേലുള്ള ഉദ്യോഗസഹജാധികാരത്തിൽ പ്രഥമസ്ഥാനവും ഉണ്ട്. തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന രൂപതകളുടെമേൽ മെത്രാന്മാർക്കുള്ള തനതും നിയോഗിതവും നേരിട്ടുള്ളതുമായ അധികാരം ഇതുവഴിയായി ശക്തിപ്പെടുത്തപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.*

**§2.** *സാർവ്വത്രികസഭയുടെ പരമോന്നത ഇടയൻ എന്ന നിലയിലുള്ള തന്റെ ഔദ്യോഗികപദവിയുടെ നിർവ്വഹണത്തിൽ റോമാമാർപാപ്പ എല്ലായ്പോഴും മറ്റു മെത്രാന്മാരുമായും സാർവ്വത്രികസഭയുമായും കൂട്ടായ്മയിൽ ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും സാർവ്വത്രികസഭയുടെ ആവശ്യമനുസരിച്ച് ഏതുരീതിയിൽ - വ്യക്തിപരമായോ സംഘാത്മകമായോ - തന്റെ ഔദ്യോഗിക പദവി വിനിയോഗിക്കണമെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശം അദ്ദേഹത്തിനുണ്ട്.*

**§3.** *റോമാമാർപാപ്പയുടെ വിധിക്കോ കല്പനയ്ക്കോ എതിരായി അപ്പീലോ അപേക്ഷയോ (appeal or recourse) നിലനില്ക്കില്ല.*





മാർപാപ്പ കത്തോലിക്കാസഭയുടെ പരമാധികാരി ആയതിനാൽ അദ്ദേഹം മറ്റൊരു സഭാധികാരിക്കോ ഭൗതിക അധികാരിക്കോ അധീനനല്ല. ഈ പരമാധികാരം അദ്ദേഹത്തിന്റെ സ്ഥാനത്തോട് ചേർന്നിരിക്കുന്നതായതിനാൽ അദ്ദേഹത്തിന് സാർവ്വത്രികസഭയുടെമേലും അതുപോലെതന്നെ എല്ലാ സ്വയാധികാരസഭകളുടെയും രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയുംമേൽ അധികാരമുണ്ട്. അതിനാൽ ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ സഭാജീവിതത്തിന്റെ ഏതുതലത്തിലും ഇടപെടുവാനുള്ള അധികാരം മാർപാപ്പയ്ക്കുണ്ട്. തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയുടെ 23-ാം ഖണ്ഡികയിൽ പറയുന്നതുപോലെ മാർപാപ്പ സഭകളുടെയും മെത്രാന്മാരുടെയും കൂട്ടായ്മയുടെ ഉറവിടവും ദൃശ്യമായ അടയാളവുമാണ്. ഇതനുസരിച്ച് മാർപാപ്പയുടെ പ്രഥമവും പ്രധാനവുമായ ധർമ്മം, മെത്രാന്മാരുടെ കൂട്ടായ്മ നിലനിർത്തിക്കൊണ്ട് സഭയെ ഒരു കൂട്ടായ്മയായി നയിക്കുകയെന്നുള്ളതാണ്.

മാർപാപ്പയോടൊപ്പം മെത്രാൻസംഘത്തിനും ഈ പരമാധികാരം ഉണ്ടെങ്കിലും എപ്രകാരമാണ് ഈ അധികാരം വിനിയോഗിക്കേണ്ടതെന്ന് തീരുമാനിക്കുന്നത് മാർപാപ്പ മാത്രമാണ്. മെത്രാൻസംഘത്തിന്റെ തലവനെന്ന നിലയിൽ, വ്യക്തിപരമായിട്ടോ (personally) മെത്രാൻസംഘത്തോടുചേർന്നോ (collegially) ഈ അധികാരം വിനിയോഗിക്കാം.

ദൈവമല്ലാതെ, മാർപാപ്പയ്ക്കു മുകളിൽ മറ്റൊരു അധികാരി ഇല്ലാത്തതിനാൽ മാർപാപ്പയുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ കൊടുക്കുവാൻ ആർക്കും സാധിക്കുകയില്ല. മാർപാപ്പയെ വിധിക്കുവാൻ മറ്റൊരു അധികാരിക്കും കഴിയില്ല.

**കാനോന 46 : §1.** *ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ റോമാമാർപാപ്പയെ മറ്റു മെത്രാന്മാർ പലവിധത്തിൽ സഹായിക്കുന്നു. മെത്രാന്മാരുടെ സിനഡ് ഇവയിൽ ഒന്നാണ്. കൂടാതെ, കർദ്ദിനാൾമാരും പാപ്പാസ്ഥാനപതിമാരും മറ്റു വ്യക്തികളും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് വിവിധ സ്ഥാപനങ്ങ (institutes) ളും മാർപാപ്പയെ ഇക്കാര്യത്തിൽ സഹായിക്കുന്നു. ഈ വ്യക്തികളും സ്ഥാപനങ്ങളും റോമാമാർപാപ്പയാൽത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്ന നിയമമാനദണ്ഡം അനുസരിച്ച് മാർപാപ്പയുടെ പേരിലും അദ്ദേഹത്തിന്റെ അധികാരത്താലും, തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യം എല്ലാ സഭകളുടെയും നന്മയ്ക്കായി നിർവ്വഹിക്കുന്നു.*

§2. *പാത്രിയാർക്കീസുമാർക്കും സ്വയാധികാരസഭകളുടെ അദ്ധ്യക്ഷന്മാരായ മറ്റു മേലദ്ധ്യക്ഷന്മാർക്കും മെത്രാൻ സിനഡിലുള്ള ഭാഗഭാഗിത്വം നിശ്ചയിക്കുന്നത് റോമാമാർപാപ്പതന്നെ തീരുമാനിക്കുന്ന പ്രത്യേക നടപടിക്രമം അനുസരിച്ചാണ്.*

ചില പ്രത്യേക വ്യക്തികളും സമിതികളും പ്രത്യേകമായ വിധത്തിൽ മാർപാപ്പയെ സഹായിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

**മെത്രാന്മാരുടെ സിനഡ്**

സഭയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ആലോചിക്കുവാനായി നിശ്ചിതസമയങ്ങളിൽ റോമിൽ മെത്രാന്മാരുടെ സിനഡ് സമ്മേളിക്കുന്നു. എല്ലാ സ്വയാധികാരസഭകളുടെയും തലവന്മാരും, മെത്രാന്മാരുടെ പ്രതിനിധികളും ഈ സിനഡിൽ അംഗങ്ങളാണ്. മൂന്നു തരത്തിലുള്ള സിനഡുകളുണ്ട്. സാധാരണ സിനഡ്, അസാധാരണ സിനഡ്, പ്രത്യേക സിനഡ്

**കർദ്ദിനാൾ സംഘം**

മൂന്നു ഗണത്തിലുള്ള കർദ്ദിനാൾമാരുണ്ട്. മെത്രാൻഗണത്തിൽപ്പെട്ടവർ, വൈദികഗണത്തിൽപ്പെട്ടവർ, ഡീക്കൻഗണത്തിൽപ്പെട്ടവർ, റോമൻ കുരിയായിലെ പ്രധാനപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നത് കർദ്ദിനാൾമാരാണ്. കർദ്ദിനാൾസംഘത്തിൽ അംഗങ്ങളായിട്ടു കൂടുതൽ പേരുണ്ടെങ്കിലും 80 വയസ്സിൽ കുറഞ്ഞപ്രായമുള്ളവർ 120 പേർ എന്ന് നിജപ്പെടുത്തിയിരിക്കുന്നു. പൗരസ്ത്യസഭകളിൽനിന്ന് നാലുപേർ ഇപ്പോൾ കർദ്ദിനാൾ സംഘത്തിലുണ്ട്.

**റോമൻകാര്യാലയം (റോമൻകുരിയ)**

സാർവ്വത്രികസഭയുടെ ഭരണത്തിൽ മാർപാപ്പയെ ഏറ്റവുമധികം സഹായിക്കുന്ന ഘടകമാണ് റോമൻ കാര്യാലയം. റോമൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ 1988-ൽ പ്രസിദ്ധീകരിച്ച 'പാസ്ത്തോർ ബോനൂസ്' എന്ന അപ്പസ്തോലിക പ്രമാണരേഖയിൽ വിശദമാക്കിയിട്ടുണ്ട്. അതനുസരിച്ച് റോമൻ കാര്യാലയത്തിന്റെ ഘടകങ്ങളുടെ സ്ഥാനാനുക്രമം താഴെപ്പറയുന്നവയാണ്.

i. വത്തിക്കാൻ രാഷ്ട്രകാര്യാലയം.

ii. വിവിധ സംഘങ്ങൾ - ഇപ്പോൾ 9 സംഘങ്ങളാണുള്ളത്.

iii. കോടതികൾ - പ്രധാനമായും 3 കോടതികളാണുള്ളത്.





iv. ഓഫീസുകൾ.

v. വിവിധ കമ്മീഷനുകളും കമ്മിറ്റികളും.

**വത്തിക്കാൻ സ്ഥാനപതികളും പ്രതിനിധികളും**

വത്തിക്കാൻ രാഷ്ട്രത്തെയും രാഷ്ട്രത്തലവനായ മാർപാപ്പയെയും പ്രതിനിധാനം ചെയ്യുന്ന സ്ഥാനപതികളെ (Nuncios) വിവിധ രാഷ്ട്രങ്ങളിലേക്ക് മാർപാപ്പ നിയമിക്കുന്നു. കൂടാതെ, പ്രത്യേക ദൗത്യവുമായി ചില സഭകളിലേക്കും രാഷ്ട്രങ്ങളിലേക്കും സമിതികളിലേക്കും മാർപാപ്പ പ്രതിനിധികളെ അയയ്ക്കാറുണ്ട്. അവരെ 'പേപ്പൽ ഡെലഗേറ്റ്സ്' എന്നു വിളിക്കുന്നു.

**കാനോന 47 :** *റോമാസിംഹാസനം ഒഴിവായിരിക്കുകയോ പൂർണ്ണമായി തടസ്സപ്പെട്ടിരിക്കുകയോ ചെയ്യുന്ന സമയത്ത് സാർവ്വത്രികസഭയുടെ ഭരണകാര്യത്തിൽ പുതുതായി ഒന്നും നടപ്പാക്കാൻ പാടില്ല; ഈ സാഹചര്യങ്ങൾക്കു വേണ്ടി ഉണ്ടാക്കിയിട്ടുള്ള പ്രത്യേക നിയമങ്ങൾ പാലിക്കുകയും വേണം.*

**കാനോന 48 :** *ഈ നിയമസംഹിതയിൽ "അപ്പസ്തോലിക സിംഹാസനം", "പരിശുദ്ധ സിംഹാസനം" എന്നീ പേരുകൾ ദ്യോതിപ്പിക്കുന്നത് റോമാമാർപാപ്പയെ മാത്രമല്ല, നിയമത്തിൽ മറിച്ച് നിർദ്ദേശിക്കപ്പെടുകയോ സംഗതിയുടെ സ്വഭാവം മറിച്ച് സ്ഥാപിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, റോമൻകൂരിയായുടെ ഉപകാര്യാലയങ്ങ (dicasteries) ളെയും മറ്റു സ്ഥാപനങ്ങളെയും കൂടിയാണ്.*

## മെത്രാൻസംഘം

**കാനോന 49 :** *മെത്രാൻസംഘത്തിന്റെ ശിരസ്സ് റോമാമാർപാപ്പയും അതിലെ അവയവങ്ങൾ മെത്രാന്മാരുമാണ്. കൗദാശിക അഭിഷേകത്താലും, ഈ സംഘത്തിന്റെ ശിരസ്സിനോടും അംഗങ്ങളോടുമുള്ള ഹയരാർക്കിക്കടുത്ത ഐക്യത്താലുമാണ് അപ്പസ്തോലസംഘത്തെ അവിരാമം നിലനിർത്തുന്ന മെത്രാൻ സംഘത്തിൽ ഒരാൾ അംഗമാകുന്നത്. ഒരിക്കലും ശിരസ്സിനെ കൂടാതെ സാധിക്കുകയില്ലെങ്കിലും, ശിരസ്സിനോടുകൂടി ഈ സംഘത്തിനും സാർവ്വത്രികസഭയുടെമേൽ പരമോന്നതവും പൂർണ്ണവുമായ അധികാരമുണ്ട്.*

അപ്പസ്തോലസംഘത്തിന്റെ പിന്തുടർച്ചയായ മെത്രാൻസംഘം ദൈവസ്ഥാപിതമാണ്. പത്രോസിന്റെ പിൻഗാമിയായ മാർപാപ്പ ഈ സംഘത്തിന്റെ തലവനാണ്. അതിനാൽ മാർപാപ്പയെ കൂടാതെ മെത്രാൻസംഘത്തിന് പ്രസക്തിയോ അധികാരമോ ഇല്ല. മാർപാപ്പയോടുകൂടി ഈ മെത്രാൻ സംഘത്തിന് സഭയുടെ പരമാധികാരം വിനിയോഗിക്കുവാൻ സാധിക്കും. മാർപാപ്പയെ കൂടാതെയോ മാർപാപ്പയുടെ സമ്മതമില്ലാതെയോ സ്വതന്ത്രമായി സഭയുടെ പരമാധികാരം വിനിയോഗിക്കുവാൻ മെത്രാൻസംഘത്തിന് സാദ്ധ്യമല്ല. എന്നാൽ മാർപാപ്പയ്ക്ക് വ്യക്തിപരമായും ഈ അധികാരം വിനിയോഗിക്കുവാൻ സാധിക്കും.

മെത്രാഭിഷേകം സ്വീകരിക്കുന്നതിലൂടെയും, മാർപാപ്പയുമായും മെത്രാൻസംഘത്തിലെ മറ്റ് അംഗങ്ങളുമായുള്ള കൂട്ടായ്മയിലൂടെയുമാണ് ഒരാൾ മെത്രാൻസംഘത്തിൽ അംഗമാകുന്നത്. മാർപാപ്പ ഒരാളെ മെത്രാൻ സ്ഥാനത്തേക്ക് നിയമിക്കുകയോ, നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഒരാളെ അംഗീകരിക്കുകയോ ചെയ്യുന്നതുവഴിയാണ് ഈ കൂട്ടായ്മയുണ്ടാകുന്നത്.

**കാനോന 50 : §1.** *മെത്രാൻസംഘം സാർവ്വത്രികസഭയുടെമേൽ സാഘോഷമായ രീതിയിൽ (in a solemn manner) അധികാരം വിനിയോഗിക്കുന്നത് സാർവ്വത്രികസൂനഹദോസിലാണ്.*

**§2.** *പല സ്ഥലങ്ങളിലായിരിക്കുന്ന മെത്രാന്മാരുടെ യോജിച്ചുള്ള പ്രവർത്തനംവഴിയും മെത്രാൻസംഘം ഇതേ അധികാരം വിനിയോഗിക്കുന്നു. ആ പ്രവൃത്തി സംഘാത്മകം ആകുന്നതിനു വേണ്ടി റോമാമാർപാപ്പതന്നെ അതിനു തുടക്കമിടുകയോ അല്ലെങ്കിൽ അദ്ദേഹംതന്നെ സ്വതന്ത്രമായി അത് അംഗീകരിക്കുകയോ വേണം.*

**§3.** *മെത്രാൻസംഘം സാർവ്വത്രികസഭയെ സംബന്ധിച്ചുള്ള സംഘാത്മകപ്രവർത്തനം നടത്തേണ്ടവിധം സാർവ്വത്രികസഭയുടെ ആവശ്യമനുസരിച്ച് എപ്രകാരമായിരിക്കണമെന്ന് തീരുമാനിക്കുവാനും അത് പരിപോഷിപ്പിക്കുവാനുമുള്ള അധികാരം റോമാമാർപാപ്പയ്ക്കാണ്.*

മെത്രാൻസംഘത്തിന് രണ്ടു വിധത്തിൽ പരമാധികാരം വിനിയോഗിക്കാം. സാർവ്വത്രികസഭയിൽ മെത്രാൻസംഘം ഔദ്യോഗികമായും സാഘോഷമായും പരമാധികാരം വിനിയോഗിക്കുന്നത് സാർവ്വത്രികസൂനഹദോസുകളിലാണ്. ലോകത്തിലെ എല്ലാ മെത്രാ





ന്മാരും ഈ സാർവ്വത്രികസൂനഹദോസുകളിൽ പങ്കെടുക്കുന്നു. കത്തോലിക്കാസഭയുടെ ഔദ്യോഗികകണക്കനുസരിച്ച് ആകെ 21 സാർവ്വത്രികസൂനഹദോസുകൾ നടന്നിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരിക്കുന്ന അവസരങ്ങളിലും മെത്രാന്മാർക്ക് സംഘാത്മകമായി പ്രവർത്തിക്കുവാൻ സാധിക്കും. സഭയിൽ സുപ്രധാന തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ, മെത്രാന്മാരെ ഒരുമിച്ചു വിളിച്ചുകൂട്ടുവാൻ സാധിക്കാത്ത അവസരത്തിൽ അവരുടെയെല്ലാം അഭിപ്രായം മാർപാപ്പ വ്യക്തിപരമായി ആരാഞ്ഞശേഷം തീരുമാനങ്ങൾ എടുക്കാറുണ്ട്. ഉദാഹരണമായി, കാനൻനിയമസംഹിതകൾ (CIC, CCEO) പ്രസിദ്ധീകരിക്കുന്നതിനു മുമ്പായി ലോകത്തിലെ എല്ലാ മെത്രാന്മാരിൽനിന്നും അഭിപ്രായങ്ങൾ സ്വീകരിച്ചിരുന്നു.

**കാനോന 51 : §1.** *സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടാനും വ്യക്തിപരമായോ മറ്റു പ്രതിനിധികൾ വഴിയോ അതിൽ ആദ്ധ്യക്ഷ്യം വഹിക്കാനും സൂനഹദോസിന്റെ സ്ഥലം മാറ്റുവാനും അത് നിർത്തിവയ്ക്കാനും പിരിച്ചുവിടാനും അതിന്റെ ഡിക്രികൾ സ്ഥിരീകരിക്കാനുമുള്ള അധികാരം റോമാ മാർപാപ്പയ്ക്കു മാത്രമാണ്.*

**§2.** *സാർവ്വത്രിക സൂനഹദോസിൽ ചർച്ചചെയ്യപ്പെടേണ്ട വിഷയങ്ങൾ നിശ്ചയിക്കുവാനും സൂനഹദോസിൽ പാലിക്കപ്പെടേണ്ട നടപടിക്രമം തീരുമാനിക്കാനുമുള്ള അധികാരം റോമാമാർപാപ്പയ്ക്കാണ്. മാർപാപ്പ നിർദ്ദേശിക്കുന്ന വിഷയങ്ങളോടൊപ്പം, അദ്ദേഹത്തിന്റെ അംഗീകാരത്തോടെ മറ്റു വിഷയങ്ങൾ കൗൺസിൽ പിതാക്കന്മാർക്ക് കൂട്ടിച്ചേർക്കാവുന്നതാണ്.*

**കാനോന 52: §1.** *സാർവ്വത്രിക സൂനഹദോസിൽ നിർണ്ണായക (deliberative) വോട്ടവകാശത്തോടുകൂടി പങ്കെടുക്കുക എന്നത് മെത്രാൻസംഘത്തിലുള്ള എല്ലാ മെത്രാന്മാർക്കും അവർക്കു മാത്രവുമുള്ള അവകാശവും കടമയുമാണ്.*

**§2.** *സഭയുടെ പരമോന്നതാധികാരിക്ക് സാർവ്വത്രികസൂനഹദോസിലേക്ക് മെത്രാൻസ്ഥാനം ഇല്ലാത്തവരെയും വിളിക്കാവുന്നതും അവരുടെ പങ്കാളിത്തം എപ്രകാരമായിരിക്കണമെന്ന് നിശ്ചയിക്കാവുന്നതാണ്.*

**കാനോന 53:** *സാർവ്വത്രിക സൂനഹദോസ് സമ്മേളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അപ്പസ്തോലികസിംഹാസനം ഒഴിവാ*

*കുന്ന സാഹചര്യത്തിൽ പുതിയ മാർപാപ്പ സാർവ്വത്രിക സൂനഹദോസ് തുടരുകയോ പിരിച്ചുവിടുകയോ ചെയ്യുന്നതുവരെ നിയമത്താൽത്തന്നെ സൂനഹദോസ് നിർത്തിവയ്ക്കപ്പെടുന്നു.*

സാർവ്വത്രിക സൂനഹദോസ് സമ്മേളിക്കുന്ന അവസരത്തിൽ റോമാ സിംഹാസനം ഒഴിവായാൽ നിയമത്താൽതന്നെ സൂനഹദോസ് നിർത്തിവയ്ക്കേണ്ടിയിരിക്കുന്നു. പുതിയ മാർപാപ്പ വന്ന ശേഷം അതു തുടരുകയോ പിരിച്ചുവിടുകയോ ചെയ്യുന്നു. ഉദാഹരണമായി, രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നിരുന്ന സമയത്ത് ജോൺ 23-ാം മാർപാപ്പ മരിച്ചതിനാൽ കൗൺസിൽ നിർത്തിവയ്ക്കപ്പെട്ടു. പോൾ ആറാമൻ മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ട ശേഷമേ കൗൺസിൽ തുടർന്നുള്ളൂ.

**കാനോന 54: §1.** *കൗൺസിൽ പിതാക്കന്മാരോടൊന്നിച്ച് റോമാ മാർപാപ്പ ഡിക്രി അംഗീകരിക്കുകയും അതു സ്ഥിരീകരിച്ച് തന്റെ കല്പനയാൽ പരസ്യപ്പെടുത്തുകയും ചെയ്താലല്ലാതെ സാർവ്വത്രികസൂനഹദോസ് പാസ്സാക്കുന്ന ഡിക്രികൾക്ക് കടപ്പെടുത്തൽ ശക്തി (obligatory force) ഉണ്ടാകുന്നതല്ല.*

**§2.** *റോമാമാർപാപ്പയാൽ ആരബ്ധമോ, അല്ലെങ്കിൽ അദ്ദേഹം സ്വതന്ത്രമായി അംഗീകരിച്ചതോ ആയ മറ്റൊരു വിധത്തിൽ മെത്രാൻസംഘം സംഘാത്മകമായി പ്രവർത്തിക്കുമ്പോൾ അതിന്റെ ഡിക്രികൾക്ക് കടപ്പെടുത്താൻ ശക്തി ലഭിക്കുന്നതിന് ഇതേ സ്ഥിരീകരണവും പരസ്യപ്പെടുത്തലും ആവശ്യമാണ്.*

മാർപാപ്പയും കൗൺസിൽ പിതാക്കന്മാരും തീരുമാനിക്കുകയും, അംഗീകരിക്കുകയും, മാർപാപ്പ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന തീരുമാനങ്ങൾക്കു മാത്രമേ നിയമപ്രാബല്യമുള്ളൂ. മെത്രാൻസംഘം മറ്റു രീതിയിൽ ഏതെങ്കിലും നിർദ്ദേശങ്ങൾ കൊണ്ടുവന്നാലും മാർപാപ്പ അംഗീകരിച്ചുറപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ അവയ്ക്ക് നിയമപ്രാബല്യം ലഭിക്കൂ.



# 03

## പാത്രിയാർക്കൽ സഭകൾ

'പാത്രിയാർക്കേസ്' എന്ന ഗ്രീക്ക്പദത്തിൽനിന്നാണ് പാത്രിയർക്കീസ് എന്ന പദം ഉദ്ഭവിക്കുന്നത്. 'കുടുംബത്തലവൻ', 'ഗോത്രത്തലവൻ', എന്നെല്ലാമാണ് ഈ പദത്തിന്റെ അർത്ഥം. വേദപുസ്തകത്തിൽ, ഈ രണ്ടർത്ഥത്തിലും, പാത്രിയർക്കീസ് എന്ന പദം ഉപയോഗിച്ചിട്ടുണ്ട് (2 ദിന 19:8; 1 ദിന 27:22; ഹെബ്രാ 7:4).

നാലാം നൂറ്റാണ്ടോടുകൂടി ക്രിസ്തുമതം റോമാസാമ്രാജ്യത്തിലെ ഒദ്യോഗിക മതമായി തീർന്നതോടുകൂടി പാത്രിയർക്കീസ് പദവി ചില പ്രത്യേക സ്ഥലങ്ങളിലെ മെത്രാന്മാർക്ക് ബഹുമാനസൂചകമായി നൽകിതുടങ്ങി. ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്താണ് ഈ പദവി സഭയിലെ റോമാ, കോൺസ്റ്റാൻറിനോപ്പിൾ, അലക്സാണ്ഡ്രിയ, അന്ത്യോക്യാ, ജറുസലേം എന്നീ പ്രമുഖ കേന്ദ്രങ്ങളിലെ മെത്രാന്മാർക്കു മാത്രമായി ഉപയോഗിച്ചുതുടങ്ങിയത്.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ 'പൗരസ്ത്യസഭകൾ' എന്ന ഡിക്രിയിൽ സഭയിൽ പാത്രിയാർക്കൽ സംവിധാനം കഴിയുന്നിടത്തോളം പുനഃസ്ഥാപിക്കണമെന്ന് എടുത്തുപറയുന്നുണ്ടെങ്കിലും (O.E.11), കൗൺസിലിനുശേഷം പുതുതായി പാത്രിയാർക്കൽ സഭകളൊന്നും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ കോപ്റ്റിക്ക്, മറോനീത്ത, മെൽക്കൈറ്റ്, സിറിയൻ, കൽദായ, അർമേനിയൻ എന്നീ പൗരസ്ത്യസഭകളിലാണ് പാത്രിയാർക്കൽ സംവിധാനം നിലവിലുള്ളത്. എന്നാൽ അകത്തോലിക്കാസഭകളിൽ 17 പാത്രിയാർക്കൽസഭകൾ നിലവിലുണ്ട്. ലത്തീൻസഭയിൽ ചില സ്ഥലങ്ങളിലെ മെത്രാന്മാർക്ക് പാത്രിയാർക്കൽ പദവി നൽകിയിട്ടുണ്ട് (ഉദാഹരണമായി വെനീസ്, ഗോവ). എങ്കിലും അവയ്ക്ക് പാത്രിയാർക്കീസിന്റെ അധികാരാവകാശങ്ങളൊന്നുമില്ല. എല്ലാവിധ അവകാശാധികാരങ്ങളോടുകൂടിയ പാശ്ചാത്യസഭാപാത്രിയർക്കീസ് റോമാമാർപാപ്പയാണ്.

**കാനോന 55:** *സഭയുടെഅതിപുരാതനമായൊരു പാരമ്പര്യമനുസരിച്ച്, പാത്രിയാർക്കൽ സംവിധാനം സഭയിൽ നിലനിന്നിരുന്നു. ആദ്യകാല സാർവ്വത്രിക സൂനഹദോസുകൾ ഇതു അംഗീകരിച്ചിട്ടുള്ളതുമാണ്. ഇക്കാരണത്താൽ, പാത്രിയാർക്കൽസഭയുടെ തലവനും പിതാവുമായി മേലദ്ധ്യക്ഷം വഹിക്കുന്ന പൗരസ്ത്യ സഭാപാത്രിയർക്കീസുമാർക്ക് പ്രത്യേക ബഹുമാനം നൽകേണ്ടിയിരിക്കുന്നു.*

പാത്രിയാർക്കൽ ഭരണസംവിധാനം നാലാം നൂറ്റാണ്ടുമുതലെങ്കിലും സഭയിൽ നിലനിന്നിരുന്നതായി, സഭയുടെ പ്രഥമ സാർവ്വത്രിക സൂനഹദോസുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഈ സംവിധാനം സൂനഹദോസുകളുടെ സൃഷ്ടിയല്ല. മറിച്ച്, നിലവിലിരുന്ന പാത്രിയാർക്കൽ സംവിധാനത്തെ അംഗീകരിച്ചുറപ്പിക്കുക മാത്രമാണ് സാർവ്വത്രിക സൂനഹദോസുകൾ ചെയ്തിട്ടുള്ളത്. പാത്രിയർക്കീസിനെ സഭയുടെ തലവനും പിതാവുമായി അംഗീകരിച്ചാദരിച്ചുപോരുകയും ചെയ്തിട്ടുണ്ട്.

**കാനോന 56:** *സഭയുടെ പരമാധികാരി അംഗീകരിച്ചിട്ടുള്ള നിയമങ്ങൾക്കനുസൃതമായി, താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയിൽ മെത്രാപ്പൊലീത്താമാരുൾപ്പെടെ എല്ലാ മെത്രാന്മാരുടെയും മറ്റു ക്രൈസ്തവ വിശ്വാസികളുടെയും മേൽ അധികാരമുള്ള മെത്രാനാണ് പാത്രിയർക്കീസ്.*





പാത്രിയർക്കീസിന് തന്റെ സഭയിലെ മെത്രാപ്പൊലീത്താമാരുടെയും മെത്രാന്മാരുടെയും വിശ്വാസികളുടെയുംമേൽ സഭാതലവനടുത്ത അധികാരമുണ്ട്. എന്നാൽ പൊതുനിയമത്തിനു മാർപാപ്പ അംഗീകരിച്ചിട്ടുള്ള പ്രത്യേക നിയമങ്ങൾക്കും അനുസൃതമായി മാത്രമേ ഈ അധികാരം വിനിയോഗിക്കാവൂ. തന്റെ സഭയിലെ അംഗങ്ങളുടെമേൽ മാത്രമേ പാത്രിയർക്കീസിന് അധികാരമുള്ളൂ. അതുപോലെതന്നെ, സഭാതിർത്തിക്കുള്ളിൽ മാത്രമേ അദ്ദേഹത്തിന് പൂർണ്ണ അധികാരമുള്ളൂ.

**കാനോന: 57: §1.** *പാത്രിയാർക്കൽസഭകളുടെ സ്ഥാപനം, പുനഃസ്ഥാപനം, വ്യത്യാസപ്പെടുത്തൽ, നിർത്തലാക്കൽ എന്നിവ സഭയുടെ പരമാധികാരത്തിനുമാത്രം നീക്കിവച്ചിട്ടുള്ള കാര്യങ്ങളാണ്.*

**§2.** *ഓരോ പാത്രിയാർക്കൽസഭയ്ക്കും നിയമാനുസൃതം അംഗീകരിക്കപ്പെട്ടിട്ടുള്ളതോ നല്കപ്പെട്ടിട്ടുള്ളതോ ആയ സ്ഥാനികനാമം (Title) വ്യത്യാസപ്പെടുത്തുവാൻ സഭയുടെ പരമാധികാരത്തിനു മാത്രമേ കഴിയൂ.*

**§3.** *സാധിക്കുന്നിടത്തോളം, ഒരു പാത്രിയാർക്കൽസഭയ്ക്ക് അതിന്റെ സഭാതിർത്തിയിലുള്ള പ്രധാന നഗരത്തിൽത്തന്നെ, പാത്രിയർക്കീസിന്റെ വാസസ്ഥലമായി, സ്ഥിരമായ ഒരു സിംഹാസനം ഉണ്ടായിരിക്കണം. ഇതിൽനിന്നാണ് പാത്രിയർക്കീസ് തന്റെ സ്ഥാനികനാമം സ്വീകരിക്കുന്നത്. ഈ സിംഹാസനം വളരെ ഗൗരവമുള്ള കാരണത്താലല്ലാതെയും പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതംകൂടാതെയും, മാർപാപ്പയുടെ അംഗീകാരമില്ലാതെയും മാറ്റാൻ പാടില്ല.*

സഭയുടെ പരമാധികാരത്തിനു പുതിയ പാത്രിയാർക്കൽസഭകൾ സ്ഥാപിക്കുവാൻ അധികാരമുണ്ടെങ്കിലും, ഇപ്പോൾ പാത്രിയാർക്കൽ സഭകളൊന്നും സ്ഥാപിക്കപ്പെടുന്നില്ല. എന്നാൽ, പാത്രിയാർക്കൽ സഭകളോട് തുല്യഅവകാശാധികാരങ്ങളുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ സ്ഥാപിക്കാറുണ്ട്. ഉദാഹരണമായി, സീറോ മലബാർസഭ 1992 ഡിസംബർ 16-ാം തീയതി മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടു.

പാത്രിയാർക്കൽസഭാതിർത്തിക്കുള്ളിലെ പ്രധാന നഗരത്തിൽ ആയിരിക്കണം പാത്രിയർക്കീസിന്റെ ആസ്ഥാനം. ഇതിൻനിന്നാണ് പാത്രിയർക്കീസ് തന്റെ സ്ഥാനികനാമം സ്വീകരിക്കുന്നത്. ഉദാഹര

ണമായി, സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ സ്ഥാനികനാമം, സഭാതിർത്തിക്കുള്ളിലെ പ്രധാനപ്പെട്ട നഗരമായ എറണാകുളത്തോടു ബന്ധപ്പെടുത്തിയാണ് (എറണാകുളം -അങ്കമാലി മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസനം).

പൗരസ്ത്യ കത്തോലിക്കാ പാത്രിയാർക്കൽസഭകളും, അവയുടെ സ്ഥാനികനാമങ്ങളും താഴെ പറയുന്നവയാണ്.

| **സഭകൾ** | **സ്ഥാനികനാമം** |
|---|---|
| 1. കോപ്റ്റിക് | അലക്സാണ്ഡ്രിയ |
| 2. മാറോനീത്ത | അന്ത്യോക്യാ |
| 3. ഗ്രീക്ക് മെൽക്കെറ്റ് | അന്ത്യോക്യാ |
| | അലക്സാണ്ഡ്രിയ |
| | ജറുസലേം |
| 4. സിറിയൻ | അന്ത്യോക്യാ |
| 5. കൽദായ | ബാബിലോണിയ |
| 6. അർമേനിയ | സിലീചിയ |

എന്നാൽ പൗരസ്ത്യകത്തോലിക്കാപാത്രിയർക്കീസുമാർ ആരും തന്നെ തങ്ങളുടെ സ്ഥാനികനഗരത്തിൽ താമസിക്കുന്നില്ല. ഇപ്പോൾ മാറോനീത്ത, സിറിയൻ, അർമേനിയൻ പാത്രിയർക്കീസുമാർ ലെബനോനിലെ ബെയ്റൂട്ടിലും, ഗ്രീക്ക് മെൽക്കെറ്റ് പാത്രിയർക്കീസ് സിറിയയിലെ ഡമാസ്കസിലും, കൽദായപാത്രിയർക്കീസ് ഇറാക്കിലെ ബാഗ്ദാദിലും, കോപ്റ്റിക് പാത്രിയർക്കീസ് ഈജിപ്തിലെ കെയ്റോയിലുമാണ് താമസിക്കുന്നത്.

**കാനോന 58:** *മുൻഗണനക്രമത്തെക്കുറിച്ച് മാർപാപ്പ നിശ്ചയിച്ചിട്ടുള്ള പ്രത്യേക മാനദണ്ഡങ്ങൾ മാനിച്ചുകൊണ്ടുതന്നെ, ലോകത്തെവിടെയും ഏതു പദവിയിലുമുള്ള എല്ലാ മെത്രാന്മാരെയുംകാൾ മുൻഗണന പൗരസ്ത്യസഭകളിലെ പാത്രിയർക്കീസുമാർക്കുണ്ട്.*

പാത്രിയർക്കീസിന്റെ മുൻഗണന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പാത്രിയർക്കീസും, ഏതെങ്കിലും സഭയിലെ മെത്രാന്മാരോ മെത്രാപ്പൊലീത്താമാരോ ഒരേവേദിയിൽ വരുകയാണെങ്കിൽ എപ്പോഴും പ്രഥമസ്ഥാനം പാത്രിയർക്കീസിനായിരിക്കും എന്നതാണ്.





പൗരസ്ത്യസഭകളുടെ കാനോനസംഹിത പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പൗരസ്ത്യസഭകളിലെ മെത്രാന്മാരുടെ ഇടയിൽ മാത്രമേ, പാത്രിയർക്കീസുമാർക്ക് മുൻഗണനയുണ്ടായിരുന്നുള്ളൂ (C.S.283). എന്നാൽ ഇപ്പോൾ പാത്രിയർക്കീസുമാർക്ക് പൗരസ്ത്യസഭകളിലെ മാത്രമല്ല, പശ്ചാത്യസഭയിലെയും എല്ലാ മെത്രാന്മാരെയുംകാൾ മുൻഗണനയുണ്ട്. എന്നാൽ, കർദ്ദിനാൾമാരും പാത്രിയർക്കീസുമാരും തമ്മിലുള്ള മുൻഗണന നിശ്ചയിക്കുന്നത് മാർപാപ്പ നിശ്ചയിച്ചിട്ടുള്ള പ്രത്യേക മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കും,

**കാനോന 59: §1.** *പാത്രിയർക്കീസുമാരുടെ ഇടയിൽ ബഹുമതിയിലുള്ള മുൻഗണനക്രമം കണക്കിലെടുത്തുകൊണ്ടുതന്നെ, ചില സിംഹാസനങ്ങൾ പിന്നീട് വന്നവയാണെങ്കിലും, പൗരസ്ത്യസഭകളിലെ പാത്രിയർക്കീസുമാരെല്ലാവരും പാത്രിയാർക്കൽ പദവിയിൽ തുല്യരാണ്.*

**§2.** *പൗരസ്ത്യസഭകളിലെ പുരാതനമായ പാത്രിയാർക്കൽ സിംഹാസനങ്ങളുടെയിടയിലെ മുൻഗണനാക്രമമനുസരിച്ച് ആദ്യം വരുന്നത് കോൺസ്റ്റാൻറിനോപ്പിളും പിന്നീട് അലക്സാണ്ഡ്രിയയും അതിനുശേഷം അന്ത്യോക്യായും തുടർന്ന് ജറുസലേമുമാണ്.*

**§3.** *പൗരസ്ത്യ സഭകളിലെ മറ്റു പാത്രിയർക്കീസുമാരുടെയിടയിലുള്ള മുൻഗണനക്രമം തീരുമാനിക്കുന്നത് പാത്രിയാർക്കൽ സിംഹാസനത്തിന്റെ പൗരാണികത്വമനുസരിച്ചാകുന്നു.*

**§4.** *ഒരേ സ്ഥാനികനാമമുള്ളവരാണെങ്കിലും വ്യത്യസ്ത പാത്രിയാർക്കൽസഭകളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന പൗരസ്ത്യ സഭാപാത്രിയർക്കീസുമാരുടെ ഇടയിൽ മുൻഗണന, ആദ്യം പാത്രിയാർക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ട വ്യക്തിക്കായിരിക്കും.*

പാത്രിയർക്കീസുമാരുടെ മുൻഗണന, വ്യക്തികൾ എന്ന നിലയിൽ അവർക്കും നൽകുന്ന മുൻഗണനയല്ല. പ്രത്യുത, പാത്രിയാർക്കൽ സിംഹാസനത്തിന്റെ പൗരാണികത്വവും പ്രാധാന്യവും അനുസരിച്ച് നിശ്ചയിച്ചിട്ടുള്ളതാണ്.

പുരാതന പാത്രിയാർക്കൽ സിംഹാസനങ്ങളുടെ മുൻഗണനാക്രമം, ആദ്യകാല സാർവ്വത്രിക സൂനഹദോസുകൾ അംഗീകരിച്ചുറപ്പിച്ചിട്ടുള്ളതാണ്. പിന്നീടുണ്ടായ പാത്രിയാർക്കൽ സിംഹാസനങ്ങളുടെ മുൻഗണന കണക്കാകുന്നത് അവ സ്ഥാപിക്കപ്പെട്ട ക്രമമനുസരിച്ചാണ്.

**കാനോന 60: §1.** *താൻ അദ്ധ്യക്ഷനായിരിക്കുന്ന സഭയിലെ വിശ്വാസികൾക്കായിട്ടുള്ള പള്ളികളിലും, അതേ സഭയുടെ ആരാധനാക്രമാനുഷ്ഠാനങ്ങളിലും, ആ പാത്രിയർക്കീസിന് മറ്റു പാത്രിയർക്കീസുമാരെക്കാൾ - അവർ പാത്രിയാർക്കൽ സിംഹാസനത്തിന്റെ സ്ഥാനിക നാമത്തിൽ വലിയവരോ സ്ഥാനാരോഹണത്തിൽ മുമ്പന്മാരോ ആയിരുന്നാൽപ്പോലും -മുൻഗണനയുണ്ട്.*

**§2.** *മുമ്പൊരിക്കൽ തങ്ങൾക്കുണ്ടായിരുന്ന പാത്രിയാർക്കൽ സിംഹാസനത്തിന്റെ സ്ഥാനികനാമം ഇപ്പോഴും നിലനിർത്തുന്നവരെക്കാൾ മുൻഗണന, ഇപ്പോൾ പാത്രിയാർക്കൽ അധികാരമുള്ള പാത്രിയർക്കീസിനുണ്ട്.*

സഭയുടെ തലവനും പിതാവുമെന്ന നിലയിൽ ആരാധനാക്രമാനുഷ്ഠാനങ്ങൾക്ക് നേതൃത്വം വഹിക്കാനുള്ള ഉത്തരവാദിത്വവും കടമയും പാത്രിയർക്കീസിനുണ്ട്. അതുകൊണ്ട്, ആരാധനാക്രമാനുഷ്ഠാനങ്ങളിൽ മറ്റേതൊരു പാത്രിയർക്കീസിനെയുംകാൾ മുൻഗണന ആ സഭയിലെ പാത്രിയർക്കീസിനുണ്ട്.

അധികാരത്തിലിരിക്കുന്ന പാത്രിയർക്കീസിനായിരിക്കും, സ്ഥാനത്യാഗം ചെയ്ത പാത്രിയർക്കീസിനെക്കാൾ എല്ലായിടത്തും എല്ലായ്പ്പോഴും മുൻഗണന.

**കാനോന 61 :** *മാർപാപ്പയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ശ്ലൈഹികസിംഹാസനത്തിന്റെ പക്കൽ തന്റെ ഒരു പ്രതിനിധിയെ പാത്രിയർക്കീസിന് നിയമിക്കാം.*

മാർപാപ്പയുടെ മുൻകൂട്ടിയുള്ള അനുമതിയോടെ തന്റെ ഒരു പ്രതിനിധിയെ റോമിൽ നിയമിക്കുവാൻ പാത്രിയർക്കീസിന് അവകാശമുണ്ട്. ഇപ്രകാരം നിയമിക്കപ്പെടുന്ന വ്യക്തി ആ സഭയുടെയും റോമിലെ വിവിധ കാര്യലയങ്ങളുടെയും ഇടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുന്നു.

**കാനോന 62:** *ഔദ്യോഗികസ്ഥാനം രാജിവെച്ച പാത്രിയർക്കീസ് തന്റെ സ്ഥാനികനാമവും ബഹുമതികളും, പ്രത്യേകിച്ചും ആരാധനാക്രമാനുഷ്ഠാനങ്ങളിലുള്ളത്, നിലനിർത്തുന്നു. തന്റെ തന്നെ സമ്മതത്തോടുകൂടി മാന്യമായ ഒരു വാസസ്ഥലം നിർണ്ണയിച്ചു കിട്ടുവാനും മുൻഗണനയെക്കുറിച്ച് കാനോന 60 §2-ലുള്ള മാനദണ്ഡങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെ തന്റെ പദവിക്ക് യോജിച്ചവിധത്തിലുള്ള ജീവനാംശം പാത്രിയാർക്കൽ സഭയുടെ വസ്തുവകകളിൽ നിന്നും ലഭിക്കുവാനും പാത്രിയർക്കീസിന് അവകാശമുണ്ട്.*





സഭയുടെ തലവനും പിതാവുമായ പാത്രിയർക്കീസ് ഒദ്യോഗികസ്ഥാനം രാജിവയ്ക്കണമെന്ന് നിയമത്തിൽ അനുശാസിച്ചിട്ടില്ല. എന്നാൽ എപ്പോൾ വേണമെങ്കിലും രാജിവയ്ക്കാനുള്ള അവകാശം അദ്ദേഹത്തിനുണ്ട്. സ്ഥാനത്യാഗം ചെയ്ത പാത്രിയർക്കീസിന് സ്ഥാനികനാമവും ആരാധനക്രമാനുഷ്ഠാനാവസരങ്ങളിൽ ഉള്ള പ്രത്യേക സ്ഥാനവും നഷ്ടപ്പെടുന്നില്ല. സ്ഥാനം രാജിവെച്ചാലും അദ്ദേഹത്തിന്റെ പദവിക്കനുസൃതമായ താമസസൗകര്യവും മറ്റു സംവിധാനങ്ങളും തരപ്പെടുത്തിക്കൊടുക്കുവാൻ അധികാരത്തിലിരിക്കുന്ന പാത്രിയർക്കീസിന് കടമയുണ്ട്.

## പാത്രിയർക്കീസുമാരുടെ തെരഞ്ഞെടുപ്പ്

**കാനോന 63:** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിൽവച്ചാണ് പാത്രിയർക്കീസ് നിയമാനുസൃതം തിരഞ്ഞെടുക്കപ്പെടുന്നത്.*

പാത്രിയർക്കീസിനെ തിരഞ്ഞെടുക്കാനുള്ള പൂർണ്ണമായ അധികാരം മെത്രാന്മാരുടെ സിനഡിനുമാത്രമാണ്. തിരഞ്ഞെടുപ്പിനുള്ള സിനഡ് കൂടിക്കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കാൻ സാധിച്ചില്ലെങ്കിൽ പുതിയ പാത്രിയർക്കീസിനെ എങ്ങനെ തിരഞ്ഞെടുക്കണമെന്ന് നിശ്ചയിക്കാനുള്ള അധികാരം മാർപാപ്പയ്ക്കായിരിക്കും (C. 722.)

**കാനോന 64:** *കാനോന 180-ൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എല്ലായ്പ്പോഴും കണക്കിലെടുത്തുകൊണ്ടുതന്നെ, ഒരാളെ പാത്രിയാർക്കൽ പദവിക്ക് അനുയോജ്യനായി പരിഗണിക്കുവാൻ ആവശ്യമായ കാര്യങ്ങൾ എതെല്ലാമെന്ന് പ്രത്യേകനിയമത്തിൽ പ്രതിപാദിക്കേണ്ടതാണ്.*

ഒരാളെ മെത്രാനായി തിരഞ്ഞെടുക്കാൻവേണ്ട യോഗ്യതകൾ കാനോന 180-ൽ പറഞ്ഞിട്ടുണ്ട്. ഈ യോഗ്യതകളെല്ലാം പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെടേണ്ട വ്യക്തിക്കും ഉണ്ടായിരിക്കണം. ഇവയ്ക്കെല്ലാം പുറമേ, ഓരോ സഭയുടെയും പ്രത്യേകനിയമം അനുശാസിക്കുന്ന യോഗ്യതകളും അദ്ദേഹത്തിന് ഉണ്ടായിരിക്കണം.

**കാനോന 65: §1.** *പാത്രിയാർക്കൽ സഭയിലെ മെത്രാന്മാരുടെ സിനഡ്, പാത്രിയർക്കീസിന്റെ വസതിയിലോ സ്ഥിരസിനഡിന്റെ സമ്മതത്തോടെ പാത്രിയാർക്കൽ സഭയിലെ ഇടക്കാലഭരണാധികാരി നിർദ്ദേശിക്കുന്ന മറ്റൊരു സ്ഥലത്തോ വിളിച്ചു കൂട്ടണം.*

**§2.** *രണ്ടുമാസത്തിൽ കവിയാത്ത സമയപരിധി പ്രത്യേക നിയത്തിൽ നിശ്ചയിക്കാമെന്നതു കണക്കിലെടുത്തുകൊണ്ടുതന്നെ, സിംഹാസനം ഒഴിവായി ഒരു മാസത്തിനുള്ളിൽ പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടണം.*

പാത്രിയാർക്കൽ സിംഹാസനം ഒഴിവായി ഒരു മാസത്തിനുള്ളിൽ മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടി പുതിയ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കണം. പ്രത്യേകനിയമം അനുശാസിക്കുന്നുണ്ടെങ്കിൽ, ഒരു മാസത്തിൽകൂടുതൽ സമയം എടുക്കാവുന്നതാണ്. പക്ഷേ രണ്ടു മാസത്തിൽ കൂടാൻ പാടില്ല. പാത്രിയാർക്കൽസഭയിലെ ഇടക്കാല ഭരണാധികാരി (administrator) യാണ് ഇപ്രകാരം സിനഡ് വിളിച്ചുകൂട്ടേണ്ടത്. പാത്രിയർക്കീസിന്റെ വസതിയിലോ സ്ഥിരസിനഡിന്റെ സമ്മതത്തോടെ മറ്റേതെങ്കിലും സൗകര്യപ്രദമായ സ്ഥലത്തോ മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടാവുന്നതാണ്.

**കാനോന 66: §1.** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിലെ എല്ലാ അംഗങ്ങൾക്കും അവർക്ക് മാത്രവുമാണ് പത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിൽ നിർണ്ണായകവോട്ടുള്ളത്.*

**§2.** *കാനോന 71 1–ലെ മാനദണ്ഡങ്ങളനുസരിച്ച് സിനഡിന്റെ സെക്രട്ടറി മറ്റു സഹായകരോ (tellers) ആയി പ്രവേശിപ്പിക്കപ്പെടുന്ന പുരോഹിത ശുശ്രൂഷികളൊഴികെ, പാത്രിയാർക്കൽസഭയുടെ സിനഡിലെ അംഗങ്ങളല്ലാത്തവർ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പുവേളയിൽ തിരഞ്ഞെടുപ്പുഹാളിൽ പ്രവേശിക്കുവാൻപാടില്ല.*

**§3.** *പാത്രിയാർക്കൽസഭയുടെ സിനഡിനുമുമ്പോ സിനഡ് നടക്കുന്ന സമയത്തോ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിൽ ഇടപെടുന്നതിന് ആർക്കും അനുവാദമില്ല.*

മെത്രാന്മാരുടെ സിനഡിലെ എല്ലാ അംഗങ്ങൾക്കും തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുവാൻ അവകാശമുണ്ട്. മെത്രാന്മാരുടെ സിനഡിലെ അംഗങ്ങളല്ലാത്ത മറ്റാർക്കും വോട്ടുചെയ്യുവാൻ അവകാശമില്ല. ഓരോ മെത്രാനും ഓരോ വോട്ട് മാത്രമേ ഉള്ളൂ. പകരക്കാരൻവഴിയുള്ള വോട്ടോ, പോസ്റ്റൽവോട്ടോ അനുവദനീയമല്ല.





തിരഞ്ഞെടുപ്പിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതിനായി, മെത്രാന്മാരുടെ സിനഡിൽ അംഗങ്ങളല്ലാത്ത ആരേയും തിരഞ്ഞെടുപ്പുനടപടികളിൽ സഹായിക്കാനായി സെക്രട്ടറിക്കും മറ്റു സഹായികൾക്കും തിരഞ്ഞെടുപ്പുഹാളിൽ പ്രവേശിക്കാം.

തിരഞ്ഞെടുപ്പിനു മുമ്പോ, നടക്കുന്ന സമയത്തോ പുറത്തുനിന്നുള്ള ആരുടെയും ഇടപെടലോ മറ്റേതെങ്കിലും വിധത്തിലുള്ള സ്വാധീനമോ അനുവദനീയമല്ല.

**കാനോന 67:** *പൊതുനിയമം മറ്റുവിധത്തിൽ നിശ്ചയിച്ചിട്ടില്ലെങ്കിൽ 947 മുതൽ 957 വരെയുള്ള കാനോനകൾ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിൽ പാലിക്കപ്പെടേണ്ടതാണ്. എതിരായുള്ള ഏതൊരു പതിവും നിറുത്തലാക്കിയിരിക്കുന്നു.*

947 മുതൽ 957വരെയുള്ള കാനോനകൾ തിരഞ്ഞടുപ്പുകളെക്കുറിച്ചുള്ള പൊതുവായ നടപടിക്രമങ്ങളാണ്. പൊതുനിയമം മറ്റു വിധത്തിൽ നിശ്ചയിക്കുന്നില്ലെങ്കിൽ ഈ കാനോനകളെല്ലാം പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിലും പാലിക്കണം. പൊതുനിയമത്തിൽനിന്ന് എന്തെങ്കിലും ഒഴിവാക്കുവാൻ പ്രത്യേക നിയമത്തിന് സാധിക്കുകയില്ല. അതുകൊണ്ടുതന്നെ പൊതുനിയമം പ്രത്യേകം നിശ്ചയിക്കുന്നില്ലെങ്കിൽ എതിരായിട്ടുള്ള എല്ലാ പതിവുകളും നിറുത്തലാക്കപ്പെടും.

**കാനോന 68: §1.** *നിയമാനുസൃതം വിളിക്കപ്പെട്ടിട്ടുള്ള എല്ലാ മെത്രാന്മാരും തിരഞ്ഞെടുപ്പിന് സന്നിഹിതരാകുവാൻ ഗൗരവമായ ഉത്തരവാദിത്വത്താൽ കടപ്പെട്ടിരിക്കുന്നു.*

**§2.** *ന്യായമായ തടസ്സത്താൽ താൻ തടയപ്പെട്ടിരുന്നതായി ഏതെങ്കിലുമൊരു മെത്രാൻ കരുതുന്നുവെങ്കിൽ, തന്റെ കാരണങ്ങൾ രേഖാമൂലം പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിന് സമർപ്പിക്കണം. തടസ്സത്തിന്റെ നിയമ സാധുത സിനഡിന്റെ ആദ്യസമ്മേളനത്തിന്റെ ആരംഭത്തിൽത്തന്നെ തീരുമാനിക്കേണ്ടത് നിർദ്ദിഷ്ഠ സ്ഥലത്ത് സന്നിഹിതരായിരിക്കുന്ന മെത്രാന്മാരാണ്.*

നിയമാനുസൃതം വിളിക്കപ്പെട്ട എല്ലാ മെത്രാന്മാരും തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലും മെത്രാന് തക്കതായ കാരണത്താൽ സിനഡിൽ സംബന്ധിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ആ കാര്യം സിനഡിന് മുമ്പ് എഴുതി അറിയിക്കണം. പങ്കെടുക്കുവാൻ സാധിക്കാത്തതിന്റെ കാരണം നിയമാനു

സ്യതമാണോ എന്ന് സിനഡിന്റെ ആദ്യത്തെ സമ്മേളനത്തിൽതന്നെ തീരുമാനിക്കുകയും ആ വ്യക്തിയെ സിനഡിന്റെ ക്വാറത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്യണം. പങ്കെടുക്കുവാൻ സാധിക്കാത്തതിനെക്കുറിച്ച് മെത്രാന്മാർ സമർപ്പിച്ച കാരണങ്ങൾ നിയമാനുസൃതമല്ലെങ്കിൽ അവരെ സിനഡിന്റെ ക്വോറത്തിൽനിന്ന് ഒഴിവാക്കാൻ പാടില്ല.

സ്ഥാനത്യാഗം ചെയ്ത മെത്രാന്മാരെ വിളിക്കണമെന്ന് നിയമത്തിൽ അനുശാസിച്ചിട്ടില്ലെങ്കിലും അവർ നിർബന്ധമായും പങ്കെടുക്കണമെന്ന് നിയമമില്ല.

**കാനോന 69:** *കാനോനികമായ വിളിച്ചുകൂട്ടൽ (convocation) ഒരിക്കൽ നടന്നുകഴിഞ്ഞാൽ, നിയമാനുസൃതമായ തടസ്സത്താൽ തടയപ്പെട്ടിരിക്കുന്നവരൊഴികെ പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിൽ പങ്കെടുക്കാൻ കടപ്പെട്ടിരിക്കുന്നവരിൽ മൂന്നിൽ രണ്ടുഭാഗം മെത്രാന്മാർ നിർദ്ദിഷ്ടസ്ഥലത്ത് സന്നിഹിതരാണെങ്കിൽ, സിനഡ് കാനോനികമാണെന്ന് പ്രഖ്യാപിക്കേണ്ടതും തിരഞ്ഞെടുപ്പ് നടപടി തുടങ്ങേണ്ടതുമാണ്.*

സിനഡ് വിളിച്ചുകൂട്ടുന്നതിനെക്കുറിച്ച് കാനൻനിയമത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ച് അധികാരപ്പെട്ടയാൾ വിളിച്ചുകൂട്ടുകയാണെങ്കിൽ ആ സിനഡ് കാനോനികമായി വിളിച്ചുകൂട്ടിയതായി കണക്കാക്കാം. എന്നാൽ സിനഡ് കാനോനികമായിത്തീരുന്നത് അതിൽപങ്കെടുക്കാൻ കടപ്പെട്ട അംഗങ്ങളിൽ മൂന്നിൽരണ്ടുഭാഗം ഹാജരാകുമ്പോഴാണ്. പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുകയെന്നത് സഭയെ സംബന്ധിച്ചു വളരെ പ്രധാനപ്പെട്ട ഒരു സംഭവമാകയാൽ സഭയുടെ മുഴുവൻ പ്രാതിനിധ്യം ആവശ്യമാണ്. എന്നിരുന്നാലും തക്കതായ കാരണത്താൽ ചില മെത്രാന്മാർക്ക് സിനഡിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നേക്കാം. അങ്ങനെ വന്നാലും തിരഞ്ഞെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. അതിനാൽ, പങ്കെടുക്കേണ്ട മെത്രന്മാരിൽ മൂന്നിൽരണ്ടുഭാഗം അംഗങ്ങളെങ്കിലും ഉണ്ടെങ്കിൽ തിരഞ്ഞെടുപ്പ് സാധുവായി നടത്താൻ സാധിക്കും. ക്വോറം തികയാതെ തിരഞ്ഞെടുപ്പ് നടത്തിയാൽ തിരഞ്ഞെടുപ്പ് അസാധുവായിരിക്കും.

**കാനോന 70:** *പ്രത്യേകനിയമം മറ്റുവിധത്തിൽ നിശ്ചയിക്കുന്നില്ലെങ്കിൽ, ആദ്യസമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്നവരാൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണ് പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുവാനുള്ള പാത്രിയർക്കൽ സഭയിലെ മെത്രന്മാരുടെ സിനഡിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടത് അതുവരെ അദ്ധ്യക്ഷസ്ഥാനം പാത്രിയാർക്കൽസഭയിലെ ഇടക്കാല ഭരണാധികാരിക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു.*





പാത്രിയർക്കിസിനെ തിരഞ്ഞെടുക്കുവാനുള്ള സിനഡിന്റെ അദ്ധ്യക്ഷനെ ആദ്യസമ്മേളനത്തിൽത്തന്നെ തിരഞ്ഞെടുക്കുന്നു. ഈ അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് സിനഡിൽ അദ്ധ്യക്ഷനായി വർത്തിക്കുന്നത് പാത്രിയാർക്കൽസഭയുടെ ഇടക്കാലഭരണാധികാരിയാണ്.

പാത്രിയർക്കീസിനെ തിരഞ്ഞെടുക്കാനുള്ള സിനഡിലെ അദ്ധ്യക്ഷന്റെ പ്രധാനപ്പെട്ട ദൗത്യങ്ങൾ തിരഞ്ഞെടുപ്പിനെക്കുറിച്ച് തിരഞ്ഞെടുക്കപ്പെട്ട ആളെ അറിയിക്കുക, തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കുക എന്നിവയാണ്.

**കാനോന 71 : §1.** *പ്രത്യേകനിയമത്തിന്റെ മാനദണ്ഡമനുസരിച്ച്, വൈദീകർക്കോ മ്ശംശാനാമാർക്കോപോലും സിനഡിന്റെ സെക്രട്ടറിയും മറ്റു സഹായികളുമാകാവുന്നതാണ്.*

**§2.** *വോട്ടെടുപ്പിനെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന കാര്യങ്ങളുടെ രഹസ്യസ്വഭാവം സംരക്ഷിക്കുവാൻ സിനഡിൽ സന്നിഹിതരാകുന്ന എല്ലാവർക്കും ഗൗരവമായ ഉത്തരവാദിത്വമുണ്ട്.*

തിരഞ്ഞെടുപ്പുനടപടികളിൽ സഹായിക്കുവാനായി ഒരു സെക്രട്ടറിയെയും രണ്ടു സഹായികളെയും നിശ്ചയിക്കണം. സാധാരണരീതിയിൽ മെത്രാന്മാർ തന്നെയായിരിക്കും ഈ സ്ഥാനങ്ങൾ വഹിക്കുക. എന്നാൽ പ്രത്യേകനിയമം അനുവദിക്കുന്നുണ്ടെങ്കിൽ വൈദികരെയോ മ്ശംശാനാമാരെയോ നിയമിക്കാവുന്നതാണ്.

വോട്ടുകൾ ശേഖരിച്ച് അദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ അവ എണ്ണിതിട്ടപ്പെടുത്തുകയെന്നത് തിരഞ്ഞെടുപ്പു സഹായിക (tellers) ളുടെ കർത്തവ്യമാണ്. തിരഞ്ഞെടുപ്പു നടപടിക്രമങ്ങൾ രേഖപ്പെടുത്തിവയ്ക്കുക എന്നത് സെക്രട്ടറിയുടെ കടമയാണ്. ഈ രേഖകളിൽ അദ്ധ്യക്ഷൻ, സെക്രട്ടറി, സഹായികൾ എന്നിവർ ഒപ്പുവെച്ച് രേഖാലയ (archive) ത്തിൽ സൂക്ഷിക്കണം.

**കാനോന 72: §1.** *നിശ്ചിത തവണ - കുറഞ്ഞത് മൂന്നെങ്കിലും വോട്ടെടുപ്പുകൾ നടത്തിയശേഷം കേവലഭൂരിപക്ഷം മതിയാകുമെന്നും കാനോന 183 3-4 ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് തിരഞ്ഞെടുപ്പ് മുന്നോട്ടുപോകേണ്ടതാണെന്നും പ്രത്യേക*

*നിയമം തീരുമാനിക്കുന്നില്ലെങ്കിൽ തിരഞ്ഞെടുപ്പിൽ മൂന്നിൽ രണ്ടു ഭാഗം വോട്ടുകൾ ലഭിക്കുന്നയാൾ തിരഞ്ഞെടുക്കപ്പെടുന്നു.*

**§2.** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് തുടങ്ങി 15 ദിവസത്തിനകം തിരഞ്ഞെടുപ്പ് വിജയകരമാകുന്നില്ലെങ്കിൽ തിരഞ്ഞെടുപ്പുകാര്യം മാർപാപ്പയ്ക്ക് ഏല്പിക്കപ്പെടുന്നു.*

പാത്രിയാർക്കീസായി തിരഞ്ഞെടുക്കപ്പെടുവാൻ മൂന്നിൽരണ്ടു വോട്ടുകളുടെ ഭൂരിപക്ഷം കിട്ടിയിരിക്കണം. പ്രത്യേകനിയമംവഴി ഇക്കാര്യത്തിൽ ഇളവുകൊടുക്കാവുന്നതാണ്. ഒരു നിശ്ചിത തവണ, മൂന്നു തവണയെങ്കിലും, വോട്ടെടുപ്പ് നടത്തിയിട്ടും മൂന്നിൽരണ്ട് ഭൂരിപക്ഷം കിട്ടുന്നില്ലായെങ്കിൽ കേവല ഭൂരിപക്ഷം മതിയെന്ന് പ്രത്യേകനിയമത്തിൽ നിശ്ചയിക്കാവുന്നതാണ്. മൂന്നുതവണ വോട്ടെടുപ്പ് നടത്തിയിട്ടും ആർക്കും ഭൂരിപക്ഷം കിട്ടുന്നില്ലായെങ്കിൽ കൂടുതൽ വോട്ടുകിട്ടിയ രണ്ടുപേർക്കുമാത്രം നാലാംതവണ വോട്ടു ചെയ്യുകയും അതിൽ കേവല ഭൂരിപക്ഷം കിട്ടുന്ന ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മെത്രാന്മാരുടെ സിനഡുകൂടി 15 ദിവസത്തിനുള്ളിൽ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ തിരഞ്ഞെടുപ്പിനുള്ള അവകാശം സിനഡിനു നഷ്ടപ്പെടുന്നു. അത്തരം സാഹചര്യത്തിൽ എന്തു ചെയ്യണമെന്നു തീരുമാനിക്കുന്നതിനുള്ള അധികാരം മാർപാപ്പയിൽ നിക്ഷിപ്തമാണ്.

**കാനോന 73:** *തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നിയമാനുസൃതം നിയുക്തമെത്രാനെങ്കിലുമാണെങ്കിൽ അദ്ധ്യക്ഷനോ, അദ്ധ്യക്ഷനാണ് തിരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ മെത്രാൻപട്ടം സ്വീകരിച്ചവരിൽ മുമ്പനോ, തിരഞ്ഞെടുക്കപ്പെട്ട ആളെ പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡു മുഴുവന്റേയും നാമത്തിൽ ഉടനെതന്നെ, ആ പാത്രിയാർക്കൽസഭയിൽ നിലവിലിരിക്കുന്ന ആചാരവിധികളും രീതികളും അനുസരിച്ച് തിരഞ്ഞെടുപ്പ് അറിയിച്ചിരിക്കണം. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടത് ഇതുവരെയും നിയമാനുസൃതം മെത്രാനായി പ്രഖ്യാപിക്കപ്പെടാത്ത വ്യക്തിയാണെങ്കിൽ തിരഞ്ഞെടുപ്പുഫലം ഏതെങ്കിലും വിധത്തിൽ അറിയാവുന്ന എല്ലാവരും തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയോടുപോലും പറയാതെ രഹസ്യം സൂക്ഷിക്കേണ്ടതും പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് തത്ക്കാലത്തേക്ക് നിർത്തിവച്ച്, മെത്രാഭിഷേക പ്രഖ്യാപനത്തിനുള്ള കാനോനികമായ എല്ലാ കാര്യങ്ങളും നിർവ്വഹിച്ചതിനു ശേഷം അറിയിപ്പു നടത്താവുന്നതുമാണ്.*





മെത്രാന്മാരുടെ സിനഡിൽവച്ച് പാത്രിയാർക്കീസായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നിയമാനുസൃതം മെത്രാഭിഷേകം സ്വീകരിച്ച ആളോ,നിയുക്തമെത്രാനോ ആണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട വിവരം ഉടൻതന്നെ മെത്രാനല്ലെങ്കിലും റോമിൽനിന്നും അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽപ്പെടുന്ന ആളാണെങ്കിൽ, ആ വ്യക്തിയെ ഉടനെതന്നെ വിവരമറിയിക്കുകയും കാനോന 184 §1 അനുസരിച്ച് തിരഞ്ഞെടുപ്പ് നടപടികൾ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യാം.

തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി റോമിൽനിന്നും അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽപ്പോലും ഉൾപ്പെടാത്ത ആളാണെങ്കിൽ തിരഞ്ഞെടുപ്പിനുശേഷം ഉടൻതന്നെ ശ്ലൈഹികസിംഹാസനത്തെ അറിയിക്കുകയും അംഗീകാരം വാങ്ങുകയും വേണം. ഇപ്രകാരം അംഗീകാരം കിട്ടുന്നതിനുമുമ്പ് തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയെപ്പോലും ഇക്കാര്യം അറിയിക്കരുത്. തിരഞ്ഞെടുപ്പിന്റെ രഹസ്യസ്വഭാവം പൂർണ്ണമായി കാത്തുസൂക്ഷിക്കുകയും വേണം.

ശ്ലൈഹിക സിംഹാസനത്തിൽനിന്ന് എന്തെങ്കിലും അറിയിപ്പു ലഭിക്കുന്നതുവരെ സിനഡ് താല്ക്കാലികമായി നിർത്തിവയ്ക്കുവാൻ ഈ കാനോനയിൽ ആവശ്യപ്പെടുന്നുണ്ടെങ്കിലും, ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ അഭിവൃദ്ധിപ്പെട്ടതുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ സാധിക്കും.

മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട വിവരം പ്രഖ്യാപനം ചെയ്യുന്നത് ഏതുവിധത്തിലായിരിക്കണമെന്നത് ഓരോ പാത്രിയാർക്കൽസഭയുടെയും പ്രത്യേകനിയമം അനുശാസിക്കുന്നതനുസരിച്ച് ചെയ്യാവുന്നതാണ്.

**കാനോന 74:** *തിരഞ്ഞെടുക്കപ്പെട്ട ആൾ അറിയിപ്പു ലഭിച്ചശേഷം ലഭ്യമായ രണ്ടുദിവസത്തിനുള്ളിൽ താൻ തിരഞ്ഞെടുപ്പ് സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കണം. അദ്ദേഹം സ്വീകരിക്കുന്നില്ലെങ്കിലോ രണ്ടു ദിവസത്തിനുള്ളിൽ പ്രത്യുത്തരം നല്കുന്നില്ലെങ്കിലോ തിരഞ്ഞെടുപ്പുമൂലം അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള എല്ലാ അവകാശങ്ങളും നഷ്ടപ്പെടുന്നു.*

ലഭ്യമായ സമയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സ്വന്തം അവകാശം പ്രയോഗിക്കുന്നതിനും നേടിയെടുക്കുന്നതിനും ഉപയുക്തമായ സമയമാണ് (cf.c. 1544 § 2). പാത്രിയർക്കീസ് ആയി

തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് സമ്മതം നൽകുവാൻ ലഭ്യമായ സമയം 2 ദിവസം ആണ്. അതു തുടങ്ങുന്നത് സമ്മതം ചോദിക്കുന്ന സമയം മുതലാണ്.

**കാനോന 75:** *തിരഞ്ഞെടുക്കപ്പെട്ട വ്യക്തി അത് സ്വീകരിക്കുകയും അദ്ദേഹം അഭിഷേകം സ്വീകരിച്ച മെത്രാനായിരിക്കുകയുമാണെങ്കിൽ, ആരാധനക്രമപുസ്തകങ്ങളിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പാത്രിയർക്കീസിന്റെ സ്ഥാനപ്രഖ്യാപനവും സ്ഥാനാരോഹണവും നടത്തുവാൻ പാത്രിയാർക്കൽ സഭയിലെ മെത്രാന്മാരുടെ സിനഡ് നടപടികൾ ആരംഭിക്കണം. തിരഞ്ഞെടുക്കപ്പെട്ടത് മെത്രാഭിഷേകം സ്വീകരിക്കാത്ത വ്യക്തിയാണെങ്കിൽ അദ്ദേഹം മെത്രാൻപട്ടം സ്വീകരിക്കുന്നതിനുമുമ്പ് സ്ഥാനാരോഹണം സാധുവായി നടത്താൻ സാധിക്കില്ല.*

പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പുവിവരം പ്രഖ്യാപിക്കുന്നതിനും സ്ഥാനാരോഹണം നടത്തുന്നതിനും റോമാമാർപാപ്പയുടെ മുൻകൂട്ടിയുള്ള അനുവാദമോ അംഗീകാരമോ ആവശ്യമില്ല. പ്രഖ്യാപനത്തിന്റെയും സ്ഥാനാരോഹണത്തിന്റെയും സമയം, സ്ഥലം, രീതി എന്നിവ ഓരോ പാത്രിയാർക്കൽസഭയുടെയും പ്രത്യേകനിയമത്തിൽ അനുശാസിക്കുന്നതുപോലെ നടത്തേണ്ടതാണ്. ഇക്കാര്യങ്ങൾ മാർപാപ്പയെ യഥാസമയം അറിയിക്കേണ്ടതാണ്.

**കാനോന 76: §1.** *തിരഞ്ഞെടുപ്പിന്റെയും സ്ഥാനാരോഹണത്തിന്റെയും കാനോനികമായ നടത്തിപ്പിനെക്കുറിച്ചും, പുതിയ പാത്രിയാർക്കീസ് സിനഡിന്റെ മുമ്പിൽ വിശ്വാസപ്രഖ്യാപനം നടത്തിയ വിവരവും, തന്റെ ഉത്തരവാദിത്വം വിശ്വസ്തതയോടെ നിർവ്വഹിക്കാമെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള നടപടിക്രമമനുസരിച്ച് അദ്ദേഹം വാഗ്ദാനം നടത്തിയ കാര്യവും, പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് ഒരു സിനഡൽ എഴുത്തുവഴി മാർപാപ്പയെ അറിയിക്കണം. തിരഞ്ഞെടുപ്പ് നടത്തി എന്നറിയിക്കുന്ന സിനഡൽ എഴുത്തുകൾ പൗരസ്ത്യസഭകളിലെ മറ്റു പാത്രിയാർക്കീസുമാർക്കും അയയ്ക്കണം.*

**§2.** *പുതിയ പാത്രിയർക്കീസ് കഴിവതുംവേഗം സ്വന്തം ഒപ്പോടുകൂടിയ എഴുത്തുവഴി മാർപാപ്പയിൽനിന്നും സഭാകൂട്ടായ്മയ്ക്കായുള്ള അഭ്യർത്ഥന സമർപ്പിക്കണം.*

സഭാതലവന്മാരെ തിരഞ്ഞെടുത്താൽ പരസ്പരം അറിയിക്കുകയെന്നുള്ളത് പൗരസ്ത്യസഭകളുടെ പൊതുവായ പാരമ്പര്യമാണ്.





ഈ പാരമ്പര്യം തുടരണമെന്ന് ഈ കാനോന അനുശാസിക്കുന്നു. ഇപ്രകാരം അറിയിച്ചില്ലെങ്കിലും കാനോനികമായ പ്രശ്നങ്ങളൊന്നും ഉണ്ടാകുന്നില്ല. എന്നാൽ സാർവ്വത്രികസഭയുടെ തലവനായ മാർപാപ്പയെ അറിയിക്കുവാൻ കാനോനികമായിത്തന്നെ കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം അറിയിച്ച്, മാർപാപ്പയിൽനിന്ന് സഭാകൂട്ടായ്മയുടെ എഴുത്ത് (letter of communion) കിട്ടിയെങ്കിൽ മാത്രമേ പാത്രിയർക്കീസിന് തന്റെ അധികാരം പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിക്കൂ.

**കാനോന 77 : §1.** *പൂർണ്ണനിയമപ്രാബല്യത്തോടുകൂടി ഔദ്യോഗികസ്ഥാനം ലഭിക്കുന്നതായ സ്ഥാനാരോഹണത്തിനുശേഷം മാത്രമേ കാനോനികമായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രിയർക്കീസ് തന്റെ ഔദ്യോഗികസ്ഥാനം സാധുവായി വിനിയോഗിക്കുവാൻ പാടുള്ളൂ.*

**§2.** *റോമാമാർപാപ്പയിൽനിന്നും സഭാകൂട്ടായ്മയുടെ രേഖ സ്വീകരിക്കുന്നതിനുമുമ്പ് പാത്രിയർക്കീസ് പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡു വിളിച്ചുകൂട്ടുവാനോ മെത്രാന്മാരെ അഭിഷേകം ചെയ്യുവാനോ പാടില്ല.*

സ്ഥാനാരോഹണത്തോടുകൂടിയേ ഒരു പാത്രിയർക്കീസിന് തന്റെ അവകാശങ്ങളും കടമകളും പൂർണ്ണമായ അർത്ഥത്തിൽ ലഭിക്കുന്നുള്ളൂ. സ്ഥാനാരോഹണത്തിനുമുമ്പ് പാത്രിയർക്കീസിനടുത്ത കാര്യങ്ങളൊന്നും ചെയ്യുവാൻ അദ്ദേഹത്തിന് അധികാരമില്ല.

മെത്രാഭിഷേകം നടത്തുന്നതും മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടുന്നതും മെത്രാന്മാരുടെ സംഘാത്മകതയുടെ ഭാഗമാണ്. മാർപാപ്പയുമായി കൂട്ടായ്മയുള്ള മെത്രാനുമാത്രമേ ഈ സംഘാതാത്മകതയിൽ ഭാഗഭാഗിത്വമുള്ളൂ. അതുകൊണ്ടുതന്നെയാണ്, മാർപാപ്പയിൽനിന്നു സഭാകൂട്ടായ്മ സ്വീകരിക്കുന്നതിനുമുമ്പ് ഈ അധികാരങ്ങൾ വിനിയോഗിക്കുവാൻ പാടില്ല എന്നു പറയുന്നത്.

## പാത്രിയാർക്കീസുമാരുടെ അവകാശങ്ങളും കടമകളും

**കാനോന 78 : §1.** *കാനോനകളിലെ നിബന്ധനകളും നിയമപരമായ ആചാരങ്ങളുമനുസരിച്ച്, താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയിലെ മെത്രാന്മാരുടെയും മറ്റു വിശ്വാസികളുടെയുംമേൽ പാത്രിയർക്കീസിനുള്ള അധികാരം ഉദ്യോഗസഹജവും സ്വകീയവും എന്നാൽ വ്യക്തിപരവുമാണ്. തന്മൂലം, പാത്രിയാർക്കൽസഭ മുഴുവന്റേയും വികാരിയായി ഒരാളെ നിയമി*

*ക്കുവാനോ, തന്റെ അധികാരം എല്ലാ കാര്യങ്ങളിലും മറ്റൊരാ ൾക്കു കൈമാറാനോ പാത്രിയർക്കീസിനു കഴിയുകയില്ല.*

**§2.** *കാര്യത്തിന്റെ സ്വഭാവത്താലോ മാർപാപ്പ അംഗീകരിച്ചിരിക്കുന്ന പൊതുനിയമത്താലോ പ്രത്യേകനിയമത്താലോ മറ്റുവിധത്തിൽ നിശ്ചയിച്ചിട്ടില്ലെങ്കിൽ, പാത്രിയർക്കീസ് തന്റെ സഭാതിർത്തി ക്കുള്ളിൽ മാത്രമേ സാധുവായി അധികാരം വിനിയോഗിക്കാൻ പാടുള്ളൂ.*

പാത്രിയാർക്കൽസഭയിൽപ്പെട്ട എല്ലാവരുടെയുംമേൽ പാത്രി യർക്കീസിന് നേരിട്ടുള്ള അധികാരമില്ല. എന്നാൽ മാർപാപ്പയ്ക്ക് എല്ലാ ക്രൈസ്തവവിശ്വാസികളുടെമേലും, മെത്രാന് തന്റെ രൂപത യിലുള്ളവരുടെമേലും നേരിട്ടുള്ള അധികാരമുണ്ട്. പാത്രിയർക്കീ സിന് തന്റെ അധികാരം സഭാതിർത്തിക്കുള്ളിൽ മാത്രമേ സാധു വായി വിനിയോഗിക്കുവാൻ സാധിക്കൂ. സഭാതിർത്തിക്കു പുറമേ യുള്ള വിശ്വാസികളുടെമേൽ പാത്രിയർക്കീസിനടുത്ത അധികാര ങ്ങൾ, മാർപാപ്പയാണ് വിനിയോഗിക്കുന്നത്. ഉദാഹരണമായി, സീറോ മലബാർ സഭയുടെ അതിർത്തി എന്നതുകൊണ്ട് ഇപ്പോൾ ഉദ്ദേശിക്കുന്നത് തലശ്ശേരി, തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ 4 പ്രവിശ്യകളുടെ അതിർത്തികളാണ്. മേജർ ആർച്ചുബിഷ പ്പിന് ഈ അതിർത്തിക്കുള്ളിൽ മാത്രമേ പൂർണ്ണമായ അധികാരം വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. പാത്രിയർക്കീസുമാരുടെ അധികാരം പരമ്പരാഗതമായ അതിർത്തികൾക്കു പുറത്തേക്കു വ്യാപിപ്പിക്കുക എന്നത് നൂറ്റാണ്ടുകളായി സഭയിലെ ചർച്ചാവിഷ യമാണ്.

**കാനോന 79 :** *പാത്രിയാർക്കൽസഭയെ അതിന്റെ നൈയാമിക മായ എല്ലാ കാര്യങ്ങളിലും പാത്രിയർക്കീസ് പ്രതിനിധാനം ചെയ്യുന്നു.*

പാത്രിയാർക്കൽ സഭയുടെ തലവൻ എന്നനിലയിൽ രാഷ്ട്രാ ധികാരികളുടെ മുമ്പിലും മറ്റു സഭാധികാരികളുടെ മുമ്പിലും പാത്രി യാർക്കൽസഭയെ പ്രതിനിധാനം ചെയ്യുന്നത് പാത്രിയാർക്കീസാ ണ്. വ്യക്തിനിയമങ്ങൾ (personal statutes) നിലവിലുള്ള രാജ്യ ങ്ങളിൽ പാത്രിയാർക്കീസിനു ചിലകാര്യങ്ങളിൽ സിവിൽ അധി കാരംകൂടി ഉണ്ട്.

**കാനോന 80 :** *താഴെപ്പറയുന്നവ പാത്രിയർക്കീസിന്റെ അവകാ ശവും കടമയുമാണ്.*





**1°.** *പ്രവിശ്യകൾ സ്ഥാപിക്കപ്പെടാത്ത എല്ലാ സ്ഥലങ്ങളിലും മെത്രാപ്പോലീത്തായ്ക്കടുത്ത അവകാശങ്ങൾ വിനിയോഗിക്കു കയും കടമകൾ നിറവേറ്റുകയും ചെയ്യുക:*

**2°.** *മെത്രാപ്പോലീത്താമാരുടെ കർത്തവ്യവിലോപം (negligence) നിയമമാനദണ്ഡപ്രകാരം പരിഹരിക്കുക;*

**3°.** *ഒരു മെത്രാപ്പോലീത്തായുടെ സിംഹാസനം ഒഴിവാകുന്ന അവ സരത്തിൽ ആ പ്രവിശ്യ മുഴുവനിലും മെത്രാപ്പോലീത്തായുടെ അവകാശങ്ങൾ വിനിയോഗിക്കുകയും കടമകൾ നിറവേറ്റു കയും ചെയ്യുക;*

**4°.** *കാനോന 26 §1 അനുസരിച്ച് ഒരു ധനകാര്യസ്ഥനെ നിയമി ക്കാത്ത മെത്രാപ്പോലീത്തായ്ക്ക് താക്കീതുനൽകുക; താക്കീത് വൃഥാവിലായാൽ അദ്ദേഹംതന്നെ ഒരു ധനകാര്യസ്ഥനെ നിയ മിക്കണം.*

പാത്രിയാർക്കൽസഭാസംവിധാനത്തിൽ മെത്രാപ്പോലീത്താമാ ർക്ക് പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. മെത്രാപ്പോലീത്താമാർ തങ്ങ ളുടെ കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നുണ്ടെന്ന് പാത്രി യാർക്കീസ് ഉറപ്പുവരുത്തണം. മെത്രാപ്പോലീത്തൻ സിംഹാസന ങ്ങൾ ഒഴിവാകുന്ന അവസരങ്ങളിലും, മെത്രാപ്പോലീത്താമാർ തങ്ങ ളുടെ കർത്തവ്യനിർവ്വഹ ണത്തിൽ വീഴ്ച വരുത്തുമ്പോഴും, പാത്രി യാർക്കീസ് മെത്രാപ്പോലീത്തായുടെ ദൗത്യം ഏറ്റെടുക്കുന്നു.

**കാനോന 81 :** *ഏതെങ്കിലും ഒരു കാര്യത്തിൽ ശ്ലൈഹികസിംഹാ സനം നേരിട്ട് അറിയിക്കുന്നില്ലാത്തപക്ഷം, രൂപതാമെത്രാന്മാ രെയും മറ്റുള്ളവരെയും സംബന്ധിച്ച് പാത്രിയാർക്കൽസഭയ്ക്കു വേണ്ടിയുള്ള മാർപാപ്പയുടെ നടപടികൾ പാത്രിയാർക്കീസ് വഴിയാണ് അവരെ അറിയിക്കേണ്ടത്.*

പൗരസ്ത്യസഭകളിലെ മെത്രാന്മാർക്കും ജനങ്ങൾക്കുമായി റോമിൽനിന്നുള്ള ഔദ്യോഗികമായ നിർദ്ദേശങ്ങളും സന്ദേശങ്ങളും സാധാരണയായി പാത്രിയാർക്കീസ്വഴിയാണ് നല്കുന്നത്. ഇക്കാ ര്യങ്ങൾ യഥാസമയം ബന്ധപ്പെട്ടവരെ അറിയിക്കുവാൻ പാത്രി യാർക്കീസ് കടപ്പെട്ടവനാണ്. എന്നാൽ നേരിട്ടുതന്നെ പാത്രി യാർക്കൽസഭയിലെ ഏതൊരു വ്യക്തിയുമായും ബന്ധപ്പെടുവാൻ പ. സിംഹാസനത്തിന് അധികാരമുണ്ട്.

**കാനോന 82 : §1.** *സ്വന്തം അധികാരത്താൽ പാത്രിയർക്കീസിനു കഴിയുന്ന കാര്യങ്ങൾ*

**1°.** *തന്റെ അധികാരപരിധിക്കുള്ളിൽ നിയമം പാലിക്കുന്നതിനു പ്രേരിപ്പിച്ചു (urge) കൊണ്ടോ നിയമം പ്രായോഗികമാക്കുന്നതിൽ പാലിക്കേണ്ട മാർഗങ്ങൾ കൂടുതൽ കൃത്യമായി നിശ്ചയിച്ചുകൊണ്ടോ ഉള്ള കല്പനകൾ (decrees) പുറപ്പെടുവിക്കുക;*

**2°.** *ശരിയായ വിശ്വാസസത്യങ്ങൾ വിശദീകരിക്കുന്നതിനും ഭക്തി പരിപോഷിപ്പിക്കുന്നതിനും ദുരുപയോഗങ്ങൾ (abuses) തിരുത്തുന്നതിനും ക്രിസ്തീയവിശ്വാസികളുടെ ആദ്ധ്യാത്മിക സുസ്ഥിതി (welfare) പരിപോഷിപ്പിക്കുന്ന അനുഷ്ഠാനങ്ങൾ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി, താൻ അദ്ധ്യക്ഷതവഹിക്കുന്ന സഭ മുഴുവനിലെയും ക്രിസ്തീയ വിശ്വാസികൾക്ക് നിർദ്ദേശങ്ങൾ നൽകുക;*

**3°.** *സ്വന്തം സഭയെയും റീത്തിനേയും സംബന്ധിക്കുന്ന വിഷയങ്ങളെക്കുറിച്ച് താൻ അദ്ധ്യക്ഷനായിരിക്കുന്ന സഭ മുഴുവനുംവേണ്ടി ചാക്രികലേഖനങ്ങൾ പുറപ്പെടുവിക്കുക.*

**§2.** *തങ്ങളുടെ പള്ളികളിലും ഭവനങ്ങളിലും, തന്റെ കല്പനകളും നിർദ്ദേശങ്ങളും ചാക്രികലേഖനങ്ങളും പരസ്യമായി വായിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭ മുഴുവനിലെയും മെത്രാന്മാരോടും മറ്റു പുരോഹിതശുശ്രൂഷികളോടും (clerics) അർപ്പിതസമൂഹങ്ങളിലെ അംഗങ്ങളോടും പാത്രിയർക്കീസിന് ആജ്ഞാപിക്കാവുന്നതാണ്.*

**§3.** *താൻ അദ്ധ്യക്ഷനായിരിക്കുന്ന സഭ മുഴുവനേയും ബാധിക്കുന്ന കാര്യങ്ങളിലും മറ്റു ഗൗരവാവഹമായ വിഷയങ്ങളിലും സ്ഥിരസിനഡിനെയും പാത്രിയാർക്കൻസഭയിലെ മെത്രാന്മാരുടെ സിനഡിനെയും പാത്രിയാർക്കൽസഭായോഗത്തെപ്പോലും ശ്രവിക്കുന്നതിൽ പാത്രിയർക്കീസ് ഉപേക്ഷ വരുത്തരുത്.*

ഒരു കല്പന (decree) അതിനാൽത്തന്നെ നിയമമല്ല. മറിച്ച് നിലവിലുള്ള നിയമത്തിന്റെ കുറവു പരിഹരിച്ചുകൊണ്ടോ നിയമം വിശദീകരിച്ചുകൊണ്ടോ, നിയമപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടോ ഉള്ളതാണിത്.

നിർദ്ദേശങ്ങൾ കൊടുക്കുക എന്നത് ഭരണപരമായ കാര്യമാണ്. അതിനാൽ പാത്രിയാർക്കൽസഭാതിർത്തിക്കുള്ളിൽ മാത്രമേ പാത്രിയർക്കീസിന് ഇതിനുള്ള അധികാരമുള്ളൂ. എന്നാൽ ചാക്രികലേഖനങ്ങൾ തന്റെ സഭയിൽപ്പെട്ട എല്ലാവർക്കുമായി എഴുതുവാൻ പാത്രിയാർക്കീസിന് അവകാശമുണ്ട്.





**കാനോന 83 : §1.** *കാനോനികമായി സ്വന്തം രൂപത സന്ദർശിക്കുന്നതിനു രൂപതാമെത്രാനുള്ള അവകാശത്തിനും കടമയ്ക്കും അർഹമായ പരിഗണന നൽകിക്കൊണ്ടുതന്നെ, പ്രത്യേകനിയമം നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ പ്രസ്തുത രൂപതയിൽ അജപാലകസന്ദർശനം നടത്തുവാനുള്ള അവകാശവും കടമയും പാത്രിയർക്കീസിനുണ്ട്.*

**§2.** *ഗൗരവമുള്ള കാരണത്താലും സ്ഥിരസിനഡിന്റെ സമ്മതത്തോടെയും, ഒരു പള്ളിയോ പട്ടണമോ രൂപതയോ പാതിയർക്കീസിന് വ്യക്തിപരമായോ മറ്റൊരു മെത്രാൻവഴിയോ സന്ദർശിക്കാവുന്നതാണ്. രൂപതാമെത്രാൻ കാനോനിക സന്ദർശനാവസരത്തിൽ ചെയ്യാറുള്ള എല്ലാ കാര്യങ്ങളും ഈ സന്ദർശനസമയത്ത് അദ്ദേഹത്തിനു ചെയ്യാം.*

സ്വന്തം രൂപതയിൽ കാനോനിക സന്ദർശനം നടത്തുന്നതിന് എല്ലാ മെത്രാന്മാർക്കും കടമയും അവകാശവുമുണ്ട്. ഇതിന് ഭംഗം വരുത്താതെ തന്നെ, സ്വന്തം സഭയിൽപ്പെട്ട രൂപതകളിൽ അജപാലകസന്ദർശനം നടത്തുന്നതിന് പാത്രിയർക്കീസിന് അവകാശവും കടമയുമുണ്ട്. ഇപ്രകാരം അജപാലകസന്ദർശനം നടത്തുമ്പോൾ, വൈദികരെയും സന്ന്യസ്തരെയും അല്മായരെയും, പ്രത്യേകിച്ച് ഇടവകപ്രതിനിധിയോഗ (Parish Council) ത്തിലെയും ഭക്തസംഘടനകളിലെയും അംഗങ്ങളെ, കാണുന്നതിനും ചർച്ച നടത്തുന്നതിനും അവസരം ഉണ്ടാക്കേണ്ടതാണ്. പാത്രിയർക്കീസിന്റെ ഈ അജപാലകസന്ദർശനം മെത്രാന്റെ ഔദ്യോഗിക (കാനോനിക) സന്ദർശനത്തിനു പകരമുള്ളതല്ല.

**കാനോന 84 : §1.** *അതേസ്ഥലത്ത് അധികാരം വിനിയോഗിക്കുന്ന മറ്റു സ്വയാധികാരസഭകളിലെ പാത്രിയർക്കീസുമാരും മെത്രാന്മാരുമായി, നേരിട്ടോ താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയിലെ മെത്രാന്മാർവഴിയോ പര്യാലോചിച്ച് - പ്രത്യേകിച്ച് നിയമം അനുശാസിക്കുന്ന സമിതികളിൽ - തമ്മിൽത്തമ്മിലും, ഓരോ സ്വയാധികാരസഭയിലെയും മറ്റു വിശ്വാസികളുടെയിടയിലും പ്രവർത്തനൈക്യം വളർത്തിയെടുക്കാൻ പാത്രിയർക്കീസ് അങ്ങേയറ്റം ശ്രദ്ധിക്കണം. അപ്രകാരം കൂട്ടായ പരിശ്രമത്തിലൂടെ, മതത്തിന്റെ നന്മ കൂടുതലായി വളർത്തുന്നതിനും സഭയുടെ അച്ചടക്കം കൂടുതൽ കാര്യക്ഷമമായി പരിര*

*ക്ഷിക്കുന്നതിനും എല്ലാ ക്രിസ്ത്യാനികളുടെയും ഐക്യം ഒത്തൊരുമിച്ച് പരിപോഷിപ്പിക്കുന്നതിനും വേണ്ടിയുള്ള പൊതുപ്രവർത്തനങ്ങളിൽ സഹായിക്കുവാൻ അവർക്കു കഴിയും.*

**§2.** *താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭ മുഴുവനെയുമോ ഒരു പ്രത്യേക പ്രവിശ്യയെയോ പ്രദേശത്തെയോ സംബന്ധിക്കുന്ന കാര്യങ്ങളും അജപാലനപരമായ മറ്റു കാര്യങ്ങളും മേലദ്ധ്യക്ഷന്മാരുമായും മറ്റു ക്രിസ്തീയവിശ്വാസികളുമായും ആലോചിക്കുവാൻ പാത്രിയർക്കീസ് തന്റെ വിവേകപൂർവ്വകമായ തീരുമാനമനുസരിച്ച് കൂടെകൂടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടണം.*

ഒരേ സ്ഥലത്തുതന്നെ പല സ്വയാധികാരസഭകളിൽപ്പെട്ട വിശ്വാസികളും മെത്രാന്മാരും സഭാഭരണ സംവിധാനങ്ങളും ഉണ്ടാകാം. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വിവിധ സഭകളിലെ മെത്രാന്മാരും വിശ്വാസികളും കൂട്ടായപ്രവർത്തനം നടത്തേണ്ടത് സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

പാത്രിയർക്കീസ് മുൻകൈയെടുത്ത് തന്റെ സ്വയാധികാരസഭയിലെ മെത്രാന്മാരുടെയും വിശ്വാസികളുടെയും സമ്മേളനങ്ങൾ കാലാകാലങ്ങളിൽ വിളിച്ചുകൂട്ടണം. ആശയവിനിമയം നടത്തുന്നതിനും ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതിനും കൂട്ടായ മറ്റു പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇത്തരം സമ്മേളനങ്ങൾ സഹായിക്കും.

**കാനോന 85 : §1.** *ഗൗരവമായ കാരണത്താൽ പാത്രിയാർക്കൽ സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ, ശ്ലൈഹികസിംഹാസനവുമായി ആലോചിച്ചശേഷം, പ്രവിശ്യകളും രൂപതകളും സ്ഥാപിക്കുവാനും അവയുടെ അതിർത്തികൾക്കു മാറ്റം വരുത്തുവാനും അവയെ ഏകീകരിക്കുവാനും വിഭജിക്കുവാനും നിർത്തലാക്കുവാനും അധികാരശ്രേണിയിൽ അവയ്ക്കുള്ള പദവിക്കു മാറ്റം വരുത്തുവാനും രൂപതാസിംഹാസനം മാറ്റി സ്ഥാപിക്കുവാനും പാത്രിയർക്കീസിനു കഴിയും.*

**§2.** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ പാത്രിയർക്കീസിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ:*

**1°.** *181 §1, 182-197, 212 എന്നീ കാനോനകൾ പാലിച്ചുകൊണ്ട് രൂപതാമെത്രാന് പിന്തുടർച്ചാവകാശിയായ മെത്രാനെ (Coadjutor bishop)യോ സഹായമെത്രാനെ (Auxiliary bishop)യോ നൽകുക;*





**2°.** *ഗൗരവമുള്ള കാരണത്താൽ ഒരു മെത്രാപ്പോലീത്തായെയോ രൂപതാമെത്രാനെയോ സ്ഥാനികമെത്രാനെയോ മറ്റൊരു മെത്രാപ്പോലീത്തൻ, രൂപതാ, സ്ഥാനികസിംഹാസനത്തിലേക്ക് സ്ഥലംമാറ്റുക. അദ്ദേഹം വിസമ്മതിക്കുകയാണെങ്കിൽ പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് പ്രശ്നം പരിഹരിക്കുകയോ ഇക്കാര്യം മാർപാപ്പയ്ക്ക് വിട്ടുകൊടുക്കുകയോ ചെയ്യണം.*

**§3.** *സ്ഥിരസിനഡിന്റെ സമ്മതത്തോടെ എക്സാർക്കികൾ സ്ഥാപിക്കുവാനും മാറ്റം വരുത്തുവാനും നിർത്തലാക്കുവാനും പാത്രിയർക്കീസിനു കഴിയും.*

**§4.** *പാത്രിയർക്കീസ് കഴിവതും വേഗത്തിൽ ഈ തീരുമാനങ്ങൾ ശ്ലൈഹികസിംഹാസനത്തെ അറിയിക്കണം.*

ആവശ്യമെന്നു തോന്നുന്നപക്ഷം പിന്തുടർച്ചാവകാശിയായ മെത്രാനെയോ സഹായമെത്രാനെയോ ലഭിക്കുവാൻ രൂപതാമെത്രാന് പാത്രിയർക്കീസിനോട് ആവശ്യപ്പെടാം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ പാത്രിയർക്കീസിന് മെത്രാന്മാരെ നിയോഗിക്കാം. പക്ഷേ സിനഡുകൂടി നിയമാനുസൃതം തിരഞ്ഞെടുക്കപ്പെടുന്നവരെ മാത്രമേ ഇപ്രകാരം നിയോഗിക്കാവൂ.

മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും സ്ഥലം മാറ്റുന്നതിന് പാത്രിയർക്കീസിന് അധികാരമുണ്ട്. ഗൗരവാവഹമായ എന്തെങ്കിലും കാരണമുള്ളപ്പോൾ, മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ മാത്രമേ ഇപ്രകാരം സ്ഥലംമാറ്റം നടത്താവൂ. സ്ഥലം മാറ്റപ്പെടുന്ന മെത്രാൻ അതിനു വിസമ്മതിച്ചാൽ മെത്രാന്മാരുടെ സിനഡു കൂടി പ്രശ്നം പരിഹരിക്കുകയോ, അതും സാധിക്കുന്നില്ലെങ്കിൽ പ്രശ്നം മാർപാപ്പയുടെ തീരുമാനത്തിനു വിടുകയോ ചെയ്യണം.

**കാനോന 86 : §1.** *താഴെപ്പറയുന്ന കാര്യങ്ങളിൽ പാത്രിയർക്കീസിനു അധികാരമുണ്ട്.*

**1°.** *ഒരു സ്ഥാനം കാനോനികമായി നല്കുന്ന പാത്രിയാർക്കൽരേഖ മെത്രാപ്പോലീത്തായ്ക്കോ മെത്രാനോ നൽകുക;*

**2°.** *മെത്രാപ്പോലീത്താമാരെ വ്യക്തിപരമായോ, തടസ്സപ്പെട്ടാൽ മറ്റു മെത്രാന്മാർവഴിയോ അഭിഷേചിക്കുകയും, പ്രത്യേകനിയമം അപ്രകാരം നിശ്ചയിക്കുന്നെങ്കിൽ, എല്ലാ മെത്രാന്മാരെയും അഭിഷേചിക്കുകയും ചെയ്യുക;*

**3°.** *മെത്രാൻപട്ടത്തിനുശേഷം, മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം നടത്തുക.*

**§2.** *ഒരു പ്രത്യേക അവസരത്തിൽ മറിച്ചു വ്യക്തമായി നിർദ്ദേശിക്കുന്നില്ലെങ്കിൽ, താൻ അദ്ധ്യക്ഷ്യം വഹിക്കുന്ന സഭയിൽ സഭാതിർത്തിക്കു പുറത്ത് മാർപാപ്പ നിയോഗിക്കുന്ന മെത്രാപ്പോലീത്തായെയും മറ്റു മെത്രാന്മാരെയും അഭിഷേചിക്കുവാനും സ്ഥാനാരോഹണം നടത്തുവാനും നിയമത്താൽത്തന്നെ പാത്രിയർക്കീസിനു അധികാരം നൽകിയിരിക്കുന്നു.*

**§3.** *നിയമത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കാലത്തിനുള്ളിൽത്തന്നെ മെത്രാൻപട്ടവും സ്ഥാനാരോഹണവും നടന്നിരിക്കണം. തിരഞ്ഞെടുപ്പു പ്രസിദ്ധപ്പെടുത്തി പത്തു ദിവസത്തിനുള്ളിൽത്തന്നെ കാനോനികസ്ഥാനം നല്കുന്നതിനെ (canonical provision)പ്പറ്റിയുള്ള പാത്രിയർക്കൽരേഖ നൽകിയിരിക്കണം. മെത്രാഭിഷേകത്തെയും സ്ഥാനാരോഹണത്തെയുംപറ്റി കഴിവതുംവേഗത്തിൽ ശ്ലൈഹികസിംഹാസനത്തെ അറിയിച്ചിരിക്കണം.*

അധികാരമുള്ള വ്യക്തി നിയമാനുസൃതം മറ്റൊരാൾക്ക് ഔദ്യോഗികസ്ഥാനം നൽകുന്നതിനെയാണ് കാനോനികസ്ഥാനം നല്കൽ (canonical provision) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇപ്രകാരം കാനോനികസ്ഥാനം നൽകപ്പെടാതെ ആർക്കും ഔദ്യോഗികസ്ഥാനം സാധുവായി വഹിക്കുവാൻ സാധിക്കുകയില്ല. മെത്രാന്മാരുടെ സിനഡ് തിരഞ്ഞെടുത്ത ഒരു വ്യക്തിക്കു മാത്രമേ ഇപ്രകാരം കാനോനികസ്ഥാനം നൽകുവാൻ പാത്രിയർക്കീസിനു സാധിക്കൂ. സഭാതിർത്തിക്കു പുറമേയാണെങ്കിൽ മാർപാപ്പയ്ക്കുമാത്രമേ ഈ അധികാരമുള്ളൂ.

തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചതിനുശേഷം പത്തുദിവസത്തിനുള്ളിൽത്തന്നെ കാനോനികസ്ഥാനം നൽകിക്കൊണ്ടുള്ള എഴുത്ത് പാത്രിയർക്കീസ് നൽകിയിരിക്കണം. ഇതിനുശേഷമാണ് മെത്രാഭിഷേകവും സ്ഥാനാരോഹണവും നടത്തുന്നത്.

**കാനോന 87 :** *അവരുടെ ജീവസന്ധാരണത്തിനുവേണ്ട സംവിധാനമുണ്ടെങ്കിൽ, 181 §1, 182-87 എന്നീ കാനോനകളുടെ മാനദണ്ഡങ്ങളനുസരിച്ച്, മൂന്നുപേരിൽ കവിയാതെ മെത്രാന്മാരെ പാത്രിയാർക്കൽ കാര്യാലയത്തിലേയ്ക്ക് പാത്രിയാർക്കൽ സഭയിലെ മെത്രാന്മാരുടെ സിനഡ് തിരഞ്ഞെടുക്കുന്നതിനു വേണ്ട കാര്യങ്ങൾ പാത്രിയർക്കീസിനു ചെയ്യാവുന്നതാണ്. അവർക്ക് പാത്രിയാർക്കൽ കാര്യാലയത്തിൽ ഉദ്യോഗത്തോടൊപ്പം താമസസൗകര്യവും നല്കാം; മെത്രാൻസ്ഥാനപ്രഖ്യാപനത്തിനാവശ്യമായ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയ ശേഷം അദ്ദേഹത്തിന് അവരെ അഭിഷേകം ചെയ്യാം.*

പാത്രിയാർക്കൽസഭയുടെ ഭരണനിർവ്വഹണത്തിൽ, പാത്രിയാർക്കൽ കാര്യാലയത്തിലെ മെത്രാന്മാർക്ക് വിവിധ ദൗത്യങ്ങൾ നിർവ്വഹിക്കുവാനുണ്ട്. അത്യാവശ്യസന്ദർഭങ്ങളിൽ ഈ മെത്രാന്മാരുടെ ഉപദേശം പാത്രിയർക്കീസിനു ലഭിക്കേണ്ടതുണ്ട്. പാത്രിയാർക്കൽ സിംഹാസനം ഒഴിവാകുമ്പോൾ ഇടക്കാലഭരണാധികാരിയായി വരേണ്ടത് കാര്യാലയത്തിലെ മൂന്നു മെത്രാന്മാരിൽ ആദ്യം മെത്രാൻപട്ടം സ്വീകരിച്ച വ്യക്തിയാണ്. കൂടാതെ, വിവിധ രൂപതകളെ ബാധിക്കുന്ന അടിയന്തിരമായ പ്രശ്നങ്ങളിൽ, സ്ഥിരസിനഡുമായി ആലോചിക്കാൻ സമയം കിട്ടാതെവരുമ്പോൾ പാത്രിയാർക്കൽ കാര്യാലയത്തിലെ മെത്രാന്മാരോടാണ് ആലോചിക്കേണ്ടത്. ഇത്തരത്തിലുള്ള കൂരിയാമെത്രാന്മാർ എല്ലാ സഭകളിലും ഉണ്ടാകണമെന്നില്ല. സീറോ മലബാർസഭയിൽ ഇപ്പോൾ കൂരിയാ മെത്രാന്മാർ ആരുമില്ല.

**കാനോന 88 : §1.** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാർ പാത്രിയർക്കീസിനോട് ബഹുമാനവും വിധേയത്വവും (obsequium) കാണിക്കുകയും അർഹമായ അനുസരണം നൽകുകയും വേണം; പാത്രിയർക്കീസ് ഈ മെത്രാന്മാരോട് അർഹമായ ബഹുമാനം കാണിക്കുകയും സഹോദരതുല്യമായ സ്നേഹത്തോടെ പെരുമാറുകയും വേണം.*

**§2.** *മെത്രാന്മാരുടെ ഇടയിൽ ഒരുപക്ഷേ ഉണ്ടായേക്കാവുന്ന അഭിപ്രായഭിന്നതകൾ പരിഹരിക്കുവാൻ പാത്രിയർക്കീസ് ശ്രദ്ധിക്കണം; എന്നാൽ എപ്പോൾ വേണമെങ്കിലും ഇക്കാര്യം മാർപാപ്പയുടെ തീരുമാനത്തിനു വിടാനുള്ള അവകാശം അഭംഗുരം നിലനില്ക്കുന്നു.*

പാത്രിയാർക്കൽസഭയിലെ പാത്രിയർക്കീസും മെത്രാന്മാരും തമ്മിലുള്ള പരസ്പര ബഹുമാനവും സ്നേഹവും പരിപോഷിപ്പിക്കേണ്ടത് കൂട്ടായ പ്രവർത്തനത്തിനും സഭയുടെ വളർച്ചയ്ക്കും



കാനൻ നിയമം

അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും മെത്രാന്മാരുടെ ഇടയിൽ അഭിപ്രായഭിന്നതകൾ ഉണ്ടാകാനുള്ള സാദ്ധ്യത ഇല്ലാതില്ല. ഇത്തരം അവസരങ്ങളിൽ മെത്രാന്മാരുടെ ഇടയിൽ മധ്യവർത്തിയായി നില കൊള്ളുവാനും പ്രശ്നങ്ങൾ പരിഹരിക്കാനും പാത്രിയർക്കീസിനു കഴിയണം. മധ്യസ്ഥതീരുമാനത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കു വാൻ സാധിക്കുന്നില്ലെങ്കിൽ പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡാണ് പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. അവിടെയും പരിഹരിക്കപ്പെട്ടില്ലെങ്കിൽ പ്രശ്നങ്ങൾ ഒരു തീരുമാനത്തിനായി മാർപാപ്പയ്ക്കു സമർപ്പിക്കണം.

**കാനോന 89 : §1.** *നിയമമാനദണ്ഡപ്രകാരം പുരോഹിതശുശ്രൂഷി (clerics) കളെല്ലാവരുടെയുംമേൽ മേൽനോട്ടം നടത്തുവാനുള്ള അവകാശവും കടമയും പാത്രിയർക്കീസിനുണ്ട്. അവരിലൊരാൾ ശിക്ഷാർഹനാണെന്നു തോന്നിയാൽ ഏതു മേലദ്ധ്യക്ഷനാണോ അയാൾ നേരിട്ട് കീഴ്പ്പെട്ടിരിക്കുന്നത് അദ്ദേഹത്തിന് മുന്നറിയിപ്പു കൊടുക്കണം. മുന്നറിയിപ്പ് നിഷ്ഫലമാകുകയാണെങ്കിൽ നിയമമാനദണ്ഡപ്രകാരം ആ വൈദിക ശുശ്രൂഷിക്കെതിരെ പാത്രിയർക്കീസിനുതന്നെ നടപടിയെടുക്കാവുന്നതാണ്.*

**§2.** *പാത്രിയാർക്കൽസഭയെ മുഴുവൻ ബാധിക്കുന്ന കാര്യങ്ങൾക്കായിട്ടുള്ള ഏതെങ്കിലും ദൗത്യം ഒരു പുരോഹിതശുശ്രൂഷിയെ അദ്ദേഹത്തിന്റെ മെത്രാനോടോ, ഒരു സന്ന്യാസസഭയുടെയോ, സന്ന്യാസികളുടേതുപോലുള്ള പൊതുജീവിതം നയിക്കുന്ന സമൂഹത്തിലെയോ അംഗമാണ് അദ്ദേഹമെങ്കിൽ ഉന്നതാധികാരിയോടൊ – പാത്രിയാർക്കൽസഭയുടെ പ്രത്യേകനിയമം അവരുടെ സമ്മതം ആവശ്യമാണെന്ന് പറയുന്നില്ലെങ്കിൽ – ആലോചിച്ചശേഷം പാത്രിയർക്കീസിന് ഏല്പിക്കാം. ഈ പുരോഹിതശുശ്രൂഷിയെ പ്രസ്തുത ദൗത്യനിർവ്വഹണ കാലയളവിൽ നേരിട്ടു പാത്രിയർക്കീസിനു വിധേയനാക്കാവുന്നതാണ്.*

**§3.** *കാനോന 430 കണക്കിലെടുത്തുകൊണ്ടുതന്നെ, പുരോഹിത ശുശ്രൂഷി വിധേയപ്പെട്ടിരിക്കുന്ന രൂപതാമെത്രാനിൽനിന്നോ സന്ന്യാസസഭയുടെയോ സന്ന്യാസ സഭകളുടേതുപോലുള്ള പൊതുജീവിതം നയിക്കുന്ന സമൂഹത്തിന്റെയോ അംഗമാണ് അദ്ദേഹമെങ്കിൽ ഉന്നതാധികാരിയിൽനിന്നോ രേഖാമൂലമുള്ള സമ്മതം വാങ്ങിച്ചുകൊണ്ട് ഏതൊരു പുരോഹിതശുശ്രൂഷിക്കും തന്റെ പാത്രിയാർക്കൽസഭയിൽ ബഹുമതി സ്ഥാനങ്ങൾ നൽകാൻ പാത്രിയർക്കീസിന് കഴിയും.*





പുരോഹിതശുശ്രൂഷികളിൽ മ്ശംശാനമാർ, പുരോഹിതർ, മെത്രാന്മാർ എന്നീ തിരുപ്പട്ടക്കാർ ഉൾപ്പെടുന്നു. സഭയുടെ തലവനെന്ന നിലയിൽ പുരോഹിതശുശ്രൂഷികളുടെ മുഴുവൻ പ്രവർത്തനങ്ങൾ നിയമാനുസൃതം നിരീക്ഷിക്കുവാൻ പാത്രിയർക്കീസിനു കടമയുണ്ട്. പുരോഹിതശുശ്രൂഷികളിൽ ആരെങ്കിലും തെറ്റു ചെയ്തു ശിക്ഷാർഹരായെങ്കിൽ അവരുടെമേൽ ശിക്ഷാനടപടി സ്വീകരിക്കുവാൻ നേരിട്ടുള്ള അധികാരം അവരുടെ മേലദ്ധ്യക്ഷന്മാർക്കാണ്. എന്നാൽ ഈ മേലദ്ധ്യക്ഷന്മാർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ പാത്രിയർക്കീസിനു നേരിട്ടു നടപടികൾ സ്വീകരിക്കാവുന്നതാണ്.

പാത്രിയാർക്കൽസഭയെ മുഴുവൻ ബാധിക്കുന്ന കാര്യങ്ങൾക്കായുള്ള സ്ഥാനങ്ങളും ദൗത്യങ്ങളും സഭയിലെ പുരോഹിതശുശ്രൂഷികളിൽ ആരെവേണമെങ്കിലും ഏല്പിക്കാം. കഴിയുന്നിടത്തോളം എല്ലാ സ്ഥലങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടായിരിക്കണം ഇപ്രകാരം ചെയ്യേണ്ടത്.

ലത്തീൻസഭയിൽ മോൺസിഞ്ഞോർപദവി പോലുള്ള ബഹുമതിസ്ഥാനങ്ങൾ ഉള്ളതുപോലെ പൗരസ്ത്യസഭകളിലും അവയുടെ പാരമ്പര്യമനുസരിച്ചുള്ള ബഹുമതിസ്ഥാനങ്ങൾ നിലവിലുണ്ട്. ഇത്തരം ബഹുമതിസ്ഥാനങ്ങൾ തന്റെ സഭയിൽപ്പെട്ട പുരോഹിതശുശ്രൂഷികൾക്കു നൽകുവാൻ അധികാരമുള്ളത് പാത്രിയർക്കീസിനാണ്.

**കാനോന 90 :** *ഗൗരവമുള്ള ഒരു കാരണത്താൽ, രൂപതാമെത്രാനോട് ആലോചിച്ചശേഷവും സ്ഥിരസിനഡിന്റെ സമ്മതത്തോടുകൂടിയും, ഒരു സ്ഥലത്തേയോ, സന്ന്യാസസമൂഹങ്ങളുടേതല്ലാത്ത ഒരു നൈയാമികവ്യക്തിയെ അതിന്റെ സ്ഥാപനാവസരത്തിൽത്തന്നെയോ, അവയുടെ ഭൗതികവസ്തുക്കളുടെ ഭരണത്തെ സംബന്ധിച്ച കാര്യങ്ങളെയും, ഈ സ്ഥലവുമായോ നൈയാമികവ്യക്തിയുമായോ ബന്ധപ്പെട്ട വ്യക്തികളെയും, അവരുടെ ജോലി, ഔദ്യോഗികസ്ഥാനം എന്നിവയുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളേയും, രൂപതാമെത്രാന്റെ അധികാരത്തിൽനിന്നും ഒഴിവാക്കി പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധികാരത്തിനു വിധായമാക്കാം.*

ഇപ്രകാരം ഒരു സ്ഥലത്തെയോ, നൈയാമികവ്യക്തിയെയോ രൂപതാമെത്രാന്റെ അധികാരത്തിൽനിന്നു ഒഴിവാക്കുന്നത് പാത്രി

യാർക്കൽസഭയുടെ പൊതുനന്മയ്ക്കുവേണ്ടിയാണ്. ഉദാഹരണമായി, സെമിനാരികളോ തീർത്ഥാടനകേന്ദ്രങ്ങളോ സഭയുടെ പൊതുവായ സ്ഥാപനങ്ങളായി കണക്കാക്കി സഭാതലവനായ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കാറുണ്ട്. സഭാതിർത്തിക്കുള്ളിൽ മാത്രമേ ഇപ്രകാരം അധികാരം വിനിയോഗിക്കുവാൻ പാത്രിയർക്കീസിനു കഴിയൂ.

**കാനോന 91 :** *ആരാധനാക്രമപുസ്തകങ്ങളുടെ നിർദ്ദേശങ്ങളനുസരിച്ച് വി. കുർബ്ബാനയിലും യാമപ്രാർത്ഥനകളിലും, എല്ലാ മെത്രാന്മാരും മറ്റു വൈദികശുശ്രൂഷികളും റോമാമാർപാപ്പയ്ക്കുശേഷം പാത്രിയർക്കീസിനെ അനുസ്മരിക്കണം.*

വി. കുർബ്ബാനയിലും സഭയുടെ മറ്റു ഔദ്യോഗിക പ്രാർത്ഥനകളിലും പാത്രിയർക്കീസിനെ അനുസ്മരിക്കുകവഴി സഭാതലവനുവേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല, സഭാതലവനും വിശ്വാസികളും തമ്മിലുള്ള കൂട്ടായ്മ പരസ്യമായി പ്രഖ്യാപിക്കുകകൂടിയാണ് ചെയ്യുന്നത്. ഇപ്രകാരം അനുസ്മരിക്കുന്നത് മനഃപൂർവ്വം ഒഴിവാക്കുന്നവർ ശിക്ഷാനടപടികൾക്ക് വിധേയരാകും (cf. c. 1438).

**കാനോന 92 : §1.** *സാർവ്വത്രികസഭയുടെ പരമോന്നത അജപാലകനോടു കാണിക്കേണ്ട വിശ്വസ്തത, ബഹുമാനം, അനുസരണം എന്നിവയിലൂടെ, വി. പത്രോസിന്റെ പിൻഗാമിയായ റോമാമാർപാപ്പയോട് ഹയരാർക്കിതലത്തിലുള്ള കൂട്ടായ്മ പാത്രിയർക്കീസ് പ്രകടിപ്പിക്കണം.*

**§2.** *ആരാധനക്രമപുസ്തകങ്ങളുടെ നിർദ്ദേശങ്ങളനുസരിച്ച്, റോമാമാർപാപ്പയുമായുള്ള പരിപൂർണ്ണകൂട്ടായ്മയുടെ അടയാളമായി വി. കുർബ്ബാനയിലും യാമപ്രാർത്ഥനകളിലും പാത്രിയർക്കീസ് അദ്ദേഹത്തെ അനുസ്മരിക്കുകയും, താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയിലെ എല്ലാ മെത്രാന്മാരും മറ്റു വൈദികശുശ്രൂഷികളും വിശ്വസ്തതാപൂർവ്വം ഇപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.*

**§3.** *മാർപാപ്പയുമായി പാത്രിയർക്കീസ് അടുത്തബന്ധം പുലർത്തുകയും, താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയുടെ സ്ഥിതിയെ സംബന്ധിച്ച്, അതിനായി പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച്, ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. തിരഞ്ഞെടുപ്പിനുശേഷം ഒരു വർഷത്തിനുള്ളിലും, തുടർന്ന് തന്റെ ദൗത്യനിർവ്വഹണകാലത്ത് പലപ്പോഴും വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ വണങ്ങുന്നതിനായും സാർവ്വത്രികസഭയിൽ പ്രഥമസ്ഥാനമുള്ള വി. പത്രോസിന്റെ പിൻഗാമിയെ നേരിൽ കാണുന്നതിനായും അദ്ദേഹം റോമാനഗരം സന്ദർശിക്കണം.*





വി. കുർബ്ബാനയിലും സഭയുടെ മറ്റു ഔദ്യോഗിക പ്രാർത്ഥനകളിലും മാർപാപ്പയെ അനുസ്മരിക്കുന്നതുവഴി സാർവ്വത്രികസഭയുടെ തലവനോടുള്ള വിധേയത്വവും വിശ്വസ്തതയും പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം അനുസ്മരിക്കുകവഴി സഭാതലവനുവേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല, സഭകളുടെ കൂട്ടായ്മ പരസ്യമായി പ്രഖ്യാപിക്കുകകൂടിയാണ് ചെയ്യുന്നത്.

വ്യക്തികൾ തമ്മിലും സഭകൾ തമ്മിലുമുള്ള കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ സാർവ്വത്രികസഭയുടെ ഇടയൻ എന്ന നിലയിൽ മാർപാപ്പയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വം നിറവേറ്റുവാൻ വിവിധ സഭകളിലെ സ്ഥിതിഗതികൾ മാർപാപ്പ അറിഞ്ഞിരിക്കണം. ഇതിനുവേണ്ടിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ പാത്രിയർക്കീസുമാർ മാർപാപ്പയെ സന്ദർശിക്കുകയും തങ്ങളുടെ സഭകളെക്കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നത്. പാത്രിയർക്കീസുമാർ മാർപാപ്പയെ സന്ദർശനം നടത്തുമ്പോൾ സ്വന്തം സഭയിൽപ്പെട്ട മെത്രാന്മാരോടൊപ്പം പോകുന്നത് അഭിലഷണീയമാണ്.

**കാനോന 93 :** *പാത്രിയർക്കീസ് തന്റെ ഔദ്യോഗിക ആസ്ഥാനത്തുതന്നെ താമസിക്കണം. കാനോനികകാരണത്താലല്ലാതെ അദ്ദേഹം അവിടെനിന്നും വിട്ടുനിൽക്കുവാൻ പാടില്ല.*

കാനോനികമായ കാരണങ്ങൾ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്, ഔദ്യോഗികസന്ദർശനങ്ങൾക്കും അജപാലകസന്ദർശനങ്ങൾക്കും മറ്റ് ഔദ്യോഗികകാര്യങ്ങൾക്കുമായി പാത്രിയർക്കീസ് മറ്റു സ്ഥലങ്ങളിൽ പോകുന്നതാണ്. ഇവയ്ക്കെല്ലാം പുറമേ, സഭാകാര്യങ്ങൾക്ക് യാതൊരു കോട്ടവും വരാത്തരീതിയിൽ സംവിധാനങ്ങൾ ചെയ്തശേഷം തുടർച്ചയായി ഒരു മാസത്തേക്കു പാത്രിയർക്കീസിനു സഭാ ആസ്ഥാനത്തുനിന്നും മാറിനിൽക്കാവുന്നതാണ്.

**കാനോന 94 :** *താൻ അദ്ധ്യക്ഷനായിരിക്കുന്ന സഭയിലെ എല്ലാ ജനങ്ങൾക്കുംവേണ്ടി പ്രത്യേകനിയമം നിശ്ചയിച്ചിരിക്കുന്ന തിരുനാൾ ദിവസങ്ങളിൽ പാത്രിയർക്കീസ് വി. കുർബ്ബാനയർപ്പിക്കണം.*

സഭയിലെ എല്ലാ വിശ്വാസികൾക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ പാത്രിയർക്കീസ് കടപ്പെട്ടവനാണ്. മറ്റു പ്രാർത്ഥനകൾക്കു പുറമേ, പ്രധാനപ്പെട്ട ദിവസങ്ങളിൽ വിശ്വാസികൾക്കെല്ലാവർക്കുംവേണ്ടി പാത്രിയാർക്കീസ് വി. ബലിയർപ്പിക്കുന്നു. ഇപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിൽ പാത്രിയർക്കീസിന് കുർബാന അർപ്പിക്കുവാൻ സാധിക്കാതെ വന്നാൽ അതിനായി മറ്റൊരാളെ നിശ്ചയിക്കുകയോ പകരം വേറൊരു ദിവസം ഇപ്രകാരം കുർബ്ബാന അർപ്പിക്കുകയോ ചെയ്യണം.

**കാനോന 95 : §1.** *രൂപതാമെത്രാന്മാർക്കുള്ളതായി കാനോന 196-ൽ പ്രതിപാദിച്ചിരിക്കുന്ന കടമകൾ ഓരോ മെത്രാനും, അതോടൊപ്പം പാത്രിയർക്കീസിനും ബാധകമാണ്.*

**§2.** *രൂപതാമെത്രാന്മാർ തങ്ങളുടെ അജപാലനകർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുന്നുണ്ടെന്നും തങ്ങൾ ഭരിക്കുന്ന രൂപതയിൽത്തന്നെ അവർ താമസിക്കുന്നുണ്ടെന്നും പാത്രിയർക്കീസ് ഉറപ്പുവരുത്തണം. അദ്ദേഹം അവരുടെ തീക്ഷ്ണതയെ ഉജ്ജ്വലിപ്പിക്കണം. ഏതെങ്കിലും കാര്യത്തിൽ അവർ ഗൗരവമായ വീഴ്ചവരുത്തിയാൽ, - കാലവിളംകൊണ്ട് അപകടമില്ലെങ്കിൽ സ്ഥിരസിനഡുമായി ആലോചിച്ചശേഷം-പാത്രിയർക്കീസ് അവരെ താക്കീതുചെയ്യണം. താക്കീതുകൊണ്ട് ഉദ്ദേശിച്ച ഫലം ഉളവാകുന്നില്ലെങ്കിൽ പ്രശ്നം മാർപാപ്പയ്ക്കു വിട്ടുകൊണ്ടുക്കണം.*

സഭയിലെ മറ്റെല്ലാ മെത്രാന്മാരെയുംപോലെ, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ത്രിവിധധർമ്മങ്ങൾ പാത്രിയർക്കീസിനും ഉണ്ട്. ഈ കാനോനയിൽ പ്രത്യേകമായി പറയുന്നത് പാത്രിയർക്കീസിന്റെ പ്രബോധനധർമ്മത്തെക്കുറിച്ചാണ്. സ്വന്തം രൂപതയിലെ പ്രബോധനധർമ്മം പ്രഥമവും പ്രധാനവുമായി മെത്രാന്റെ കടമയാണെങ്കിലും സഭയിൽ മുഴുവനുമായി മെത്രാന്മാരോടൊപ്പം പാത്രിയർക്കീസും ഈ ദൗത്യം നിർവ്വഹിക്കുവാൻ കടപ്പെട്ടവനാണ്. പ്രബോധനദൗത്യത്തിൽ ചില കാര്യങ്ങൾ മെത്രാന്മാർക്ക് വ്യക്തിപരമായി ചെയ്യുവാൻ സാധിക്കാത്തതായതുകൊണ്ട് സഭയ്ക്കു മുഴുവനുംവേണ്ടി പാത്രിയർക്കീസും മെത്രാന്മാരുടെ സിനഡും സംയുക്തമായി ആ കാര്യങ്ങൾ ചെയ്യുന്നു. ഉദാഹരണമായി, വേദപാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, സാമൂഹ്യസമ്പർക്ക മാധ്യമകേന്ദ്രങ്ങൾ സ്ഥാപിക്കുക തുടങ്ങിയവ.

**കാനോന 96:** *തന്റെ റീത്തിനു അനുയോജ്യമായിട്ടുള്ളതാണെങ്കിൽ, പ്രാർത്ഥനകളെയും ഭക്താഭ്യാസങ്ങളെയും സംബന്ധിച്ച് സ്ഥലമേലദ്ധ്യക്ഷന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും പാത്രിയർക്കീസിനു താൻ ആദ്ധ്യക്ഷം വഹിക്കുന്ന സഭ മുഴുവനിലും ചെയ്യാം.*





പ്രാർത്ഥനകളും മറ്റു ഭക്താഭ്യാസങ്ങളും ഔദ്യോഗിക ആരാധനയിൽ ഉൾപ്പെടുന്നില്ലെങ്കിലും ക്രിസ്തീയ വിശ്വാസികളുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിക്കുന്നവയാണ്. സഭയ്ക്കു മുഴുവനും വേണ്ടിയുള്ള ഇത്തരം അനൗദ്യോഗിക പ്രാർത്ഥനകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിന് അനുവാദം കൊടുക്കുവാൻ പാത്രിയർക്കീസിനു കഴിയും. ഇക്കാര്യത്തിൽ സഭാതിർത്തിക്കു പുറത്തോ അകത്തോ എന്നുള്ള വ്യത്യാസം ഇല്ല. സഭയുടെ പൈതൃകം സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനുമുള്ള ഉത്തരവാദിത്വം പാത്രിയർക്കീസിനായതിനാൽ, ഇത്തരത്തിലുള്ള പ്രാർത്ഥനകളും ഭക്താഭ്യാസങ്ങളും സഭാപൈതൃകത്തിന് അനുയോജ്യമായിരിക്കുവാൻ അദ്ദേഹം ശ്രദ്ധിക്കണം.

**കാനോന 97:** *ഓരോ രൂപതാമെത്രാനുമുള്ളതായി കാനോന 1022 §1-ൽ പ്രതിപാദിച്ചിട്ടുള്ള കടമ കണക്കിലെടുത്തുകൊണ്ടുതന്നെ, സഭാസമ്പത്തിന്റെ ഉചിതമായ ഭരണം ഉറപ്പുവരുത്തുവാൻ പാത്രിയർക്കീസ് ജാഗ്രത പുലർത്തേണ്ടതാണ്.*

പാത്രിയാർക്കൽസഭയുടെ വസ്തുവകകൾ ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തുവാൻ പാത്രിയർക്കീസിനു കടമയുണ്ട്. രൂപതയുടെ വസ്തുവകകൾ മെത്രാന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായതിനാൽ അവയുടെമേൽ പാത്രിയർക്കീസിനു നേരിട്ടുള്ള മേൽനോട്ടാധികാരമില്ല. എന്നാൽ, മെത്രാൻ ഇപ്രകാരം തന്റെ കടമ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടത് പാത്രിയർക്കീസാണ്. പാത്രിയർക്കീസിന് ഈ അധികാരം സഭാതിർത്തിക്കുള്ളിൽ മാത്രമേ ഉള്ളൂ. അതിനാൽ സഭാതിർത്തിക്കുപുറത്തുള്ള രൂപതകളുടെ ഭരണകാര്യങ്ങളിൽ എന്തെങ്കിലും അപാകതകൾ കണ്ടാൽ പാത്രിയർക്കീസ് അക്കാര്യം ശ്ലൈഹിക സിംഹാസനത്തെ അറിയിക്കുകയാണ് വേണ്ടത്.

**കാനോന 98:** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെയും മാർപാപ്പയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെയും രാഷ്ട്രാധികാരികളുമായി ഉടമ്പടികളിൽ ഏർപ്പെടുന്നതിന് പാത്രിയർക്കീസിനു സാധിക്കും. എന്നാൽ ഈ ഉടമ്പടികൾ ശ്ലൈഹികസിംഹാസനത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള നിയമത്തിന് വിരുദ്ധമാകരുത്. മാർപാ*

*പ്പയുടെ അനുമതി ലഭിച്ചാലല്ലാതെ ഈ ഉടമ്പടികൾ പ്രാബല്യത്തിലാക്കുവാൻ പാത്രിയർക്കീസിനു കഴിയുകയില്ല.*

ദേശീയതലത്തിൽ രാഷ്ട്രാധികാരികളുമായി ഉടമ്പടികളിൽ ഏർപ്പെടുന്നതിന് ശ്ലൈഹികസിംഹാസനത്തിനും പാത്രിയർക്കീസിനും മാത്രമേ സാധിക്കൂ. ഒരു പരമാധികാരരാഷ്ട്രമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ.സിംഹാസനത്തിന് കത്തോലിക്കാസഭയുടെ മുഴുവൻ പേരിലോ ഏതെങ്കിലുമൊരു വിഭാഗത്തിന്റെ പേരിലോ മറ്റു രാഷ്ട്രങ്ങളുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതിനു സാധിക്കും. പാത്രിയാർക്കൽസഭയാകുന്ന നൈയാമിക വ്യക്തിയുടെ ഔദ്യോഗിക പ്രതിനിധി എന്ന നിലയിൽ ദേശീയതലത്തിൽ രാഷ്ട്രാധികാരികളുമായി ഉടമ്പടിയിലേർപ്പെടുവാൻ പാത്രിയർക്കീസിനു സാധിക്കും.

**കാനോന 99: §1.** *വ്യക്തിനിയങ്ങൾ പ്രാബല്യത്തിലുള്ള സ്ഥലങ്ങളിൽ അവ എല്ലാവരാലും പാലിക്കപ്പെടുന്നുണ്ടെന്ന് പാത്രിയാർക്കീസുമാർ ഒരേ സ്ഥലത്ത് വിനിയോഗിക്കുന്നുണ്ടെങ്കിൽ അവർ ഏറെ പ്രാധാന്യമുള്ള കാര്യങ്ങളിൽ പരസ്പരമുള്ള കൂടിയാലോചനകൾക്കുശേഷം പ്രവർത്തിക്കുന്നത് പ്രയോജനകരമായിരിക്കും.*

വ്യക്തിനിയമങ്ങൾ നടപ്പിലാക്കുവാനുള്ള ഉത്തരവാദിത്വം പാത്രിയർക്കീസിനാണ്. മുസ്ലിം രാഷ്ട്രങ്ങളിൽ വിവാഹത്തെയും കുടുംബത്തെയും പിന്തുടർച്ചയെയും സംബന്ധിച്ചുള്ള നിയമങ്ങൾ പൊതുവായിട്ടുള്ളതല്ല. ഓരോ മതവിഭാഗങ്ങളും അവരവരുടെ മതനിയമങ്ങൾ ഇക്കാര്യങ്ങളിൽ പാലിച്ചുപോരുന്നു. ഇത്തരം കാര്യങ്ങളിൽ ക്രൈസ്തവരെ ബാധിക്കുന്ന നിയമങ്ങൾ അവരുടെ സഭാനിയമങ്ങളാണ്. ഇങ്ങനെയുള്ള രാജ്യങ്ങളിൽ സഭയുടെ നിയമം ക്രൈസ്തവർ അനുസരിക്കുന്നുണ്ടെന്ന് പാത്രിയർക്കീസ് ഉറപ്പുവരുത്തണം. ഒരേ സ്ഥലത്ത് പല പാത്രിയർക്കീസുമാർ ഉണ്ടെങ്കിൽ പരസ്പരം കൂടിയാലോചിച്ചതിനുശേഷം മാത്രമേ ഇപ്രകാരം വ്യക്തിനിയമങ്ങൾ നടപ്പിലാക്കാവൂ.

**കാനോന 100:** *പല രൂപതകളെ ബാധിക്കുന്നതും രാഷ്ട്രാധികാരികളുമായി ബന്ധപ്പെട്ടതുമായ കാര്യങ്ങൾ തനിക്കായിത്തന്നെ മാറ്റിവയ്ക്കുവാൻ പാത്രിയർക്കീസിനു കഴിയും; ഇവ ആരെയാണോ ബാധിക്കുന്നത് ആ മെത്രാന്മാരുമായി ആലോചിക്കാതെയും സ്ഥിരസിനഡിന്റെ സമ്മതമില്ലാതെയും ഈ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അദ്ദേഹത്തിനു കഴിയുകയില്ല.*





*കാര്യം അടിയന്തരസ്വഭാവമുള്ളതും സ്ഥിരസിനഡിലെ അംഗങ്ങളായ മെത്രാന്മാരെ വിളിച്ചുകൂട്ടുവാൻ സമയം അനുവദിക്കാത്തതുമാണെങ്കിൽ, പാത്രിയാർക്കൽ കാര്യാലയത്തിൽ മെത്രാന്മാരുണ്ടെങ്കിൽ അവർക്കോ അതുമല്ലെങ്കിൽ മെത്രാൻപട്ടത്തിൽ സീനിയറായ രണ്ടുരൂപതാമെത്രാന്മാർക്കോ സ്ഥിരസിനഡിലെ അംഗങ്ങളുടെ സ്ഥാനത്തു പ്രവർത്തിക്കാവുന്നതാണ്.*

സഭയുടെ ഭരണാധികാരം പാത്രിയാർക്കീസിനായതിനാൽ പല രൂപതകളെ സംബന്ധിക്കുന്ന പൊതുവായ ഒരു പ്രശ്നം രാഷ്ട്രാധികാരികളുമായി ബന്ധപ്പെട്ടതാണെങ്കിൽ അത് കൈകാര്യം ചെയ്യുവാനുള്ള അധികാരം പാത്രിയാർക്കീസിനാണ്, ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ പാത്രിയർക്കീസ് ബന്ധപ്പെട്ട രൂപതാമെത്രന്മാരുമായി ആലോചിക്കുകയും സ്ഥിരസിനഡിന്റെ സമ്മതം വാങ്ങിക്കുകയും വേണം. അത്യാവശ്യസന്ദർഭങ്ങളിൽ, സ്ഥിരസിനഡുമായി ആലോചിക്കുവാൻ സമയം കിട്ടുന്നില്ലെങ്കിൽ പാത്രിയാർക്കൽ കാര്യാലയത്തിലെ മെത്രാന്മാരുമായി ആലോചിക്കണം. പാത്രിയാർക്കൽ കാര്യാലയത്തിൽ മെത്രാന്മാരില്ലെങ്കിൽ മെത്രാൻപട്ടം സ്വീകരിച്ചതിലുള്ള മുൻഗണനാക്രമത്തിൽ രണ്ടു രൂപതാമെത്രാന്മാരുമായി കൂടിയാലോചിക്കണം.

**കാനോന 101:** *സ്വന്തം രൂപതയിലും, നേരിട്ടു തന്റെ അധികാരത്തിൻകീഴിലുള്ള സന്ന്യാസാശ്രമങ്ങളിലും (stauropegial monasteries), രൂപതയോ എക്സാർക്കിയോ സ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിലും പാത്രിയർക്കീസിനു രൂപതാമെത്രാന്റെ അതേ അവകാശങ്ങളും കടമകളും ഉണ്ട്.*

പാത്രിയാർക്കൽ സഭയിലെ എല്ലാ രൂപതകളുടെയും സ്ഥാപനങ്ങളുടെയുംമേൽ പാത്രിയർക്കീസിനു നേരിട്ടുള്ള അധികാരമില്ല. എന്നാൽ താൻ അദ്ധ്യക്ഷനായിരിക്കുന്ന രൂപതയിലും, കാനോന 90 അനുസരിച്ച് സ്ഥലമേലദ്ധ്യക്ഷന്റെ അധികാരത്തിൽനിന്നും ഒഴിവാക്കി നേരിട്ടുപാത്രയിർക്കീസിന്റെ കീഴിലായിരിക്കുന്ന സ്ഥാപനങ്ങളുടെമേലും നൈയാമിക വ്യക്തികളുടെമേലും പാത്രിയർക്കീസിന് നേരിട്ടുള്ള അധികാരമുണ്ട്.

# 04

## മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകൾ

മേജർ ആർക്കിഎപ്പിസ്കോപ്പൽസഭകൾ എന്ന ഈ ശീർഷകത്തിൽ നാലു കാനോനകൾ മാത്രമേ കൊടുത്തിട്ടുള്ളു. എന്നാൽ 152-ാം കാനോനയിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകൾക്കും അവയുടെ തലവന്മാരായ മേജർ ആർച്ചുബിഷപ്പുമാർക്കും പാത്രിയാർക്കൽസ കളെയും പാത്രിയർക്കീസിനെയുംപറ്റി പറഞ്ഞിരിക്കുന്ന കാനോനകൾ ബാധകമാണ്.

'മേജർ ആർച്ചുബിഷപ്പ്' എന്ന സ്ഥാനപ്പേര് സഭയുടെ ആദ്യകാലം മുതലേ മെത്രാപ്പോലീത്താമാരുടെമേൽ അധികാരമുണ്ടായിരുന്ന മെത്രാപ്പോലീത്തായ്ക്കായി ഉപയോഗിച്ചുപോന്നിട്ടുള്ളതാണ്. ആരംഭകാലങ്ങളിൽ പാത്രിയർക്കീസിനു പകരമായുള്ള പേരായി ഇത് ഉപയോഗിക്കപ്പെട്ടു പോന്നിരുന്നു. എന്നാൽ 'പാത്രിയർക്കീസ്' എന്ന സ്ഥാനികനാമത്തിന് കൂടുതൽ പ്രാധാന്യം ലഭിച്ചു തുടങ്ങിയതോടെ 'മേജർ ആർച്ചുബിഷപ്പ്' എന്ന പേര് കാര്യമായി ഉപയോഗത്തിലില്ലാതെ വന്നു. പൗരസ്ത്യ സഭകൾക്കായി 1957-ൽ വിളംബരം ചെയ്യപ്പെട്ട പുരോഹിതശുശ്രൂഷികളെപ്പറ്റിയുള്ള അപ്പസ്തോലിക തിരുവെഴുത്തിൽ (Cleri Sanctitati) 324-334 കാനോനകളിൽ ഈ നാമം മെത്രാപ്പോലീത്താമാരുടെമേൽ അധികാരമുള്ള മെത്രാപ്പോലീത്താമാരെ തിരിച്ചറിയുന്നതിനായി ആദ്യമായി സഭാനിയമത്തിൽ ഉപയോഗിച്ചു. 'പൗരസ്ത്യസഭകളുടെ കാനോനസംഹിത' (CCEO)യിലും ഇതേ നാമം പാത്രിയാർക്കൽസഭകൾക്കു തുല്യമായ സ്ഥാനമുള്ള സ്വയാധികാരസഭകളെയും അവയുടെ തലവന്മാരെയും സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നു. കത്തോലിക്കാസഭയിൽ യുക്രേനിയൻസഭയ്ക്കും സീറോമലബാർസഭയ്ക്കും മാത്രമേ ഇപ്പോൾ ഈ സ്ഥാനമുള്ളൂ.

**കാനോന 151 :** *സഭയുടെ പരമാധികാരത്താൽ നിശ്ചയിക്കപ്പെട്ടതോ അംഗീകരിക്കപ്പെട്ടതോ ആയ മെത്രാപ്പോലീത്തൻ സിംഹാസനത്തിലെ മെത്രാപ്പോലീത്തായാണ് മേജർ ആർച്ചുബിഷപ്പ്. പാത്രിയാർക്കൽ സ്ഥാനപ്പേരില്ലാത്ത അദ്ദേഹം ഒരു പൗരസ്ത്യസ്വയാധികാരസഭ മുഴുവന്റെയും അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു.*

അധികാരത്തിലും ഭരണസംവിധാനങ്ങളിലും പാത്രിയാർക്കൽസഭയോട് തുല്യതയുള്ളവയാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകൾ. പദവിയിൽ പാത്രിയർക്കീസിനും മേജർ ആർച്ചുബിഷപ്പിനും ഒരുപോലെയാണ്. മെത്രാപ്പോലീത്തൻ സ്ഥാനത്തോട് ചേർത്തു മാത്രമേ മേജർ ആർക്കിഎപ്പിസ്കോപ്പൽ സിംഹാസനം സ്ഥാപിക്കുവാൻ പാടുള്ളൂ. ഇത് സ്ഥാപിക്കുവാനുള്ള അധികാരം മാർപാപ്പയ്ക്കാണ്. പൗരസ്ത്യസഭകളുടെ ഭരണസംവിധാനത്തിന്റെ പൂർണത പാത്രിയാർക്കൽ ഭരണസംവിധാനമാണെങ്കിലും ഇന്നു പുതിയതായി അവ സ്ഥാപിക്കപ്പെടുന്നത് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളായിട്ടാണ്. 1992-ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ട സീറോ മലബാർസഭ ഇതിനുദാഹരണമാണ്.

**കാനോന 152 :** *കാര്യത്തിന്റെ സ്വഭാവത്തിൽനിന്ന് വ്യക്തമായിരിക്കുകയോ പൊതുനിയമത്തിൽ വ്യക്തമായി മറിച്ച് നിശ്ചയിക്കുകയോ ചെയ്യാതിരുന്നാൽ, പൊതുനിയമത്തിൽ പാത്രിയാർക്കൽ സഭകളെയോ പാത്രിയർക്കീസുമാരെയോ സംബ*

*ന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ മേജർ ആർക്കിഎപ്പിസ്കോപ്പൽസഭകളേയും മേജർ ആർച്ചുബിഷപ്പുമാരേയും സംബന്ധിച്ചും ബാധകമാണ്.*

പൊതുനിയമത്തിൽ മറിച്ചു പറയുന്നില്ലെങ്കിൽ പാത്രിയർക്കീസിനുള്ള എല്ലാ അവകാശങ്ങളും കടമകളും മേജർ ആർച്ചുബിഷപ്പിനും ഉണ്ട്.

**കാനോന 153 : §1.** *63 മുതൽ 74 വരെയുള്ള കാനോനകളിലെ നിബന്ധനകളനുസരിച്ചാണ് മേജർ ആർച്ചുബിഷപ്പിനെ തിരഞ്ഞെടുക്കുന്നത്.*

**§2.** *തിരഞ്ഞെടുക്കപ്പെട്ട വ്യക്തി തിരഞ്ഞെടുപ്പ് സ്വീകരിച്ച് കഴിഞ്ഞാൽ മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയിലെ മെത്രാന്മാരുടെ സിനഡ്, കാനോനികമായി നടന്ന തിരഞ്ഞെടുപ്പിനെപ്പറ്റി സിനഡിൽ എഴുത്തുവഴി റോമാമാർപാപ്പയെ അറിയിക്കുകയും തിരഞ്ഞെടുക്കപ്പെട്ട ആൾ സ്വന്തം കൈയ്യൊപ്പോടുകൂടിയ എഴുത്തുവഴി മാർപാപ്പയിൽനിന്ന് തിരഞ്ഞെടുപ്പിന്റെ സ്ഥിരീകരണം ആവശ്യപ്പെടുകയും ചെയ്യണം.*

**§3.** *സ്ഥിരീകരണം ലഭിച്ചുകഴിഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ട ആൾ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ മുമ്പാകെ വിശ്വാസപ്രഖ്യാപനവും തന്റെ ഉദ്യോഗം വിശ്വസ്തതയോടെ നിറവേറ്റിക്കൊള്ളാമെന്നുള്ള വാഗ്ദാനവും നടത്തണം. അതിനുശേഷം അദ്ദേഹത്തിന്റെ സ്ഥാനപ്രഖ്യാപനവും സ്ഥാനാരോഹണവും നടക്കുന്നു. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടയാൾ മെത്രാഭിഷേകം സ്വീകരിക്കാത്ത വ്യക്തിയാണെങ്കിൽ, മെത്രാഭിഷേകം സ്വീകരിക്കുന്നതിനുമുമ്പ് സാധുവായി സ്ഥാനാരോഹണം നടത്താൻ പാടില്ല.*

**§4.** *എന്നാൽ സ്ഥിരീകരണം നിഷേധിക്കപ്പെട്ടാൽ, റോമാമാർപാപ്പ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പുതിയ തിരഞ്ഞെടുപ്പ് നടത്തണം.*

പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ (Cf.cc. 63-74) തന്നെയാണ് മേജർ ആർച്ചുബിഷപ്പിന്റെയും തിരഞ്ഞെടുപ്പിനുള്ളത്. എന്നാൽ പാത്രിയർക്കീസിന്റെ കാര്യത്തിൽനിന്നും വ്യത്യസ്തമായി, തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി തിരഞ്ഞെടുപ്പു സ്വീകരിച്ചുകഴിഞ്ഞാൽ മെത്രാന്മാരുടെ സിനഡ്,





സിനഡിൽ എഴുത്തുവഴി തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് മാർപാപ്പയെ അറിയിക്കണം. തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാകട്ടെ, തിരഞ്ഞെടുപ്പ് അംഗീകരിച്ചുറപ്പിക്കുവാൻവേണ്ടി മാർപാപ്പയ്ക്ക് സ്വന്തം കൈപ്പടയിൽ ഒപ്പുവച്ച് അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം മാർപാപ്പയുടെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി മെത്രാന്മാരുടെ സിനഡിനുമുമ്പാകെ വിശ്വാസപ്രഖ്യാപനം നടത്തുകയും തന്റെ ഉത്തരവാദിത്വം വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുക്കുകയും വേണം. ഇതിനുശേഷം മാത്രമേ ഔദ്യോഗിക പ്രഖ്യാപനവും സ്ഥാനാരോഹണവും നടത്താവൂ. എന്നാൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി മെത്രാൻപട്ടം ഇല്ലാത്ത ആളാണെങ്കിൽ അദ്ദേഹം മെത്രാൻപട്ടം സ്വീകരിക്കുന്നതിനുമുമ്പ് സ്ഥാനാരോഹണം നടത്താൻ പാടില്ല. മാർപാപ്പ ഈ തിരഞ്ഞെടുപ്പ് അംഗീകരിച്ചുറപ്പിക്കുന്നില്ലെങ്കിൽ അദ്ദേഹം നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പുതിയ വ്യക്തിയെ തിരഞ്ഞെടുക്കണം.

**കാനോന 154 :** *തങ്ങൾ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭ മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സ്ഥാപിക്കപ്പെട്ട ക്രമമനുസരിച്ച്, മേജർ ആർച്ചുബിഷപ്പുമാർക്ക് പാത്രിയർക്കീസിനു തൊട്ടടുത്ത ബഹുമതിമുൻഗണന ലഭിക്കുന്നു.*

പാത്രിയർക്കീസുമാർ കഴിഞ്ഞാൽ മുൻഗണന മേജർ ആർച്ചുബിഷപ്പിനായിരിക്കും. മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കും മേജർ ആർച്ചുബിഷപ്പുമാർ തമ്മിലുള്ള മുൻഗണന നിശ്ചയിക്കുന്നത്. ഇതനുസരിച്ച്, യുക്രേനിയൻ മേജർ ആർച്ചുബിഷപ്പിനായിരിക്കും സീറോ മലബാർസഭയിലെ മേജർ ആർച്ചുബിഷപ്പിനെക്കാൾ മുൻഗണന ലഭിക്കുന്നത്.

# 05

## രൂപതകളും മെത്രാന്മാരും

രൂപതകളെയും അവയുടെ തലവന്മാരായ മെത്രാന്മാരെയും രൂപതാ ഭരണസംവിധാനത്തെയുംപറ്റി നാല് അദ്ധ്യായങ്ങളിലായി ഈ ശീർഷകത്തിൽ പ്രതിപാദിക്കുന്നു. ആദിമസഭയിൽത്തന്നെ സഭാഭരണത്തിൽ അപ്പസ്തോലന്മാരുടെ കൈവയ്പിലൂടെ ദൈവജനശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട ആളുകൾ ഉണ്ടായിരുന്നു. എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ അപ്പസ്തോലിക പിന്തുടർച്ച അവകാശപ്പെടുന്നവരും പൗരോഹിത്യത്തിൽ പങ്കുചേരുന്നവരും വ്യത്യസ്തതലങ്ങളിലായി വേർതിരിക്കപ്പെട്ടു തുടങ്ങി. പുരോഹിതരുടെയും മ്ശംശാനാമാരുടെയും സഹായത്തോടെ ഒരു പ്രാദേശികസഭയുടെ ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നവർ മെത്രാന്മാരായി കണക്കാക്കപ്പെടുവാൻ തുടങ്ങി. പൗരോഹിത്യത്തിന്റെ പൂർണ്ണത ലഭിച്ചവരായ അവർ ബലിയർപ്പ





ണത്തിനു നേതൃത്വം നൽകുന്നവരും സഭയുടെ ഐക്യത്തിന്റെ പ്രതീകങ്ങളും സഭയെ നയിക്കുന്നവരുമായി കണക്കാക്കപ്പെട്ടു. സൂനഹദോസുകളിലൂടെയും മറ്റ് ഔദ്യോഗിക പ്രബോധനങ്ങളിലൂടെയും സാവകാശമായി വെളിവാക്കപ്പെട്ട് രണ്ടാം വത്തിക്കാൻ കൗൺസിലിൽ പൂർണ്ണവ്യക്തത നേടിയ ഒന്നാണ് മെത്രാന്മാരുടെ സ്ഥാനത്തെ സംബന്ധിച്ചുള്ള പ്രബോധനം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനത്തിന് നൈയാമികരൂപം കൊടുക്കുകയാണ് ഈ ശീർഷകത്തിലുള്ള കാനോനകൾ.

മെത്രാൻസ്ഥാനത്തിന്റെ ദൈവികസ്ഥാപനവും അപ്പസ്തോലിക പിൻതുടർച്ചയും ത്രിവിധ ദൗത്യങ്ങളും ഈ അദ്ധ്യായങ്ങളിൽ വ്യക്തമായിരിക്കുന്നു. മെത്രാന്മാരുടെ തെരഞ്ഞെടുപ്പ്, രൂപതാമെത്രാന്മാരുടെ അധികാരങ്ങളും കടമകളും, രൂപതാഭരണത്തിൽ അവരെ സഹായിക്കുന്ന സംവിധാനങ്ങൾ, മറ്റു സഹകാരികൾ, അവരുടെ സഹപ്രവർത്തകരായ ഇടവകവൈദികർ എന്നിവരെപ്പറ്റി വിശദമായി ഈ ശീർഷകത്തിൽ പറഞ്ഞിരിക്കുന്നു.

### മെത്രാന്മാർ

**കാനോന 177 : §1.** *വൈദികസമൂഹത്തിന്റെ സഹകരണത്തോടെ അജപാലനധർമ്മം നടത്തേണ്ടതിനായി മെത്രാനെ ഭരമേല്പിച്ചിരിക്കുന്ന ദൈവജനഭാഗമായ രൂപത അതിന്റെ ഇടയനോടു ചേർന്നുനിന്നുകൊണ്ടും, സുവിശേഷസന്ദേശത്തിലൂടെയും വി. കുർബ്ബാനയിലൂടെയും പരിശുദ്ധാത്മാവിൽ അദ്ദേഹംവഴി ഒന്നിച്ചു ചേർക്കപ്പെട്ടും, ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ ക്രിസ്തുവിന്റെ സഭ യഥാർത്ഥത്തിൽ സന്നിഹിതമാവുകയും പ്രവർത്തനനിരതമാവുകയും ചെയ്യുന്ന ഒരു പ്രത്യേകസഭയ്ക്കു രൂപംകൊടുക്കുന്നു.*

**§2.** *പാത്രിയാർക്കൽസഭയുടെ അധികാരസീമയ്ക്കുള്ളിൽ രൂപതകൾ സ്ഥാപിക്കുന്നതിലും പുനഃസംഘടിപ്പിക്കുന്നതിലും ഇല്ലായ്മ ചെയ്യുന്നതിലും കാനോന 85 §1 പാലിക്കപ്പെടേണ്ടതാണ്. മറ്റു സാഹചര്യങ്ങളിൽ രൂപതകളുടെ സ്ഥാപനവും പുനഃസംഘടനയും ഇല്ലായ്മചെയ്യലും ശ്ലൈഹികസിംഹാസനത്തിന്റെ മാത്രം അധികാരത്തിൽപ്പെടുന്നതാണ്.*

സഭാത്മകവും ദൈവശാസ്ത്രപരവുമായ ഒരു നിർവ്വചനമാണ് രൂപതയ്ക്ക് കാനൻനിയമത്തിൽ കൊടുത്തിരിക്കുന്നത്. മെത്രാന്മാരെ

സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ (CD)യിലെ 11-ാം നമ്പറിന്റെ അടിസ്ഥാനത്തിൽ രൂപംകൊടുത്തിരിക്കുന്ന ഈ കാനോനയിൽ സാർവ്വത്രികസഭയുടെ ഏകത്വം, വിശുദ്ധി, കാതോലികത്വം, ശ്ലൈഹികത എന്നീ എല്ലാ അവശ്യഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു 'പ്രത്യേക സഭ' (Particular Church)യായി രൂപതയെ നിർവ്വഹിച്ചിരിക്കുന്നു. ഇങ്ങനെയുള്ള രൂപത ഒരു മെത്രാന്റെ അജപാലനത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന 'ദൈവജനത്തിന്റെ ഒരു ഭാഗ'മാണ്. രൂപതയെ സാർവ്വത്രിക സഭാകൂട്ടായ്മയിലെ ഒരു 'പ്രത്യേകസഭ'യായി നിർവ്വചിക്കുകവഴി വത്തിക്കാൻ കൗൺസിലിന്റെ ദൈവശാസ്ത്രപഠനങ്ങളെ സ്വാംശീകരിക്കാൻ ഈ കാനോന ശ്രമിച്ചിരിക്കുന്നു. ഈ 'പ്രത്യേകസഭ' യുടെ ഭരണ ഉത്തരവാദിത്വം പുരോഹിതരുടെ സഹകരണത്തോടെ മെത്രാൻ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. രൂപതയുടെ തലവനായ മെത്രാനുമായി വിശ്വാസം പങ്കുവയ്ക്കുകവഴി സാർവ്വത്രികസഭയാകുന്ന കൂട്ടായ്മയിലും വിശ്വാസികൾ പങ്കുചേരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ദൈവവചനപ്രഘോഷണവും വി. കുർബ്ബാനയും വഴി മെത്രാൻ തന്റെ ശുശ്രൂഷയ്ക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തെ ഒരുമിച്ചുകൂട്ടുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യേണ്ടതാണ്.

**കാനോന 178 :** *രൂപതയുടെ അജപാലനധർമ്മം സ്വന്തംപേരിൽ നടത്തുന്നതിനായി ഏല്പിക്കപ്പെട്ടിരിക്കുന്ന രൂപതാദ്ധ്യക്ഷൻ ക്രിസ്തുവിന്റെ വികാരിയും സ്ഥാനപതിയുമെന്ന നിലയിൽ അതിനെ ഭരിക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ അദ്ദേഹം വ്യക്തിപരമായി വിനിയോഗിക്കുന്ന അധികാരം സ്വകീയവും (proper) ഉദ്യോഗസഹജവും (ordinary) നേരിട്ടുള്ളതു (immediate) മാണ്. ഈ അധികാരവിനിയോഗം ആത്യന്തികമായി സഭയുടെ പരമാധികാരത്താൽ നിയന്ത്രിക്കപ്പെടുന്നതും, സഭയുടെയോ ക്രൈസ്തവവിശ്വാസികളുടെയോ പൊതുനന്മയെ മുന്നിൽ കണ്ടുകൊണ്ട് ചില പരിമിതികൾക്കു വിധേയമാക്കാവുന്നതാണ്.*

മെത്രാന്മാർ ക്രിസ്തുവിന്റെ വികാരിമാരും പ്രതിനിധികളുമെന്ന നിലയിൽ സ്വന്തംപേരിൽ രൂപതയിലെ അജപാലനാധികാരം വിനിയോഗിക്കുന്നു. മെത്രാൻ മാർപാപ്പയുടെ അധികാരത്തിൽ പങ്കുചേരുകയല്ല, മറിച്ച് ക്രിസ്തുനാഥന്റെ പേരിൽ ദൈവജനത്തെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും നയിക്കുകയുമാണ്. രൂപതാമെത്രാന്റെ അധികാരം സ്വഭാവത്താലേ സ്വകീയവും (അതായത്, സ്വന്തംപേരിൽ നിർവ്വഹിക്കപ്പെടുന്നത്) ഉദ്യോഗസഹജവും (അ





തായത്, നിയമത്താൽത്തന്നെയുള്ളത്) നേരിട്ട് എല്ലാ വിശ്വാസികളുടെയുംമേൽ ഉള്ളതുമാണ്. മെത്രാന് തന്റെ രൂപതയിലുള്ള എല്ലാ വിശ്വാസികളുടെമേലും നേരിട്ടധികാരമുണ്ട്. എന്നാൽ, മറ്റു രൂപതകളിലുള്ള വിശ്വാസികളുടെമേൽ പാത്രിയർക്കീസിന് നേരിട്ടധികാരമില്ല; സ്ഥലത്തെ മെത്രാൻവഴിവേണം പാത്രിയർക്കീസ് തന്റെ അധികാരം വിനിയോഗിക്കാൻ. മെത്രാൻസ്ഥാനവും മെത്രാന്റെ അധികാരങ്ങളും ദൈവികമാണെന്നും, കർത്താവിനാൽ സ്ഥാപിക്കപ്പെട്ടതാണെന്നും കാനോനയിൽനിന്നും സൂചനലഭിക്കുന്നു.

**കാനോന 179 :** *സ്വന്തംപേരിൽ ഭരിക്കപ്പെടേണ്ടതിനായി ഒരു രൂപത ഏല്പിക്കപ്പെടാത്ത മെത്രാന്മാർ - അവർ മറ്റേതെങ്കിലും ഔദ്യോഗിക കർത്തവ്യം സഭയിൽ നിർവ്വഹിച്ചിട്ടുള്ളവരും നിർവ്വഹിക്കുന്നവരുമാണെങ്കിൽപ്പോലും - സ്ഥാനികമെത്രാന്മാർ എന്നു വിളിക്കപ്പെടുന്നു.*

രൂപതയുടെ ഭരണച്ചുമതല ഇല്ലാത്ത മെത്രാന്മാരെ സ്ഥാനികമെത്രാന്മാർ എന്നു വിളിക്കുന്നു. അവർക്കു മറ്റേതെങ്കിലും ഉത്തരവാദിത്വം കണ്ടുവെന്നു വരാം. അതുമല്ലെങ്കിൽ അവർ സ്ഥാനമൊഴിഞ്ഞ മെത്രാന്മാരുമാകാം. ഇവർക്കുംപുറമെ, സഹായമെത്രാന്മാർ, പാത്രിയാർക്കൽ കൂരിയായിൽ നിയമിതരാകുന്ന മെത്രാന്മാർ എന്നിവരും സ്ഥാനികമെത്രാന്മാരാണ്.

സ്ഥാനത്തുനിന്നും വിരമിച്ച രൂപതാമെത്രാൻ അദ്ദേഹം ഭരിച്ചിരുന്ന രൂപതയുടെ മുൻമെത്രാൻ എന്നറിയപ്പെടുന്നു. എന്നാൽ മറ്റു സ്ഥാനികമെത്രാന്മാരെല്ലാവരും ലോകത്തെവിടെയെങ്കിലും ഉണ്ടായിരുന്നതും ഇപ്പോൾ നാമാവശേഷമായതുമായ രൂപതാസിംഹാസനങ്ങളുടെ പേരിൽ അറിയപ്പെടുന്നു.

## മെത്രാന്മാരുടെ തെരഞ്ഞെടുപ്പ്

**കാനോന 180 :** *ഒരാൾ മെത്രാൻപദവിയിലേക്ക് യോഗ്യനായി കണക്കാക്കപ്പെടേണ്ടതിന് അയാൾ:*

**1°.** *ഉറച്ച വിശ്വാസത്തിലും സൽസ്വഭാവത്തിലും ഭക്തിയിലും ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയിലും വിവേകത്തിലും മുൻപന്തിയിൽ നില്ക്കുന്നവനും;*

**2°.** *ആദരണീയനും;*

**3°.** *വിവാഹബന്ധത്തിൽനിന്നു സ്വതന്ത്രനും;*

**4°.** *35 വയസ്സ് എങ്കിലും പ്രായമുള്ളവനും;*

**5°.** *പൗരോഹിത്യ പദവിയിൽ 5 വർഷമെങ്കിലും പൂർത്തിയാക്കിയവനും;*

**6°.** *ഏതെങ്കിലും വിശുദ്ധശാസ്ത്ര (sacred science)ത്തിൽ ഡോക്ടറേറ്റോ മാസ്റ്റർ ബിരുദമോ കുറഞ്ഞപക്ഷം ആഴമേറിയ അറിവെങ്കിലുമോ ഉള്ളവനും ആയിരിക്കണം.*

പാത്രിയാർക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളിൽ, അതിർത്തിക്കുള്ളിലുള്ള മെത്രാന്മാരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം മെത്രാന്മാരുടെ സിനഡിനു കൊടുത്തിരിക്കുന്നു. അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ ഏവയെന്ന് ഈ കാനോന വ്യക്തമാക്കുന്നു.

**കാനോന 181 : §1.** *പൊതുനിയമം മറിച്ച് വ്യവസ്ഥ ചെയ്യാത്ത പക്ഷം 947 മുതൽ 957 വരെ കാനോനകളിലെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള കാനോനിക തിരഞ്ഞെടുപ്പുവഴി, പാത്രിയാർക്കൽ സഭയുടെ അധികാരസീമയ്ക്കുള്ളിൽ ഒഴിവായിക്കിടക്കുന്ന രൂപതാസിംഹാസനത്തിലേക്കോ മറ്റെന്തെങ്കിലും ചുമതല നിറവേറ്റുന്നതിനുവേണ്ടിയോ മെത്രാന്മാർ നിയുക്തരാകുന്നു.*

**§2.** *149, 168 എന്നീ കാനോനകൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ റോമാമാർപാപ്പ മറ്റു മെത്രാന്മാരെ നിയമിക്കുന്നു.*

**കാനോന 182 : §1.** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിലെ അംഗങ്ങൾക്കു മാത്രമേ അനുയോജ്യരായ സ്ഥാനാർത്ഥികളെ മെത്രാൻപദവിയിലേക്കു നിർദ്ദേശിക്കാനാവുകയുള്ളൂ. സ്ഥാനാർത്ഥികളുടെ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ വിവരങ്ങളും രേഖകളും പ്രത്യേകനിയമത്തിന്റെ മാനദണ്ഡമനുസരിച്ച് ശേഖരിക്കേണ്ടത് അവരാണ്. ഇങ്ങനെ ചെയ്യുമ്പോൾ ഉചിതമെന്ന് തോന്നിയാൽ ഏതാനും വൈദികരുമായും വിവേകവും ക്രിസ്തീയജീവിതത്തിലും മുൻപന്തിയിൽ നില്ക്കുന്ന മറ്റു ക്രൈസ്തവവിശ്വാസികളുമായും രഹസ്യമായും വ്യക്തിപരമായും ആലോചന നടത്താവുന്നതാണ്.*

**§2.** *പാത്രിയാർക്കൽസഭയിലെ മെത്രാൻമാരുടെ സിനഡ് വിളിച്ചുകൂട്ടുന്നതിനുമുമ്പ്, ഉചിതമായ സമയത്ത്, മെത്രാന്മാർ പാത്രിയർക്കീസിനെ ഈ അന്വേഷണവിവരമറിയിക്കേണ്ടതാണ്. പാത്രിയർക്കീസാകട്ടെ, ആവശ്യമെങ്കിൽ സ്വന്തം അറിവുകളും (informations) കൂടി കൂട്ടിച്ചേർത്ത് വിവരം സിനഡിലെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതാണ്.*





**§3.** *റോമാമാർപാപ്പ അംഗീകരിച്ച പ്രത്യേകനിയമം മറിച്ചു നിർദ്ദേശിക്കുന്നില്ലാത്തപക്ഷം പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് സ്ഥാനാർത്ഥികളുടെ പേരുകൾ പരിശോധിക്കുകയും രഹസ്യവോട്ടുവഴി സ്ഥാനാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുകയും മാർപാപ്പയുടെ അംഗീകാരം ലഭിക്കുന്നതിനായി പാത്രിയർക്കീസുവഴി ലിസ്റ്റ് ശ്ലൈഹികസിംഹാസനത്തിലേക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.*

**§4.** *ഒരു നിശ്ചിതസ്ഥാനാർത്ഥിക്ക് ഒരിക്കൽ നൽകപ്പെട്ട റോമാമാർപാപ്പയുടെ അംഗീകാരം അതു വ്യക്തമായി പിൻവലിക്കപ്പെടുന്നതുവരെ സാധുവാണ്. അംഗീകാരം പിൻവലിക്കപ്പെടുകയാണെങ്കിൽ ആ സ്ഥാനാർത്ഥിയുടെ പേര് ലിസ്റ്റിൽനിന്നും നീക്കം ചെയ്യേണ്ടതാണ്.*

സിനഡിൽ അംഗത്വമുള്ള മെത്രാന്മാർക്കുമാത്രമേ പേരുകൾ നിർദ്ദേശിക്കുവാൻ അവകാശമുള്ളൂ. അതിനായി വേണമെങ്കിൽ മറ്റു വിശ്വാസികളോട് – പുരോഹിതരോടോ സന്ന്യസ്തരോടോ അത്മായരോടോ – അഭിപ്രായം ചോദിക്കുന്നതിൽ വിരോധമില്ല. എന്നാൽ, അത്തരം അന്വേഷണങ്ങൾ രഹസ്യസ്വഭാവമുള്ളവയും വ്യക്തിഗതവുമായിരിക്കണം.

മെത്രാന്മാർ പേരുകളോടൊപ്പം തങ്ങൾ ശേഖരിച്ച വിവരങ്ങളുംകൂടി പാത്രിയർക്കീസിനു സമർപ്പിക്കണം. പാത്രിയർക്കീസ് സ്വന്തം നിലയിൽ കൂടുതൽ പേരുകൾ ചേർക്കുകയോ ഓരോരുത്തരെയുംപറ്റി കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയോ ചെയ്തെന്നിരിക്കാം. ഈ പേരുകളും വിവരങ്ങളുംകൂടി സിനഡ് അംഗങ്ങൾക്കു പഠനത്തിനായി പാത്രിയർക്കീസ് കൊടുക്കുന്നു. നിയമാനുസൃതം വിളിച്ചുകൂട്ടുന്ന സിനഡിൽ രഹസ്യവോട്ടിംഗിലൂടെ മെത്രാന്മാർ ഒരു ലിസ്റ്റു തയ്യാറാക്കുന്നു. ആ ലിസ്റ്റ് പാത്രിയർക്കീസ് ശ്ലൈഹികസിംഹാസനത്തിന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കണം. മാർപാപ്പയുടെ അംഗീകാരം ഒരിക്കൽ കിട്ടിയാൽ പിന്നീട് പിൻവലിക്കപ്പെടുന്നതുവരെ അതു പ്രാബല്യത്തിൽ നില്ക്കും.

**കാനോന 183 : §1.** *കാനോനികമായ വിളിച്ചുകൂട്ടൽ നടന്നുകഴിഞ്ഞാൽ ന്യായമായ തടസ്സങ്ങൾമൂലം പങ്കെടുക്കുവാൻ പറ്റാത്തവരൊഴിച്ച്, പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിൽ സംബന്ധിക്കുവാൻ കടപ്പെട്ടവരിൽ മൂന്നിൽ രണ്ടുഭാഗം*

*മെത്രാന്മാർ നിശ്ചിതസ്ഥലത്ത് സന്നിഹിതരാണെങ്കിൽ സിനഡ് കാനോനികമാണെന്നു പ്രഖ്യാപിക്കുകയും തെരഞ്ഞെടുപ്പ് ആരംഭിക്കുകയും ചെയ്യാവുന്നതാണ്*

**§2.** *ദൈവതിരുമുമ്പിൽ കൂടുതൽ യോഗ്യതയുള്ളതായും മറ്റുള്ളവരെക്കാൾ കൂടുതൽ അനുയോജ്യനായും തങ്ങൾ കരുതുന്ന വ്യക്തിയെ മെത്രാന്മാർ സ്വതന്ത്രമായി തെരഞ്ഞെടുക്കേണ്ടതാണ്.*

**§3.** *തെരഞ്ഞെടുക്കപ്പെടേണ്ടതിന്, സന്നിഹിതരായിരിക്കുന്നവരുടെ വോട്ടിന്റെ കേവലഭൂരിപക്ഷം ലഭിച്ചിരിക്കണം. തീരുമാനത്തിലെത്താൻ കഴിയാത്ത (inconclusive) മൂന്ന് വോട്ടെടുപ്പുകൾക്കുശേഷം, മൂന്നാമത്തെ വോട്ടെടുപ്പിൽ കൂടുതൽ വോട്ടുകൾ ലഭിച്ച രണ്ടു സ്ഥാനാർത്ഥികൾക്കുമാത്രം നാലാമത്തെ വോട്ടെടുപ്പിൽ വോട്ടു ചെയ്യുന്നു.*

**§4.** *മൂന്നാമത്തെയോ നാലാമത്തെയോ വോട്ടെടുപ്പിൽ വോട്ടുകളുടെ സമനിലമൂലം ആരെല്ലാമാണ് വീണ്ടുമുള്ള വോട്ടെടുപ്പിന് സ്ഥാനാർത്ഥികളെന്നോ അല്ലെങ്കിൽ ആരാണ് തെരഞ്ഞെടുക്കപ്പെട്ടതെന്നോ തീർച്ചയില്ലാതെ വരുമ്പോൾ വൈദികപട്ടത്തിൽ സീനിയറായിട്ടുള്ള വ്യക്തിക്ക് അനുകൂലമായി തീരുമാനമെടുക്കുന്നു. വൈദികപട്ടത്തിൽ ആരും മറ്റുള്ളവരെക്കാൾ സീനിയറല്ലെങ്കിൽ പ്രായംകൂടിയ വ്യക്തിയെ തെരഞ്ഞെടുക്കുന്നു.*

**കാനോന 184 : §1.** *റോമാമാർപാപ്പ അംഗീകരിച്ച ലിസ്റ്റിലുള്ളയാളാണ് തെരഞ്ഞെടുക്കപ്പെട്ടതെങ്കിൽ തെരഞ്ഞെടുപ്പുഫലം പാത്രിയർക്കീസ് അയാളെ രഹസ്യമായി അറിയിക്കേണ്ടതാണ്.*

**§2.** *തെരഞ്ഞെടുക്കപ്പെട്ടയാൾ തെരഞ്ഞെടുപ്പ് സ്വീകരിക്കുന്നു എങ്കിൽ ഉടനെത്തന്നെ തെരഞ്ഞെടുപ്പുസ്വീകരണത്തെയും തെരഞ്ഞെടുപ്പുവിവരം പ്രഖ്യാപിക്കുന്ന ദിവസത്തെയുംപറ്റി പാത്രിയർക്കീസ് ശ്ലൈഹികസിംഹാസനത്തെ അറിയിക്കേണ്ടതാണ്.*

**കാനോന 185 : §1.** *തെരഞ്ഞെടുക്കപ്പെട്ട വ്യക്തി സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽപ്പെടാത്തയാളാണെങ്കിൽ റോമാമാർപാപ്പയുടെ അംഗീകാരം ലഭിക്കേണ്ടതിനായി നടന്നുകഴിഞ്ഞ തെരഞ്ഞെടുപ്പിനെപ്പറ്റി പാത്രിയർക്കീസ് എത്രയും പെട്ടെന്ന് ശ്ലൈഹികസിംഹാസനത്തെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ തെരഞ്ഞെടുപ്പുഫലം അറിഞ്ഞിട്ടുള്ള എല്ലാവരും*





*അംഗീകാരവിവരം പാത്രിയർക്കീസിന് ലഭിക്കുന്നതുവരെ തെരഞ്ഞെടുക്കപ്പെട്ടയാളോടുപോലും രഹസ്യം പാലിക്കേണ്ടതാണ്.*

**§2.** *റോമാമാർപാപ്പയുടെ അംഗീകാരം ലഭിച്ചതിനുശേഷം പാത്രിയർക്കീസ് തെരഞ്ഞെടുക്കപ്പെട്ടയാളെ തെരഞ്ഞെടുപ്പുവിവരം രഹസ്യമായി അറിയിക്കേണ്ടതും കാനോന 184 §2 അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.*

**കാനോന 186 : §1.** *പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടാൻ സാധിക്കാത്തപക്ഷം ശ്ലൈഹികസിംഹാസനവുമായി ആലോചിച്ചതിനുശേഷം പാത്രിയർക്കീസ് മെത്രാന്മാരുടെ വോട്ട് കത്തുമുഖേന ആവശ്യപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ നടപടിയുടെ സാധുതയ്ക്കായി രണ്ടു മെത്രാന്മാരുടെ സേവനം സൂക്ഷ്മപരിശോധകർ എന്ന നിലയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രത്യേകനിയമത്തിന്റെ മാനദണ്ഡമനുസരിച്ചോ, ഇപ്രകാരം സംവിധാനം ഇല്ലെങ്കിൽ സ്ഥിരസിനഡിന്റെ സമ്മതത്തോടെ പാത്രിയർക്കീസിനാലോ, അവർ നിയോഗിക്കപ്പെടേണ്ടതാണ്.*

**§2.** *സൂക്ഷ്മപരിശോധകർ രഹസ്യം പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അവർ മെത്രാന്മാരുടെ കത്തുകൾ തുറക്കുകയും വോട്ടുകൾ എണ്ണുകയും വോട്ടെടുപ്പിന്റെ നടപടിക്രമത്തെസംബന്ധിച്ച രേഖാമൂലമുള്ള റിപ്പോർട്ടിൽ പാത്രിയർക്കീസിനോടൊപ്പം ഒപ്പുവയ്ക്കുകയും ചെയ്യേണ്ടതാണ്.*

**§3.** *ഒരു വോട്ടെടുപ്പിൽത്തന്നെ സ്ഥാനാർത്ഥികളിൽ ഒരാൾക്ക് സിനഡ് അംഗങ്ങളുടെ വോട്ടിന്റെ കേവല ഭൂരിപക്ഷം ലഭിക്കുകയാണെങ്കിൽ അയാൾ തെരഞ്ഞെടുക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നു. 184, 185 എന്നീ കാനോനകളുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പാത്രിയർക്കീസ് മുന്നോട്ടു നീങ്ങുന്നു. അല്ലാത്തപക്ഷം പാത്രിയർക്കീസ് ഇക്കാര്യം ശ്ലൈഹിക സിംഹാസനത്തിനു നീക്കിവയ്ക്കുന്നു.*

ഏതെങ്കിലും രൂപതയിൽ ഒഴിവു വരികയോ ആവശ്യം വരികയോ ചെയ്യുമ്പോൾ മെത്രാൻതെരഞ്ഞെടുപ്പിനായി പാത്രിയർക്കീസ് മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടുന്നു. ആകെയുള്ള സിനഡ് അംഗങ്ങളിൽ മൂന്നിൽ രണ്ടുപേർ പങ്കെടുത്താൽ സിനഡ് കാനോനികമായിരിക്കും. ആ സിനഡിൽവച്ച് ബിഷപ്പുമാർ സ്വതന്ത്രമായി ദൈവതിരു

മുമ്പിൽ ഏറ്റവും യോഗ്യനെന്നു തങ്ങൾക്കു തോന്നുന്നയാളിനെ തെരഞ്ഞെടുക്കുന്നു. ഭൂരിപക്ഷം – അതായത് പകുതിയിലധികം – വോട്ടുകൾ ലഭിക്കുന്നയാൾ അംഗീകൃതലിസ്റ്റിലുള്ളയാളാണെങ്കിൽ അദ്ദേഹത്തോടു സമ്മതം ചോദിക്കുന്നു. സമ്മതമെങ്കിൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതായി ഉടൻതന്നെ പാത്രിയർക്കീസ് പരിശുദ്ധ സിംഹാസനത്തെ അറിയിക്കുകയും തെരഞ്ഞെടുപ്പുവിവരം പ്രഖ്യാപിക്കേണ്ട തീയതി നിശ്ചയിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെട്ടയാൾക്ക് മാർപാപ്പയുടെ മുൻഅംഗീകാരം ലഭിച്ചതല്ലെങ്കിൽ, രഹസ്യമായി വിവരം പരിശുദ്ധ സിംഹാസനത്തെ അറിയിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തതിനുശേഷം അദ്ദേഹത്തിന്റെ സമ്മതം ചോദിക്കുന്നു. മറ്റു നടപടികൾ മുൻനിശ്ചയപ്രകാരം നടക്കുന്നു.

**കാനോന 187 : §1.** *മെത്രാൻപദവിയിലേക്ക് ഏതൊരാളും ഉയർത്തപ്പെടുന്നതിന് കാനോനികമായ ഏല്പിച്ചുകൊടുക്കൽ (canonical provision) ആവശ്യമാണ്. അതുവഴിയായി ഒരാൾ ഒരു നിശ്ചിത രൂപതയുടെ മെത്രാനായി നിയമിക്കപ്പെടുകയോ സഭയിൽ മറ്റേതെങ്കിലും പ്രത്യേക കർത്തവ്യം അയാൾക്കു ഭരമേല്പിക്കപ്പെടുകയോ ചെയ്യുന്നു.*

**§2.** *മെത്രാൻപട്ടം സ്വീകരിക്കുന്നതിനുമുമ്പായി നിയുക്തമെത്രാൻ വിശ്വാസപ്രഖ്യാപനവും റോമാമാർപാപ്പയോടുള്ള വിധേയത്വവാഗ്ദാനവും നടത്തണം. പാത്രിയാർക്കൽസഭകളിൽ, അദ്ദേഹം ഏതെല്ലാം കാര്യങ്ങളിൽ നിയമാനുസൃതം പാത്രിയർക്കീസിന് കീഴ്പ്പെട്ടിരിക്കുന്നുവോ അക്കാര്യങ്ങളിൽ, പാത്രിയർക്കീസിനോടും അനുസരണം വാഗ്ദാനം ചെയ്യേണ്ടതാണ്.*

**കാനോന 188 : §1.** *ന്യായമായ ഒരു തടസ്സത്താൽ തടയപ്പെടുന്നില്ലാത്തപക്ഷം, മെത്രാൻപദവിയിലേക്ക് ഉയർത്തപ്പെടേണ്ടയാൾ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണെങ്കിൽ പ്രഖ്യാപനത്തിനുശേഷവും, നിയമനമാണെങ്കിൽ ശ്ലൈഹികസിംഹാസനത്തിൽനിന്നു കത്തു കിട്ടിയതിനുശേഷവും, മൂന്നു മാസത്തിനുള്ളിൽ മെത്രാൻപട്ടം സ്വീകരിക്കേണ്ടതാണ്.*

**§2.** *രൂപതാമെത്രാൻ തന്റെ തെരഞ്ഞെടുപ്പിനോ നിയമനത്തിനോ ശേഷം നാലുമാസത്തിനുള്ളിൽ കാനോനികമായി രൂപതാഭരണം ഏറ്റെടുക്കേണ്ടതാണ്.*





**കാനോന 189 : §1.** *നിയമാനുസൃതം നടത്തപ്പെടുന്ന സിംഹാസനാരോഹണ ചടങ്ങാൽത്തന്നെ രൂപതാമെത്രാൻ കാനോനികമായി രൂപതാഭരണം ഏറ്റെടുക്കുന്നു. അവിടെവച്ചു കാനോനികമായ ഏല്പിച്ചുകൊടുക്കലിനെപ്പറ്റിയുള്ള ശ്ലൈഹിക സിംഹാസനത്തിന്റെയോ പാത്രിയർക്കീസിന്റെയോ കത്തു പരസ്യമായി വായിക്കപ്പെടുന്നു.*

**§2.** *സിംഹാസനാരോഹണത്തെപ്പറ്റി ഔദ്യോഗികരേഖ ഉണ്ടാക്കുകയും, രൂപതാമെത്രാൻ രൂപതാകൂരിയായിലെ ചാൻസലറോടും കുറഞ്ഞപക്ഷം രണ്ടു സാക്ഷികളോടുംകൂടെ അതിൽ ഒപ്പുവയ്ക്കുകയും, പ്രസ്തുതരേഖ രൂപതാകൂരിയായിലെ രേഖാലയത്തിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.*

**§3.** *തന്റെ സിംഹാസനാരോഹണത്തിനു മുൻപേ രൂപതയുടെ ഭരണത്തിൽ മെത്രാൻ വ്യക്തിപരമായോ മറ്റുള്ളവർവഴിയായോ ഏതെങ്കിലും പദവിയുടെ പേരിലോ ഒരുതരത്തിലും ഇടപെടാൻ പാടില്ലാത്തതാകുന്നു. രൂപതയിൽ എന്തെങ്കിലും ഉദ്യോഗമുള്ള ആളാണ് അദ്ദേഹമെങ്കിൽ അദ്ദേഹത്തിന് ആ ഉദ്യോഗം തുടർന്നും നടത്തിക്കൊണ്ടുപോകാവുന്നതാണ്.*

തെരഞ്ഞെടുക്കപ്പെടുന്ന ആളിനെ ഔദ്യോഗികമായി നിയമിക്കുക പാത്രിയർക്കീസോ, പാത്രിയർക്കീസിന്റെ അധികാരപരിധിക്കു പുറത്തെങ്കിൽ മാർപാപ്പയോ ആയിരിക്കും. നിയുക്തമെത്രാൻ മെത്രാൻപട്ടം സ്വീകരിക്കുന്നതിനു മുമ്പായി സഭയുടെ വിശ്വാസം പ്രഖ്യാപിക്കുകയും റോമാമാർപാപ്പയോടും പാത്രിയർക്കീസിനോടുമുള്ള വിധേയത്വവും അനുസരണവും പ്രഖ്യാപിക്കുകയും ചെയ്യേണ്ടതുണ്ട്. സാധാരണഗതിയിൽ പ്രഖ്യാപനത്തിനുശേഷം മൂന്നു മാസത്തിനകം മെത്രാൻപട്ടം സ്വീകരിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ നാലു മാസത്തിനകം സ്ഥാനാരോഹണവും നടത്തേണ്ടതുണ്ട്. ആ ചടങ്ങിൽവച്ചു നിയമനപത്രം പരസ്യമായി വായിക്കുകയും, മെത്രാനും ചാൻസലറും മറ്റു രണ്ടു സാക്ഷികളും ഒപ്പിട്ട് രൂപതാരേഖാലയത്തിൽ സൂക്ഷിക്കുകയും ചെയ്യണം. ഔദ്യോഗികമായി സ്ഥാനം ഏല്ക്കുന്നതിനുമുമ്പായി തെരഞ്ഞെടുക്കപ്പെടുന്നയാൾ ഭരണപരമായ ഒരു കാര്യത്തിലും ഇടപെടുവാൻ പാടില്ല.

## പിന്തുടർച്ചാവകാശമുള്ള മെത്രാന്മാരും സഹായമെത്രാന്മാരും

**കാനോന 212 : §1.** *രൂപതയുടെ അജപാലനാവശ്യങ്ങൾ അനുപേക്ഷണീയമാക്കിത്തീർക്കുന്നപക്ഷം രൂപതാമെത്രാന്റെ അപേക്ഷ*

*പ്രകാരം ഒന്നോ അതിലധികമോ സഹായമെത്രാന്മാരെ നിയമിക്കാവുന്നതാണ്.*

**§2.** *കൂടുതൽ ഗൗരവമുള്ള സാഹചര്യങ്ങളിൽ – അവ വ്യക്തിപരമായ സ്വഭാവത്തോടുകൂടിയുള്ളതാണെങ്കിൽപോലും – ഔദ്യോഗികമായിത്തന്നെ പിൻതുടർച്ചാവകാശത്തോടും പ്രത്യേക അധികാരങ്ങളോടുംകൂടി ഒരു സഹായമെത്രാനെ (co-adjutor bishop) നിയമിക്കാവുന്നതാണ്.*

**കാനോന 213 : §1.** *പൊതുനിയമം വ്യവസ്ഥചെയ്യുന്ന അവകാശങ്ങൾക്കും കടമകൾക്കും പുറമേ, നിയമനപത്രത്തിൽ നിശ്ചയിച്ചിട്ടുള്ളവയുംകൂടി പിന്തുടർച്ചാവകാശമുള്ള മെത്രാന് ഉണ്ടായിരിക്കുന്നതാണ്.*

**§2.** *പാത്രിയർക്കീസിനാൽ നിയമിക്കപ്പെടുന്ന പിന്തുടർച്ചാവകാശമുള്ള മെത്രാന്റെ അവകാശങ്ങളും കടമകളും സ്ഥിരസിനഡുമായി ആലോചിച്ചതിനുശേഷം പാത്രിയർക്കീസ് നിശ്ചയിക്കുന്നു. എന്നാൽ രൂപതാമെത്രാന്റെ എല്ലാ അവകാശങ്ങളും കടമകളും നല്കപ്പെടേണ്ട പിന്തുടർച്ചാവകാശമുള്ള ഒരു മെത്രാന്റെ കാര്യമാണെങ്കിൽ പാത്രിയാർക്കൽസഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതം ആവശ്യമാണ്.*

**§3.** *പൊതുനിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളവയാണ് സഹായമെത്രാന്റെ അവകാശങ്ങളും കടമകളും.*

**കാനോന 214 : §1.** *പിൻതുടർച്ചാവകാശമുള്ള മെത്രാനും സഹായമെത്രാനും തങ്ങളുടെ ഔദ്യോഗികസ്ഥാനം കാനോനികമായി ഏറ്റെടുക്കുന്നതിന് നിയമനപത്രം (letter of canonical provision) രൂപതാമെത്രാനെ കാണിക്കേണ്ടതാണ്.*

**§2.** *പിൻതുടർച്ചാവകാശമുള്ള മെത്രാൻ ഈ നിയമനപത്രം രൂപതാആലോചനാസംഘത്തെക്കൂടി കാണിക്കേണ്ടതാണ്.*

**§3.** *രൂപതാമെത്രാൻ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പിന്തുടർച്ചാവകാശമുള്ള മെത്രാനും സഹായമെത്രാനും നിയമനപത്രം രൂപതാ ആലോചനാസംഘത്തെ കാണിച്ചാൽ മതിയാകുന്നതാണ്.*

**§4.** *നിയമനപത്രം കാണിക്കുന്ന അവസരത്തിൽ ചാൻസലർ സന്നിഹിതനായിരിക്കുകയും വിവരം ഔദ്യോഗികമായി രേഖപ്പെടുത്തുകയും ചെയ്യണം.*





**കാനോന 215 : §1.** *രൂപതാമെത്രാന്റെ അസാന്നിദ്ധ്യത്തിലോ, അദ്ദേഹം തടസ്സപ്പെട്ടിരിക്കുമ്പോഴോ അദ്ദേഹത്തിന്റെ സ്ഥാനം പിന്തുടർച്ചാവകാശമുള്ള മെത്രാൻ ഏറ്റെടുക്കുന്നു. അദ്ദേഹം പ്രോട്ടോസിഞ്ചെല്ലൂസ് ആയി നിയമിക്കപ്പെടണം. നിയമത്താൽ പ്രത്യേക അനുമതി (mandate) ആവശ്യമുള്ള കാര്യങ്ങൾ രൂപതാമെത്രാൻ മറ്റുള്ളവരെക്കാൾ മുൻഗണനയോടെ (before others) അദ്ദേഹത്തെ ഏല്പിക്കേണ്ടതാണ്.*

**§2.** *§1-നു വിരുദ്ധമാകാതെ രൂപതാമെത്രാൻ സഹായമെത്രാനെ പ്രോട്ടോസിഞ്ചെല്ലൂസ് ആയി നിയമിക്കണം. എന്നാൽ ഒന്നിലധികം സഹായമെത്രാൻമാരുണ്ടെങ്കിൽ അദ്ദേഹം അവരിലൊരാളെ പ്രോട്ടോസിഞ്ചെല്ലൂസ് ആയും മറ്റുള്ളവരെ സിഞ്ചെല്ലൂസുമാരുമായും (syncelli) നിയമിക്കണം.*

**§3.** *വലിയ പ്രാധാന്യമുള്ള – വിശിഷ്യ അജപാലനസ്വഭാവമുള്ള – കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ രൂപതാമെത്രാൻ മറ്റുള്ളവരെക്കാൾ മുമ്പായി സഹായമെത്രാന്മാരോട് ആലോചിക്കണം.*

**§4.** *രൂപതാമെത്രാന്റെ ഉത്തരവാദിത്വങ്ങളിൽ ഭാഗഭാക്കുകളാകുവാൻ വിളിക്കപ്പെട്ടവർ എന്നനിലയിൽ പിന്തുടർച്ചാവകാശമുള്ള മെത്രാനും സഹായമെത്രാനും എല്ലാ കാര്യങ്ങളിലും രൂപതാമെത്രാനുമായി പൂർണ്ണയോജിപ്പിൽ വർത്തിക്കത്തക്കവിധം തങ്ങളുടെ ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.*

**കാനോന 216 : §1.** *ന്യായമായ തടസ്സങ്ങളില്ലാത്തപക്ഷം പിന്തുടർച്ചാവകാശമുള്ള മെത്രാനും സഹായമെത്രാനും രൂപതാമെത്രാൻ തന്നെ ചെയ്യേണ്ടതായ കർമ്മങ്ങൾ അദ്ദേഹം ആവശ്യപ്പെടുമ്പോഴെല്ലാം നിർവ്വഹിക്കേണ്ടതാണ്.*

**§2.** *പിന്തുടർച്ചാവകാശമുള്ള മെത്രാനും സഹായമെത്രാനും ചെയ്യാവുന്നതും ചെയ്യുവാൻ ആഗ്രഹിക്കുന്നതുമായ മെത്രാനടുത്ത അവകാശങ്ങളും കർത്തവ്യങ്ങളും രൂപതാമെത്രാൻ സ്ഥിരമായി മറ്റുള്ളവരെ ഏല്പിക്കുവാൻ പാടില്ലാത്തതാകുന്നു.*

**കാനോന 217 :** *പിൻതുടർച്ചാവകാശമുള്ള മെത്രാനും സഹായമെത്രാനും രൂപതയിൽ താമസിക്കുവാൻ കടപ്പെട്ടിരിക്കുന്നു. രൂപതയ്ക്കു വെളിയിൽ എന്തെങ്കിലും കർത്തവ്യനിർവ്വഹണത്തിനോ, ഒരു മാസത്തിൽ കവിയാത്ത അവധിക്കാലത്തിനോ അല്ലാതെ ചുരുങ്ങിയ ഒരു കാലയളവിൽ കൂടുതൽ അവർ രൂപതയിൽനിന്നും മാറിനില്ക്കാൻ പാടില്ലാത്തതാകുന്നു.*

**കാനോന 218 :** *പിൻതുടർച്ചാവകാശമുള്ള മെത്രാന്റെയും സഹായമെത്രാന്റെയും ഔദ്യോഗികജോലിയിൽനിന്നുള്ള രാജിയെ സംബന്ധിച്ചിടത്തോളം 210, 211 §2 എന്നീ കാനോനകൾ ബാധകമാണ്. അവർ മുമ്പ് വഹിച്ചിരുന്ന ഔദ്യോഗികസ്ഥാനത്തിന്റെ 'എമെരിത്തൂസ്' (emeritus) പദവി അവർക്ക് നല്കപ്പെടേണ്ടതാണ്.*

രൂപതയിലെ മെത്രാന്റെ ഉത്തരവാദിത്വങ്ങൾ വന്നതോടെ അദ്ദേഹത്തിനു സഹായികളായി മറ്റു മെത്രാന്മാരെ നിയമിക്കുകയും അഭിഷേചിക്കുകയും ചെയ്യുന്ന പതിവ് വളരെ നേരത്തെതന്നെ പ്രാബല്യത്തിൽ വന്നു. എന്നാൽ മദ്ധ്യശകതങ്ങളിലാണ് ഇതിന്റെ ആവശ്യം വളരെ കൂടുതലായി അനുഭവപ്പെട്ടത്. മെത്രാൻനിയമനത്തിൽ രാഷ്ട്രീയമായ ബാഹ്യ ഇടപെടലുകൾ ഭയന്ന് പിന്തുടർച്ചാവകാശമുള്ള മെത്രാനെ നേരത്തെതന്നെ രൂപതയിൽ നിയമിച്ചാക്കുന്ന രീതി വന്നു.

പുതിയ പൗരസ്ത്യ - പാശ്ചാത്യ കാനൻനിയമങ്ങളിൽ പിന്തുടർച്ചാവകാശത്തോടുകൂടിയോ അല്ലാതെയോ സഹായമെത്രാന്മാരെ നിയമിക്കുന്നതിനുള്ള സാദ്ധ്യത കൊടുത്തിരിക്കുന്നു.

രൂപതയിലെ അജപാലന ആവശ്യമനുസരിച്ച് ഒന്നോ അതിലധികമോ സഹായമെത്രാന്മാരെ നിയമിക്കാവുന്നതാണ്. രൂപതാമെത്രാൻ സഹായമെത്രാനെ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷമാണ് സാധാരണഗതിയിൽ നിയമനനടപടികൾ ആരംഭിക്കുക. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മെത്രാൻ ആവശ്യപ്പെടാതെതന്നെ പിന്തുടർച്ചാവകാശമുള്ള സഹായമെത്രാനെ നിയമിക്കാറുണ്ട്.

പല സഹായമെത്രാന്മാരുണ്ടെങ്കിൽ ഒരാളെ പ്രോട്ടോസിഞ്ചെല്ലൂസായും മറ്റുള്ളവരെ സിഞ്ചെല്ലൂസുമാരായും നിയമിക്കേണ്ടതാണ്. മാത്രവുമല്ല, പ്രധാനപ്പെട്ട കാര്യങ്ങളിൽ മെത്രാൻ അവരോടുകൂടി ആലോചിക്കുകയും വേണം. എന്നാൽ സഹായമെത്രാന്മാരെല്ലാവരും രൂപതാമെത്രാനുമായി ഐക്യത്തോടെയും സമന്വയത്തോടെയും പ്രവർത്തിക്കേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.



# 06

## വിശ്വാസികളുടെ അവകാശങ്ങളും കടമകളും

ക്രിസ്തീയവിശ്വാസികൾ, ക്രിസ്തുവിന്റെ സഭയും കത്തോലിക്കാസഭയും തമ്മിലുള്ള ബന്ധം, കത്തോലിക്കാസഭയിലെ അംഗത്വം, സഭയിൽ സ്നാനാർത്ഥികളുടെ സ്ഥാനം എന്നീ വിഷയങ്ങളെ സംബന്ധിച്ച നിയമങ്ങളാണ് 7 മുതൽ 26 വരെയുള്ള കാനോനകളിൽ കൊടുത്തിരിക്കുന്നത്.

ആദ്യമായാണ് സഭാനിയമത്തിൽ സിവിൽ ഭരണഘടനകളിലുള്ളതുപോലെ അവകാശങ്ങളെ സംബന്ധിച്ച് പ്രത്യേകം ഒരു പ്രതിപാദനം ഉണ്ടാകുന്നത്. വിശ്വാസികളുടെ വ്യക്തിത്വത്തെയും അവകാശങ്ങളെയും സഭ പ്രത്യേകിച്ചും മാനിക്കുന്നു എന്ന് ഈ പ്രതിപാദനം വ്യക്തമാക്കുന്നു. എന്നാൽ വിശ്വാസികളുടെ അവകാശങ്ങളും കടമകളും ഒരേ ശീർഷകത്തിൽത്തന്നെ കൊടുത്തിരിക്കുന്നതുവഴി അവ പരസ്പരപൂരകങ്ങളാണെന്ന് കാനോനസംഹിത വ്യക്തമാക്കുന്നു. മാത്രവുമല്ല, ഈ കാനോനസംഹിതയിൽ പലയിടത്തായി അവകാശങ്ങളെയും കടമകളെയും

പറ്റിയുള്ള പ്രതിപാദനം കാണാം. എങ്കിലും സഭയിൽ എല്ലാ വിശ്വാസികളെയും തുല്യമായി ബാധിക്കുന്ന മൗലികാവകാശങ്ങളും കടമകളും ഈ ശീർഷകത്തിൽ കൊടുത്തിരിക്കുന്നു.

**കാനോന 7: §1.** *മാമ്മോദീസയിലൂടെ ക്രിസ്തുവിൽ ചേർക്കപ്പെട്ട് ദൈവജനമായി സ്ഥപിക്കപ്പെട്ടവരാണ് ക്രൈസ്തവവിശ്വാസികൾ. ഇക്കാരണത്താൽ ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയധർമ്മത്തിൽ തങ്ങളുടേതായ രീതിയിൽ ഭാഗഭാക്കുകളായിക്കൊണ്ട്, ലോകത്തിൽ പൂർത്തിയാക്കുവാനായി ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം തങ്ങളുടെ ജീവിതാവസ്ഥക്കനുസരിച്ചു നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടവരാണ് അവർ.*

**§2.** *ലോകത്തിൽ ഒരു സമൂഹമായി സ്ഥാപിതവും ക്രമീകൃതവുമായ ഈ സഭ പത്രോസിന്റെ പിൻഗാമിയാലും അദ്ദേഹവുമായി കൂട്ടായ്മയിലുള്ള മെത്രാന്മാരാലും ഭരിക്കപ്പെടുന്ന കത്തോലിക്കാസഭയിൽ നിലനിൽക്കുന്നു (subsists).*

ഈ കാനോനയിൽ ആരാണ് ഒരു ക്രൈസ്തവവിശ്വാസി എന്ന് നിർവ്വചിക്കുന്നില്ലെങ്കിലും, ആരെല്ലാമാണ് ക്രൈസ്തവവിശ്വാസികൾ എന്ന് വിശദീകരിക്കുന്നുണ്ട്. ഇതിൽ പറയുന്നതനുസരിച്ച് ജ്ഞാനസ്നാനമാണ് ക്രൈസ്തവവിശ്വാസിയെ അങ്ങനെയാക്കിത്തീർക്കുന്ന അടിസ്ഥാനഘടകം. ജ്ഞാനസ്നാനത്തിന് ചില നൈയാമികഫലങ്ങളുണ്ട്. അതിലൂടെ ഒരു വ്യക്തി സഭാപരമായ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഏറ്റുവാങ്ങുന്നു. ഈ കാനോന, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭയെക്കുറിച്ചുള്ള പ്രമാണരേഖയുടെ 4-ാം അദ്ധ്യായം 31-ാം ഖണ്ഡികയിൽനിന്ന് രൂപപ്പെടുത്തിയിട്ടുള്ളതാണ്. 31-ാം ഖണ്ഡിക അത്മായരെപ്പറ്റി മാത്രമാണ് പറയുന്നത്. 7-ാം കാനോനയാകട്ടെ ക്രൈസ്തവവിശ്വാസികളെ അത്മായരെന്നോ, അല്ലാത്തവരെന്നോ വ്യത്യാസം കൂടാതെയാണ് പരാമർശിക്കുന്നത്. തത്ഫലമായി പിന്നീടു വരുന്ന കാനോനകളിൽ പ്രതിപാദിക്കുന്ന അവകാശങ്ങളും കടമകളും വിശ്വാസികൾ എല്ലാവരുടേതുമാണ്. അവിടെ അത്മായരെന്നോ പുരോഹിതരെന്നോ സന്ന്യസ്തരെന്നോ ഉള്ള വ്യത്യാസമില്ല. അതുപോലെതന്നെ, “ദൈവജനം”, “ക്രൈസ്തവവിശ്വാസികൾ” എന്നൊക്കെ പറയുമ്പോൾ അത്മായരെ മാത്രമല്ല ഉദ്ദേശിക്കുന്നത്.

ക്രിസ്തുവിന്റെ സഭ ഏതാണ് എന്നു പറയുന്നതിനുപകരം, കത്തോലിക്കാസഭയിൽ അതു നിലനിൽക്കുന്നു (subsists). എന്നു





മാത്രമേ ഈ കാനോന പറയുന്നുള്ളൂ. ഈ സഭ ലോകത്തിൽ ഒരു സമൂഹമായി കാണപ്പെടുന്നു. അതു ഭരിക്കപ്പെടുന്നത് പത്രോസിന്റെ പിൻഗാമിയായ റോമാമെത്രാനാലും അദ്ദേഹത്തിന്റെ കൂട്ടായ്മയിലുള്ള മെത്രാന്മാരാലുമാണ്. ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാണ്. റോമാമെത്രാനാലും, അദ്ദേഹവുമായി കൂട്ടായ്മയിലുള്ള മെത്രാന്മാരാലും ഭരിക്കപ്പെടുന്ന കത്തോലിക്കാസഭയിൽ ക്രിസ്തുവിന്റെ സഭയുടെ പൂർണ്ണത കണ്ടെത്താം. ഇങ്ങനെ പൂർണ്ണതയില്ലാത്ത സഭകളും ഉണ്ട് എന്ന് പരോക്ഷമായി ഈ കാനോന സമ്മതിക്കുന്നു.

**കാനോന 8 :** *വിശ്വാസം, കൂദാശകൾ, സഭാഭരണസംവിധാനം എന്നിവവഴി സഭയുടെ ദൃശ്യഘടനയിൽ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കുന്നവരായ മാമ്മോദീസ സ്വീകരിച്ച വ്യക്തികൾ ഈ ലോകത്തിൽ കത്തോലിക്കാസഭയുമായി പൂർണ്ണമായ കൂട്ടായ്മയിലുള്ളവരാണ്.*

ഈ ഭൂമിയിൽ ആരെല്ലാമാണ് കത്തോലിക്കാസഭയുമായുള്ള പൂർണ്ണകൂട്ടായ്മയിൽ ഉള്ളതെന്നാണ് ഈ കാനോനയിൽ പറയുന്നത്. വിശ്വാസപ്രഖ്യാപനം, കൂദാശകൾ, സഭാഭരണസംവിധാനം എന്നിവവഴി കത്തോലിക്കാസഭയുടെ ബാഹ്യഘടകവുമായി ഒന്നായിച്ചേർന്നിട്ടുള്ള, ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തികളാണ് അവർ. കത്തോലിക്കാസഭയുമായുള്ള പൂർണ്ണകൂട്ടായ്മയ്ക്കുള്ള മൂന്നു മാനദണ്ഡങ്ങളും പ്രധാനപ്പെട്ടവതന്നെ. അവർ ഒരേ വിശ്വാസം പ്രഖ്യാപിക്കുന്നവരാകണം. സഭയുടെ വിശ്വാസപ്രഖ്യാപനം എല്ലാ കത്തോലിക്കർക്കും ബാധകമാണ്. കൂദാശകളിലുള്ള കൂട്ടായ്മയും പ്രധാനപ്പെട്ടതാണ്. വിശ്വാസത്തിൽ കൂട്ടായ്മയുള്ളവർക്കു മാത്രമേ കൂദാശകളിലും പൂർണ്ണമായ കൂട്ടായ്മയുള്ളൂ. അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ഭരണപരമായ സഭാകൂട്ടായ്മയിലായിരിക്കുക എന്നതും. മാർപാപ്പയുടെയും മെത്രാന്മാരുടെയും അധികാരം അംഗീകരിക്കുകയും അവരുടെ അധികാരത്തെ സ്വീകരിക്കുകയും ചെയ്യേണ്ടവരാണ് എല്ലാ കത്തോലിക്കരും. അകത്തോലിക്കരായ ക്രൈസ്തവരെ സംബന്ധിച്ച് ഈ മൂന്നു ഘടകങ്ങളിൽ ഒന്നോ അതിലധികമോ കാര്യങ്ങളിൽ കൂട്ടായ്മയില്ല എന്നതിനാൽ കത്തോലിക്കാകൂട്ടായ്മയിൽ അവർക്കു സ്ഥാനമില്ല എന്നുവരുന്നു. എങ്കിലും കൂട്ടായ്മയുടെ കാര്യത്തിൽ ഈ സഭകൾ തമ്മിൽ ഏറ്റക്കുറച്ചിലുകളുണ്ട്. അതായത് വിശ്വാസം, കൂദാശകൾ എന്നിവയിൽ കത്തോലിക്കാസഭയുമായി ഐകരൂപ്യമുള്ള പൗരസ്ത്യ അകത്തോലിക്കാസഭാവിഭാഗങ്ങളുടെ വിശ്വാസികളെക്കാൾ കൂടുതൽ അടുത്ത കൂട്ടായ്മയിലാണ്.

**കാനോന 9: §1.** *മാമ്മോദീസയിലൂടെ ക്രിസ്തുവിൽ ചേർക്കപ്പെട്ട് ദൈവജനമായി സ്ഥാപിക്കപ്പെട്ടവരാണ് ക്രൈസ്തവവിശ്വാസികൾ. ഇക്കാരണത്താൽ ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയധർമ്മത്തിൽ തങ്ങളുടേതായ രീതിയിൽ സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ ആഗ്രഹത്താലും അവർ നയിക്കുന്ന വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഉപവിയുടെയും ജീവിതത്താലും സഭയുമായി അവർ യോജിപ്പിക്കപ്പെട്ടിരിക്കുന്നു. സഭ അവരെ ഇപ്പോൾത്തന്നെ സ്വന്തമായി പരിഗണിക്കുന്നു.*

**§2.** *സ്നാനാർത്ഥികളുടെമേൽ സഭയ്ക്കു പ്രത്യേക ശ്രദ്ധയുണ്ട്. സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കുവാൻ സഭ അവരെ ക്ഷണിക്കുകയും വി. കുർബാന, കൂദാശകൾ, യാമപ്രാർത്ഥനകൾ എന്നിവയിലുള്ള ഭാഗഭാഗിത്വത്തിലേക്ക് അവരെ നയിക്കുകയും ക്രിസ്ത്യാനികൾക്കുമാത്രം സ്വന്തമായിട്ടുള്ള വിവിധ അവകാശങ്ങൾ ഇപ്പോൾത്തന്നെ അവർക്കു നൽകുകയും ചെയ്യുന്നു.*

സ്നാനാർത്ഥികൾ പൂർണ്ണമായ അർത്ഥത്തിൽ സഭാംഗങ്ങൾ അല്ലെങ്കിലും അവർ പ്രത്യേകതരത്തിൽ സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രൈസ്തവവിശ്വാസികളായി മാറുന്ന പ്രക്രിയയിലുള്ളവരാണ് അവർ.

അവരെ സഭ സ്വന്തമായി കണക്കാക്കുന്നു. അവർക്കു ദിവ്യബലി, കൂദാശകൾ, യാമപ്രാർത്ഥനകൾ എന്നിവയിൽ പങ്കെടുക്കുവാനുള്ള അവകാശമുള്ളതിനുപുറമെ, സഭാവിശ്വാസികൾക്കു മാത്രമായി കൊടുക്കുന്ന ചില ആനുകൂല്യങ്ങൾ സഭ അവർക്കു കൊടുക്കുകയും ചെയ്യുന്നു. ഉദാഹരണമായി, വെഞ്ചരിപ്പുകൾ സ്വീകരിക്കുന്നതിനും ക്രിസ്തീയമായ മൃതസംസ്കാരശുശ്രൂഷ ലഭിക്കുന്നതിനും സഭ അവർക്ക് അവകാശം നൽകുന്നു.

**കാനോന 10:** *ദൈവവചനത്തെ മുറുകെപ്പിടിച്ചുകൊണ്ടും സഭയുടെ ആധികാരികവും സജീവവുമായ പ്രബോധനാധികാരത്തോടു ചേർന്നുനിന്നുകൊണ്ടും, തങ്ങളുടെ പൂർവ്വികർ വലിയവില കൊടുത്ത് സംരക്ഷിക്കുകയും കൈമാറുകയും ചെയ്ത വിശ്വാസത്തെ സമഗ്രമായി നിലനിർത്താനും അതു പരസ്യമായി പ്രഖ്യാപിക്കുവാനും അതുപോലതന്നെ അതിനെക്കുറിച്ച് കൂടുതലായ പരിജ്ഞാനം നേടുവാനും ഉപവിപ്രവർത്തനങ്ങളിലൂടെ അതിനെ ഫലപ്രദമാക്കുവാനും ക്രൈസ്തവവിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.*





തങ്ങൾക്കു ലഭിച്ചിരിക്കുന്ന ക്രൈസ്തവവിശ്വാസം അതിന്റെ പൂർണ്ണതയിൽ കാത്തുസൂക്ഷിക്കുകയും ദൈവവചനത്തിൽ ഉറച്ചുനിന്നുകൊണ്ട് അതിനെ വളർത്തുകയും മറ്റുള്ളവർക്കു കൈമാറുകയും ചെയ്യുക എല്ലാ ക്രൈസ്തവരുടെയും അവകാശവും കടമയുമാണ്. പൗരസ്ത്യസഭകളിൽ അധികവും സഭാപീഡനങ്ങളെയും എതിർപ്പുകളെയും തരണം ചെയ്ത് വളർന്നുവരുന്ന സാഹചര്യത്തിൽ ഈ കാനോനയ്ക്ക് പ്രസക്തിയേറുന്നു.

**കാനോന 11:** *ക്രിസ്തുവിലുള്ള പുനർജനനത്തിന്റെ അടിസ്ഥാനത്തിൽ പദവിയിലും പ്രവർത്തനത്തിലും എല്ലാ ക്രിസ്തീയ വിശ്വാസികളുടെയും ഇടയിൽ യഥാർത്ഥ സമത്വം നിലനില്ക്കുന്നു. തന്മൂലം അവരവരുടെ ജീവിതാവസ്ഥയ്ക്കും ചുമതലയ്ക്കും അനുസൃതമായി ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുന്നതിൽ എല്ലാവരും സഹകരിക്കുന്നു.*

മാമ്മോദീസാവഴി ക്രിസ്തുനാഥനുമായി കൂട്ടിച്ചേർക്കപ്പെട്ടവരുടെ കൂട്ടായ്മയാണു സഭ. സഭയിൽ വിശ്വാസികൾ എല്ലാവരും തുല്യരാണെന്ന് കാനോന വ്യക്തമാക്കുന്നു. ദൈവമക്കളെന്ന അവരുടെ അവസ്ഥയിലാണ് ഈ തുല്യത. എന്നാൽ ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയിൽ വിശ്വാസികൾക്ക് വ്യത്യസ്തമായ ഉത്തരവാദിത്വങ്ങളാണ് നൽകപ്പെട്ടിട്ടുള്ളത്. അതിന്റെ വെളിച്ചത്തിൽ വിശ്വാസികളുടെ നൈയാമിക അവസ്ഥകൾക്കുമാറ്റമുണ്ട്. പുരോഹിതശുശ്രൂഷികളും സന്ന്യസ്തരും അത്മായരും അടങ്ങുന്ന സഭയിൽ ഓരോരുത്തരും അവരവരുടെ അവസ്ഥയ്ക്കു ചേർന്നവിധത്തിൽ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ പങ്കുവഹിക്കേണ്ടവരാണ് (L.G.32). മൗലികമായ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം വിശ്വാസികൾ തമ്മിൽ യാതൊരു വിവേചനവും പാടില്ല.

**കാനോന 12: §1.** *തങ്ങളുടെ പ്രവർത്തനശൈലിയിൽ സഭയുമായുള്ള കൂട്ടായ്മ എല്ലായ്പ്പോഴും നിലനിർത്തുന്നതിന് ക്രിസ്തീയ വിശ്വാസികൾ കടപ്പെട്ടവരാണ്.*

**§2.** *സാർവ്വത്രികസഭയോടും തങ്ങളുടെ സ്വയാധികാരസഭ (sui iuris Church) യോടുമുള്ള കടമകൾ അവർ ഏറ്റവും ശ്രദ്ധാപൂർവ്വം നിറവേറ്റേണ്ടതാണ്.*

'കൂട്ടായ്മ' എന്ന ആശയം ഈ കാനോനസംഹിത പല സ്ഥലത്തും വ്യക്തമാക്കുന്നുണ്ട്. വിശ്വാസികളുടെ കൂട്ടായ്മ സഭയിൽ വ്യത്യസ്തതലങ്ങളിൽ യാഥാർത്ഥ്യമാകുന്നു. ഇടവകതലത്തിലും രൂപതാതലത്തിലും സ്വയാധികാരസഭകളുടെ തലത്തിലും

ഇത് കൂടുതൽ വ്യക്തമാണ്. വിശ്വാസികൾ സഭാകൂട്ടായ്മയിൽ നില നില്ക്കേണ്ടതിന് വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നീ തലങ്ങളിലെല്ലാം കൂട്ടായ്മ കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ്. ഓരോ വിശ്വാസിയും മാമ്മോദീസാവഴി തങ്ങളുടെ സ്വയാധികാരസഭയിലെ അംഗത്വത്തിലൂടെ കത്തോലിക്കാസഭയാകുന്ന വലിയ കൂട്ടായ്മയിലേക്കുവരുന്നതിനാൽ തങ്ങളുടെ സ്വയാധികാരസഭയിലുള്ള കടമകളും അവർ കൃത്യമായി നിർവ്വഹിക്കേണ്ടതാണ്. തങ്ങളുടെ സഭയുടെ വിശ്വാസം, കൂദാശകൾ, ഭരണക്രമം, അച്ചടക്കം എന്നിവയിലുള്ള പൈതൃകം കാത്തുസൂക്ഷിക്കുവാനും അതിനനുസരിച്ചു ജീവിക്കുവാനും ഓരോ വിശ്വാസിക്കും കടമയുണ്ട്. അതോടൊപ്പം സാർവ്വത്രികസഭയോടും അവർക്ക് ഉത്തരവാദിത്വങ്ങളുണ്ട്.

**കാനോന 13:** *വിശുദ്ധ ജീവിതം നയിക്കുന്നതിനും, സഭയുടെ വളർച്ചയും അതിന്റെ നിരന്തര വിശുദ്ധീകരണവും പരിപോഷിപ്പിക്കുന്നതിനും തങ്ങളുടെ അവസ്ഥയ്ക്കനുസൃതമായി എല്ലാ ക്രിസ്തീയവിശ്വാസികളും ആത്മാർത്ഥമായി പരിശ്രമിക്കണം.*

'വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളി' വത്തിക്കാൻ സാർവ്വത്രികസൂനഹദോസിന്റെ പ്രധാന പഠനമാണ് (L.G. 39-42). ഓരോരുത്തരും അവരവരുടെ അവസ്ഥയ്ക്കനുസരിച്ചാണ് ഈ വിശുദ്ധി പ്രാപിക്കേണ്ടത്. ഇക്കാര്യം വൈദികർ, സന്ന്യസ്തർ, അത്മായർ എന്നിവരെ സംബന്ധിച്ച സെക്ഷനുകളിൽ സൂനഹദോസ് കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു.

**കാനോന 14:** *എല്ലാ കാലങ്ങളിലും ലോകത്തെമ്പാടുമുള്ള സകല ജനങ്ങൾക്കും രക്ഷയുടെ ദൈവികസന്ദേശം കൂടുതൽ കൂടുതലായി എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ ക്രൈസ്തവവിശ്വാസികൾക്കും അവകാശവും കടമയും ഉണ്ട്.*

'സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്'എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധന (A.G.2) ത്തിന്റെ വിശദീകരണമാണ് ഈ കാനോന എന്നു പറയാം. തങ്ങളുടെ അവസ്ഥയ്ക്കും സാഹചര്യങ്ങൾക്കും അനുസരിച്ചു സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെടുവാനുള്ള അവകാശവും കടമയും എല്ലാ വിശ്വാസികൾക്കും ഉണ്ട് എന്നതും വത്തിക്കാൻ കൗൺസിലിന്റെതന്നെ പ്രബോധനമാണ് (L.G.33). ഈ കാനോന പൗരസ്ത്യസഭകളുടെയും അവയുടെ വിശ്വാസികളുടെയും കടമയെപ്പറ്റി പ്രത്യേകം പ്രതിപാദിക്കുന്നു. പ്രേഷിതപ്രവർത്തനത്തിൽ എല്ലാ സഭകൾക്കും തുല്യ അവ





കാശവും കടമയുമാണുള്ളത് എന്നത് വത്തിക്കാൻ സൂനഹദോസിന്റെ വ്യക്തമായ പഠനമാണല്ലോ. (O.E.4).

**കാനോന 15: §1.** *ക്രിസ്തുവിന്റെ പ്രതിനിധികളായ സഭയിലെ ഇടയന്മാർ വിശ്വാസപ്രബോധകർ എന്ന നിലയിൽ പ്രഖ്യാപിക്കുന്നതോ സഭയുടെ ഭരണാധികാരികൾ എന്ന നിലയിൽ തീരുമാനിക്കുന്നതോ ആയ കാര്യങ്ങളോട്, തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരായിക്കൊണ്ട്, ക്രിസ്തീയമായ അനുസരണം കാണിക്കുവാൻ ക്രൈസ്തവവിശ്വാസികൾക്കു കടമയുണ്ട്.*

§2. *തങ്ങളുടെ ആവശ്യങ്ങളും-പ്രത്യേകിച്ച് ആദ്ധ്യാത്മികമായവ - ആഗ്രഹങ്ങളും സഭയിലെ ഇടയന്മാരെ അറിയിക്കുവാൻ ക്രിസ്തീയവിശ്വാസികൾക്ക് സ്വാതന്ത്ര്യമുണ്ട്.*

§3. *സഭയുടെ നന്മയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ തങ്ങളുടെ അഭിപ്രായം സഭയിലെ ഇടയന്മാരെയും, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സമഗ്രതയ്ക്കും അതേ ഇടയന്മാരോടുള്ള ബഹുമാനത്തിനും തക്കതായ പരിഗണന നല്കിക്കൊണ്ടും പൊതുനന്മയും വ്യക്തികളുടെ പദവിയും കണക്കിലെടുത്തുകൊണ്ടും ക്രിസ്തീയവിശ്വാസികളിൽ മറ്റുള്ളവരെയും, അറിയിക്കുവാൻ തങ്ങളുടെ അറിവിനും പ്രാപ്തിക്കും സ്ഥാനത്തിനുമനുസരിച്ച് വിശ്വാസികൾക്ക് അവകാശവും ചിലപ്പോൾ കടമയും ഉണ്ട്.*

സഭയുടെ ഔദ്യോഗിക പ്രബോധനാധികാരത്തിനു കീഴ്വഴങ്ങാനും മെത്രാന്മാർക്കും വൈദികർക്കും അർഹമായ അനുസരണവും വിധേയത്വവും പ്രകടിപ്പിക്കുവാനും എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. എന്നാൽ ഇത് അന്ധമായ അനുസരണമാകരുത്. മാമ്മോദീസാവഴി സഭാഗാത്രത്തിൽ കൂട്ടിച്ചേർക്കപ്പെട്ട വിശ്വാസികൾ തങ്ങളുടെ അഭിപ്രായങ്ങൾ ഇടയന്മാരോടുവ്യക്തമാക്കുകയും ബോധപൂർവ്വകമായി സഭാജീവിതത്തിൽ സഹകരിക്കുകയുമാണ് ചെയ്യേണ്ടത്. തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പും അതു നടപ്പാക്കുന്ന കാര്യത്തിലും വിശ്വാസികളുടെ മനസ്സും അഭിപ്രായവും അറിയുവാൻ സഭയെ നയിക്കുന്നവർക്കു കടമയുണ്ട്. വിശ്വാസികൾക്കു തങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തിപരമായി ഇടയന്മാരെ അറിയിക്കുകയോ, രൂപതായോഗം, പാസ്റ്ററൽ കൗൺസിൽ മുതലായ സമിതികളിൽ സജീവമായി പങ്കെടുത്തുകൊണ്ട് തങ്ങളുടെ പങ്കുനിർവ്വഹിക്കുകയോ ചെയ്യാം. ചില അവസരങ്ങളിൽ ഇതവരുടെ കടമയുമാണ്.

**കാനോന 16:** *സഭയുടെ ആദ്ധ്യാത്മികസമ്പത്തിൽനിന്നും, പ്രത്യേകിച്ച് ദൈവവചനത്തിൽനിന്നും കൂദാശകളിൽനിന്നും, സഭയിലെ ഇടയന്മാരിലൂടെ സഹായം ലഭിക്കുവാൻ ക്രൈസ്തവ വിശ്വാസികൾക്ക് അവകാശമുണ്ട്.*

തങ്ങളുടെ ഇടയന്മാരിൽനിന്നും ആദ്ധ്യാത്മികജീവിതത്തിനാവശ്യമായ സഹായം ലഭിക്കുവാൻ എല്ലാ വിശ്വാസികൾക്കും അവകാശം ഉണ്ട്. ഇത് വൈദികശുശ്രൂഷികളെ സംബന്ധിച്ചിടത്തോളം ഒരു കടമയാണ്. അതിനാൽ ശരിയായ ഒരുക്കത്തോടെ കൂദാശകൾ ആവശ്യപ്പെടുന്ന വിശ്വാസികൾക്ക് അവ ലഭ്യമാക്കാൻ വൈദികർക്കും മറ്റും കടമയുണ്ട്. അത്തരം സാഹചര്യങ്ങളിൽ കൂദാശകൾ നിരസിക്കുവാൻ പാടില്ല.

**കാനോന 17:** *തങ്ങളുടെ സ്വയാധികാരസഭയുടെ നിബന്ധനകൾക്കനുസരിച്ച് ദൈവാരാധന നടത്തുന്നതിനും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായി തങ്ങളുടെ ആദ്ധ്യാത്മികജീവിതരീതി പിഞ്ചെല്ലുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്.*

തങ്ങളുടെ സ്വയാധികാരസഭയുടെ ആരാധനക്രമത്തിനനുസരിച്ച് ദൈവാരാധന നടത്തുവാൻ, അതായത് കൂദാശകളിലും മറ്റ് ആദ്ധ്യാത്മികാനുഷ്ഠാനങ്ങളിലും പങ്കുചേരുവാൻ, ഓരോ വിശ്വാസിക്കും അവകാശമുണ്ട്. എന്നാൽ, ചില സാഹചര്യങ്ങളിൽ മറ്റു സ്വയാധികാരസഭകളിലെ ആരാധനക്രമത്തിൽ വിശേഷിച്ചും കൂദാശകളിൽ പങ്കുചേരേണ്ടിവരും. അതിനുള്ള സ്വാതന്ത്ര്യവും വിശ്വാസികൾക്കുണ്ട്. എന്നാൽ, അത്തരം സാഹചര്യങ്ങളിലും തങ്ങൾ മാമ്മോദീസ സ്വീകരിച്ച സഭയിലെ അംഗത്വം അവർക്കു നഷ്ടപ്പെടുന്നില്ല.

**കാനോന 18:** *ഉപവിയും ഭക്തിയും ലക്ഷ്യമാക്കിയോ ലോകത്തിൽ ക്രിസ്തീയദൈവവിളി പരിപോഷിപ്പിക്കുന്നതിനായിട്ടോ സംഘടനകൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും, അതുപോലെതന്നെ ഈ ലക്ഷ്യപ്രാപ്തിക്കായി ഒരുമിച്ചു പ്രവർത്തിക്കുവാനായി സമ്മേളനങ്ങൾ കൂടുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് സ്വാതന്ത്ര്യമുണ്ട്.*

വിശ്വാസികൾക്ക്-അവർ ഏതവസ്ഥയിലുള്ളവരാണെങ്കിലും-തങ്ങളുടെ ക്രൈസ്തവവിശ്വാസത്തിന്റെയും വിളിയുടെയും പ്രോത്സാഹനത്തിനും പരിപോഷണത്തിനുമായി ഉചിതമായി ഒത്തുചേരുവാനും സംഘടനകളുണ്ടാക്കുവാനുമുള്ള അവകാശമുണ്ട്. വിശ്വാസികളുടെ ഇത്തരം സംഘടനകൾ പരസ്യസ്വഭാവമോ സ്വകാര്യ





സ്വഭാവമോ ഉള്ളവയാകാം. അവയുടെ ഭരണം, പ്രവർത്തനം, അവയിലെ അംഗത്വം എന്നിവയെ സംബന്ധിച്ച് പതിമൂന്നാം ശീർഷകം (cc.573-583) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരം അവകാശവിനിയോഗം അനിയന്ത്രിതമല്ല (c.26§2).

**കാനോന 19:** *സഭയുടെ ദൗത്യത്തിൽ എല്ലാ ക്രൈസ്തവവിശ്വാസികളും പങ്കുപറ്റുന്നതിനാൽ തങ്ങളുടെ പദവിക്കും അവസ്ഥയ്ക്കും (state and condition) അനുസൃതമായി, തങ്ങളുടേതായ സംരംഭങ്ങളിലൂടെ അപ്പസ്തോലികപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കുവാനും അവർക്ക് അവകാശമുണ്ട്. എന്നിരുന്നാലും തക്ക സഭാധികാരികളുടെ സമ്മതം ലഭിക്കാത്തപക്ഷം ഒരു സംരംഭത്തിനും 'കത്തോലിക്ക' (catholic) എന്ന പേരിന് അർഹതയുണ്ടാവില്ല.*

മാമ്മോദീസാവഴി ക്രിസ്തുനാഥന്റെ ത്രിവിധ ദൗത്യത്തിൽ പങ്കുചേരുന്നതിനാൽ എല്ലാ വിശ്വാസികൾക്കും തങ്ങളുടെ വിശ്വാസത്തിനനുസരിച്ചു അപ്പസ്തോലികപ്രവർത്തനങ്ങൾ നടത്തുവാൻ അവകാശമുണ്ട്. ഉദാഹരണത്തിന്, സ്കൂളുകൾ നടത്തുക, പത്രമാസികകൾ പ്രസിദ്ധീകരിക്കുക എന്നിവ. അവ നടത്തുന്നതിന് പ്രത്യേക നിയന്ത്രണമൊന്നുമില്ല. എങ്കിലും അവ സഭയുടെ പേരിൽ ഔദ്യോഗികമായി നടത്തണമെങ്കിൽ സഭാധികാരികളുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.

**കാനോന 20:** *സുവിശേഷപഠനങ്ങൾക്കനുസൃതമായ ജീവിതം നയിക്കുവാൻ മാമ്മോദീസ വഴിയായി ക്രിസ്തീയവിശ്വാസികൾ വിളിക്കപ്പെടുന്നു. അതുകൊണ്ട് മാനുഷികപക്വത വികസിപ്പിക്കുവാനും അതേസമയംതന്നെ രക്ഷാരഹസ്യം അറിയുവാനും ജീവിക്കുവാനും പ്രാപ്തരാകുന്ന വിധത്തിലും തങ്ങൾ ശരിയായി പരിശീലിപ്പിക്കപ്പെടുന്നതിനായി ക്രിസ്തീയവിദ്യാഭ്യാസം ലഭിക്കുവാൻ ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്.*

തങ്ങളുടെ വിശ്വാസത്തിനനുസരിച്ചു ജീവിതം നയിക്കുവാൻ കടമയുള്ളവരാകയാൽ വിശ്വാസികൾക്ക് അതിനുതകുന്ന ക്രിസ്തീയ വിദ്യാഭ്യാസവും പരിശീലനവും ലഭിക്കുവാൻ അവകാശമുണ്ട്. വിശ്വാസികളുടെ ഈ അവകാശം സഭയെ നയിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഒരു കടമയാണ്. അതിനനുസരിച്ചുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. കത്തോലിക്കാവിദ്യാഭ്യാസ

സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ (cc.627-650), വിശ്വാസപരിശീലനം (cc.617-626) എന്നിങ്ങനെയുള്ള അദ്ധ്യായങ്ങൾ വഴി കാനൻനിയമം ഈ കാനോന കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

**കാനോന 21:** *ദൈവശാസ്ത്രപഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഗവേഷണത്തിനും, തങ്ങൾക്കു വൈദഗ്ധ്യമുള്ള കാര്യങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ വിവേകത്തോടെ വെളിപ്പെടുത്തുന്നതിനും നിയമാനുസൃതമായ സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ, സഭയുടെ പ്രബോധനാധികാരത്തോടുള്ള വിധേയത്വം പാലിച്ചുകൊണ്ടായിരിക്കണം ഇത്.*

ദൈവശാസ്ത്ര വിഷയങ്ങളിൽ വൈദഗ്ധ്യമുള്ളവർക്ക് തങ്ങളുടെ അറിവും അഭിപ്രായവും ശരിയായ പഠനത്തിനുശേഷം വ്യക്തമാക്കുവാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ വിശ്വാസമാകുന്ന മഹാനിധിയുടെ സൂക്ഷിപ്പ് ഔദ്യോഗികപ്രബോധനാധികാരമുള്ള മാർപാപ്പ തലവനായുള്ള മെത്രാൻ സംഘത്തിനു മാത്രമുള്ളതാകയാൽ സഭയുടെ പഠനത്തിനനുസരിച്ചായിരിക്കണം പഠനങ്ങൾ വിശദീകരിക്കേണ്ടത്. അതിനാൽ വിശ്വാസസത്യങ്ങൾ സംബന്ധിച്ച പഠനങ്ങളിൽ ദൈവശാസ്ത്രജ്ഞന്മാർ സഭയോടുചേർന്നു ചിന്തിക്കണമെന്നും കാനോന വ്യക്തമാക്കുന്നുണ്ട്. അങ്ങനെ ചെയ്യാതെ വിശ്വാസികൾക്ക് ഉതപ്പിനു കാരണമാക്കുന്ന സാഹചര്യങ്ങളിൽ അത്തരം ദൈവശാസ്ത്രജ്ഞരെ, അദ്ധ്യാപനത്തിൽനിന്നു സഭ വിലക്കാറുണ്ട്. ഇതേ കാരണത്താൽതന്നെ വിശ്വാസം, സന്മാർഗം എന്നീ വിഷയങ്ങളെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾക്ക് സഭാധികാരികളുടെ ഔദ്യോഗികാംഗീകാരം വാങ്ങേണ്ടതുണ്ടെന്ന് ഈ കാനോനസംഹിത വ്യക്തമാക്കുന്നു (cc.658-660).

**കാനോന 22:** *ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിൽ ഏതുവിധ സമ്മർദ്ദത്തിലുംനിന്ന് സ്വതന്ത്രരായിരിക്കുവാൻ എല്ലാ ക്രിസ്തീയവിശ്വാസികൾക്കും അവകാശമുണ്ട്.*

ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാര്യത്തിൽ എല്ലാ വിശ്വാസികൾക്കും പരിപൂർണ്ണമായ സ്വാതന്ത്ര്യമാണുള്ളത്. പൗരോഹിത്യത്തിലേക്കോ സമർപ്പിതജീവിതത്തിലേക്കോ വിവാഹജീവിതത്തിലേക്കോ അൽമായശിഷ്യത്വത്തിലേക്കോ ഉള്ള വിളികൾ ദൈവദത്തമാണെന്നു സഭ വിശ്വസിക്കുന്നു. സ്വതന്ത്രമായ തിരഞ്ഞെടുപ്പല്ലെങ്കിൽ അവ അവാസ്തവമായിത്തീരാം.





**കാനോന 23:** *മറ്റൊരു വ്യക്തിയുടെ സൽപ്പേര് നിയമവിരുദ്ധമായി നശിപ്പിക്കുവാനോ, സ്വകാര്യത സംരക്ഷിക്കുവാനുള്ള ഏതെങ്കിലും വ്യക്തിയുടെ അവകാശത്തെ നിഷേധിക്കുവാനോ ആർക്കും അനുവാദമില്ല.*

എല്ലാ മനുഷ്യർക്കും സൽപ്പേരിനും സ്വകാര്യതയ്ക്കും മൗലികമായ അവകാശമുണ്ട്. അതിനാൽത്തന്നെ മറ്റു വിശ്വാസികളുടെ സൽപ്പേരിനുകോട്ടംതട്ടുന്ന ഒരു പ്രവൃത്തിയും സഭാംഗങ്ങളുടെ ഭാഗത്തുനിന്നോ നേതൃസ്ഥാനത്തിരിക്കുന്നവരുടെ ഭാഗത്തുനിന്നോ ഉണ്ടാകാൻ പാടില്ല. സഭാകോടതി കുറ്റക്കാരനെന്നു വിധിക്കുന്ന ഒരാളുടെ കാര്യമായാൽപ്പോലും അത്തരം അറിവ് പരസ്യപ്പെടുത്തുന്നതിൽ സഭ സംയമനം പാലിക്കേണ്ടതുണ്ട്.

**കാനോന 24: §1.** *നിയമത്തിന്റെ അനുശാസനങ്ങൾക്കനുസരിച്ച് അധികാരപ്പെട്ട സഭാകോടതിമുമ്പാകെ സഭയിൽ തങ്ങൾക്കുള്ള അവകാശങ്ങൾ നിയമാനുസൃതം സ്ഥാപിച്ചെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും ക്രിസ്തീയവിശ്വാസികൾക്കു സാധിക്കും.*

**§2.** *തക്ക അധികാരിയാൽ വിചാരണയ്ക്കായി വിളിക്കപ്പെടുന്ന പക്ഷം നിയമത്തിന്റെ അനുശാസനങ്ങൾ നീതിപൂർവ്വം പാലിച്ചുകൊണ്ട് വിധിക്കപ്പെടുവാൻ ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്.*

**§3.** *നിയമനിബന്ധനകൾക്കനുസരിച്ചല്ലാതെ കാനോനികശിക്ഷകൾവഴി ശിക്ഷിക്കപ്പെടാതിരിക്കുവാൻ ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്.*

വിശ്വാസികളുടെ മൗലികാവകാശങ്ങളെക്കുറിച്ചു പറയുന്ന ഈ ശീർഷകം പ്രസ്തുത അവകാശങ്ങൾ ഉറപ്പിക്കുന്നതിനുള്ള ഉപാധിയും സൂചിപ്പിക്കുന്നു. അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി അധികാരമുള്ള സഭാകോടതികളെ സമീപിക്കുവാൻ അവർക്കവകാശമുണ്ട്. അതുപോലെ അവകാശങ്ങളിൽ കൈകടത്തലുകളുണ്ടായാൽ അതിനെതിരെ നടപടികൾ എടുക്കാനും സഭാകോടതികളെ സമീപിക്കാവുന്നതാണ്. അന്യായമായി ശിക്ഷിക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തേണ്ടതും ഇത്തരം സഭാകോടതികൾ തന്നെ. നിയമാനുസൃതമല്ലാതെ ആരും ശിക്ഷിക്കപ്പെടരുതെന്ന് കാനോന 1402 §1 വ്യക്തമാക്കുന്നുണ്ട്.

**കാനോന 25: §1.** *സഭയുടെ തനതായ ലക്ഷ്യങ്ങൾക്ക്, പ്രത്യേകിച്ച് ദൈവരാധനയ്ക്കും അപ്പസ്തോലികപ്രവർത്തനങ്ങൾക്കും ഉപവിപ്രവർത്തനങ്ങൾക്കും ശുശ്രൂഷകരുടെ മാന്യമായ ഉപജീവനത്തിനും, ആവശ്യമായവ സഭയ്ക്കുണ്ടാകുവാനായി സഭയുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ ക്രൈസ്തവവിശ്വാസികൾ കടപ്പെട്ടിരിക്കുന്നു.*

**§2.** *സാമൂഹികനീതി വളർത്തുവാനും കർത്താവിന്റെ കല്പന അനുസ്മരിച്ചുകൊണ്ട് തങ്ങളുടെ വിഭവശേഷിയിൽനിന്ന് പാവങ്ങളെ സഹായിക്കുവാനും അവർ കടപ്പെട്ടിരിക്കുകയും ചെയ്യുന്നു.*

സഭാധികാരികൾക്ക് വിശ്വാസികളിൽനിന്നു സഭയുടെ ദൗത്യ നിർവ്വഹണത്തിനാവശ്യമായ സഹായങ്ങൾ അഭ്യർത്ഥിക്കുവാനുള്ള അവകാശ (c.6011) വുമായി ഈ കടമ ബന്ധപ്പെട്ടു കിടക്കുന്നു. ദൈവാരാധന, അപ്പസ്തോലികപ്രവൃത്തികൾ, ഉപവിപ്രവൃത്തികൾ, ശുശ്രൂഷകരുടെ മാന്യമായ സംരക്ഷണം എന്നിവയ്ക്കായി വിശ്വാസികളിൽനിന്നു ന്യായമായ രീതിയിൽ സാമ്പത്തികസഹായം അഭ്യർത്ഥിക്കുവാൻ സഭയ്ക്ക് അവകാശമുണ്ട് എന്ന് 'സഭാവസ്തുക്കളുടെ ഭരണം' എന്ന ശീർഷകം (cc.1007-1054) വ്യക്തമാക്കുന്നു. തങ്ങളാൽ കഴിയുന്ന തരത്തിൽ സാമ്പത്തികമായും മറ്റു തരത്തിലും സഹകരണം നല്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്.

സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനും പാവപ്പെട്ടവരെയും അവശത അനുഭവിക്കുന്നവരെയും വേണ്ടവിധത്തിൽ സഹായിക്കുന്നതിനും സഭയ്ക്കു കടമയുണ്ട്; അതിനവൾ പ്രതിജ്ഞാബദ്ധയുമാണ്. അതിനായി തങ്ങളുടെ തന്നെ സമ്പത്തിൽനിന്നും ഒരു ഭാഗം നീക്കിവയ്ക്കുന്നതിനും ദരിദ്രരെ സഹായിക്കുന്നതിനും എല്ലാ വിശ്വാസികൾക്കുമുള്ള കടമ വ്യക്തമാക്കുകയാണ് 25-ാം കാനോനയുടെ രണ്ടാംഭാഗം.

**കാനോന 26: §1.** *വ്യക്തിപരമായും സംഘടനകളിൽ ഒരുമിച്ചു ചേർന്നും ക്രൈസ്തവവിശ്വാസികൾ തങ്ങളുടെ അവകാശങ്ങൾ വിനിയോഗിക്കുമ്പോൾ സഭയുടെ പൊതുനന്മയും മറ്റുള്ളവരുടെ അവകാശങ്ങളും അതോടൊപ്പം മറ്റുള്ളവരോടുള്ള കടമകളും കണക്കിലെടുക്കേണ്ടതാണ്.*

**§2.** *പൊതുനന്മയെക്കരുതി ക്രിസ്തീയവിശ്വാസികളുടെ അവകാശങ്ങളുടെ വിനിയോഗം നിയന്ത്രിക്കുവാൻ സഭാധികാരികൾക്ക് അധികാരമുണ്ട്.*





അവകാശങ്ങൾ തത്തുല്യമായ കടമകളും സഭാതനയരിൽ ഉളവാക്കുന്നു. അവകാശങ്ങൾ അനുഭവിക്കുന്നവർ സഭയുടെ പൊതുനന്മയേയും, മറ്റുള്ളവരുടെ അവകാശങ്ങളേയും കുറിച്ച് ബോധമുള്ളവരായിരിക്കണം എന്ന് വത്തിക്കാൻ കൗൺസിലും വ്യക്തമാക്കുന്നുണ്ട് (D.H.7). അതേ ആശയം തന്നെ കൂടുതൽ വ്യക്തമായ ഭാഷയിൽ ഈ കാനോന പ്രഖ്യാപിക്കുന്നു. അതിനാൽത്തന്നെ തർക്കങ്ങൾ ഒഴിവാക്കത്തക്കവിധത്തിൽ സഭാതനയരുടെയും സമൂഹങ്ങളുടെയും അവകാശങ്ങളെ നിയന്ത്രിക്കാൻ സഭാധികാരികൾക്ക് ഉത്തരവാദിത്വമുണ്ട് എന്നുകൂടി കാനോന വ്യക്തമാക്കുന്നു. എന്നാൽ, വിശ്വാസികളുടെ സ്വാതന്ത്ര്യം പൂർണ്ണമായി അംഗീകരിക്കപ്പെടണമെന്നും അത്യാവശ്യമുള്ള സാഹചര്യത്തിലല്ലാതെ അവയ്ക്കു നിയന്ത്രണം ഏർപ്പെടുത്തരുതെന്നുമുള്ള വത്തിക്കാൻ കൗൺസിലിന്റെ പഠനം (D.H.7) സഭാധികാരികൾ ഓർത്തിരിക്കേണ്ടതാണ്.

# 07

## ദൈവാരാധന, പ്രത്യേകിച്ചും കൂദാശകൾ

സഭയുടെ ഉറവിടവും ശക്തികേന്ദ്രവും ആരാധനക്രമമാണെങ്കിൽ, ആരാധനക്രമത്തിന്റെ കാതൽ കൂദാശകളാണ് (S.C.10). "മനുഷ്യരെ വിശുദ്ധീകരിക്കുക, മിശിഹായുടെ മൗതികശരീരത്തെ വളർത്തുക, സർവ്വോപരി ദൈവത്തിന് ആരാധനയർപ്പിക്കുക" (S.C.59) എന്നിവയാണ് കൂദാശകളുടെ ലക്ഷ്യങ്ങളായി കൗൺസിൽ പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നത്. ഇതിനാലാണ് പൗരസ്ത്യകാനോനസംഹിതയിലെ പതിനാറാം ശീർഷകത്തിന് "ദൈവാരാധന, പ്രത്യേകിച്ചും കൂദാശകൾ"എന്ന തലക്കെട്ടു നല്കിയിരിക്കുന്നത്.

പൗരസ്ത്യസഭകളുടെ കാഴ്ചപ്പാടിൽ കൂദാശകൾ ദൈവികരഹസ്യങ്ങളുടെ ആവിഷ്കരണമാണ്. കൂദാശകളെ "ദിവ്യരഹസ്യങ്ങൾ" എന്നാണ് വിളിക്കുന്നത്. സീറോ മലബാർ സഭയിലും സഭയുടെ ഏറ്റവും ആഘോഷപൂർവ്വകമായ വി. കുർബാനയർപ്പണം റാസ (രഹസ്യം) എന്നാണല്ലോ അറിയപ്പെടുന്നത്. ക്രിസ്തുനാഥന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളായ ജനനം, പരസ്യജീവിതം, സഹനം, മരണം, ഉത്ഥാനം എന്നീ





ദിവ്യരഹസ്യങ്ങളുടെ ആവിഷ്കരണങ്ങളാണ് വിവിധ കൂദാശകൾ. മിശിഹാരഹസ്യത്തിന്റെ പ്രതീകാത്മകപുനരാവിഷ്കരണങ്ങളായ കൂദാശകളുടെ ആഘോഷത്തിൽ പാലിക്കേണ്ട കാര്യങ്ങളും നിയമങ്ങളുമാണ് ഈ ശീർഷകത്തിൽ കൊടുത്തിരിക്കുന്നത്.

**കാനോന 667:** *ദൃശ്യമായ അടയാളത്തിലൂടെ ക്രിസ്തുരഹസ്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി സഭ പരികർമ്മം ചെയ്യാൻ കടപ്പെട്ട കൂദാശകൾ വഴി നമ്മുടെ കർത്താവായ യേശുക്രിസ്തു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മനുഷ്യരെ വിശുദ്ധീകരിക്കുന്നു. അങ്ങനെ അവർ പ്രത്യേക വിധത്തിൽ ദൈവപിതാവിന്റെ യഥാർത്ഥ ആരാധകരായിത്തീരുകയും അവരെ(ക്രിസ്തു) തന്നോടുതന്നെയും അവിടുത്തെ ശരീരമായ സഭയോടും ഒന്നിച്ചുചേർക്കുകയും ചെയ്യുന്നു. ആകയാൽ എല്ലാ ക്രിസ്തീയവിശ്വാസികളും, പ്രത്യേകിച്ച് വിശുദ്ധ കാർമ്മികർ കൂദാശകൾ ഭക്തിപൂർവ്വം പരികർമ്മം ചെയ്യുന്നതിലും സ്വീകരിക്കുന്നതിലും സഭയുടെ നിബന്ധനകൾ ശ്രദ്ധാപൂർവം പാലിക്കേണ്ടതാണ്.*

മിശിഹാരഹസ്യങ്ങളുടെ പ്രഘോഷണമായ കൂദാശകൾ അടയാളങ്ങളിലൂടെയാണ് ആഘോഷിക്കപ്പെടുക. അവയിലൂടെ മിശിഹാ ദൈവജനത്തെ വിശുദ്ധീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ഈ വിശുദ്ധീകരണം യഥാർത്ഥമാകുന്നത്. കൂദാശകളിലൂടെ വിശ്വാസികൾ ശരിയായ ദൈവാരാധകരായി മാറുകയും മിശിഹായുടെ ശരീരമായ സഭയിൽ ഒന്നാക്കപ്പെടുകയും ചെയ്യുന്നു. കൂദാശകൾ ശരിയായി പരികർമ്മം ചെയ്യാനും സ്വീകരിക്കാനും വിശ്വാസികളും പ്രത്യേകിച്ച് വൈദികശുശ്രൂഷികളും ശ്രദ്ധിക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നു.

**കാനോന 668: §1.** *നിയമാനുസൃതം നിയുക്തരായ വ്യക്തികളാലും സഭാധികാരത്താൽ അംഗീകരിക്കപ്പെട്ട കർമ്മങ്ങളാലും സഭയുടെ നാമത്തിൽ നടത്തുന്ന ദൈവാരാധനയെ പരസ്യദൈവാരാധനയെന്നും അല്ലെങ്കിൽ സ്വകാര്യദൈവാരാധന എന്നും വിളിക്കുന്നു.*

**§2. കാനോന 199 §1 –** *ന് അർഹമായ പരിഗണന കൊടുത്തുകൊണ്ടുതന്നെ പരസ്യദൈവാരാധനയെ സംബന്ധിച്ച തീരുമാനങ്ങൾക്ക് തക്ക അധികാരി കാനോന 657-ൽ പറഞ്ഞിരിക്കുന്നവരാണ്. പ്രസ്തുത അധികാരികളാൽ നിശ്ചയിക്കപ്പെട്ടവയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ നീക്കംചെയ്യാനോ മാറ്റം വരുത്താനോ മറ്റാർക്കും പാടുള്ളതല്ല.*

സഭയുടെ പേരിൽ നിയമിതരായ വ്യക്തികൾ, സഭ അംഗീകരിച്ച കർമ്മങ്ങളിലൂടെ നടത്തുന്ന ആരാധനയെ മാത്രമേ പരസ്യാരാധനയായി കണക്കാക്കൂ. മറ്റുള്ളവ സ്വകാര്യസ്വഭാവം മാത്രമുള്ളവയായിരിക്കും. പരസ്യാരാധനാവിധികളും കർമ്മക്രമങ്ങളും സഭ ഔദ്യോഗികമായി അംഗീകരിച്ചവയായിരിക്കണം. ഇപ്രകാരം അംഗീകാരം കൊടുക്കാനുള്ള അധികാരം ശ്ലൈഹികസിംഹാസനത്തിനോ പാത്രിയർക്കീസിനോ സ്വയാധികാരസഭയുടെ തലവനായ മെത്രാപ്പോലീത്തായ്ക്കോ മെത്രാന്മാർക്കോ ആയിരിക്കും. ഇത് 657, 199 §1 എന്നീ കാനോനകളിൽ വ്യക്തമാക്കിയിട്ടുണ്ട്. പരസ്യാരാധന സഭയുടെ ഔദ്യോഗികാരാധനയായതിനാൽ വ്യക്തികളുടെയോ സമൂഹങ്ങളുടെയോ സൗകര്യംമാത്രം നോക്കി മാറ്റങ്ങൾ വരുത്താൻ പാടില്ല.

**കാനോന 669:** *കൂദാശകൾ സഭ മുഴുവനിലും ഒന്നായതുകൊണ്ടും അവ ദൈവികനിക്ഷേപത്തിൽ (divine deposit) പെടുന്നതുകൊണ്ടും അവയുടെ സാധുതയ്ക്കുവേണ്ട കാര്യങ്ങൾ അംഗീകരിക്കുവാനോ നിർവചിക്കുവാനോ ഉള്ള അധികാരം സഭയുടെ പരമാധികാരത്തിനു മാത്രമുള്ളതാണ്.*

സഭയുടെ വിശ്വാസത്തിന്റെ പരസ്യപ്രകടനമായ കൂദാശകൾ സഭ മുഴുവനിലും ഒന്നുതന്നെയാണ്. അതിനാൽ, കൂദാശകളുടെ സാധുവായ പരികർമ്മത്തിനാവശ്യമായ കാര്യങ്ങൾക്ക് അംഗീകാരം കൊടുക്കാനുള്ള അധികാരം മാർപാപ്പായ്ക്കും അദ്ദേഹത്തോടൊപ്പം മെത്രാൻസംഘത്തിനും മാത്രമേയുള്ളൂ.

**കാനോന 670: §1.** *ന്യായമായ കാരണമുള്ളപ്പോൾ കത്തോലിക്കാവിശ്വാസികൾക്ക് മറ്റു ക്രൈസ്തവരുടെ ദൈവാരാധനയിൽ സന്നിഹിതരാവുകയും പങ്കെടുക്കുകയും ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ കത്തോലിക്കാസഭയുമായുള്ള അവരുടെ കൂട്ടായ്മയുടെ തോത് കണക്കിലെടുത്തുകൊണ്ട് രൂപതാമെത്രാനോ ഉയർന്ന മേലധികാരിയോ നിശ്ചയിച്ചിരിക്കുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ്.*

**§2.** *ദൈവാരാധന ഉചിതമായി നടത്തുവാൻ അകത്തോലിക്കാ ക്രൈസ്തവർക്ക് സ്ഥലമില്ലെങ്കിൽ രൂപതാമെത്രാന് തന്റെ സ്വയാധികാരസഭയുടെ പ്രത്യേകനിയമമാനദണ്ഡം അനുസരിച്ച് ഏതെങ്കിലും കത്തോലിക്കാകെട്ടിടമോ, സിമിത്തേരിയോ, ദൈവാലയമോ അവരുടെ ഉപയോഗത്തിനു നല്കാൻ അനുവദിക്കാവുന്നതാണ്.*





കത്തോലിക്കാവിശ്വാസത്തിന് ഹാനികരമാകാം എന്നുള്ളതുകൊണ്ട് കത്തോലിക്കർ മറ്റു ക്രൈസ്തവസഭാവിഭാഗങ്ങളുടെ ആരാധനക്രമങ്ങളിൽ പങ്കുചേരുന്നതും മറ്റു സഭാവിശ്വാസികൾ കത്തോലിക്കാ ആരാധനകളിലും കൂദാശകളിലും ഭാഗഭാക്കുകളാകുന്നതും കത്തോലിക്കാസഭ പ്രോത്സാഹിപ്പിച്ചിരുന്നില്ല. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അരൂപിയിൽ രൂപംകൊണ്ട പൗരസ്ത്യ കാനോനസംഹിത ഇത്തരത്തിലുള്ള സഭൈക്യപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്.

ചില പ്രത്യേക സാഹചര്യങ്ങളിൽ കത്തോലിക്കർക്ക് മറ്റു ക്രൈസ്തവവിഭാഗങ്ങളുടെ ആരാധനയിൽ പങ്കുചേരാവുന്നതാണ്. എന്നാൽ എപ്രകാരമുള്ള പങ്കാളിത്തമാണ് എന്നത് അത്തരം സഭകളുമായി കത്തോലിക്കാസഭയ്ക്കുള്ള ഐക്യത്തിന്റെ അളവ്, മേലധികാരികളുടെ അംഗീകാരം എന്നിവയെ ആശ്രയിച്ചിരിക്കും. മറ്റു സഭാവിഭാഗങ്ങൾക്ക് ആരാധന നടത്തുവാൻ സ്വന്തമായ സ്ഥലങ്ങൾ ഇല്ലെങ്കിൽ, അതിനായി രൂപതാമെത്രാന് കത്തോലിക്കാദൈവാലയങ്ങളോ സ്ഥാപനങ്ങളോ സിമിത്തേരിയോ അനുവദിച്ചുകൊടുക്കാവുന്നതാണ്.

**കാനോന 671: §1.** *കത്തോലിക്കാവിശ്വാസികൾക്കുമാത്രമാണ് കത്തോലിക്കാ കാർമ്മികർ കൂദാശകൾ നിയമാനുസൃതം പരികർമ്മം ചെയ്യാവുന്നത്. അതുപോലെ അവർ കത്തോലിക്കാ കാർമ്മികരിൽനിന്നു മാത്രമേ അവ നിയമാനുസൃതം സ്വീകരിക്കാവൂ.*

**§2.** *അനിവാര്യത ആവശ്യപ്പെടുകയോ യഥാർത്ഥ ആധ്യാത്മികനന്മയ്ക്കുതകുകയോ ചെയ്യുന്നപക്ഷം തെറ്റായ അറിവിനും നിസ്സംഗതാമനോഭാവത്തിനുമുള്ള അവസരം ഒഴിവാക്കുകയാണെങ്കിൽ കത്തോലിക്കാകാർമ്മികനെ സമീപിക്കാൻ ശാരീരികമായും ധാർമ്മികമായും അസാധ്യമായ കത്തോലിക്കാവിശ്വാസികൾക്ക് കുമ്പസാരം, കുർബാന, രോഗീലേപനം എന്നീ കൂദാശകൾ അവ സാധുവായി നിലവിലുള്ള സഭകളിലെ അകത്തോലിക്കാ കാർമ്മികരിൽനിന്ന് സ്വീകരിക്കാവുന്നതാണ്.*

**§3.** *അതുപോലെ കത്തോലിക്കാ കാർമ്മികർക്ക് കത്തോലിക്കാ സഭയുമായി പൂർണ്ണമായ കൂട്ടായ്മയില്ലാത്ത പൗരസ്ത്യസഭകളിലെ ക്രൈസ്തവവിശ്വാസികൾക്ക് അവർ സ്വയം ആവശ്യപ്പെടുകയും ശരിയായ ഒരുക്കം ഉണ്ടായിരിക്കുകയും ചെയ്താൽ, കുമ്പസാരം, കുർബാന, രോഗീലേപനം എന്നീ*

*കൂദാശകൾ നിയമാനുസൃതം പരികർമ്മം ചെയ്യാവുന്നതാണ്. ശ്ലൈഹികസിംഹാസനത്തിന്റെ വിലയിരുത്തലിൽ കൂദാശകളെ സംബന്ധിച്ചിടത്തോളം മുകളിൽ പറഞ്ഞ പൗരസ്ത്യസഭകളുടെ തുല്യ അവസ്ഥയിലുള്ള മറ്റു സഭകളിലെ ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ചും ഇതു സാധുവാണ്.*

**§4.** *മരണാസന്നാവസ്ഥയോ, അല്ലെങ്കിൽ രൂപതാമെത്രാന്റെയോ പാത്രിയാർക്കൽസഭയിലെ മെത്രാൻസിനഡിന്റെയോ മേലദ്ധ്യക്ഷന്മാരുടെ സമിതിയുടെയോ വിലയിരുത്തലിൽ (judgement) മറ്റൊരു ഗൗരവമുള്ള അനിവാര്യതയോ ഉള്ളപ്പോൾ, കത്തോലിക്കാ കാർമ്മികർക്ക് കത്തോലിക്കാസഭയുമായി പൂർണ്ണമായ കൂട്ടായ്മയില്ലാത്തവരും സ്വന്തം സഭാസമൂഹത്തിന്റെ കാർമ്മികനെ സമീപിക്കുക അസാധ്യമായവരുമായ മറ്റു ക്രൈസ്തവർക്കും അവർ സ്വയം ആവശ്യപ്പെടുകയാണെങ്കിൽ മേൽപ്പറഞ്ഞ കൂദാശകൾ നിയമാനുസൃതം പരികർമ്മം ചെയ്യാവുന്നതാണ്. എന്നാൽ പ്രസ്തുത കൂദാശകളെ സംബന്ധിച്ച് കത്തോലിക്കാസഭയുടെ വിശ്വാസവുമായി പൊരുത്തപ്പെടുന്ന വിശ്വാസം അവർ വെളിപ്പെടുത്തുകയും ശരിയായ ഒരുക്കം ഉണ്ടായിരിക്കുകയും ചെയ്യണം.*

**§5.** §§2,3,4 *എന്നിവയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേകനിയമമാനദണ്ഡങ്ങൾ ഉണ്ടാക്കുന്നത് ബന്ധപ്പെട്ട അകത്തോലിക്കാസഭയിലെയോ സഭാസമൂഹത്തിലെയോ തക്കപ്രാദേശിക അധികാരിയുമായിട്ടെങ്കിലും കൂടിയാലോചന നടത്തിയശേഷമായിരിക്കണം.*

സാധാരണഗതിയിൽ കത്തോലിക്കർ തങ്ങളുടെ പുരോഹിതരിൽനിന്നു മാത്രമേ കൂദാശകൾ സ്വീകരിക്കാവൂ. അതുപോലതന്നെ കത്തോലിക്കാപുരോഹിതർ കത്തോലിക്കർക്കേ കൂദാശകൾ പരികർമ്മം ചെയ്യാവൂ. എങ്കിലും സ്വന്തം പുരോഹിതരെ സമീപിക്കുക വളരെ ക്ലേശകരമായി വരുന്ന സാഹചര്യങ്ങളിൽ കുമ്പസാരം, കുർബാന, രോഗീലേപനം എന്നീ കൂദാശകൾ, ഈ കൂദാശകൾ സാധുവായി പരികർമ്മം ചെയ്യുന്ന സഭാവിഭാഗങ്ങളിൽപ്പെട്ട വൈദികരിൽനിന്നും സ്വീകരിക്കാവുന്നതാണ്. ഈ മാനദണ്ഡമനുസരിച്ച് കത്തോലിക്കാപുരോഹിതർക്ക് പൗരസ്ത്യ അകത്തോലിക്കാവിഭാഗങ്ങളിൽപ്പെട്ട വിശ്വാസികൾക്കും, ഈ സഭകളിലേതിനു തുല്യമായ വിശ്വാസമുള്ള മറ്റ് അകത്തോലിക്കാസഭകളിലെ വിശ്വാസികൾക്കും കൂദാശകൾ-പ്രത്യേകിച്ച്, കുമ്പസാരം, കുർബാന, രോഗീ





ലേപനം എന്നീ കൂദാശകൾ-പരികർമ്മം ചെയ്തുകൊടുക്കാം. ഇപ്രകാരം പരികർമ്മം ചെയ്യുന്നതിന്, അകത്തോലിക്കർ ആവശ്യപ്പെടുകയും ശരിയായ ഒരുക്കമുള്ളവർ ആയിരിക്കുകയും വേണം. കൂടാതെ മരണാസന്നാവസ്ഥയിലോ അതുപോലുള്ള ഗൗരവമാർന്ന സാഹചര്യങ്ങളിലോ മറ്റ് അകത്തോലിക്കാവിശ്വാസികൾക്കും അവർ ആവശ്യപ്പെടുന്നപക്ഷം കൂദാശകൾ പരികർമ്മം ചെയ്യാൻ കത്തോലിക്കാമേലദ്ധ്യക്ഷന്മാർക്ക് പുരോഹിതരെ അനുവദിക്കാവുന്നതാണ്. സഭകളുടെ അധികാരികളുമായി ചർച്ചചെയ്ത്, പരസ്പരധാരണയോടെ രൂപപ്പെടുത്തിയിരിക്കുന്ന പ്രത്യേകനിയമങ്ങൾക്കനുസരിച്ചാണ് ഇത്തരം കാര്യങ്ങളിൽ പ്രവർത്തിക്കേണ്ടത്.

**കാനോന 672: §1.** *മാമ്മോദീസ, സൈഥര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകൾ ആവർത്തിക്കപ്പെടാവുന്നവയല്ല.*

**§2.** *പ്രസ്തുത കൂദാശകളുടെ യഥാർത്ഥ പരികർമ്മത്തെപ്പറ്റിയോ, അല്ലെങ്കിൽ സാധുവായ പരികർമ്മത്തെപ്പറ്റിയോ ന്യായമായ സംശയം ഉണ്ടായിരിക്കുകയും വേണ്ടത്ര അന്വേഷണത്തിനുശേഷവും സംശയം നിലനില്ക്കുകയും ചെയ്യുന്നപക്ഷം വ്യവസ്ഥയോടുകൂടി അവ പരികർമ്മം ചെയ്യേണ്ടതാണ്.*

മാമ്മോദീസ, സൈഥര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകൾ ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നവയാകയാൽ അവ ഒരു പ്രാവശ്യം മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ. എന്നാൽ അവയുടെ സാധുവായ സ്വീകരണത്തെ സംബന്ധിച്ച് ഗൗരവമാർന്ന സംശയം ഉണ്ടെങ്കിൽ, സംശയത്തിന്റെ ബലത്തിൽ വീണ്ടും പരികർമ്മം ചെയ്യാവുന്നതാണ്.

**കാനോന 673:** *കൂദാശകളുടെ, പ്രത്യേകിച്ച് വി. കുർബാനയുടെ പരികർമ്മം സഭയുടെ പ്രവൃത്തി എന്ന നിലയിൽ സാധിക്കുന്നിടത്തോളം ക്രൈസ്തവവിശ്വാസികളുടെ സജീവഭാഗഭാഗിത്വത്തോടെ ചെയ്യേണ്ടതാണ്.*

കൂദാശകൾ സഭയുടെ ഔദ്യോഗികാരാധനയാണ്. അതിനാൽ സാധിക്കുന്നിടത്തോളം അവ വിശ്വാസികളുടെ സാന്നിദ്ധ്യത്തിലും സജീവഭാഗഭാഗിത്വത്തോടെയും പരികർമ്മം ചെയ്യുവാൻ ശ്രദ്ധിക്കണം.

**കാനോന 674: §1.** *കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ ആരാധനക്രമപുസ്തകങ്ങളിലുള്ള കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.*

§2. *നിയമം മറിച്ച് അനുശാസിക്കുകയോ ശ്ലൈഹികസിംഹാസന ത്തിൽനിന്ന് പ്രത്യേക അധികാരം ലഭിക്കുകയോ ചെയ്തിട്ടി ല്ലെങ്കിൽ കാർമ്മികൻ തന്റെ സ്വയാധികാര സഭയിലെ ആരാ ധനക്രമവിധികൾ അനുസരിച്ച് കൂദാശകൾ പരികർമ്മം ചെയ്യേ ണ്ടതാണ്.*

സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ആരാധനക്രമപുസ്ത കങ്ങളുടെ നിബന്ധനകൾക്കനുസരിച്ചാണ് കൂദാശകൾ പരികർമ്മം ചെയ്യേണ്ടത്. പുരോഹിതർ സഭയുടെ ഔദ്യോഗികശുശ്രൂഷ സഭ യുടെ പേരിൽ ചെയ്യുമ്പോൾ തങ്ങളുടെ സഭയുടെ ആരാധനക്രമ രീതികൾക്കനുസരിച്ചു മാത്രമേ പരികർമ്മം ചെയ്യാവൂ. മറ്റൊരു റീത്ത നുസരിച്ച് പരികർമ്മം ചെയ്യുവാൻ പുരോഹിതർക്ക് ശ്ലൈഹികസിം ഹാസനത്തിന്റെ പ്രത്യേകാനുമതി ആവശ്യമാണെന്ന് ഈ നിയമം വ്യക്തമാക്കുന്നു.

## കൂദാശകൾ ജീവിതത്തിൽ

**ആമുഖം:**

1546 കാനോനകളും 30 ശീർഷകങ്ങളുമുള്ള പൗരസ്ത്യ സഭാനി യമത്തിലെ 161-ാം ശീർഷകത്തിൽ വരുന്ന 228 കനോനകൾ ദൈവാ രാധനയെ പ്രത്യേകിച്ച് കൂദാശകളെ സംബന്ധിച്ചുള്ളവയാണ്. ഇതിൽ തിരുപ്പട്ടം ഒഴിച്ചുള്ള മറ്റു കൂദാശകളെകുറിച്ചും കൂദാശാനു കരണങ്ങളെപ്പറ്റിയും സംക്ഷിപ്തമായും, വിവാഹം എന്ന കൂദാശ യെപ്പറ്റി സാമാന്യം വിശദമായും ഇവിടെ പ്രതിപാദിക്കുന്നു.

സഭയുടെ സ്രോതസ്സും ശക്തികേന്ദ്രവും ആരാധന ക്രമമാണെ ങ്കിൽ ആരാധനക്രമത്തിന്റെ കാതൽ കൂദാശകളാണ് (SC.10). "മനു ഷ്യരെ വിശുദ്ധീകരിക്കുക മിശിഹായുടെ മൗതിക ശരീരമായ സഭയെ വളർത്തുക, സർവ്വോപരി ദൈവത്തിന് ആരാധനയർപ്പി ക്കുക (SC.10) എന്നിവയാണ് കൂദാശകളുടെ ലക്ഷ്യങ്ങളായി കൗൺസിൽ പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നത്. പൗരസ്ത്യസ ഭകളുടെ കാഴ്ചപ്പാടിൽ കൂദാശകൾ ദൈവിക രഹസ്യങ്ങളുടെ ആവി ഷ്കാരമാണ്. കൂദാശകളെ "മിശിഹാ രഹസ്യങ്ങൾ" എന്നാണ് പൗരസ്ത്യ സഭകൾ വിളിക്കുന്നത്. മിശിഹാരഹസ്യത്തിന്റെ പ്രതീ കാത്മക പുനരാവിഷ്കരണങ്ങളായ കൂദാശകളുടെ ആഘോഷ ത്തിൽ പാലിക്കേണ്ട കാര്യങ്ങളും നിയമങ്ങളും ആണ് നമ്മൾ ഈ പാഠത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്.





**കൂദാശ എന്ന പദം**

"വിശുദ്ധീകരിക്കുന്നത്" എന്നതാണ് കൂദാശയെന്ന സുറിയാനി പദത്തിന്റെ അർത്ഥം. എല്ലാ കൂദാശകളുടെയും ലക്ഷ്യം വിശുദ്ധീ കരണമാണല്ലോ. ജന്മപാപവും കർമ്മപാപവും നീക്കി മാമ്മോദീ സായിലും പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തിനൽകി സ്ഥൈര്യ ലേപനത്തിലും, ഈശോയുടെ ശരീരരക്തങ്ങളിലൂടെ വി. കുർബാ നയിലും വിശുദ്ധീകരിക്കുന്നു. കർമ്മ പാപങ്ങളിൽനിന്നും വിശു ദ്ധീകരിക്കുന്ന കൂദാശയാണ് കുമ്പസാരം. രോഗിയുടെ ആത്മാവിനും ശരീരത്തിനും ശക്തി നൽകി രോഗീലേപനത്തിൽ വിശുദ്ധീകരണം നടക്കുന്നു. വിവാഹത്തിലും തിരുപ്പട്ടത്തിലും ആ ജീവിതാന്തസ്സു കൾക്കാവശ്യമായ ദാനങ്ങൾ നൽകി വിശുദ്ധീകരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന് ദൈവ ജനം അടയാളങ്ങളിലൂടെ സഭയിൽ പരസ്യമായി അർപ്പിക്കുന്ന സ്തുതിയും ആരാധനയും പുകഴ്ചയുമാണ് കൂദാശകളുടെ അന്തഃ സത്ത.

**കൂദാശകളിലുള്ള പരസ്പരപങ്കാളിത്തം**

പ്രത്യേക സാഹചര്യങ്ങളിൽ തക്ക കാരണങ്ങളുടെ അടിസ്ഥാ നത്തിൽ കത്തോലിക്കരുടെ പരസ്യാരാധന സ്ഥലങ്ങൾ അകത്തോ ലികർക്ക്, സ്വയാധികാര സഭകളുടെ പ്രത്യേക നിയമാനുസൃതം ഉപയോഗിക്കുന്നതിനുമായി രൂപതാധ്യക്ഷന് അനുവദിക്കാവുന്ന താണ്. കത്തോലിക്കാ പുരോഹിതർക്ക് കത്തോലിക്കർക്കുമാത്രമേ നിയമാനുസൃതം കൂദാശകൾ പരികർമ്മം ചെയ്യാനാവൂ. എന്നാൽ സ്വന്തം സഭയുടെ പുരോഹിതശുശ്രൂഷ ലഭിക്കാൻ സാധ്യതയി ല്ലാത്ത അവസരത്തിൽ ഉതപ്പും തെറ്റുകളും നിസ്സംഗതാമനോഭാ വവും ഇല്ലാതെ ആദ്ധ്യാത്മിക നന്മ ലക്ഷ്യംവെച്ചുകൊണ്ട് കത്തോ ലിക്കന് അകത്തോലിക്കാ പുരോഹിതനേയും അകത്തോലിക്കന് കത്തോലിക്കാ പുരോഹിതനേയും കുമ്പസാരം, വി. കുർബാന, രോഗീലേപനം എന്നീ കൂദാശകളുടെ പരികർമ്മത്തിനായി സമീ പിക്കാവുന്നതാണ്. ഇപ്രകാരം കൂദാശകൾ പരികർമ്മം ചെയ്യുന്ന തിന് അകത്തോലിക്കർ ആവശ്യപ്പെടുകയും ശരിയായ ഒരുക്കമു ള്ളവർ ആയിരിക്കുകയും വേണം. സഭകളുടെ അധികാരികളുമായി ചർച്ചചെയ്ത് പരസ്പര ധാരണയോടെ രൂപപ്പെടുത്തിയിരിക്കുന്ന പ്രത്യേക നിയമമനുസരിച്ചാണ് ഇത്തരം കാര്യങ്ങളിൽ പ്രവർത്തി ക്കേണ്ടത് (cc. 670. 671).

**കൂദാശകളും സ്വകാര്യ പ്രാർത്ഥനകളും**

കൂദാശകളും സ്വകാര്യപ്രാർത്ഥനകളും (ഭക്താനുഷ്ഠാനങ്ങൾ) തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. കൂദാശകൾ എല്ലാം ക്രിസ്തു

സ്ഥാപിച്ചവയാണ്. അവ വ്യക്തിയുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നവയാണ്. ഭക്താനുഷ്ഠാനങ്ങൾ ആദ്ധ്യാത്മിക ജീവിതത്തിന് സഹായകകരമാണെങ്കിലും വ്യക്തിയെ വിശുദ്ധീകരിക്കാൻ പര്യാപ്തമല്ല. ദൈവവും മനുഷ്യനും തമ്മിൽ സംഗമിക്കുന്ന പ്രക്രിയയാണ് കൂദാശകളിൽ നടക്കുന്നത്. എന്നാൽ ഭക്താനുഷ്ഠാനങ്ങളിൽ ഈ സംഗമം നടക്കുന്നു എന്നു പറയാനാവില്ല. കൂദാശകൾ വസ്തുനിഷ്ഠമാണ്. പരികർമ്മം ചെയ്യുന്ന വൈദികന്റെ അറിവോ വിശുദ്ധിയോ അല്ല കൂദാശകളുടെ ഫലം നിർണ്ണയിക്കുന്നത്. ഭക്താനുഷ്ഠാനങ്ങൾ വ്യക്തിനിഷ്ഠമാണ്. അനുഷ്ഠിക്കുന്ന വ്യക്തികളുടെ വിശ്വാസത്തെയും ആഗ്രഹത്തെയും ആശ്രയിച്ചിരിക്കും ഇവയുടെ ഫലം. കൂദാശകൾ സാർവ്വത്രികമാണ്. സഭയിൽ അത് എവിടെ പരികർമ്മം ചെയ്താലും ഒരേ ഫലങ്ങളാണ് അവയ്ക്കുള്ളത്. എന്നാൽ ഭക്താനുഷ്ഠാനങ്ങൾ പ്രത്യേക സ്വഭാവമുള്ളവയാണ്. അതുകൊണ്ടാണ് വിശുദ്ധരുടെ വണക്കത്തിന് ചില പ്രത്യേക സങ്കേതങ്ങളിൽ ആളുകൾ തിങ്ങിക്കൂടുന്നത്. കൂദാശകൾ നിർബന്ധമാണ്, അവ ക്രൈസ്തവന്റെ ആത്മീയശക്തിയാണ്, ഭക്ഷണമാണ്. ജനനംമുതൽ മരണം വരെയുള്ള അവന്റെ എല്ലാ ആവശ്യങ്ങളിലും അവനോടൊപ്പം ആയിരിക്കുന്നതിനും അവനെ വിശുദ്ധീകരിക്കുന്നതിനും ഈശോ സ്ഥാപിച്ചവയാണവ. ഭക്താനുഷ്ഠാനങ്ങൾ ആത്മീയ ഉന്നമനത്തിന് സഹായകമാണെങ്കിലും കൂദാശകൾ പോലെ അവ നിർബന്ധമല്ല.

**കൂദാശകളുടെ വിഭജനം**

**മായാത്ത മുദ്രപതിക്കുന്ന കൂദാശകൾ:-**

കൂദാശകളിൽ ചിലത് ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നതാണ്. മറ്റുള്ളവ ആവശ്യാനുസരണം വീണ്ടും സ്വീകരിക്കാവുന്നവയും. ഒരിക്കൽ മാത്രം സ്വീകരിക്കുന്നവയെ മായാത്ത മുദ്രപതിക്കുന്ന കൂദാശകൾ എന്നു വിളിക്കുന്നു. മാമ്മോദീസ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയാണവ. അവയുടെ സ്വീകരണത്തിലൂടെ ഒരിക്കലും മായ്ക്കപ്പെടാൻ സാധിക്കാത്ത മുദ്രയാണ് സ്വീകരിക്കുന്നവരിൽ പതിക്കുന്നത് (CC. 672).

**മരിച്ചവരുടെ കൂദാശകളും ജീവിക്കുന്നവരുടെ കൂദാശകളും:-**

വരപ്രസാദം ഇല്ലാത്തപ്പോൾ സ്വീകരിക്കുന്ന മാമ്മോദീസ, കുമ്പസാരം എന്നിവയാണ് മരിച്ചവരുടെ കൂദാശകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വരപ്രസാദ അവസ്ഥയിൽ സ്വീകരിക്കുന്ന സ്ഥൈര്യലേപനം, കുർബാന, രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നിവയെയാണ് "ജീവിക്കുന്നവരുടെ കൂദാശകൾ" എന്നു വിളിക്കുന്നത്.





**കൂദാശകളുടെ വിഭജനം സാർവ്വത്രിക മതബോധന ഗ്രന്ഥമനുസരിച്ച്:-**

കൂദാശകളെ 3 ഗണങ്ങളായി തിരിച്ചിരിക്കുന്നു. മാമ്മോദീസ, സ്ഥൈര്യലേപനം, വി. കുർബാന എന്നിവയാണ് ആദ്യത്തെ ഗണത്തിൽപെടുക. ഇവയെ പ്രവേശക കൂദാശകൾ (Sacraments of Initiation) എന്നു വിളിക്കുന്നു. കുമ്പസാരം, രോഗീലേപനം എന്നിവയാണ് രണ്ടാമത്തെ ഗണത്തിൽ, ഇവയെ സൗഖ്യദായക കൂദാശകൾ (Sacraments of Healing) എന്നു വിളിക്കുന്നു. തിരുപ്പട്ടവും വിവാഹവുമാണ് മൂന്നാമത്തെ ഗണത്തിലുള്ളത്. ഇവയെ കൂട്ടായ്മയുടെയും ശുശ്രൂഷയുടെയും കൂദാശകൾ (Sacraments of service of communion and mission).

**കൂദാശകളുടെ പരികർമ്മം**

കൂദാശകൾ സഭയുടെ ഔദ്യോഗികാരാധനയാണ്. അതിനാൽ സാധിക്കുന്നിടത്തോളം അവ വിശ്വാസികളുടെ സാന്നിധ്യത്തിലും സജീവ ഭാഗഭാഗിത്വത്തോടെയും പരികർമ്മം ചെയ്യണം. അതുപോലെ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ആരാധന പുസ്തകങ്ങളുടെ നിബന്ധനകൾക്കനുസൃതമായിട്ടാണ് കൂദാശകൾ പരികർമ്മം ചെയ്യേണ്ടത്. പുരോഹിതർ സഭയുടെ ഔദ്യോഗിക ശുശ്രൂഷ സഭകളുടെ പേരിൽ ചെയ്യുമ്പോൾ തങ്ങളുടെ സഭയുടെ ആരാധനക്രമരീതിയനുസരിച്ചു മാത്രമേ പരികർമ്മം ചെയ്യാവൂ. മറ്റൊരു റീത്തനുസരിച്ച് പരികർമ്മം ചെയ്യുവാൻ പുരോഹിതർക്ക് ശ്ലൈഹിക സിംഹാസനത്തിന്റെ പ്രത്യേകാനുമതി ആവശ്യമാണ് (cc 763-673).

**മാമ്മോദീസാ**

മാമ്മോദീസായിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്വാഭാവിക ജലത്താൽ കഴുകപ്പെടുന്ന വ്യക്തി പാപത്തിൽനിന്ന് മോചിക്കപ്പെടുകയും പുതിയ ജീവനിലേക്ക്, വീണ്ടും ജനിക്കുകയും ക്രിസ്തുവിനെ ധരിക്കുകയും അവിടുത്തെ ശരീരമായ സഭയിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു. മാമ്മോദീസായുടെ യഥാർത്ഥമായ സ്വീകരണം വഴിയാണ് ഒരു വ്യക്തി മറ്റ് കൂദാശകൾ സ്വീകരിക്കാൻ യോഗ്യനായിത്തീരുന്നത് (c 675). സാധാരണഗതിയിൽ മാമ്മോദീസാ ആഘോഷമായാണ് പരികർമ്മം ചെയ്യേണ്ടത്. എന്നാൽ മരണാസന്നനായ വ്യക്തിക്കോ മറ്റു അത്യാവശ്യ സാഹചര്യങ്ങളിലോ മാമ്മോദീസാ നൽകേണ്ടി വരുമ്പോൾ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ സ്വാഭാവിക ജലം കുരിശടയാളത്തിൽ മൂന്ന് പ്രാവശ്യം ശിരസ്സിൽ

ഒഴിച്ചോ, തളിച്ചോ സ്നാനാർത്ഥിയെ ജലത്തിൽ മൂന്ന് പ്രാവശ്യം മുക്കിയോ സ്നാനം നൽകാവുന്നതാണ്. സഭ നിർദ്ദേശിക്കുന്നതു പോലെ ചെയ്യാനുള്ള ഉദ്ദേശ്യം ഇപ്രകാരം മാമ്മോദീസ നൽകുന്ന ആൾക്ക് ഉണ്ടായിരിക്കണം (cc 675-676).

**കാർമ്മികൻ**

പൗരസ്ത്യസഭകളിൽ മാമ്മോദീസായുടെ സാധാരണ കാർമ്മികൻ വൈദികനാകുന്നു. ഇടവക വികാരിയോ അദ്ദേഹത്തിന്റെ അനുമതിയോടെ മറ്റൊരു വൈദികനോ മാമ്മോദീസാ പരികർമ്മം ചെയ്യണമെന്ന് നിയമം നിഷ്കർഷിക്കുന്നു. വൈദികരുടെ അഭാവത്തിൽ അത്യാവശ്യ സന്ദർഭങ്ങളിൽ-ഉദാഹരണത്തിന് മരണാവസ്ഥയിലുള്ള ഒരാൾക്ക്, മാമ്മോദീസാ നൽകേണ്ടി വരുമ്പോൾ ഒരു ഡീക്കനോ, മറ്റേതെങ്കിലും ശെമ്മാശനോ, സമർപ്പിത ജീവിതം നയിക്കുന്ന ഒരാൾക്കോ, മാമ്മോദീസാ നൽകാൻ അറിയാവുന്ന ഏതെങ്കിലും ക്രൈസ്തവവിശ്വാസിക്കോ മാതാപിതാക്കൾക്കോ, മാമ്മോദീസാ നൽകാവുന്നതാണ് (c 677). അധികാരമില്ലാതിടത്ത് ഒരു വൈദികനും മാമ്മോദീസാ നൽകിക്കൂടാ. എന്നാൽ മറ്റു സ്വയാധികാര സഭകളിലെ വ്യക്തിയുടെ മാമ്മോദീസായ്ക്ക് അവരുടെ വൈദികർ അനുവാദത്തിനായി ആവശ്യപ്പെടുമ്പോൾ അത് നൽകാതിരിക്കരുത്. അതുപോലെത്തന്നെ സ്വന്തം സ്വയാധികാരസഭയിലെ വൈദികരാൽ മാമ്മോദീസാ നൽകപ്പെടാൻ വേണ്ട സാഹചര്യങ്ങൾ, രൂപതാദ്ധ്യക്ഷൻ ഉണ്ടാക്കണം (a 678). ഗർഭഛിദ്രത്തിന് (aborted fetus). വിധേയമായ ഭ്രൂണത്തിന് ജീവൻ ഉണ്ടായിരിക്കുകയും അതിന് മാമ്മോദീസാ നൽകാൻ സാധിക്കുന്ന സാഹചര്യമാണെങ്കിൽ അതിന് മാമ്മോദീസാ നൽകപ്പെടുന്നതാണ് (c 680).

**നിയമാനുസൃത മാമ്മോദീസ നൽകുവാൻ പാലിക്കപ്പെടേണ്ട നിബന്ധനകൾ**

ശിശുക്കൾക്ക് നിയമാനുസൃതം മാമ്മോദീസാ നൽകണമെങ്കിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ നിർബന്ധമായും പാലിക്കണം. ശിശുവിനെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുവാനുള്ള സാധ്യത ഉണ്ടായിരിക്കണം, മാതാപിതാക്കന്മാർ ഒരാളെങ്കിലുമോ അവരുടെ സ്ഥാനത്ത് നിൽക്കുന്ന രക്ഷാകർത്താവോ അതിനായി സമ്മതിക്കണം. അനാഥരായ കുഞ്ഞുങ്ങൾക്ക് മാമ്മോദീസാ നൽകപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മന്ദബുദ്ധികൾക്ക് ശിശുക്കളെ എന്നപോലെ പരിഗണിച്ച് മാമ്മോദീസാ നൽകേണ്ടതാണ്. അകത്തോലിക്കരുടെ മക്കൾക്ക് നിയമാനുസൃതം മാമ്മോദീസാ നൽകണമെങ്കിൽ മാതാപിതാക്കൾ ഒരാളെങ്കിലും അതിനായി ആവശ്യപ്പെടണം. അല്ലെങ്കിൽ അവരുടെ സ്വന്തം സഭയിലെ പുരോഹിതരെ ലഭിക്കാനുള്ള സാധ്യതയില്ലാത്ത അവസ്ഥയിലായിരിക്കണം. ശിശുവല്ലാത്ത ഏതൊരു വ്യക്തിയേയും മാമ്മോദീസാ സ്വീകരിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നതിനായി ഒരുക്കുകയും വേണം (cc 681-682). മാമ്മോദീസാ നൽകുന്നതിന് തലതൊട്ടപ്പനോ, തലതൊട്ടമ്മയോ ഒരാളെങ്കിലും ഉണ്ടായിരിക്കണം. പുരാതനകാലം മുതൽ അർത്ഥിയെ ഒരുക്കുന്നതിനും ശിശുവെങ്കിൽ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുന്നതിനും ഈ ആചാരം നിലവിൽ ഉണ്ടായിരുന്നു.





തലതൊട്ടപ്പനോ തലതൊട്ടമ്മയോ ആകണമെങ്കിൽ താഴെപറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം.

a മാമ്മോദീസാ, സ്ഥൈര്യലേപനം, വി. കുർബാന എന്നീ കൂദാശകൾ സ്വീകരിച്ച ആളായിരിക്കണം.

b സാധാരണനിലയിൽ കത്തോലിക്കനായിരിക്കണം

c ചുമതലകൾ ഏറ്റെടുക്കുവാൻ തയ്യാറുണ്ടാകണം.

d മാമ്മോദീസാ സ്വീകരിക്കുന്ന വ്യക്തിയോ, മാതാപിതാക്കളോ രക്ഷാകർത്താക്കളോ അവരില്ലെങ്കിൽ വൈദികനോ ചുമതലപ്പെടുത്തിയിരിക്കണം.

e മാമ്മോദീസാ സ്വീകരിക്കുന്ന വ്യക്തിയുടെ മാതാവോ പിതാവോ ദമ്പതിയോ ആകരുത്

f സഭാപരമായി ശിക്ഷണനടപടികൾക്ക് വിധേയരാകരുത്.

g പ്രത്യേകനിയമം അനുശാസിക്കുന്നപ്രായം, സഭാജീവിതം തുടങ്ങിവയ ഉണ്ടായിരിക്കണം.

ന്യായമായ കാരണം ഉള്ളപ്പോൾ പൗരസ്ത്യ അകത്തോലിക്കാ സഭയിലെ ക്രൈസ്തവ വിശ്വാസിയെ തലതൊട്ടയാളുടെ കർത്തവ്യം അനുഷ്ഠിക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ എല്ലായ്പ്പോഴും ഇത് തലതൊടുന്ന കത്തോലിക്കരായ ഒരാളോടൊപ്പം ആയിരിക്കണം (c. 684). ശിശുക്കൾക്ക് എത്രയും വേഗം മാമ്മോദീസാ നൽകുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്ക് ഉണ്ട്. മാതാപിതാക്കളുടെയും തലതൊടുന്നവരുടെയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഇടവക വികാരി ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തണം. സാധാരണനിലയിൽ പള്ളിയിൽവച്ചാണ് മാമ്മോദീസാ നൽകേണ്ടത്. പ്രത്യേകനിയമം അനുവദിക്കുന്നുണ്ടെങ്കിലോ, രൂപ

താധ്യക്ഷന്റെ അനുവാദത്തോടെയോ വീട്ടിലോ മറ്റ് സ്ഥലങ്ങളിലോ വെച്ച് മാമ്മോദീസാ നൽകാവുന്നതാണ് (cc. 687). തലതൊടാൻ ഒരാളെങ്കിലും ഇല്ലാത്ത അവസ്ഥയിൽ ഒരു സാക്ഷിയെങ്കിലും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് മാമ്മോദീസാ പരികർമ്മം ചെയ്യുന്ന ആളിന്റെ ചുമതലയാണ്. മാമ്മോദീസാ സാധുവായി പരികർമ്മം ചെയ്യുന്നുവെന്നതിന് തെളിവാണ് ഈ സാക്ഷി (cc. 688).

**മാമ്മോദീസാ രജിസ്റ്റർ**

മാമ്മോദീസാ നടത്തപ്പെടുന്ന സ്ഥലത്തെ വികാരി ഉടൻതന്നെ വളരെ സൂക്ഷ്മതയോടെ മാമ്മോദീസാ രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതിച്ചേർക്കണം. മാമ്മോദീസാ സ്വീകരിച്ച് ആളിന്റെ പേര്, മാതാപിതാക്കൻമാരുടെ പേര്, തലതൊടുന്നവരുടെ പേര്, സ്ഥലവും തിയ്യതിയും, ജനനതിയ്യതി, ജനനസ്ഥലം എന്നിവയും സ്വയാധികാര സഭയിലെ അംഗത്വവും എഴുതിച്ചേർക്കണം. അവിവാഹിതരായ അമ്മമാർക്കുണ്ടാകുന്ന കുഞ്ഞുങ്ങളുടെ പേരിനോടൊപ്പം അമ്മയുടെ പേരും എഴുതിച്ചേർക്കേണ്ടത് മാതൃത്വം പരസ്യമാണെങ്കിലോ, അമ്മ രേഖാമൂലം ആവശ്യപ്പെടുന്ന സാഹചര്യത്തിലോ ആണ്. അപ്പൻ ആവശ്യപ്പെടുകയും പിതൃത്വം പരസ്യമായി വെളിവാക്കപ്പെടുകയും ചെയ്തതാണെങ്കിൽ, പിതാവിന്റെ പേര് എഴുതി ചേർക്കുന്നു. മറ്റു സാഹചര്യങ്ങളിൽ പിതാവിന്റെയോ, മാതാവിന്റെയോ പേര് ചേർക്കാതെ മാമ്മോദീസാ രജിസ്റ്ററിൽ ശിശുവിന്റെ പേരുമാത്രം ചേർക്കുന്നു. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ സിവിൽനിയമം അനുസരിക്കേണ്ടതാണ് (cc. 689). മാമ്മോദീസാ നടന്നകാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത് തെളിയിക്കുന്നതിനുവേണ്ടി സംശയത്തിനതീതനായ ഒരു വ്യക്തിയുടെ സാക്ഷ്യമോ, മുതിർന്നവർക്കുള്ള മാമ്മോദീസായായിരുന്നുവെങ്കിൽ സ്നാനം സ്വീകരിച്ചയാളുടെ സംശയാതീതമായ കാര്യകാരണങ്ങളും കാണിച്ചുകൊണ്ടുള്ള പ്രഖ്യാപനമോ മതിയാവുന്നതാണ് (cc. 691).

**സ്ഥൈര്യലേപനം (തൈലാഭിഷേകം)**

സ്ഥൈര്യലേപനം എന്ന കൂദാശ ശരിയായ ക്രൈസ്തവ സാക്ഷ്യത്തിനായി വിശ്വാസികളെ ഒരുക്കുന്നു. വി. തൈലാഭിഷേകം വഴി പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ലഭിക്കുന്നു. തൈലംപൂശൽ ശരീരത്തെ പുഷ്ടപ്പെടുത്തുന്നതുപോലെ വിശ്വാസത്തെയും ശക്തിപ്പെടുത്താൻ സഹായിക്കുന്നു. കായികാഭ്യാസികൾ ശരീരത്തിൽ തൈലംപൂശി മൽസരത്തിനു തയ്യാറാകുന്നുപോലെ, സ്ഥൈര്യലേപനമെന്ന കൂദാശയുടെ സ്വീകരണത്തിലൂടെ ക്രൈസ്തവർ ഈലോകജീവിതത്തിൽ വിശ്വാസത്തിനെതിരായുള്ള വെല്ലുവിളികളെ നേരിടാൻ സജ്ജരാകുന്നു (cc. 692). സുഗന്ധകൂട്ടുകളും ഒലിവെണ്ണകളും കലർത്തിയാണ് തൈലം തയ്യാറാക്കുന്നത്. സാധാരണയായി എല്ലാ പൗരസ്ത്യ സഭകളിലും മെത്രാനാണ് വി. തൈലം കൂദാശചെയ്യുന്നത്. സീറോ മലബാർ ആരാധനക്രമമനുസരിച്ച് വലിയ ശനിയാഴ്ച രാവിലെ മെത്രാൻ തന്റെ കത്തീഡ്രലിൽവെച്ച് ആഘോഷമായി വി. തൈലം കൂദാശ ചെയ്യുകയും ഇടവക വികാരിമാർ അവിടെനിന്നും വാങ്ങിക്കൊണ്ട് പോവുകയുമാണ് പതിവ് (cc. 693). പൗരസ്ത്യസഭകളിൽ പുരോഹിതനാണ് സ്ഥൈര്യലേപനത്തിന്റെ കാർമ്മികൻ മാമ്മോദീസായോടൊപ്പമോ, അല്ലാതെയോ സ്ഥൈര്യലേപനം കൊടുക്കുമ്പോഴും വൈദികർ തന്നെയാണ് കാർമ്മികർ (cc. 694). പൗരസ്ത്യ സഭാനിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മാമ്മോദീസായും സ്ഥൈര്യലേപനവും ഒരുമിച്ചാണ് കൊടുക്കേണ്ടത്. വേറിട്ട് കൊടുക്കുമ്പോഴും അധികം താമസിയാതെതന്നെ സ്ഥൈര്യലേപനം കൊടുക്കാൻ വൈദികർ ശ്രദ്ധിക്കണം (cc. 695). പൗരസ്ത്യ സഭകളിൽപ്പെട്ട എല്ലാ വൈദികർക്കും സ്ഥൈര്യലേപനം നൽകാൻ അധികാരമുണ്ട്. സാധാരണഗതിയിൽ സ്വന്തം സഭയിൽപ്പെട്ട വിശ്വാസികൾക്ക് മാത്രമേ വൈദികർ നിയമാനുസൃതം സ്ഥൈര്യലേപനം കൊടുക്കാവൂ. എന്നാൽ മരണാസന്നരായവർക്കോ, സ്വന്തം അജഗണത്തിൽപെട്ടവർക്കോ ഈ കൂദാശ നിയമാനുസൃതം കൊടുക്കാവുന്നതാണ്, അവർ ഏത് സ്വയാധികാര സഭയിൽപ്പെട്ടവരായാലും (cc. 696). രക്ഷാകര രഹസ്യത്തിലേക്കുള്ള കൗദാശികമായ പ്രവേശനം വി. കുർബാന സ്വീകരിണത്തിലാണ് പൂർണ്ണമാകുന്നത്. അതുകൊണ്ട് ഓരോ സ്വയാധികാരസഭകളുടേയും പ്രത്യേക നിയമത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച്, മാമ്മോദീസായ്ക്കും സ്ഥൈര്യലേപനത്തിനും ശേഷം എത്രയും വേഗം വി. കുർബാന നൽകപ്പെടുന്നു. പൗരസ്ത്യസഭാ പാരമ്പര്യമനുസരിച്ച് മാമ്മോദീസ, സ്ഥൈര്യലേപനം, വി. കുർബാന എന്നീ പ്രവേശകകൂദാശകൾ ഒരുമിച്ച് പരികർമ്മം ചെയ്യേണ്ടവയാണ്. (c. 697). ശിശുക്കൾ ജനിച്ച ഉടൻതന്നെ ജീവൻ പരിപോഷിപ്പിക്കാൻ ഭൗതിക ഭക്ഷണം (മുലപ്പാൽ, പാൽ) ആവശ്യമായിരിക്കുന്നതുപോലെ ആത്മീയ ജീവൻ പരിപോഷിപ്പിക്കുവാൻ ആത്മീയ ഭക്ഷണം നല്കേണ്ടത് അത്യാവശ്യമാണ്.

**വി. കുർബാന** (cc. 698-717)

വി. കുർബാനയെന്ന കൂദാശ അന്ത്യ അത്താഴത്തിന്റെയും കർത്താവിന്റെ കുരിശിലെ ബലിയുടെയും സമ്യക്കും പ്രതീകാത്മ

കവുമായ പുനരാവിഷ്കരണമാണ്. ബലിയും, കാഴ്ച്ചയും, വിരുന്നുമായ ഈ കൂദാശ ക്രിസ്തുവിന്റെ ശരീരമായ സഭയെ പടുത്തുയർത്തുന്നു (c. 698). എല്ലാ ക്രൈസ്തവ വിശ്വാസികളും അവരുടേതായ രീതിയിൽ ആരാധനക്രമ പുസ്തകത്തിൽ പറയുന്നതുപോലെ പരി. കുർബാനയിൽ പങ്കുചേരണം. മെത്രാന്മാർക്കും വൈദീകർക്കും മാത്രമേ പരി. കുർബാനയിൽ കാർമ്മികരാകുവാൻ അധികാരമുള്ളൂ. രൂപതയിൽ പ്രധാന കാർമ്മികനായ മെത്രാനോടൊപ്പം എല്ലാ വൈദികരും ഒരുമിച്ച് സാധിക്കുമ്പോഴെല്ലാം ബലിയർപ്പിക്കുന്നത് നല്ലതാണ്. സമൂഹബലിയാണ് അഭികാമ്യമെങ്കിലും തനിച്ച് വി. കുർബാന അർപ്പിക്കാനുള്ള അനുവാദം ഓരോ വൈദികനും ഉണ്ട്. എന്നിരുന്നാലും സമൂഹബലി നടന്നുകൊണ്ടിരിക്കുന്ന സമയത്ത് അതേ ദേവാലയത്തിൽവെച്ച് ഇങ്ങനെ ചെയ്യാൻ വൈദികന് അവകാശമില്ല (c. 700). വിവിധ സ്വയാധികാര സഭകളിലെ മെത്രാന്മാരും വൈദികരും സഭയുടെ കൂട്ടായ്മ പ്രകടമാക്കുന്നതിനായി സമൂഹബലിയർപ്പിക്കുന്നതും നല്ലതാണ്. അങ്ങനെ ചെയ്യുമ്പോൾ മുഖ്യ കാർമ്മികന്റെ റീത്തു പ്രകാരമാണ് ബലി അർപ്പിക്കേണ്ടത്. എന്നാൽ ഓരോ സഹകാർമ്മികനും തന്റെ റീത്ത് അനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ ധരിക്കുന്നു (c. 701). അകത്തോലിക്കാ വൈദികരുമായി സമൂഹബലി പാടില്ല (c. 702). പുറമേനിന്ന് വൈദികൻ കുർബാന അർപ്പിക്കാൻ വരുമ്പോൾ മെത്രാന്റെ ശുപാർശക്കത്ത് (celebret) പള്ളിയുടെ റെക്ടറെ (വികാരിയെ) കാണിക്കണം. അല്ലെങ്കിൽ വരുന്ന വൈദികനെക്കുറിച്ച് റെക്ടറിന് (വികാരിക്ക്) ബോധ്യമുണ്ടായിരിക്കണം (c. 703). കർമ്മവിധിപ്രകാരം മുടക്കമില്ലാത്ത (ഉദാ: ദുഃഖവെള്ളി) എല്ലാ ദിവസവും കുർബാന അർപ്പിക്കാം (c. 704). ഒരു കത്തോലിക്കാ പുരോഹിതന് ഏത് കത്തോലിക്കാ പള്ളിയിലെ അൾത്താരയിലും റെക്ടറിന്റെ അനുവാദത്തോടെ ബലിയർപ്പിക്കാവുന്നതാണ്. എന്നാൽ അകത്തോലിക്കാ ദേവാലയത്തിൽ ബലിയർപ്പിക്കണമെങ്കിൽ രൂപതാദ്ധ്യക്ഷന്റെ അനുവാദം വേണം (c. 705). വി. കുർബാനയ്ക്കാവശ്യമായ അപ്പം ഗോതമ്പിൽ നിന്നും കേടുവരാൻ സാധ്യതയില്ലത്തവിധം - അടുത്തകാലത്ത് ഉണ്ടാക്കിയതായിരിക്കണം. വി. കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞ്, മുന്തിരിയിൽ നിന്ന് ഉണ്ടാക്കിയ കേടുവരാത്ത സാധാരണ വീഞ്ഞ് ആയിരിക്കണം (c. 706). കുർബാന അപ്പത്തിന്റെ ഒരുക്കം, കുർബാനയ്ക്ക് ഒരുക്കമായുള്ള ഉപവാസം, തിരുവസ്ത്രങ്ങൾ, സമയം, സ്ഥലം തുടങ്ങിയവ സംബന്ധിച്ചുള്ള നിയമങ്ങളും ഓരോ സ്വയാധികാര സഭകൾക്കുമുള്ളതാണ്. സ്വന്തം സഭയിലേത് സംലഭ്യമല്ലെങ്കിൽ മറ്റു





സ്വയാധികാര സഭയിലെ തിരുവസ്ത്രവും, കുർബാനയപ്പവും ഉപയോഗിക്കാവുന്നതാണ് (c. 707). അടുക്കലടുക്കലും പ്രത്യേകിച്ച് മരണാവസ്ഥയിലും, പെസഹാകാലത്തും, വി. കുർബാന ഉൾക്കൊള്ളുവാനുള്ള കടമയെക്കുറിച്ചും വിശ്വാസികളെ ബോധവവാൻമാരാക്കാൻ രൂപതാ മെത്രാന്മാരും ഇടവക വികാരിമാരും ശ്രദ്ധിക്കേണ്ടതാണ് (c.708). പൊതുനിയമമനുസരിച്ച് വൈദികരാണ് വിശ്വാസികൾക്ക് വി. കുർബാന വിതരണം ചെയ്യേണ്ടത്. പ്രത്യേക നിയമം അനുവദിക്കുന്നവിധത്തിൽ മറ്റു വിശ്വാസികൾക്കും വി. കുർബാന വിതരണം ചെയ്യാവുന്നതാണ്. എന്നാൽ അവർക്ക് വേണ്ടതായ അറിവും പരിശീലനവും നൽകണം (c. 709). ഗൗരവമായ പാപാവസ്ഥയിലുള്ളവർ വി. കുർബാന സ്വീകരിക്കുകയോ, അർപ്പിക്കുകയോ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമായി വന്നാൽ അവർ പൂർണ്ണമായ ഒരു മനസ്താപം നടത്തുകയും എത്രയും പെട്ടെന്നുതന്നെ കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുകയും വേണം. പരസ്യപാപികൾക്ക് കുർബാന സ്വീകരണം വിലക്കപ്പെട്ടിരിക്കുന്നു (c. 711,712). തക്ക കാരണത്താൽ മറ്റുവിധത്തിൽ നിർബന്ധിക്കുന്നില്ലെങ്കിൽ കുർബാനക്കിടയ്ക്കു തന്നെ പരി. കുർബാന വിതരണം ചെയ്യണം. എന്നാൽ രോഗികൾക്ക് അല്ലാതെയും നൽകാം (c. 713). ക്രൈസ്തവ വിശ്വാസികളുടെ ആരാധനയ്ക്കും രോഗികൾക്ക് വിതരണം ചെയ്യുന്നതിനുമായി വി. കുർബാന ദേവാലയങ്ങളിൽ പൂജ്യമായി സൂക്ഷിക്കേണ്ടതാണ് (c. 714). ഓരോ സഭകളുടെയും സ്ഥലത്തിന്റെയും നിയമങ്ങൾക്കനുസൃതം കുർബാന ധർമ്മവും മറ്റ് തിരുകർമ്മങ്ങൾക്കായുള്ള ധർമ്മവും സ്വീകരിക്കാവുന്നതും അതിന്റെ ഉത്തരവാദിത്വം കൃത്യമായി പാലിക്കേണ്ടതുമാണ് (cc. 715-17).

### അനുരഞ്ജന കൂദാശ (cc. 718-736)

മാമ്മോദീസായ്ക്കുശേഷം ചെയ്തിട്ടുള്ള പാപങ്ങൾക്ക് പൊറുതിയാചിച്ചുകൊണ്ട് ഒരു വ്യക്തി, പുരോഹിതന്റെ ശുശ്രൂഷയിലൂടെ ദൈവത്തോടും സഭയോടും അനുരഞ്ജനപ്പെടുന്ന കൂദാശയാണ് കുമ്പസാരം. പരിശുദ്ധാത്മാവിനാൽ ആന്തരികമായി നയിക്കപ്പെട്ടാണ് ഒരു വ്യക്തി പാപസങ്കീർത്തന വേദിയിലേക്ക് അണയുന്നത്. പശ്ചാത്താപവും, പാപങ്ങളുടെ വ്യക്തിപരമായ ഏറ്റുപറച്ചിലും പാപത്തിൽനിന്നും പിൻതിരിയുവാനുള്ള ഉറച്ച തീരുമാനവും കുമ്പസാരത്തിന് ആവശ്യമാണ് (c. 718). ഗൗരവമായ പാപത്തെക്കുറിച്ച് ബോധ്യമുള്ള ഏതൊരുവനും ഈ കൂദാശ എത്രയും വേഗം സ്വീക

രിക്കണം. മാത്രമല്ല, നോമ്പിന്റെയും പശ്ചാത്താപത്തിന്റെ കാലങ്ങളിലും ഈ കൂദാശ സ്വീകരിക്കേണ്ടതാണ് (c. 719). ഗൗരവമായ പാപംചെയ്ത ക്രൈസ്തവ വിശ്വാസി ദൈവവുമായും സഭയുമായും അനുരഞ്ജനപ്പെടുന്നതിനുള്ള ഒരേയൊരു സാധാരണമാർഗ്ഗം വ്യക്തിപരവും സമഗ്രവുമായ കുമ്പസാരവും പാപമോചനവുമാണ്. ഇതിന് ശാരീരികമായും ധാർമ്മികമായും അസാധ്യമായ അവസരങ്ങളിൽ മാത്രമേ മറ്റുതരത്തിലുള്ള ക്രമങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂ (c. 720). വ്യക്തിപരമായി കുമ്പസാരിക്കാതെ സാധാരണഗതിയിൽ പാപമോചനം പൊതുവായി നൽകിക്കൂടാ. എന്നാൽ വ്യക്തിപരമായി കുമ്പസാരം നടത്താൻ സാധ്യമല്ലാത്തവിധത്തിൽ മരണാവസ്ഥയിൽ ആയിരിക്കുമ്പോഴും വൈദികരുടെ ദൗർലഭ്യത്താലും കുമ്പസാരത്തിനണഞ്ഞിരിക്കുന്നവരുടെ ആധിക്യത്താലും, പലർക്കും കൗദാശിക പ്രസാദം ലഭിക്കാതിരിക്കാൻ സാധ്യതയുള്ള ഗൗരവമായ സാഹചര്യങ്ങളിലും ഒന്നിച്ചുള്ള പാപമോചനം നൽകാവുന്നതാണ്. എന്നാൽ ഈ ഗൗരവമായ സാഹചര്യങ്ങൾ ഏതെന്ന് നിശ്ചയിക്കേണ്ടത് രൂപതാമെത്രാനാണ്. ഇതിനു സ്ഥലത്തെ മറ്റു മെത്രാന്മാരുമായി ആലോചിക്കേണ്ടതാണ് (c. 720). സമൂഹപാപമോചനം സ്വീകരിക്കാൻ പാപത്തെകുറിച്ച് ഉത്തമമായി മനസ്തപിക്കുകയും സാധിക്കുന്ന ഏറ്റവും അടുത്ത അവസരങ്ങളിൽ വ്യക്തിപരമായി കുമ്പസാരിക്കുകയും വേണം (c. 721). വൈദികർക്കു മാത്രമേ പാപമോചനം നൽകാൻ അധികാരമുള്ളൂ. പ്രത്യേക സാഹചര്യത്തിൽ ഒരു രൂപതാമെത്രാൻ എതിർക്കുന്നില്ലെങ്കിൽ മെത്രാന്മാർക്ക് ലോകത്തെല്ലായിടത്തും പാപമോചനാധികാരമുണ്ട്. നിയമത്തിലോ നിയമാനുസൃതമായ അധികാരി നൽകുന്ന അനുവാദത്താലോ, അധികാരം (faculty) ഉണ്ടെങ്കിൽ മാത്രമേ ഒരു വൈദികന് വാസ്തവമായി കുമ്പസാരിപ്പിക്കാനാവൂ (c. 722). ഈ അധികാരം രൂപതാദ്ധ്യക്ഷന് രൂപതാതിർത്തിയിലും വികാരിക്ക് ഇടവകാതിർത്തിയിലും ഉദ്യോഗസഹജമായി ഉണ്ട് (c. 723). മരണാവസ്ഥയിൽ ഏതൊരു വൈദികനും എവിടെയും ഏതു പാപിക്കും പാപമോചനം നൽകാവുന്നതാണ് (c. 725). ഗൗരവമായ കാരണങ്ങൾ കൂടാതെ, കുമ്പസാരാനുവാദം ഒരു വൈദികനിൽനിന്നും പിൻവലിക്കാൻ പാടില്ല. അങ്ങനെ പിൻവലിക്കപ്പെടുകയോ ഉദ്യോഗത്തിൽനിന്നും മാറ്റുകയോ, രൂപത മാറുകയോ ചെയ്യുമ്പോൾ ഈ അനുവാദം നഷ്ടപ്പെടുന്നു (c. 726). ചില പാപങ്ങളുടെ മോചനം ശ്ലൈഹിക സിംഹാസനത്തിനു മാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. കുമ്പസാര രഹസ്യം നേരിട്ട് വെളിപ്പെടുത്തൽ, ശുദ്ധ





തയ്ക്കെതിരായി പാപംചെയ്യാൻ സഹകരിച്ച കൂട്ടാളിയുടെ പാപമോചനം എന്നിവ. ഇങ്ങനെ ആരെങ്കിലും കുമ്പസാരിച്ചാൽ മരണാവസ്ഥയിലൊഴികെ പാപമോചനം വാസ്തവമാകില്ല (c. 730). പൂർണ്ണ ഗർഭഛിദ്രം നടത്തിയവരുടെ പാപം മോചിക്കാൻ രൂപതാമെത്രാനു മാത്രമേ അധികാരമുള്ളൂ (c. 778). എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പാപമോചന സംവരണം ഇല്ലാതാകുന്നു. വിവാഹത്തിനുള്ള ഒരുക്കമായി കുമ്പസാരിക്കുന്ന ആളിന്റെയും വീടിനു പുറത്തുപോകാൻ ബുദ്ധിമുട്ടായ ആളിന്റെയും വലിയ അസൗകര്യം കൂടാതെ മേലധികാരിയെ സമീപിക്കാൻ പറ്റാത്തവരുടെ കാര്യങ്ങളിലും കുമ്പസാര രഹസ്യം വെളിപ്പെടുന്ന അപകടമുള്ള സാഹചര്യങ്ങളിലും, നിബന്ധനവെച്ച് അധികാരിയുടെ അധികാരപരിധിക്ക് പുറത്താകുമ്പോഴും, സംവരണത്തിന്റെ നിയമസാധുത നഷ്ടപ്പെടുന്നു (c. 729). കുമ്പസാരക്കാരനെതിരായി, ശുദ്ധതയ്ക്കെതിരായി കുറ്റമാരോപിച്ചുകൊണ്ട് തെറ്റായ രീതിയിൽ ആക്ഷേപം നടത്തുന്നവന്റെ പാപം, പ്രസ്തുത വ്യക്തി തെറ്റായ ആക്ഷേപം പിൻവലിക്കുകയും ആവശ്യമായ പരിഹാരം നടത്തുകയും ചെയ്താലല്ലാതെ മോചിക്കുവാൻ പാടുള്ളതല്ല (c. 731). പാപങ്ങളുടെ സ്വഭാവവും ഗൗരവവും എണ്ണവും അനുസരിച്ചും, അനുതാപിയുടെ അവസ്ഥയും അതുപോലെതന്നെ അയാളുടെ മാനസാന്തര മനോഭാവവും പരിഗണിച്ചും അനുയോജ്യമായ പ്രായശ്ചിത്ത പ്രവൃത്തികളും കുമ്പസാരക്കാരൻ കൽപിക്കണം (c. 732). കുമ്പസാര രഹസ്യം ഒരു കാരണവശാലും വെളിപ്പെടുത്താൻ പാടുള്ളതല്ല. ബന്ധപ്പെടുന്ന എല്ലാവരും ഈ രഹസ്യം പാലിക്കാൻ ബാധ്യസ്ഥരാണ് (c. 738). കുമ്പസാരത്തിൽ കിട്ടിയ അറിവ് വെച്ച് ബാഹ്യമായ ഒരു നടപടിയും സ്വീകരിക്കാൻ പാടില്ല (c. 734). കുമ്പസാരത്തിന് ഏറ്റവും ഉചിതമായ സ്ഥലം പള്ളിയാണ്. രോഗാവസ്ഥയിലോ മറ്റു തക്കതായ കാരണങ്ങളുള്ളപ്പോഴോ മറ്റു സ്ഥലങ്ങളിലും കുമ്പസാരിപ്പിക്കാവുന്നതാണ്. പ്രത്യേകനിയമം ഇക്കാര്യത്തിൽ പാലിക്കണം (c. 736).

**രോഗീലേപനം (cc. 737-742)**

രോഗികളുടെ മേൽ വിശുദ്ധ തൈലംകൊണ്ട് പൂശുകയും കൈവച്ച് പ്രാർത്ഥിക്കുകയും ചെയ്ത് അവരെ സുഖപ്പെടുത്തുക എന്ന അപ്പസ്തോലിക പാരമ്പര്യം (മർക്കോ. 6.13, യാക്കോ 5:1417) സഭ കൂദാശയായി അംഗീകരിക്കുകയും നിഷ്ഠയോടെ പിൻതുടരുകയും ചെയ്യുന്നു. മനസ്തപിച്ച് പാപപ്പൊറുതിയപേക്ഷിച്ചുകൊണ്ട്

ഈ കൂദാശ സ്വീകരിക്കുമ്പോൾ രോഗിക്ക് പാപമോചനവും രോഗാവസ്ഥയെയും ജീവിതാനുഭവങ്ങളെയും നേരിടാനുള്ള ശക്തിയും ലഭിക്കുന്നു. മരണാസന്നർക്കുമാത്രമല്ല പ്രായമായവർക്കും, രോഗാവസ്ഥയിലുള്ളവർക്കും രോഗശാന്തിയും ആരോഗ്യവും പ്രദാനം ചെയ്യുന്നതിന് ഈ കൂദാശ സഹായകരമാണ്. ചില സഭകളിൽ (ബൈസന്റയിൻ) ഒന്നിലധികം വൈദികർ ചേർന്നാണ് ഈ കൂദാശ നൽകുന്നത്. ഈ പാരമ്പര്യം പാലിക്കപ്പെടണമെന്ന് സഭ നിഷ്കർഷിക്കുന്നു (c. 737). ഗൗരവമായ അസുഖംവരുന്ന സാഹചര്യങ്ങളിലെല്ലാം ക്രൈസ്തവ വിശ്വാസികൾ ഈ കൂദാശ സ്വീകരിക്കാൻ അണയുകയും അജപാലകർ അതിനായി ഉപദേശിക്കുകയും വേണം (c. 738). തിരുപ്പട്ടം സ്വീകരിച്ചവർക്ക് മാത്രമേ ഈ കൂദാശ പരികർമ്മം ചെയ്യാൻ അധികാരമുള്ളു (c. 739). ഗൗരവമായ രോഗത്താൽ വ്യക്തിക്ക് ഓർമ്മയോ, ബുദ്ധിശക്തിയോ ഇല്ലാത്ത അവസരത്തിൽ രോഗി ആവശ്യപ്പെടുന്നു എന്ന അനുമാനത്തിൽ വൈദികന് ഈ കൂദാശ പരികർമ്മം ചെയ്യാവുന്നതാണ് (c. 740). രോഗീലേപനത്തിനുള്ള തൈലം പല സഭകളിലും കാർമ്മികരായ വൈദികർ തന്നെയാണ് വെഞ്ചരിക്കുന്നത്. ഇതു സംബന്ധിച്ച പ്രത്യേക നിയമം പാലിക്കപ്പെടേണ്ടതാണ്. സീറോമലബാർ സഭയിൽ വിശുദ്ധ തൈല വെഞ്ചരിപ്പിനോടൊപ്പം, രോഗീലേപനത്തിനുള്ള തൈലവും രൂപതാമെത്രാൻ തന്നെ വെഞ്ചരിക്കുന്ന പതിവാണുള്ളത് (c. 741). കൂദാശ പരികർമ്മം ചെയ്യുന്നരീതിയും ചൊല്ലുന്ന പ്രാർത്ഥനകളും ആരാധനക്രമ പുസ്തകങ്ങളിൽ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കനുസരിച്ചായിരിക്കണം. അത്യാവശ്യ അവസരങ്ങളിൽ രോഗീലേപനം, ആവശ്യമുള്ള പ്രാർത്ഥനമാത്രം ചൊല്ലി നടത്താവുന്നതാണ് (c. 742).





# 08

## വിവാഹത്തെക്കുറിച്ചുള്ള കാനൻ നിയമങ്ങൾ

**കാനോന 776: §1.** *വിവാഹഉടമ്പടി സൃഷ്ടികർത്താവിനാൽ സ്ഥാപിതവും അവിടുത്തെ നിയമങ്ങളാൽ നിയന്ത്രിതവുമാണ്. ഇതുവഴി പുരുഷനും സ്ത്രീയും തമ്മിൽ പിൻവലിക്കാൻ പാടില്ലാത്ത വ്യക്തിഗതമായ സമ്മതത്താൽ പരസ്പരമുള്ള സമ്പൂർണ്ണജീവിതക്കൂട്ടായ്മ സംസ്ഥാപിതമാകുകയും ചെയ്യുന്നു. സ്വഭാവത്താൽത്തന്നെ ഇത് ദമ്പതികളുടെ നന്മയ്ക്കും, സന്താനോല്പാദനത്തിനും, മക്കളുടെ ശിക്ഷണത്തിനുമായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു.*

**§2.** *ക്രിസ്തു സ്ഥാപിക്കുകവഴി, ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള സാധുവായ വിവാഹം അതിനാൽത്തന്നെ ഒരു കൂദാശയാണ്. ക്രിസ്തുവിന് സഭയോടുള്ള അന്യൂനമായ ഐക്യത്തിന്റെ പ്രതിരൂപമായിത്തീർന്നുകൊണ്ട് ദമ്പതികൾ ദൈവത്താൽ യോജിപ്പിക്കപ്പെടുകയും, കൗദാശികവരപ്രസാദത്താൽ വിശുദ്ധീകരിക്കപ്പെടുകയും ശക്തരാക്കപ്പെടുകയും ചെയ്യുന്നു.*

**§3.** *വിവാഹത്തിന്റെ സത്താപരമായ സവിശേഷതകളാണ് അതിന്റെ ഏകത്വവും അവിഭാജ്യതയും; ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തിൽ കൂദാശ എന്ന നിലയിൽ ഇവയ്ക്ക് പ്രത്യേകമായ ദൃഢത കൈവരുന്നു.*

13-ാം നൂറ്റാണ്ടിലാണ് വിവാഹത്തെ ഏഴു കൂദാശകളിൽ ഒന്നായി പരിഗണിച്ചു തുടങ്ങിയതെങ്കിലും സഭയുടെ ആദ്യകാലം മുതലേ അതിന് പരിശുദ്ധിയുടെ പരിവേഷം നല്കിയിരുന്നു. വിവാഹമെന്ന

കൂദാശയെ നാം മനസ്സിലാക്കേണ്ടത് ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ വീക്ഷണങ്ങളിലൂടെയാണ്. പരിശുദ്ധവും പരിപാവനവുമായ വിവാഹ ഉടമ്പടി സൃഷ്ടികർത്താവിനാൽ സ്ഥാപിതമാണ്. ഈ ഉടമ്പടിവഴി പുരുഷനും സ്ത്രീയും ഒന്നായിത്തീരുകയും പരസ്പരമുള്ള കൂട്ടായ്മ സ്ഥാപിക്കുകയും ചെയ്യുന്നു. ഇവരുടെ ഈ ഉടമ്പടി വ്യക്തിഗതവും തികച്ചും സ്വതന്ത്രവുമാണ്. വിവാഹമെന്ന കൂദാശയുടെ പരമപ്രധാനമായ ലക്ഷ്യങ്ങളാണ് ദമ്പതികളുടെ നന്മയും, സന്താനോല്പാദനവും അവരുടെ പരിശീലനവും. ഭാര്യാഭർത്താക്കന്മാരുടെ സ്നേഹബന്ധത്തെ യേശുവും സഭയുമായുള്ള ബന്ധത്തോടാണ് ഉപമിച്ചിരിക്കുന്നുത്. വിവാഹത്തിന്റെ സത്താപരമായ രണ്ടു സവിശേഷതകളാണ് ഏകത്വവും അവിഭാജ്യതയും. ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തിന് കൂദാശ എന്ന നിലയിൽ കൂടുതൽ അർത്ഥവും ദൃഢതയും കൈവരുന്നു.

**കാനോന 777:** *ദാമ്പത്യജീവിതക്കൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ദമ്പതികൾക്കു തുല്യമായ അവകാശങ്ങളും കടമകളും വിവാഹംവഴി ഉത്ഭൂതമാകുന്നു.*

ദാമ്പത്യജീവിതക്കൂട്ടായ്മയെ സംബന്ധിച്ച് ദമ്പതികൾക്ക് തുല്യമായ അവകാശങ്ങളും ഉത്തരവാദിത്വങ്ങളുമാണുള്ളതെന്ന് ഈ കാനോന വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, കുട്ടികൾ പിതാവിന്റെ സഭയിലെ അംഗമായിത്തീരുന്നെങ്കിലും മാതാപിതാക്കന്മാർ തമ്മിലുള്ള പരസ്പര ഉടമ്പടിപ്രകാരം കുട്ടിയെ മാതാവിന്റെ സഭയിലേക്ക് ചേർക്കാം. അടിസ്ഥാനപരമായ സമത്വത്തെക്കുറിച്ച് കാനോനയിൽ പറയുന്നുണ്ടെങ്കിലും ഓരോ സംസ്കാരത്തിലും ജീവിക്കുന്നവർ വ്യത്യസ്തമായ രീതിയിലാണ് ഇത് അനുഭവിക്കുന്നത്. സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം തുല്യമായ പദവി ഉണ്ടെന്ന് അംഗീകരിക്കുന്ന ഇക്കാലത്ത് ഈ കാനോന വളരെ പ്രധാനപ്പെട്ട ഒന്നാണ്.

**കാനോന 778:** *നിയമത്താൽ വിലക്കപ്പെട്ടവരൊഴികെ എല്ലാവർക്കും വിവാഹിതരാകാവുന്നതാണ്.*

എല്ലാവർക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള അവകാശം ഈ കാനോന ഉറപ്പുനല്കുന്നു. വിവാഹം പരിശുദ്ധമായ ഒരു ഉടമ്പടിയാണ്. അതുവഴി പുരുഷനും സ്ത്രീയും തമ്മിൽ അഭേദ്യമായ ഒരു ബന്ധത്തിലേക്കു കടന്നുവരുന്നു. എല്ലാവർക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള അവകാശമുണ്ട് എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് അതിനുള്ള സാദ്ധ്യത അവർക്ക് ഉണ്ടെന്നാണ്. എന്നാൽ ഈ അവകാശം കേവലവും അപരിമിതവുമല്ല. സമൂഹത്തിന്റെ നന്മയ്ക്കായി ചില വ്യക്തികളെ വിവാഹത്തിന് അയോഗ്യരായി സ്വാഭാവികനിയമവും സഭാനിയമവും പ്രഖ്യാപിച്ചേക്കാം. ഉദാഹരണമായി, ബുദ്ധിമാന്ദ്യമുള്ളവരെയും ലൈംഗികശേഷി ഇല്ലാത്തവരെയും പ്രായപൂർത്തിയാകാത്തവരേയും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിൽനിന്നു നിയമം നിരോധിച്ചിരിക്കുന്നു.





**കാനോന 779:** *വിവാഹത്തിന് എപ്പോഴും നിയമത്തിന്റെ ആനുകൂല്യമുണ്ട്. അതിനാൽ വിവാഹത്തിന്റെ സാധുതയെപ്പറ്റി സംശയമുണ്ടായാൽ, മറിച്ച് തെളിയിക്കപ്പെടുന്നതുവരെ വിവാഹം സാധുവായി കണക്കാക്കേണ്ടതാണ്.*

വിവാഹത്തിന് എപ്പോഴും നിയമത്തിന്റെ ആനുകൂല്യമുണ്ട്. അതായത്, എപ്പോഴെങ്കിലും വിവാഹത്തിന്റെ സാധുതയെക്കുറിച്ച് സംശയം വന്നാൽ തെളിയിക്കുന്നതുവരെ അത് സാധുവായി കണക്കാക്കണം. വിവാഹത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ ലക്ഷ്യങ്ങൾ ശരിയായി സംരക്ഷിക്കേണ്ടതിനായി വിവാഹത്തെ അതിന്റെ എല്ലാവിധ പവിത്രതയോടുംകൂടി സംരക്ഷിക്കുവാൻ പൊതുഅധികാരികൾക്ക് കടമയുണ്ട്.

**കാനോന 780: §1.** *വിവാഹത്തിന്റെ സിവിൽഫലങ്ങളിൽ സിവിൽ നിയമത്തിനുള്ള അധികാരം കണക്കിലെടുത്തുകൊണ്ടുതന്നെ, കത്തോലിക്കരുടെ വിവാഹം-ഒരാൾ മാത്രമേ കത്തോലിക്കാ സഭാംഗമായിട്ടുള്ളുവെങ്കിൽപ്പോലും-ദൈവികനിയമത്താൽ മാത്രമല്ല, സഭാനിയമത്താലും നിയന്ത്രിക്കപ്പെടുന്നു.*

§2. *കത്തോലിക്കാകക്ഷിയും മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കാകക്ഷിയും തമ്മിലുള്ള വിവാഹം, ദൈവികനിയമത്തിനുപുറമെ താഴെപ്പറയുന്ന നിയമങ്ങളാലും നിയന്ത്രിക്കപ്പെടുന്നു.*

- **1°.** *അകത്തോലിക്കാകക്ഷി അംഗമായിരിക്കുന്ന സഭ അഥവാ സഭാസമൂഹത്തിന്റെ-ആ സഭാസമൂഹത്തിന് സ്വന്തമായ വൈവാഹികനിയമങ്ങളുണ്ടെങ്കിൽ-നിയമം;*
- **2°.** *അകത്തോലിക്കാകക്ഷി അംഗമായിരിക്കുന്ന സഭാസമൂഹത്തിന് സ്വന്തമായ വിവാഹനിയമങ്ങൾ ഇല്ലെങ്കിൽ, അദ്ദേഹം വിധേയപ്പെട്ടിരിക്കുന്ന നിയമം.*

**കാനോന 781:** *ജ്ഞാനസ്നാനം സ്വീകരിച്ച അകത്തോലിക്കരുടെ വിവാഹത്തിന്റെ സാധുതയെക്കുറിച്ച് സഭ വിധിക്കേണ്ടി വരുമ്പോൾ:*

1°. *വിവാഹസമയത്ത് അകത്തോലിക്കാദമ്പതിമാർ വിധേയരായിരുന്ന നിയമത്തെ സംബന്ധിച്ച് കാനോന 780 §2 പാലിക്കപ്പെടേണ്ടതാണ്;*

2°. *വിവാഹസമ്മതം പരസ്യമായ വിധത്തിൽ പ്രകടിപ്പിച്ചിട്ടുള്ള പക്ഷം വിവാഹപരികർമ്മക്രമത്തെ സംബന്ധിച്ചിടത്തോളം ദമ്പതികൾ വിവാഹസമയത്ത് വിധേയരായിരുന്ന നിയമത്താൽ നിശ്ചിതമോ അംഗീകൃതമോ ആയിരുന്ന ഏതുക്രമവും സഭ അംഗീകരിക്കുന്നു. എന്നാൽ ദമ്പതികളിൽ ഒരാളെങ്കിലും പൗരസ്ത്യ അകത്തോലിക്കാസഭയിൽ മാമ്മോദീസ സ്വീകരിച്ചതാണെങ്കിൽ വിശുദ്ധകർമ്മത്തോടുകൂടി വിവാഹം നടത്തിയിരുന്നിരിക്കണം.*

പല സാഹചര്യങ്ങളിൽ നടക്കുന്ന വിവാഹത്തിന്റെ സാധുതയെക്കുറിച്ചാണ് ഈ കാനോനകൾ വിവരിക്കുന്നത്. ഒരു പൗരസ്ത്യ കത്തോലിക്കനും, മാമ്മോദീസ സ്വീകരിച്ച ഒരു പൗരസ്ത്യ അകത്തോലിക്കനും, വിവാഹത്തിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും, മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കരുടെ വിവാഹത്തിന്റെ സാധുതയെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നു. കത്തോലിക്കാ വിവാഹം മൂന്നു തരത്തിലുള്ള നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. 1. ദൈവിക നിയമങ്ങൾ 2. സഭാനിയമങ്ങൾ 3. സിവിൽ നിയമങ്ങൾ.

വിവാഹത്തിന്റെ സാധുത പരിശോധിക്കുന്നത് വിവാഹസമയത്തുദമ്പതികൾ ഏതു നിയമത്തിനു വിധേയരായിരുന്നു എന്നതിനെ ആശ്രയിച്ചാണ്. ദൈവികനിയമങ്ങൾ എല്ലാവരേയും ഒരുപോലെ ബാധിക്കുന്നു. എന്നാൽ സഭാനിയമങ്ങൾ സഭാംഗങ്ങളെ മാത്രമേ ബാധിക്കുകയുള്ളൂ. എങ്കിലും വിവാഹത്തിൽ ഒരു കക്ഷി മാത്രമേ കത്തോലിക്കനായിട്ടുള്ളുവെങ്കിലും ദൈവികനിയമവും സഭാനിയമവും സിവിൽനിയമവും ബാധകമാണ്.

**കാനോന 782: §1.** *പൗരസ്ത്യസഭകളുടെ അതിപുരാതനമായ പാരമ്പര്യത്തിൽ പ്രശംസനീയമാംവിധം വിവാഹത്തിനുമുമ്പ് നടത്തപ്പെടുന്ന വിവാഹവാഗ്ദാനം ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമത്താൽ ക്രമീകരിക്കപ്പെടുന്നു.*

**§2.** *വിവാഹം നടത്തുന്നതിനുവേണ്ട നടപടിയെടുക്കുന്നതിനുള്ള അവകാശം വിവാഹവാഗ്ദാനത്തിൽനിന്ന് ഉളവാകുന്നില്ല; എന്നാൽ വിവാഹവാഗ്ദാനംമൂലം എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുള്ളപക്ഷം നഷ്ടപരിഹാരത്തിനു നടപടിയെടുക്കാവുന്നതാണ്.*





പൗരസ്ത്യസഭകളുടെ അതിപുരാതനമായ പാരമ്പര്യത്തിൽ വിവാഹത്തിനുമുമ്പുള്ള വിവാഹവാഗ്ദാനം ഓരോ സ്വയാധികാര സഭയുടെയും പാരമ്പര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അധിഷ്ഠിതമാണ്. അതിനാൽ ഓരോ സഭയുടെയും പ്രത്യേകനിയമം ഇക്കാര്യം നിയന്ത്രിക്കുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ അത് "പറഞ്ഞൊക്കൽ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. "മനസ്സമ്മതം", "ഒത്തുകല്ല്യാണം", "കൂടിക്കാഴ്ച" എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. വധൂവരന്മാരുടെ മാതാപിതാക്കന്മാരും ബന്ധുമിത്രാദികളും പ്രത്യേകിച്ച് മാതൃസഹോദരന്മാരുമാണ് പ്രധാനമായും ഈ കർമ്മത്തിൽ പങ്കാളികളാകുന്നത്. ഓരോ സഭയുടെയും പ്രത്യേകനിയമമനുസരിച്ച് വിവാഹവാഗ്ദാനം നടത്തണമെന്നും അതു നടന്നുവെന്നതിന്റെ പേരിൽ വിവാഹം നിർബന്ധമായും നടത്തണമെന്നില്ലെന്നും എന്നാൽ നഷ്ടം വന്നിട്ടുണ്ടെങ്കിൽ അതിനു പരിഹാരം മറുകക്ഷി കൊടുക്കേണ്ടതാണെന്നും ഈ കാനോന പറയുന്നു. നിലവിലുള്ള സീറോ മലബാർ പാരമ്പര്യമനുസരിച്ച് വിവാഹം നടത്തിക്കൊടുക്കാൻ അധികാരമുള്ള വൈദികൻ ഈ വിവാഹവാഗ്ദാനം കേൾക്കുകയും അതിന്റെ കുറി കൊടുക്കുകയും ചെയ്യുന്നു. ഈ വാഗ്ദാനം സാധാരണയായി വധുവിന്റെ ഇടവകപള്ളിയിൽവച്ചാണ് നടത്തുന്നത്.

## അജപാലനശ്രദ്ധയും വിവാഹപരികർമ്മത്തിനുമുമ്പ് നടക്കേണ്ട കാര്യങ്ങളും

**കാനോന 783: §1.** *താഴെപ്പറയുന്ന മാർഗങ്ങളിലൂടെ ക്രൈസ്തവ വിശ്വാസികളെ വിവാഹാന്തസ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനു തയ്യാറാക്കുവാൻ ആത്മപാലകർ കടപ്പെട്ടിരിക്കുന്നു:*

1°. *ക്രൈസ്തവവിവാഹത്തിന്റെ അർത്ഥം, ദമ്പതികൾ തമ്മിലുള്ള കടമകൾ, മക്കളുടെ ശാരീരികവും മതപരവും സാന്മാർഗികവും സാമുദായികവും സാംസ്കാരികവുമായ ശിക്ഷണത്തിൽ തങ്ങളാലാവുംവിധം ശ്രദ്ധിക്കുവാൻ മാതാപിതാക്കന്മാർക്കുള്ള പ്രാഥമികമായ അവകാശവും കടമയും എന്നിവയെ സംബന്ധിച്ച് യുവജനങ്ങൾക്കും പ്രായപൂർത്തിയായവർക്കും അനുയോജ്യമായ പ്രസംഗവും വിശ്വാസപരിശീലനവും;*

2°. *പുതിയ ജീവിതാവസ്ഥയിൽ പ്രവേശിക്കുവാൻ വധൂവരന്മാരെ ഒരുക്കമുള്ളവരായി തീർക്കുന്നതിന് വിവാഹത്തെ സംബന്ധിച്ച് അവർക്ക് നല്കുന്ന വ്യക്തിപരമായ ഉപദേശം.*

**§2.** *കത്തോലിക്കാവധൂവരന്മാർ വിവാഹപരികർമ്മാവസരത്തിൽ വി. കുർബാന കൈക്കൊള്ളുന്നത് വളരെ അഭിലഷണീയ മാണ്.*

**§3.** *വിവാഹത്തിനുശേഷം ദമ്പതികൾ വിവാഹഉടമ്പടി വിശ്വസ്ത തയോടെ തുടരുകയും കാത്തുപാലിക്കുകയും ചെയ്ത് അനു ദിനവും കൂടുതൽ വിശുദ്ധവും പൂർണ്ണവുമായ കുടുംബജീവിതം നയിക്കുന്നതിനുവേണ്ട സഹായം ആത്മപാലകർ നൽകണം.*

ക്രൈസ്തവവിശ്വാസികളെ വിവാഹജീവിതത്തിലേക്ക് പ്രവേശി പ്പിക്കാൻ അജപാലകർ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഈ കാനോന. വിവാഹത്തിനണയുന്നവർക്ക് വേണ്ടത്ര ഒരുക്കമുണ്ടെന്ന് ഇടവകവികാരി ഉറപ്പുവരുത്തുകയും അതിനാവശ്യമായ സഹായ ങ്ങൾ നല്കുകയും വേണം. ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കൾ എന്ന നിലകളിൽ ദമ്പതിമാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ക്രൈസ്തവചുമതലകളെക്കുറിച്ചും ആവശ്യമായ ഉപദേശങ്ങൾ, മത ബോധനത്തിലൂടെയും വിവാഹത്തിന്റെ ആരാധനക്രമപരമായ ആഘോഷാവസരങ്ങളിലൂടെയും മറ്റും നല്കണം.

വിവാഹജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും ആത്മപാലകരെ പരിശീലിപ്പിക്കണ മെന്നു അവർ വിവാഹത്തിന് ഒരുങ്ങുന്നവരെ വചനപ്രഘോഷണം, വി. കുർബാന, മറ്റ് ആദ്ധ്യാത്മികശുശ്രൂഷകൾ എന്നിവയിലൂടെ വിവാ ഹത്തിന്റെ ശ്രേഷ്ഠത ബോദ്ധ്യപ്പെടുത്തണമെന്നും അവരുടെ വിഷ മഘട്ടങ്ങളിൽ അനുകമ്പാർദ്രമായ സമീപനത്തോടെ അവരെ സഹാ യിക്കണമെന്നും “സഭ ആധുനികയുഗത്തിൽ” എന്ന 2-ാം വത്തി ക്കാൻ കൗൺസിൽ പ്രമാണരേഖയിൽ നിഷ്കർഷിക്കുന്നു (G.S.52). വിവാഹത്തിനുശേഷവും വികാരിമാർ ദമ്പതികൾക്ക് അജപാലന പരമായ സഹായങ്ങൾ നല്കണം.

**കാനോന 784:** *വിവാഹപരികർമ്മവുമായി മുന്നോട്ടു പോകുന്നതിന് സൂക്ഷ്മതയോടെ പാലിക്കപ്പെടേണ്ട വധൂവരന്മാരുടെ പരിശോ ധനയെയും വിവാഹത്തിനുമുമ്പു നടത്തേണ്ട, പ്രത്യേകിച്ചും മാമ്മോദീസായെയും സ്വതന്ത്രസ്ഥിതിയെയും സംബന്ധിച്ച, അന്വേഷണങ്ങൾക്കുള്ള മറ്റുപാധികളെയും സംബന്ധിച്ച മാന ദണ്ഡങ്ങൾ ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനി യമത്തിൽ വ്യവസ്ഥ ചെയ്തിരിക്കണം. അതേ സ്ഥലത്തുതന്നെ തങ്ങളുടെ അധികാരം വിനിയോഗിക്കുന്ന മറ്റു സ്വയാധികാര സഭകളിലെ രൂപതാമെത്രാന്മാരുമായി കൂടിയാലോചിച്ചതിനു ശേഷമാണ് ഇങ്ങനെ ചെയ്യേണ്ടത്.*





**കാനോന 785: §1.** *അസാധുവോ നിയമാനുസൃതമല്ലാത്തതോ ആയ വിവാഹങ്ങൾ സ്ഥലകാലസാഹചര്യങ്ങളുടെ ആവശ്യങ്ങളനു സരിച്ച് അനുയോജ്യമായ മാർഗങ്ങളിലൂടെ തടയുന്നതിനുള്ള കടമ ആത്മപാലകർക്കുണ്ട്. അതിനാൽ വിവാഹത്തിനുമുമ്പ് അതിന്റെ സാധുവും നിയമാനുസൃതവുമായ പരികർമ്മത്തിന് എതിരായ ഒന്നുമില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.*

**§2.** *മരണാസന്നാവസ്ഥയിൽ മറ്റു തെളിവുകൾ ലഭ്യമല്ലാതിരിക്കു കയും എതിരായ സൂചനകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നെ ങ്കിൽ, തങ്ങൾ മാമ്മോദീസ സ്വീകരിച്ചവരാണെന്നും യാതൊരു തടസ്സവുമില്ലാത്തവരാണെന്നുമുള്ള വധൂവരന്മാരുടെ സത്യപ്ര തിജ്ഞയോടുകൂടിയ പ്രസ്താവന മതിയാകുന്നതാണ്.*

**കാനോന 786:** *വിവാഹത്തിന് ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടെന്ന റിയാവുന്ന ക്രൈസ്തവവിശ്വാസികൾ അവ വിവാഹത്തിനു മുമ്പ് ഇടവകവികാരിയെയോ സ്ഥലമേലദ്ധ്യക്ഷനെയോ അറി യിക്കുവാൻ കടപ്പെട്ടവരാണ്.*

**കാനോന 787:** *അന്വേഷണം നടത്തിയ ഇടവകവികാരി അന്വേഷ ണഫലത്തെക്കുറിച്ച് വിവാഹം ആശീർവ്വദിക്കുവാനുള്ള ഇട വകവികാരിയെ ആധികാരികമായ രേഖവഴി അറിയിക്കേണ്ട താണ്.*

**കാനോന 788:** *കൃത്യമായ അന്വേഷണത്തിനുശേഷവും വിവാഹ തടസ്സമുണ്ടെന്ന സംശയം അവശേഷിക്കുകയാണെങ്കിൽ ഇട വകവികാരി അക്കാര്യം സ്ഥലമേലദ്ധ്യക്ഷനെ ധരിപ്പിക്കേണ്ട താണ്.*

ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമമനുസരിച്ച് വിവാഹത്തിനുമുമ്പ് നടക്കേണ്ട പരിശോധന സംബന്ധിച്ച ചട്ടങ്ങൾ ഒരേ സ്ഥലത്ത് ഭരണാധികാരമുള്ള വിവിധ സ്വയാധികാരസഭക ളിലെ മെത്രാന്മാരുമായി ആലോചിച്ച് നിശ്ചയിക്കണം. വിവാഹ ത്തിനണയുന്ന സ്ത്രീപുരുഷന്മാർ വിവാഹം കഴിയുമ്പോഴേ ദമ്പ തിമാർ ആകുന്നുള്ളൂ. സ്ത്രീപുരുഷന്മാർ ഏതെങ്കിലും തടസ്സ ങ്ങൾക്കു വിധേയരാണോ എന്ന് അന്വേഷിച്ചറിയണം. അവരുടെ മാമ്മോദീസാസ്വീകരണം വാസ്തവമാണെന്ന് വിവാഹത്തിനു മുമ്പ് ഉറപ്പുവരുത്തണം. വാസ്തവമായും നിയമാനുസൃതമായും വിവാഹം ആശീർവ്വദിക്കാൻ ആവശ്യമായവ തങ്ങൾ ചെയ്തു എന്ന് ഇടവക വികാരിമാർക്ക് ബോദ്ധ്യമുണ്ടായിരിക്കണം. വിവാഹത്തിലേർപ്പെ ടുന്നതിനെതിരായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെന്ന് ഏതെ

ങ്കിലും കക്ഷിയെക്കുറിച്ച് അറിവു ലഭിക്കുകയാണെങ്കിൽ അത് വികാരിയെയോ രൂപതാദ്ധ്യക്ഷനെയോ അറിയിക്കാൻ ഓരോ ക്രൈസ്തവവിശ്വാസിക്കും കടമയുണ്ട്. ഉദാ: മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്ത വ്യക്തി.

**കാനോന 789:** *മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാധുവായി വിവാഹം നടത്തപ്പെടാമെങ്കിലും, നിയമത്തിൽ നിശ്ചയിച്ചിരിക്കുന്ന മറ്റു സാഹചര്യങ്ങൾക്കുപുറമെ, സ്ഥലമേലദ്ധ്യക്ഷന്റെ അനുവാദം കൂടാതെ വൈദികൻ താഴെപ്പറയുന്ന വിവാഹങ്ങൾ ആശീർവ്വദിക്കാൻ പാടില്ല:*

**1°.** *ദേശാടന (vagus)ക്കാരുടെ വിവാഹം;*

**2°.** *സിവിൽനിയമനിബന്ധനകൾക്കനുസരിച്ച് അംഗീകരിക്കുകയോ നടത്തുകയോ ചെയ്യാൻ പാടില്ലാത്ത വിവാഹം;*

**3°.** *മൂന്നാംകക്ഷിയോടോ അയാളുമായുള്ള മുൻബന്ധത്തിൽ നിന്നു ജനിച്ച സന്താനങ്ങളോടോ ഉള്ള സ്വാഭാവികകടമകൾ നിറവേറ്റാൻ ബാദ്ധ്യതയുള്ളവരുടെ വിവാഹം;*

**4°.** *പ്രായപൂർത്തിയാകാത്ത മക്കളുടെ വിവാഹം, മാതാപിതാക്കന്മാരുടെ അറിവില്ലാതെയോ അവരുടെ എതിർപ്പ് അവഗണിച്ചു കൊണ്ടോ;*

**5°.** *ചില വ്യവസ്ഥകൾ പാലിച്ചതിനുശേഷമല്ലാതെ പുതിയ ഒരു വിവാഹത്തിലേക്ക് പ്രവേശിക്കാൻ പാടില്ലെന്ന് സഭയുടെ ഒരു വിധിതീർപ്പുവഴി വിലക്കിയിരിക്കുന്നവരുടെ വിവാഹം;*

**6°.** *അകത്തോലിക്കാസഭയിലോ സഭാസമൂഹത്തിലോ അംഗമായിട്ടില്ലെങ്കിലും കത്തോലിക്കാവിശ്വാസം പരസ്യമായി ഉപേക്ഷിച്ച ഒരു വ്യക്തിയുടെ വിവാഹം; കാനോന 814 അനുസരിച്ചുള്ള വ്യവസ്ഥകൾ വേണ്ടത്ര അനുരൂപണങ്ങളോടെ പാലിച്ചു കൊണ്ടല്ലാതെ ഇവരുടെ വിവാഹം ആശീർവ്വദിക്കുന്നതിനുള്ള അനുവാദം സ്ഥലമേലദ്ധ്യക്ഷൻ നല്കരുത്.*

തടസ്സങ്ങളൊന്നുമില്ലെങ്കിലും ചില വിവാഹങ്ങളെ മുൻവിധികളോടെയാണ് സഭ വീക്ഷിക്കുന്നത്. അതിനാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവാഹങ്ങൾ സ്ഥലമേലദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി മാത്രമേ ആശീർവദിക്കാവൂ. ഇപ്രകാരം ചെയ്യുന്നത് കൗദാശികസാധുതയ്ക്കുവേണ്ടിയല്ല മറിച്ച് നിയമപരമായ സാധുതയ്ക്കുവേണ്ടിയാണ്.





## വിവാഹതടസ്സങ്ങൾ പൊതുവെ

**കാനോന 790: §1.** *സാധുവായി വിവാഹം നടത്തുന്നതിന് വിവാഹതടസ്സം ഒരു വ്യക്തിയെ അയോഗ്യനാക്കുന്നു.*

**§2.** *കക്ഷികളിൽ ഒരാളുടെ ഭാഗത്തുമാത്രമേ വിവാഹതടസ്സം ഉള്ളുവെങ്കിൽപ്പോലും പ്രസ്തുത തടസ്സം വിവാഹത്തെ അസാധുവാക്കുന്നു.*

**കാനോന 791:** *ബാഹ്യതലത്തിൽ തെളിയിക്കുവാൻ സാധിക്കുന്ന വിവാഹതടസ്സം പരസ്യ(public) വിവാഹതടസ്സമായും, അങ്ങനെയല്ലാത്തത് രഹസ്യ(occult) വിവാഹതടസ്സമായും പരിഗണിക്കപ്പെടുന്നു.*

**കാനോന 792:** *അത്യന്തം ഗൗരവപൂർണ്ണമായ കാരണങ്ങൾ കൂടാതെ ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമങ്ങൾവഴി വിവാഹതടസ്സങ്ങൾ ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു. മറ്റു സ്വയാധികാരസഭകളിലെ ബന്ധപ്പെട്ട രൂപതാദ്ധ്യക്ഷന്മാരുടെ അഭിപ്രായം ആരാഞ്ഞും ശ്ലൈഹികസിംഹാസനവുമായി കൂടിയാലോചിച്ചതിനുശേഷവും മാത്രമേ വിവാഹതടസ്സങ്ങൾ പുതുതായി ഏർപ്പെടുത്താവൂ. എന്നാൽ, മേൽപ്പറഞ്ഞതിന് താഴെയുള്ള ഒരു അധികാരിക്കും പുതിയ വിവാഹതടസ്സങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കുകയില്ല.*

**കാനോന 793:** *പുതിയ ഒരു വിവാഹതടസ്സം ഏർപ്പെടുത്തുന്നതോ നിലവിലുള്ള തടസ്സങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതോ ആയ ആചാരം റദ്ദാക്കപ്പെട്ടിരിക്കുന്നു.*

**കാനോന 794: §1.** *തനിക്ക് വിധേയപ്പെട്ടിരിക്കുന്ന ക്രൈസ്തവവിശ്വാസികളുടെ വിവാഹം, അവർ എവിടെയായിരുന്നാലും, പ്രത്യേകസാഹചര്യത്തിൽ സ്ഥലമേലദ്ധ്യക്ഷന് മുടക്കാവുന്നതാണ്. അതുപോലെതന്നെ തന്റെ രൂപതാതിർത്തിക്കുള്ളിലുള്ളവരും, അതേ സ്വയാധികാരസഭയിൽ അംഗമായിട്ടുള്ളവരുമായ മറ്റു ക്രൈസ്തവവിശ്വാസികളുടെയും വിവാഹം അദ്ദേഹത്തിന് മുടക്കാവുന്നതാണ്. എന്നാൽ കുറച്ചുകാലത്തേക്കും, വളരെ ഗൗരവമുള്ള കാരണത്താലും, ആ കാരണം നിലനില്ക്കുന്നിടത്തോളംകാലവും മാത്രമേ ഈ മുടക്ക് ബാധകമായിരിക്കുകയുള്ളൂ.*

**§2.** *പാത്രിയാർക്കൽസഭയുടെ അതിർത്തിക്കുള്ളിൽ തന്റെ അധികാരം വിനിയോഗിക്കുന്നയാളാണ് സ്ഥലമേലദ്ധ്യക്ഷനെങ്കിൽ*

*പാത്രിയർക്കീസിന് വിവാഹമുടക്കിനോടുകൂടി വിവാഹം അസാധുവാക്കുന്ന ഒരു നിയമഭാഗം (invalidating clause) കൂട്ടിച്ചേർക്കാവുന്നതാണ്. മറ്റു സാഹചര്യങ്ങളിൽ ശ്ലൈഹികസിംഹാസനത്തിനു മാത്രമേ ഇങ്ങനെ ചെയ്യുവാൻ അധികാരമുള്ളൂ.*

ദൈവികനിയമങ്ങളുടെയും മാനുഷികനിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിവാഹത്തിന്റെ പാവനതയും അവിഭാജ്യതയും മുൻനിറുത്തിക്കൊണ്ട് സഭ വിവാഹതടസ്സങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**കാനോന 795: §1.** *തനിക്ക് വിധേയപ്പെട്ടിരിക്കുന്ന ക്രൈസ്തവവിശ്വാസികൾ എവിടെയായിരുന്നാലും അവർക്കും അതുപോലെതന്നെ തന്റെ രൂപതാതിർത്തിക്കുള്ളിലായിരിക്കുന്നതും മറ്റൊരു സ്വയാധികാരസഭയിൽ അംഗമായിരിക്കുന്നതുമായ ക്രൈസ്തവവിശ്വാസികൾക്കും താഴെപ്പറയുന്നതൊഴികെയുള്ള വിവാഹതടസ്സങ്ങളിൽനിന്നും വിടുതൽ നല്കാൻ സ്ഥലമേലദ്ധ്യക്ഷനു സാധിക്കും:*

**1°.** *തിരുപ്പട്ടങ്ങൾ;*

**2°.** *രൂപതാപദവിയിലുള്ള കോൺഗ്രിഗേഷനുകളുടെ കാര്യത്തിലൊഴികെ, ഒരു സന്ന്യാസസമൂഹത്തിൽ നടത്തിയിട്ടുള്ള പരസ്യമായ നിത്യബ്രഹ്മചര്യവ്രതവാഗ്ദാനം*

**3°.** *ദമ്പതീവധം.*

**§2.** *ഈ തടസ്സങ്ങളിൽനിന്നുള്ള മോചനം ശ്ലൈഹികസിംഹാസനത്തിനായി നീക്കിവച്ചിരിക്കുന്നു. എന്നിരുന്നാലും ദമ്പതീവധം മൂലമുള്ള തടസ്സവും, അതുപോലതന്നെ കോൺഗ്രിഗേഷനുകളിലെ-അവ ഏത് നൈയാമികപദവികളിൽപ്പെട്ടതായാലും -പരസ്യനിത്യബ്രഹ്മചര്യവ്രതവാഗ്ദാനത്തിൽനിന്നുളവാകുന്ന തടസ്സവും മോചിക്കുവാൻ പാത്രിയർക്കീസിന് കഴിയും.*

**§3.** *തായ്പരമ്പരയിലുള്ളതോ, ശാഖാപരമ്പരയിൽ രണ്ടാം കരിന്തലയിലുള്ളതോ ആയ രക്തബന്ധത്തിൽനിന്ന് ഉദ്ഭൂതമാകുന്ന വിവാഹതടസ്സത്തിൽനിന്നും ഒരിക്കലും ഒഴിവു നൽകുന്നതല്ല.*

തക്കകാരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക സാഹചര്യത്തിൽ തികച്ചും സഭാപരമായ നിയമം ഇളവു ചെയ്യുന്നതിനെയാണ് നിയമത്തിൽനിന്നുള്ള ഒഴിവാക്കൽ (dispensation) എന്നു പറയുന്നത് (c.1536). നിയമനിർമ്മാതാവോ മേലധികാരിയോ ആണ്





സാധുവായി ഈ ഇളവ് അഥവാ ഒഴിവു നല്കുക. ക്രൈസ്തവവിശ്വാസികളുടെ ആദ്ധ്യാത്മികനന്മയാണ് ഒഴിവു നല്കുന്നതിനുള്ള നീതിപൂർവ്വകവും യുക്തിസഹവുമായ കാരണം. നിയമാനുസൃതം തങ്ങൾക്ക് ആരുടെമേൽ അധികാരമുണ്ടോ അവർക്ക് ചിലപ്രത്യേക സാഹചര്യങ്ങളിൽ ഒഴിവുകൊടുക്കാനുള്ള അധികാരം ഓരോ മെത്രാനും സഭയുടെ പൊതുനിയമപ്രകാരമുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും തായ്പരമ്പരവഴിയുള്ളതും ശാഖാപരമ്പരയിൽ രണ്ടാം കരിന്തലവരെയുള്ളതുമായ രക്തബന്ധത്തിൽനിന്നുളവാകുന്ന തടസ്സത്തിൽനിന്നും ഒരിക്കലും മോചനം നല്കുന്നില്ല. ഉദാഹരണത്തിന്, സഹോദരനും സഹോദരിയും തമ്മിലുള്ള വിവാഹം അനുവദിച്ചിട്ടില്ല.

**കാനോന 796: §1.** *തന്റെ അധികാരത്തിൻകീഴിലുള്ള ക്രൈസ്തവവിശ്വാസികൾ എവിടെയായിരുന്നാലും അവർക്കും, തന്റെ രൂപതാതിർത്തിക്കുള്ളിൽ വരുന്ന മറ്റു ക്രിസ്തീയവിശ്വാസികൾക്കും നിയമം നിർദ്ദേശിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമത്തിൽനിന്നും സഭാനിയമം ഏർപ്പെടുത്തിയിട്ടുള്ള രഹസ്യസ്വഭാവമോ പരസ്യസ്വഭാവമോ ഉള്ള എല്ലാ വിവാഹതടസ്സങ്ങളിൽനിന്നും-പുരോഹിതപട്ടതടസ്സമൊഴികെ-മരണാസന്നാവസ്ഥയിൽ ഒഴിവു നൽകുവാൻ സ്ഥലമേലദ്ധ്യക്ഷന് അധികാരമുണ്ട്.*

**§2.** *അതേ അവസ്ഥയിൽ, എന്നാൽ സ്ഥലമേലദ്ധ്യക്ഷനെ സമീപിക്കുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽമാത്രം, വിവാഹതടസ്സങ്ങളിൽനിന്ന് ഒഴിവുകൊടുക്കുവാൻ താഴെപ്പറയുന്നവർക്കും ഇതേ അധികാരമുണ്ട്: ഇടവകവികാരി; വിവാഹം ആശീർവ്വദിക്കുവാൻ അധികാരമുള്ള മറ്റൊരു വൈദികൻ; കാനോന 832§2-ൽ പരാമർശിച്ചിരിക്കുന്ന കത്തോലിക്കാപുരോഹിതൻ. ആന്തരികതലത്തിലുള്ള രഹസ്യവിവാഹതടസ്സമാണെങ്കിൽ കുമ്പസാരക്കാരന് കുമ്പസാരത്തിലോ കുമ്പസാരത്തിനു വെളിയിലോ ഒഴിവ് നല്കാവുന്നതാണ്.*

**§3.** *കത്തു മുഖേനയോ വ്യക്തിപരമായോ സ്ഥലമേലദ്ധ്യക്ഷനെ സമീപിക്കുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ അദ്ദേഹം അപ്രാപ്യനാണെന്ന് കരുതേണ്ടിയിരിക്കുന്നു.*

മരണാസന്നാവസ്ഥയിൽ സ്ഥലമേലദ്ധ്യക്ഷനും, അദ്ദേഹത്തെ സമീപിക്കാൻ സാധ്യമല്ലാത്ത അവസ്ഥയിൽ ഇടവകവികാരിക്കും, വിവാഹം ആശീർവ്വദിക്കാൻ അധികാരമുള്ള വൈദികനും, കൂടാതെ

ഏതൊരു കത്തോലിക്കാവൈദികനും പരസ്യമോ രഹസ്യമോ ആയ വിവാഹതടസ്സങ്ങളിൽനിന്നും മോചനം നല്കാവുന്നതാണ്.

**കാനോന 797: §1.** *വിവാഹത്തിനുവേണ്ടി എല്ലാം തയ്യാറാക്കിയതിനുശേഷം(omnia parata)ഒരു തടസ്സം കണ്ടുപിടിക്കപ്പെടുകയും തക്ക അധികാരിയിൽനിന്ന് ഒഴിവു ലഭിക്കുന്നതുവരെ വിവാഹം നീട്ടിക്കൊണ്ടുപോകുവാൻ ഗുരുതരമായ നഷ്ടം കൂടാതെ സാധിക്കാതെവരികയും ചെയ്യുന്ന സാഹചര്യത്തിൽ കാനോന 795, §1, nn.1-ലും2-ലും പരാമർശിച്ചിരിക്കുന്നതൊഴികെയുള്ള എല്ലാ തടസ്സങ്ങളിൽനിന്നും ഒഴിവുകൊടുക്കുന്നതിന് സ്ഥലമേലദ്ധ്യക്ഷന് അധികാരമുണ്ട്. രഹസ്യസ്വഭാവമുള്ള തടസ്സങ്ങളാണെങ്കിൽ കാനോന 796 §2-ൽ പരാമർശിച്ചിരിക്കുന്ന എല്ലാ വ്യക്തികൾക്കും പ്രസ്തുത കാനോനയിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒഴിവു നല്കാവുന്നതാണ്.*

**§2.** *നീട്ടിവയ്ക്കുന്നതിൽ ഇതേ അപകടം ഉണ്ടായിരിക്കുകയും തക്ക അധികാരിയെ സമീപിക്കുവാൻ ആവശ്യത്തിന് സമയം ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വിവാഹം സാധുവാക്കുന്നതിനും (convalidate) ഈ അധികാരം ഉപയോഗിക്കാവുന്നതാണ്.*

ഗൗരവമായ അടിയന്തരസാഹചര്യങ്ങളിൽ, രഹസ്യസ്വഭാവമുള്ള തടസ്സങ്ങൾ (തിരുപ്പട്ടം, വ്രതവാഗ്ദാനം എന്നിവ ഒഴികെ) ഒഴിവാക്കാനുള്ള സാധ്യതകളെക്കുറിച്ച് 797-ാം കാനോന പറയുന്നു. വിവാഹതടസ്സം കണ്ടുപിടിക്കപ്പെടുന്നത് വിവാഹത്തിന് എല്ലാം തയ്യാറാക്കപ്പെട്ടതിനുശേഷമാണെങ്കിൽ ഈ അടിയന്തരാവസ്ഥ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, (പ്രത്യേകിച്ച് വിവാഹം മാറ്റിവയ്ക്കാൻ സാധിക്കാതിരിക്കുന്ന സാഹചര്യം) വിലയിരുത്തണം. ഇത് ഒരുപക്ഷേ ആദ്ധ്യാത്മികമോ ഭൗതികമോ ആയ ദോഷങ്ങൾക്ക് കാരണമാകാം. ഉദാ:- സൽപേരിന് കളങ്കം വരുത്തുക, ഇടർച്ച, നഷ്ടം, വഴക്ക് etc.

**കാനോന 798:** *796§2, 797§1 എന്നീ കാനോനകളിൽ പരാമർശിച്ചിരിക്കുന്ന വൈദികർ ബാഹ്യതലത്തിൽ തങ്ങൾ ഒഴിവു നൽകിയ വിവാഹതടസ്സത്തെപ്പറ്റിയും സാധുവാക്കിയ (convalidated)വിവാഹത്തെപ്പറ്റിയും എത്രയും പെട്ടെന്ന് സ്ഥലമേലദ്ധ്യക്ഷനെ അറിയിക്കുകയും പ്രസ്തുത കാര്യം വിവാഹ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം.*





**കാനോന 799:** *ശ്ലൈഹികസിംഹാസനത്തിന്റെ കല്പനവഴിയോ, തങ്ങളുടെ അധികാരപരിധിക്കുള്ളിൽ പാത്രിയർക്കീസിന്റെയോ രൂപതാദ്ധ്യക്ഷന്റെയോ കല്പനവഴിയോ, മറിച്ച് നിശ്ചയിച്ചിട്ടില്ലെങ്കിൽ കുമ്പസാരത്തിൽക്കൂടിയല്ലാതെ ആന്തരികതലത്തിൽ രഹസ്യതടസ്സങ്ങളിൽനിന്ന് ഒഴിവാക്കിയതുസംബന്ധിച്ചുള്ള വിവരങ്ങൾ രൂപതാക്കച്ചേരിയിലെ രഹസ്യരേഖാലയത്തിലാണ് രേഖപ്പെടുത്തേണ്ടത്. പ്രസ്തുത രഹസ്യതടസ്സം പിന്നീട് പരസ്യമായാൽപ്പോലും ബാഹ്യതലത്തിൽ വേറൊരു വിടുതലി (dispensation)ന്റെ ആവശ്യമില്ല.*

ബാഹ്യതലത്തിൽ നല്കപ്പെടുന്ന പൊതുഒഴിവ് ആന്തരികതലത്തിലും സാധുത നേടുന്നു. കുമ്പസാരക്കാരൻ ആന്തരികതലത്തിൽ നല്കുന്ന മോചനം രേഖയിൽ സൂക്ഷിക്കേണ്ടതില്ല. ഇത് കുമ്പസാരത്തിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ടതിനാണ്. കുമ്പസാരക്കാരൻ നല്കുന്ന മോചനം ആന്തരികതലത്തിൽ മാത്രമേ നടക്കുന്നുള്ളൂ. രഹസ്യമായ ഒരു കാര്യത്തിന് മോചനം നല്കിയതിനുശേഷം അത് പിന്നീട് പരസ്യതടസ്സം ആവുകയാണെങ്കിൽ ബാഹ്യതലത്തിലുള്ള മോചനം നേടേണ്ടതില്ല. തടസ്സങ്ങളിൽനിന്നും ഒഴിവുകിട്ടിയ വിവരം കൃത്യമായി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## വിവാഹതടസ്സങ്ങൾ പ്രത്യേകിച്ച്

**കാനോന 800: §1.** *പതിനാറുവയസ്സു തികയുന്നതിനുമുമ്പ് പുരുഷനും പതിനാലുവയസ്സു തികയുന്നതിനുമുമ്പ് സ്ത്രീക്കും സാധുവായി വിവാഹിതരാകുവാൻ കഴിയുകയില്ല.*

**§2.** *വിവാഹം നിയമപരമായി നടത്തുന്നതിന് കൂടുതൽ ഉയർന്ന പ്രായപരിധി നിശ്ചയിക്കുക സ്വയാധികാരസഭയുടെ പ്രത്യേക നിയമത്തിന്റെ പരിധിയിൽവരുന്ന കാര്യമാണ്.*

പുരുഷന് 16 വയസ്സും സ്ത്രീക്ക് 14 വയസ്സും തികഞ്ഞിരിക്കണം എന്നാണ് പൊതുവായ സഭാനിയമം. ഇത് ഏറ്റവും കുറഞ്ഞ പ്രായപരിധിയാണ്. എന്നാൽ ഇതിലും ഉയർന്ന വയസ്സ് ഓരോ സ്വയാധികാരസഭയ്ക്കും നിർദ്ദേശിക്കാവുന്നതാണ്. ഇത് വിവാഹത്തിന്റെ സാധുതയെ ബാധിക്കുന്നില്ല; നിയമപരമായ ഒരു ആവശ്യമാണിത്.

**കാനോന 801: §1.** *പുരുഷന്റെ ഭാഗത്തോ സ്ത്രീയുടെ ഭാഗത്തോ ഉള്ള, കേവലമോ ആപേക്ഷികമോ ആയ, ലൈംഗികസംയോഗത്തിനുള്ള ശേഷിക്കുറവ് വിവാഹത്തിനുമുമ്പുള്ളതും ശാശ്വ*

*തവുമാണെങ്കിൽ അതിന്റെ സ്വഭാവത്താൽത്തന്നെ വിവാഹത്തെ അസാധുവാക്കുന്നു.*

**§2.** *നിയമത്തെപ്പറ്റിയുള്ള സംശയമോ വസ്തുതയെപ്പറ്റിയുള്ള സംശയമോമൂലം ലൈംഗികശേഷിക്കുറവ് എന്ന തടസ്സം സംശയകര (doubtful) മാണെങ്കിൽ സംശയം നിലനിൽക്കുന്നിടത്തോളം വിവാഹം തടസ്സപ്പെടുത്തുകയോ അസാധുവാണെന്ന് പ്രഖ്യാപിക്കുകയോ ചെയ്യരുത്.*

**§3.** *കാനോന 821 പരിഗണിച്ചുകൊണ്ടുതന്നെ, വന്ധ്യത വിവാഹത്തെ വിലക്കുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല.*

വിവാഹത്തിനു മുമ്പുള്ളതും ശാശ്വതവുമായ ലൈംഗികശേഷിക്കുറവ് കേവലമാണെങ്കിലും ആപേക്ഷികമാണെങ്കിലും അത് വിവാഹത്തെ അസാധുവാക്കുന്നു. പ്രകൃതിനിയമമനുസരിച്ച് വന്ധ്യത എന്നത് ലൈംഗികശേഷിക്കുറവിനെയല്ല മറിച്ച് പ്രത്യുല്പാദനം നടത്തുവാനുള്ള കഴിവിനെയാണ് ബാധിക്കുന്നത്. വന്ധ്യത അതിനാൽത്തന്നെ വിവാഹതടസ്സമോ അസാധുതയ്ക്ക് കാരണമോ ആകുന്നില്ല. എന്നാൽ ഇത് സ്വയം മറച്ചുവച്ചു കൊണ്ടാണ് വിവാഹത്തിലേക്ക് പ്രവേശിക്കുന്നതെങ്കിൽ അത് വിവാഹസമ്മതത്തെ വികലമാക്കുന്നു.

**കാനോന 802: §1.** *മുൻവിവാഹബന്ധം നിലനിൽക്കെ മറ്റൊരു വിവാഹം നടത്തുന്നത് അസാധുവായിരിക്കും.*

**§2.** *ആദ്യവിവാഹം ഏതെങ്കിലും കാരണത്താൽ അസാധുവായിരിക്കുകയോ ബന്ധം വേർപെടുത്തപ്പെടുകയോ ചെയ്തിരുന്നാൽത്തന്നെയും ഒന്നാമത്തെ വിവാഹത്തിന്റെ അസാധുതയോ അല്ലെങ്കിൽ വേർപെടുത്തലോ നിയമപരമായും നിശ്ചിതമായും സ്ഥാപിക്കപ്പെടാതെ മറ്റൊരു വിവാഹം നടത്തുന്നത് നിയമാനുസൃതമല്ല.*

വിവാഹത്തിന്റെ ഐക്യത്തെയും അതിന്റെ ശാശ്വതസ്വഭാവത്തേയും കുറിച്ച് ഈ കാനോന പ്രതിപാദിക്കുന്നു. മുൻവിവാഹം നിലനിൽക്കെ ഒരാൾ മറ്റൊരു വിവാഹത്തിലേക്ക് പ്രവേശിക്കുന്നത് നിയമാനുസൃതമല്ല. ഇത് സ്വാഭാവികമായ ഒരു നിയമവും എല്ലാ വിവാഹത്തെയും ഒന്നുപോലെ ബാധിക്കുന്നതുമാണ്. ഒരു വിവാഹബന്ധം അവസാനിക്കുന്നത് ഏതെങ്കിലും ജീവിതപങ്കാളിയുടെ മരണംമൂലമോ, റോമാമാർപാപ്പയിൽനിന്നു മോചനം ലഭിക്കുമ്പോഴോ, വിശ്വാസത്തിന്റെ ആനുകൂല്യമുള്ളപ്പോഴോ, അല്ലെങ്കിൽ വിവാഹം അസാധുവാണെന്ന് പ്രഖ്യാപിക്കുമ്പോഴോ ആണ്.





**കാനോന 803: §1.** *മാമ്മോദീസ സ്വീകരിക്കാത്ത ഒരു വ്യക്തിയുമായി സാധുവായി വിവാഹബന്ധത്തിലേർപ്പെടുവാൻ പാടില്ല.*

**§2.** *വിവാഹത്തിന്റെ സമയത്ത് കക്ഷി മാമ്മോദീസ സ്വീകരിച്ചതാണെന്ന് പൊതുവെ ധാരണയുണ്ടായിരിക്കുകയോ, അയാളുടെ മാമ്മോദീസ സംശയകര(doubtful)മായിരിക്കുകയോ ചെയ്താൽ, ഒരു കക്ഷിമാത്രമേ മാമ്മോദീസ സ്വീകരിച്ചിട്ടുള്ളുവെന്നും മറ്റേ കക്ഷി മാമ്മോദീസ സ്വീകരിച്ചിട്ടില്ലെന്നും വ്യക്തമായി തെളിയിക്കപ്പെടുന്നതുവരെ കാനോന 779-ന്റെ മാനദണ്ഡപ്രകാരം വിവാഹം സാധുവായി പരിഗണിക്കേണ്ടതാണ്.*

**§3.** *വിടുതൽ കൊടുക്കുന്നതിനുള്ള വ്യവസ്ഥകളെ സംബന്ധിച്ച് കാനോന 814 പാലിക്കപ്പെടേണ്ടതാണ്.*

മതവ്യത്യാസമുള്ള വ്യക്തികൾ തമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് അസാധുവാണ്. എന്നാൽ മതവ്യത്യാസം എന്ന വിവാഹതടസ്സത്തിൽനിന്നും ഒഴിവ് നല്കുവാൻ തക്ക അധികാരിക്ക് കഴിയുന്നതാണ്. അപ്പോൾ പ്രസ്തുത വ്യക്തികൾ തമ്മിലുള്ള വിവാഹം സാധുവാകും.

**കാനോന 804:** *തിരുപ്പട്ടം സ്വീകരിച്ചിട്ടുള്ള വ്യക്തികൾക്ക് സാധുവായി വിവാഹിതരാകുവാൻ കഴിയില്ല.*

തിരുപ്പട്ടം സ്വീകരിച്ചിട്ടുള്ളവർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് അസാധുവാണ്. പുരാതനകാലങ്ങളിൽ വിവാഹിതരായവരെ പൗരോഹിത്യത്തിലേക്കും മ്ശംശാനപട്ടത്തിലേക്കും സ്വീകരിച്ചിരുന്നു. വിവാഹിതർക്ക് പൗരോഹിത്യം നല്കുന്നത് പൗരസ്ത്യസഭകളുടെ പ്രത്യേകനിയമപ്രകാരമാണ്. ഹെവുപ്പദിയാക്കോനാപ്പട്ടം പല പൗരസ്ത്യസഭകളിലും ചെറുപട്ടമായാണ് കാണുന്നത്. അതുകൊണ്ട് ഹെവുപ്പിദിയാക്കോനാപ്പട്ടം സാധുവായി വിവാഹബന്ധത്തിലേർപ്പെടാൻ തടസ്സമല്ല. വിവാഹിതനായ ഒരു വ്യക്തിക്ക് ഡീക്കൻപട്ടം സ്വീകരിക്കാനുള്ള സാധ്യത ലത്തീൻനിയമസംഹിതയും നല്കുന്നുണ്ട് (CIC 1031§2); പക്ഷേ 35 വയസ്സു പൂർത്തിയാവുകയും ഭാര്യയുടെ സമ്മതം ലഭിക്കുകയും വേണം. സ്ഥിരം മ്ശംശാനപ്പട്ടം മറ്റൊരു പ്രത്യേകതയാണ്. സ്ഥിരംമ്ശംശാനപ്പട്ടം സ്വീകരിച്ച ഒരു വ്യക്തിയുടെ ഭാര്യ മരിച്ചതിനുശേഷം പുനർവിവാഹത്തിൽ ഏർപ്പെടണമെങ്കിൽ അയാൾക്ക് ബ്രഹ്മചര്യത്തിൽനിന്നു വിടുതൽ ലഭിച്ചിരിക്കണം, കാരണം മ്ശംശാനപ്പട്ടം ഒരു ഉയർന്ന പട്ടമാണ്.

**കാനോന 805:** *ഒരു സന്ന്യാസസമൂഹത്തിൽ പരസ്യനിത്യബ്രഹ്മച ര്യവ്രതവാഗ്ദാനം നടത്തിയിരിക്കുന്ന വ്യക്തികൾക്ക് സാധു വായി വിവാഹം നടത്തുവാൻ സാധിക്കുകയില്ല.*

ഏതെങ്കിലും സന്ന്യാസസഭയിൽ നിത്യവും പരസ്യവുമായ ചാരി ത്ര്യവ്രതവാഗ്ദാനം നടത്തിയിട്ടുള്ള വ്യക്തിക്ക് സാധുവായി വിവാ ഹബന്ധത്തിൽ ഏർപ്പെടുവാൻ സാധിക്കുകയില്ല. വ്രതങ്ങളെ ആഘോഷമായ വ്രതവാഗ്ദാനം (solemn vows), സാധാരണ വ്രത വാഗ്ദാനം (simple profession) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. സാധാരണ വ്രതവാഗ്ദാനത്തിൽത്തന്നെ നിത്യവ്രതവും (perpetual profession) താല്ക്കാലികവ്രതവു (temporary profession)മുണ്ട്. ഇവ രണ്ടും പരസ്യവ്രത (public vow)ങ്ങളിൽപ്പെടുന്നു. എന്നാൽ പരസ്യമായ താല്ക്കാലികവ്രതവാഗ്ദാനം സാധുവായി വിവാഹ ത്തിൽ ഏർപ്പെടുവാൻ തടസ്സമല്ല. നിത്യവും പരസ്യവുമായ ചാരി ത്ര്യവ്രതം മാത്രമേ സാധുവായ വിവാഹബന്ധത്തിനു തടസ്സമായി നില്ക്കുന്നുള്ളൂ.

**കാനോന 806:** *വിവാഹം നടത്തുവാനുള്ള ഉദ്ദേശ്യത്തോടെ തട്ടി ക്കൊണ്ടുപോകപ്പെടുകയോ കുറഞ്ഞപക്ഷം അധീനതയിൽ വയ്ക്കപ്പെടുകയോ ചെയ്തിരിക്കുന്ന വ്യക്തിയുമായി സാധു വായി വിവാഹം നടത്തുവാൻ സാധ്യമല്ല. അല്ലാത്തപക്ഷം പ്രസ്തുത വ്യക്തി അപഹർത്താവിൽനിന്നോ അധീനമാക്കിയ ആളിൽനിന്നോ മോചിപ്പിക്കപ്പെട്ട് സുരക്ഷിതവും സ്വതന്ത്രവു മായ ഒരു സ്ഥലത്തെത്തിയിരിക്കുകയും സ്വതന്ത്രമായി വിവാ ഹത്തിന് സമ്മതിക്കുകയും വേണം.*

വിവാഹം കഴിക്കണമെന്ന ഉദ്ദേശ്യത്തോടെ തട്ടിക്കൊണ്ടുപോ കപ്പെടുകയോ അധീനതയിൽ ആക്കപ്പെടുകയോ ചെയ്ത വ്യക്തി യുമായി സാധുവായി വിവാഹം നടത്താൻ സാധിക്കില്ല. ഇത് സ്ത്രീകൾക്കെന്നതുപോലെ പുരുഷന്മാർക്കും ബാധകമാണ്. ഒരു വ്യക്തിയെ തട്ടിക്കൊണ്ടുപോകുക, അധീനതയിൽ വയ്ക്കുക തുട ങ്ങിയവ മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് എതിരായതുകൊണ്ട് തീർച്ച യായും ശിക്ഷാർഹമാണ്. തട്ടിക്കൊണ്ടു പോകപ്പെട്ട വ്യക്തി സ്വത ന്ത്രമായ സ്ഥലത്തെത്തി സ്വതന്ത്രമനസ്സോടെ വിവാഹത്തിനു സമ്മ തിച്ചാൽ വിവാഹതടസ്സം തീരുന്നു.

**കാനോന 807: §1.** *ഒരു നിശ്ചിത വ്യക്തിയുമായി വിവാഹത്തി ലേർപ്പെടുവാനുള്ള ലക്ഷ്യത്തോടുകൂടി ആ വ്യക്തിയുടെ വിവാ ഹപങ്കാളിയുടെയോ സ്വന്തം വിവാഹപങ്കാളിയുടെയോ മര*





*ണത്തിനിടയാക്കുന്ന വ്യക്തി പ്രസ്തുത വിവാഹത്തിലേർപ്പെ ടുന്നത് അസാധുവായിരിക്കും.*

**§2.** *ശാരീരികമോ ധാർമ്മികമോ ആയ പരസ്പരസഹകരണ ത്തോടെ വിവാഹപങ്കാളിയെ അപായപ്പെടുത്തുന്നവർ തമ്മിൽ വിവാഹത്തിനു ശ്രമിക്കുന്നത് അസാധുവായിരിക്കും.*

ഒരു നിശ്ചിത വ്യക്തിയുമായി വിവാഹത്തിലേർപ്പെടാൻവേണ്ടി സ്വന്തം ജീവിതപങ്കാളിയെയോ മറുകക്ഷിയുടെ ജീവിതപങ്കാളി യെയോ അപായപ്പെടുത്തുന്നതിനെ ദമ്പതീവധം(conjugicide)എന്നു പറയുന്നു. ഇത് സാധുവായി വിവാഹം നടത്തുന്നതിനു തടസ്സ മായി നില്ക്കുന്നു. ദമ്പതീവധം ഗൗരവകരമായ ഒരു കുറ്റമായതി നാൽ അത് കുറ്റം ചെയ്തയാളെ വിവാഹത്തിന് അയോഗ്യനാക്കു ന്നു. ഈ തടസ്സത്തിൽനിന്നു മോചനം നല്കാൻ മാർപാപ്പയ്ക്കും പാത്രിയർക്കീസിനും മാത്രമേ സാധിക്കൂ. ദമ്പതീവധം സഹകരി ച്ചുള്ള പ്രവർത്തനത്താലോ പ്രേരണയാലോ ആകാം.

**കാനോന 808: §1.** *തായ്പരമ്പരയിലുള്ള രക്തബന്ധംമൂലം മുൻഗാ മികളും പിൻഗാമികളും തമ്മിലുള്ള വിവാഹം അസാധുവായി രിക്കും.*

**§2.** *ശാഖാപരമ്പരയിലുള്ള രക്തബന്ധംമൂലം നാലാം കരിന്തല ഉൾപ്പെടെവരെ വിവാഹം അസാധുവാണ്.*

**§3.** *കക്ഷികൾ തായ്പരമ്പരയിലെ ഏതെങ്കിലും കരിന്തലയിലോ ശാഖാപരമ്പരയിലെ രണ്ടാം കരിന്തലയിലോ രക്തബന്ധമു ള്ളവരാണെന്ന് എന്തെങ്കിലും സംശയമുണ്ടെങ്കിൽ വിവാഹം ഒരിക്കലും അനുവദിക്കുന്നതല്ല.*

**§4.** *രക്തബന്ധംമൂലമുള്ള വിവാഹതടസ്സം പെരുകുന്നില്ല (is not multiplied).*

**കാനോന 809: §1.** *ചാർച്ചാബന്ധം തായ്പരമ്പരയിൽ ഏതു കരി ന്തലയിലുമുള്ള വിവാഹത്തെയും ശാഖാപരമ്പരയിൽ രണ്ടാം കരിന്തലയിലുള്ള വിവാഹത്തെയും അസാധുവാക്കുന്നു.*

**§2.** *ചാർച്ചാബന്ധംമൂലമുള്ള വിവാഹതടസ്സം പെരുകുന്നില്ല.*

രക്തബന്ധം (consanguinity) രണ്ടുതരത്തിലുണ്ട്. ഇത് തായ്പ രമ്പരയിലും(direct line)ശാഖാപരമ്പരയിലും(collateral line)ആകാം. പൊതുകാരണവരെ ഒഴിവാക്കി ആകെ എത്രപേർ ഉണ്ടെന്ന് നോക്കി യാണ് ഡിഗ്രി അഥവാ കരിന്തല കണക്കാക്കുക. തായ്പരമ്പരയിൽ

(ഉദാ: അപ്പൻ, മകൾ, പേരക്കുട്ടി എന്നിവർ) ഒരിക്കലും വിവാഹം അനുവദനീയമല്ല. ഈ ബന്ധം ഉള്ളവർ തമ്മിൽ സാധുവായി വിവാഹത്തിൽ ഏർപ്പെടാൻ സാധിക്കില്ല. ഈ തടസ്സം ആർക്കും ഒഴിവാക്കാനും അധികാരമില്ല. ശാഖാപരമ്പരയിൽ നാലാം കരിന്തല ഉൾപ്പെടെവരെ വിവാഹതടസ്സമുണ്ട് (ഉദാ:- ജ്യേഷ്ഠൻ-അനുജൻ, ആങ്ങള-പെങ്ങൾ, ചേച്ചി-അനുജത്തി എന്നിവരുടെ മക്കൾ തമ്മിൽ). ശാഖാപരമ്പരയിലെ രണ്ടാം കരിന്തലയിലെ വ്യക്തികൾക്ക് (ഉദാ:-ആങ്ങള, പെങ്ങൾ) വിവാഹതടസ്സത്തിൽനിന്നും ഒഴിവ് ലഭിക്കില്ല.

**കാനോന 810: §1.** *പൊതുമാന്യതയുടെ അടിസ്ഥാനത്തിലുള്ള വിവാഹതടസ്സം താഴെപ്പറയുന്ന സാഹചര്യങ്ങളിൽനിന്നുളവാകുന്നു:*

**1°.** *അസാധുവായ വിവാഹത്തിനുശേഷമുള്ള കൂട്ടായ ജീവിതം;*

**2°.** *കുപ്രസിദ്ധമോ പരസ്യമോ ആയ ഉപസ്ത്രീ സഹവാസം;*

**3°.** *നിയമം നിർദ്ദേശിക്കുന്ന കാനോനിക ക്രമമനുസരിച്ച് വിവാഹം നടത്തേണ്ട വ്യക്തികൾ അതിനു വിപരീതമായി ഒരു സിവിൽ ഉദ്യോഗസ്ഥന്റെയോ, അകത്തോലിക്കാപുരോഹിതന്റെയോ മുമ്പാകെ വിവാഹം നടത്തിയതിനു ശേഷം നയിക്കുന്ന കൂട്ടായ ജീവിതം*

**§2.** *ഈ വിവാഹതടസ്സം സ്ത്രീക്ക് പുരുഷന്റെയോ പുരുഷന് സ്ത്രീയുടെയോ തായ്പരമ്പരയിലെ ഒന്നാം കരിന്തലയിൽ രക്തബന്ധമുള്ളവരുമായുള്ള വിവാഹം അസാധുവാക്കുന്നു.*

സ്ത്രീക്ക് പുരുഷന്റെയോ പുരുഷന് സ്ത്രീയുടെയോ തായ്പരമ്പരയിലെ ഒന്നാം കരിന്തലയിൽപ്പെട്ട ബന്ധുക്കളുമായുള്ള വിവാഹം അസാധുവാകുന്നു. ഉദാഹരണത്തിന്, ഒരു പുരുഷനും, തന്റെ ഉപസ്ത്രീക്ക് ശരിയല്ലാത്ത മറ്റൊരു ബന്ധത്തിൽനിന്നുണ്ടായ മകളുമായുള്ള വിവാഹം അസാധുവാണ്.

**കാനോന 811: §1.** *മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയും അതുപോലെതന്നെ അയാളുടെ മാതാപിതാക്കളും തലതൊടുന്ന വ്യക്തിയുമായി വിവാഹത്തിലേർപ്പെടുന്നത് അസാധുവാക്കുന്ന ഒരു ആത്മീയബന്ധം മാമ്മോദീസയിൽനിന്നുളവാകുന്നു.*

**§2.** *വ്യവസ്ഥാധിഷ്ഠിതമായി മാമ്മോദീസ ആവർത്തിക്കപ്പെടുകയാണെങ്കിൽ, ഒരേ വ്യക്തിതന്നെ രണ്ടാമതും തലതൊടാത്ത പക്ഷം, ആത്മീയബന്ധം ഉടലെടുക്കുന്നില്ല.*





മാമ്മോദീസവഴി തലതൊട്ടപ്പനും തലതൊട്ടമ്മയ്ക്കും കുട്ടിയോടും ഒരു ആത്മീയബന്ധം (spiritual relationship) ഉണ്ടാകുന്നുണ്ട്. ഇവർ തമ്മിലുള്ള വിവാഹത്തിന് ഈ ബന്ധം ഒരു തടസ്സമാണ്. എന്നാൽ ലത്തീൻ നിയമസംഹിതയിൽ ഇത് വിവാഹതടസ്സമല്ല.

**കാനോന 812:** *ദത്തെടുക്കലിൽനിന്നുളവാകുന്ന നിയമാനുസൃത ബന്ധംവഴി തായ്പരമ്പരയിലോ, ശാഖാപരമ്പരയിലെ രണ്ടാം കരിന്തലയിലോ ബന്ധപ്പെട്ടിരിക്കുന്നവർതമ്മിൽ സാധുവായി വിവാഹത്തിലേർപ്പെടുവാൻ സാദ്ധ്യമല്ല.*

ദത്തുവഴി ഉളവാകുന്ന നിയമാനുസൃതമായ ബന്ധം (legal relationship) വിവാഹത്തിന് ഒരു തടസ്സമാണ്. ഇക്കാര്യത്തിൽ അതാതു സ്ഥലത്തെ സിവിൽനിയമം പാലിക്കേണ്ടതാണ്.

## മിശ്രവിവാഹങ്ങൾ

കത്തോലിക്കനും മാമ്മോദീസ സ്വീകരിച്ചിട്ടുള്ള അകത്തോലിക്കനും തമ്മിലുള്ള വിവാഹത്തെയാണ് ഈ നിയമസംഹിതയിൽ മിശ്രവിവാഹം എന്നു പറയുന്നത്. നിയമാനുസൃതാധികാരിയുടെ അനുവാദംകൂടാതെ ഇങ്ങനെയുള്ള വിവാഹം അനുവദനീയമല്ല. തക്കതായ കാരണമുള്ളപ്പോൾ വ്യവസ്ഥകളെല്ലാം പാലിക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് രൂപതാദ്ധ്യക്ഷന് പ്രസ്തുത വിവാഹത്തിന് അനുവാദം നല്കാം. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ മിശ്രവിവാഹം ഒരിക്കലും അനുവദിച്ചിരുന്നില്ല. എന്നാൽ ഒഴിവാക്കാൻ പറ്റാത്ത ഗൗരവമാർന്ന കാരണങ്ങൾ ഉണ്ടെങ്കിൽ മറ്റുള്ളവർക്ക് ഉതപ്പിനു കാരണമാകാതെ മിശ്രവിവാഹം ഇപ്പോൾ അനുവദിക്കാറുണ്ട്.

**കാനോന 813:** *തക്ക അധികാരിയിൽനിന്നു മുൻകൂട്ടിയുള്ള അനുവാദമില്ലാതെ, മാമ്മോദീസ സ്വീകരിച്ച രണ്ടുപേർ തമ്മിൽ, അവരിൽ ഒരാൾ കത്തോലിക്കാവിശ്വാസിയും മറ്റേയാൾ അകത്തോലിക്കാവിശ്വാസിയുമായിരിക്കുമ്പോൾ, വിവാഹം നടത്തുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു.*

ക്രൈസ്തവവിശ്വാസത്തിനു ഹാനികരമായേക്കാമെന്നതിനാൽ കത്തോലിക്കരും അക്രൈസ്തവരുമായുള്ള വിവാഹം ആദിമകാലംമുതലേ അനുവദിക്കപ്പെട്ടിരുന്നില്ല. ഇതേ കാരണത്താൽത്തന്നെ കത്തോലിക്കാകൂട്ടായ്മയിൽനിന്നകന്നുനില്ക്കുന്ന അകത്തോലിക്കരുമായുള്ള വിവാഹവും ഒരിക്കലും പ്രോത്സാഹിപ്പിക്കപ്പെട്ടിരു

ന്നില്ല. എന്നാൽ എക്യുമെനിസത്തെയും മതസ്വാതന്ത്ര്യത്തേയും കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രികളുടെ അടിസ്ഥാനത്തിൽ കൂടുതൽ തുറന്ന ചിന്താഗതിയോടെ ആധുനികലോകത്തിൽ വർത്തിക്കുവാനായി മിശ്രവിവാഹങ്ങൾ നിബന്ധനകളോടെ സഭ അംഗീകരിച്ചുതുടങ്ങി. തക്കഅധികാരിയിൽനിന്ന് അനുവാദം വാങ്ങണമെന്ന നിബന്ധന മിശ്രവിവാഹത്തിലെ ഒരു പ്രത്യേക വ്യവസ്ഥയായി നിലനിർത്തുന്നു. അതായത്, പൊതുനിയമം അനുസരിച്ച് മിശ്രവിവാഹം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. മിശ്രവിവാഹത്തെ സംബന്ധിച്ച് ഏതെങ്കിലും അകത്തോലിക്കാസഭകളുമായി ധാരണയിലെത്തിയിട്ടുണ്ടെങ്കിൽ അവയിലെ നിബന്ധനകൾ പാലിക്കുകയും വേണം. ഉദാഹരണത്തിന്, കത്തോലിക്കാസഭയും മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുമായി വിവാഹത്തെ സംബന്ധിച്ചെത്തിച്ചേർന്നിട്ടുള്ള ധാരണയിലെ നിർദ്ദേശങ്ങൾ ഈ സഭാംഗങ്ങൾ തമ്മിലുള്ള വിവാഹത്തിൽ പാലിക്കപ്പെടേണ്ടതാണ്.

**കാനോന 814:** *ന്യായമായ കാരണത്താൽ സ്ഥലമേലദ്ധ്യക്ഷന് (മിശ്രവിവാഹത്തിന്) അനുവാദം നൽകാൻ കഴിയും. എന്നിരുന്നാലും താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലെങ്കിൽ അദ്ദേഹം ഇത് അനുവദിക്കരുത്:*

**1°.** തന്റെ വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു പോയേക്കാവുന്ന അപകടസാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് തയ്യാറാണെന്ന് കത്തോലിക്കാകക്ഷി പ്രഖ്യാപിക്കുകയും കുട്ടികളെല്ലാവരെയും കത്തോലിക്കാസഭയിൽ മാമ്മോദീസയും ശിക്ഷണവും നൽകി വളർത്തുന്നതിന് തന്റെ കഴിവിനനുസരിച്ച് പരിശ്രമിക്കുന്നതാണെന്ന് ആത്മാർത്ഥമായി വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു;

**2°.** കത്തോലിക്കാകക്ഷി ചെയ്യേണ്ട വാഗ്ദാനങ്ങളെപ്പറ്റി അകത്തോലിക്കാകക്ഷിയെ യഥാസമയം അറിയിക്കണം. കത്തോലിക്കാകക്ഷിയുടെ വാഗ്ദാനത്തെയും കടമയെയും പറ്റി അകത്തോലിക്കാകക്ഷി ശരിക്കും ബോധവാനാണ് എന്ന് വ്യക്തമാകുന്നതിനുവേണ്ടിയാണിത്;

**3°.** വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളെയും ഗുണങ്ങളെയുംകുറിച്ച് രണ്ടു കക്ഷികളെയും ബോധവത്ക്കരിക്കണം; ദമ്പതിമാരിൽ ആരും ഈ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും ഒഴിവാക്കാൻ പാടില്ല.





മിശ്രവിവാഹത്തെ ഒരു അപവാദമായി (exceptional case) പരിഗണിക്കുന്നതിനാലാണ് ന്യായമായ കാരണത്താലേ ഇതനുവദിക്കാവൂ എന്ന് നിയമം അനുശാസിക്കുന്നത്. ഒരേ വിശ്വാസത്തിലുള്ളവരുടെ വിവാഹമാണ് അഭികാമ്യം. ന്യായമായ കാരണമുണ്ടെങ്കിലും മെത്രാന് മിശ്രവിവാഹത്തിനുള്ള അനുമതി നിഷേധിക്കാവുന്നതാണ്.

അനുമതി ലഭിക്കണമെങ്കിൽ ചില നിബന്ധനകൾ പാലിക്കണം. കത്തോലിക്കാവിശ്വാസത്തിനെതിരായവ തിരസ്കരിക്കുകയും മക്കളെ വിശ്വാസത്തിൽ വളർത്തുകയും ചെയ്യണം. ഇത് അകത്തോലിക്കാപങ്കാളിയുടെ അവകാശങ്ങളുടെ നിഷേധമല്ല. കാരണം രണ്ടു കക്ഷികളുംകൂടി കാര്യങ്ങൾ നേരത്തേതന്നെ ചർച്ചചെയ്ത് തെറ്റിദ്ധാരണകൾ മാറ്റാനാവശ്യപ്പെട്ടിരിക്കും. കത്തോലിക്കാകക്ഷിയുടെ വാഗ്ദാനങ്ങളെപ്പറ്റി അകത്തോലിക്കാകക്ഷിയെ യഥാകാലം ധരിപ്പിക്കണം. വിവാഹ ഒരുക്കം കൃത്യമായി നടത്തിയേ വിവാഹത്തിലേക്ക് പ്രവേശിക്കാവൂ. ഇതിന് ഇന്ന് നിലവിലുള്ള വിവാഹഒരുക്ക സെമിനാറുകൾ സഹായകമാണ്.

**കാനോന 815:** *എല്ലായ്പ്പോഴും ആവശ്യമായ ഈ പ്രഖ്യാപനങ്ങളും നടത്തേണ്ട വിധത്തെപ്പറ്റിയും ബാഹ്യതലത്തിൽ തൽസംബന്ധമായി എന്തു തെളിവുവേണം എന്നതിനെപ്പറ്റിയും ഏതു വിധത്തിൽ ഇക്കാര്യങ്ങൾ അകത്തോലിക്കാകക്ഷിയുടെ ശ്രദ്ധയിൽകൊണ്ടുവരണം എന്നതിനെപ്പറ്റിയും ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമം വ്യവസ്ഥ ചെയ്യണം.*

ലോകത്തിലെ വ്യത്യസ്ത സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ, 814-ാം കാനോനയിലെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ, ഓരോ സഭയ്ക്കും മിശ്രവിവാഹത്തിന്റെ കാര്യത്തിൽ പ്രത്യേകനിയമം നിർമ്മിക്കുവാനുള്ള അധികാരമുണ്ട്. ഇങ്ങനെയുള്ള വിവാഹാവസരങ്ങളിൽ നടത്തുന്ന പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് പ്രായോഗികതലത്തിൽ വളരെ ഉപകാരപ്രദമാണ്. മിശ്രവിവാഹത്തിന്റെ നടപടിക്രമങ്ങളും പ്രത്യേകനിയമത്തിൽ പറഞ്ഞിരിക്കേണ്ടതാണ്.

**കാനോന 816:** *തങ്ങളുടെ മനഃസാക്ഷിയുടെ കടമകൾ നിറവേറ്റുന്നതിന് കത്തോലിക്കാകക്ഷിക്കും മിശ്രവിവാഹത്തിൽനിന്നുണ്ടാകുന്ന കുട്ടികൾക്കും ആവശ്യമായ ആദ്ധ്യാത്മികസഹായത്തിൽ കുറവുവരാതിരിക്കുവാനും വൈവാഹികജീവിതത്തിലെയും കുടുംബജീവിതത്തിലെയും ഐക്യം പരിപോ*

*ഷിപ്പിക്കുന്നതിന് ദമ്പതിമാരെ സഹായിക്കുവാനും സ്ഥലമേലദ്ധ്യക്ഷന്മാരും മറ്റ് ആത്മപാലകരും ശ്രദ്ധിക്കണം.*

മിശ്രവിവാഹം നടത്തിയവർക്ക് പ്രത്യേകമായ അജപാലനപരിഗണന ആവശ്യമാണ്. സ്ഥലമേലദ്ധ്യക്ഷനും ഇടവകവികാരിക്കും ഇക്കാര്യത്തിൽ പ്രത്യേകം കടമയുണ്ട്. കുടുംബജീവിതത്തിലെ ഐക്യം പരിപോഷിപ്പിക്കുവാനും കത്തോലിക്കാക്കക്ഷിക്കുവേണ്ട പിന്തുണ നല്കുവാനും അവരുടെ മക്കളെ കത്തോലിക്കാവിശ്വാസത്തിൽ വളർത്തുന്നതിൽ സഹായിക്കുവാനുമുള്ള കടമ അജപാലകർക്കുണ്ട്.

## വിവാഹസമ്മതം

**കാനോന 817: §1.** *വിവാഹബന്ധം സ്ഥാപിക്കുന്നതിനായി സ്ത്രീയും പുരുഷനും അലംഘനീയമായ ഒരു ഉടമ്പടിവഴി പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന, ഇച്ഛാശക്തിയുടെ പ്രവൃത്തി(act of will)യാണ് വിവാഹസമ്മതം.*

**§2.** *യാതൊരു മാനുഷികശക്തിക്കും ഈ വിവാഹസമ്മതത്തിന് പകരംനിൽക്കാനാവില്ല.*

വിവാഹസമ്മതംവഴി വധൂവരന്മാർ പരസ്പരം നല്കുന്നു. സ്നേഹമില്ലാതെയുള്ള നല്കൽ യഥാർത്ഥമായ നല്കൽ അല്ല. വിവാഹജീവിതം ആരംഭിക്കുന്നതിനായി സ്ത്രീയും പുരുഷനും തങ്ങളെത്തന്നെ പരസ്പരം നല്കുന്നതാണ് വിവാഹസമ്മതം കൊണ്ട് ഉദ്ദേശിക്കുന്നത്.

**കാനോന 818:** *താഴെപ്പറയുന്നവർ വിവാഹം നടത്തുവാൻ പ്രാപ്തിയില്ലാത്തവരാണ്:*

**1°.** *മതിയായ ആലോചനാശക്തിയില്ലാത്തവർ;*

**2°.** *പരസ്പരം നൽകുകയും സ്വീകരിക്കപ്പെടുകയും ചെയ്യേണ്ട അടിസ്ഥാനപരമായ വൈവാഹിക അവകാശങ്ങളെയും കടമകളെയും സംബന്ധിച്ച വിവേചനാശക്തിക്ക് ഗൗരവമാർന്ന ന്യൂനതയുള്ളവർ;*

**3°.** *മാനസികസ്വഭാവമുള്ള കാരണങ്ങളാൽ വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ അപ്രാപ്തരായവർ.*

ആരൊക്കെയാണ് വിവാഹം കഴിക്കുന്നതിന് അയോഗ്യർ എന്നാണ് ഈ കാനോന പറയുന്നത്. മാനസികരോഗികൾ തങ്ങ





ളുടെ അവസ്ഥയെക്കുറിച്ചു പലപ്പോഴും ബോധവാന്മാരല്ല. ആവശ്യമായ ആലോചനാശക്തിയില്ലാത്തവർ മനസ്സിലാക്കാനും തീരുമാനമെടുക്കാനും അപ്രാപ്തരാണ്. ഇവയെല്ലാം ഉത്തരവാദിത്വപൂർണ്ണമായി കാര്യങ്ങൾ ചെയ്യാൻ തടസ്സമാണ്.

**കാനോന 819:** *വിവാഹമെന്നത് ലൈംഗികസഹകരണംവഴി സന്താനോല്പാദനം നിർവ്വഹിക്കുന്നതിനായി പുരുഷനും സ്ത്രീയും തമ്മിലുള്ള സ്ഥിരമായ ഒരു കൂട്ടായ്മയാണെന്നുള്ള കാര്യത്തിലെങ്കിലും ഇരുകക്ഷികളും അജ്ഞരല്ലാതിരിക്കുന്നത് വിവാഹസമ്മതം സാധുവാകുന്നതിന് ആവശ്യകമാണ്.*

വിവാഹത്തിന്റെ അടിസ്ഥാനകാര്യങ്ങളെക്കുറിച്ചുള്ള അജ്ഞത വിവാഹസമ്മതത്തെ അസാധുവാക്കാം. വിവാഹം സ്ഥിരമായ കൂട്ടായ്മയാണെന്നും എതിർലിംഗത്തിൽപ്പെട്ടയാളുമായുള്ള ലൈംഗിക സഹകരണത്തിലൂടെയാണ് സന്താനോൽപ്പാദനം സാധിക്കുന്നതെന്നുമുള്ള അറിവെങ്കിലും വിവാഹിതരാകുന്നവർക്കുണ്ടാകണം.

**കാനോന 820: §1.** *വ്യക്തി മാറിപ്പോകുന്ന അവസ്ഥ (error concerning person) വിവാഹത്തെ അസാധുവാക്കുന്നു.*

**§2.** *വ്യക്തിയുടെ ഏതെങ്കിലും ഗുണവിശേഷത്തെ സംബന്ധിച്ച തെറ്റായ അറിവ് വിവാഹത്തിന് കാരണമായിരുന്നാൽത്തന്നെയും പ്രസ്തുത ഗുണവിശേഷം നേരിട്ടും മുഖ്യമായും ഉദ്ദേശിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ അത് വിവാഹത്തെ അസാധുവാക്കുന്നില്ല.*

തെറ്റിദ്ധാരണയാൽ, നിശ്ചയിച്ച വ്യക്തിക്കുപകരം മറ്റൊരാളെ വിവാഹം ചെയ്താൽ അത് അസാധുവാണ്. കാരണം, അവിടെ വിവാഹസമ്മതമില്ല. എന്നാൽ പങ്കാളിയിൽ പ്രതീക്ഷിച്ച ഏതെങ്കിലും ഗുണത്തിന്റെ അഭാവം സമ്മതത്തെ അസാധുവാക്കുന്നില്ല. പ്രത്യക്ഷമായും മുഖ്യമായും ഉദ്ദേശിച്ച ഗുണവിശേഷങ്ങളുടെ അഭാവം മാത്രമേ വിവാഹത്തെ അസാധുവാക്കുകയുള്ളൂ.

**കാനോന 821:** *ദാമ്പത്യജീവിതക്കൂട്ടായ്മയെ സ്വഭാവത്താൽത്തന്നെ ദുഷ്കരമാക്കുന്ന, പങ്കാളിയുടെ ഏതെങ്കിലും ഗുണവിശേഷത്തെ സംബന്ധിച്ച് വിവാഹസമ്മതം ലഭിക്കുന്നതിനായി വഞ്ചനയാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട് വിവാഹത്തിലേർപ്പെടുന്ന വ്യക്തിയുടെ വിവാഹം അസാധുവാണ്.*

വ്യക്തിമാഹാത്മ്യത്തിന് വേണ്ടത്ര ബഹുമാനം കൊടുക്കുകയാണ് ഈ കാനോനയുടെ ലക്ഷ്യം. ചതിപ്രയോഗത്താൽ നിർവ്വ

ഹിക്കപ്പെടുന്ന നൈയാമികപ്രവൃത്തികൾ അസാധുവാണല്ലോ. അതിനാൽ ചതിക്കപ്പെട്ടയാളുടെ വ്യക്തിപരമായ നിലപാടിനെയല്ല, പിന്നെയോ, വിവാഹക്കൂട്ടായ്മ, ജീവിതത്തെ സാരമായി ബാധിക്കുന്ന വഞ്ചനയുടെ സ്വഭാവത്തെയാണ് പരിഗണിക്കേണ്ടത്. ചതിപ്രയോഗം നടത്തുന്നവർ കാനോന 935 അനുസരിച്ച് നഷ്ടപരിഹാരം നല്കുവാൻ ബാദ്ധ്യസ്ഥരാണ്.

**കാനോന 822:** *വിവാഹത്തിന്റെ ഐക്യത്തെയോ, അഭേദ്യതയെയോ കൗദാശികപദവിയെയോ സംബന്ധിച്ചുള്ള തെറ്റായ അറിവ് ഇച്ഛാശക്തിയെ നിശ്ചയിക്കാത്തിടത്തോളം അത് വിവാഹസമ്മതത്തെ പ്രതികൂലമായി ബാധിക്കുന്നില്ല.*

ക്രൈസ്തവവിവാഹത്തിന്റെ ലക്ഷണങ്ങളെയും ലക്ഷ്യങ്ങളെയും പറ്റിയുള്ള ഒരു വ്യക്തിയുടെ അറിവ് തെറ്റാണെങ്കിൽപ്പോലും അദ്ദേഹത്തിന്റെ വിവാഹസമ്മതം ഇച്ഛാശക്തിയുടെ സ്വതന്ത്രമായ തീരുമാനമാണെങ്കിൽ ആ തെറ്റായ അറിവ് വിവാഹത്തെ അസാധുവാക്കുകയില്ല.

**കാനോന 823:** *വിവാഹത്തിന്റെ അവാസ്തവികതയെ സംബന്ധിച്ചുള്ള അറിവോ അഭിപ്രായമോ വിവാഹസമ്മതത്തെ അവശ്യം ഇല്ലാതാക്കുന്നില്ല.*

വിവാഹത്തിന്റെ സാധുതയില്ലായ്മയെക്കുറിച്ചുള്ള അറിവോ അഭിപ്രായമോ വിവാഹസമ്മതം ഇല്ലാതാക്കണമെന്നില്ല. ചിലപ്പോൾ ഇത് ഒരു കാരണമായേക്കാം എന്നുമാത്രം.

**കാനോന 824: §1.** *മനസ്സിന്റെ ആന്തരികസമ്മതം വിവാഹകർമ്മത്തിലെ വാക്കുകളും അടയാളങ്ങളുമായി ഒത്തുപോകുന്നുവെന്ന് അനുമാനിക്കപ്പെടുന്നു.*

**§2.** *എന്നാൽ കക്ഷികളിൽ ആരെങ്കിലും ഒരാളോ, അല്ലെങ്കിൽ രണ്ടുപേരുമോ, ഇച്ഛാശക്തിയുടെ നിയതമായ നിശ്ചയത്തിലൂടെ വിവാഹത്തെത്തന്നെയോ, അതിന്റെ കാതലായ ഏതെങ്കിലും ഘടകത്തെയോ, അതിന്റെ സാരവത്തായ ഏതെങ്കിലും ഗുണവിശേഷത്തെയോ ഒഴിവാക്കുകയാണെങ്കിൽ ആ വിവാഹം അസാധുവായിരിക്കും.*

ബുദ്ധിയുള്ള മനുഷ്യന്റെ പ്രവൃത്തികൾ അവന്റെ നിയോഗങ്ങൾ ബാഹ്യഅടയാളങ്ങളിലൂടെ അവതരിപ്പിക്കുന്നവയാണ്. ഇതനുസരിച്ച് വിവാഹാഘോഷത്തിൽ ഉപയോഗിക്കുന്ന വാക്കുകളിലും അടയാളങ്ങളിലും മനസ്സിന്റെ ആന്തരികസമ്മതമുണ്ടെന്നനുമാനിക്കാം. മനസ്സിന്റെ നിയതമായ നിശ്ചയത്തിലൂടെ വിവാഹത്തെത്തന്നെയോ അതിന്റെ കാതലായ ഘടകങ്ങളെയോ ഗുണങ്ങളെയോ ഒഴിച്ചു നിർത്തുന്നത് വിവാഹം അസാധുവാക്കും.





വിവാഹസമ്മതത്തിന്റെ കപടഭാവം (simulation) പൂർണ്ണമോ ഭാഗികമോ ആകാം. അത് പൂർണ്ണമാവുന്നത് വിവാഹസമ്മതം ബാഹ്യമായി പ്രകടിപ്പിക്കുകയും അതേസമയം ഇച്ഛാശക്തിയുടെ നിശ്ചയത്തിലൂടെ ആന്തരികമായി അതു നിഷേധിക്കുകയും ചെയ്യുമ്പോഴാണ്. വിവാഹത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഏതെങ്കിലും ഗുണങ്ങൾ ഒഴിവാക്കപ്പെടുമ്പോഴാണ് അത് ഭാഗികമാകുന്നത്. ഒഴിച്ചുകൂടാനാവാത്ത ഗുണങ്ങൾ എന്നു പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് വ്യക്തിപരമായ ബന്ധത്തിനുള്ള അവകാശം, ലൈംഗികബന്ധത്തിലേർപ്പെടാനുള്ള അവകാശം, സന്താനോല്പാദനത്തിനുള്ള അവകാശം തുടങ്ങിയവയാണ്. ഗർഭനിരോധനോപാധികളുടെ ഉപയോഗം മേല്പറഞ്ഞ അവകാശങ്ങളുടെ ലംഘനമാണ്. വിവാഹഉടമ്പടി അറിഞ്ഞുകൊണ്ട് ലംഘിക്കുവാനുള്ള മനസ്സിന്റെ ശക്തമായ നിയോഗം (wilful intentsion) വിവാഹത്തെ അസാധുവാക്കുന്നു. ഇത് വിവാഹഉടമ്പടിയുടെ അവിഭാജ്യതയ്ക്ക് എതിരാണ്.

**കാനോന 825:** *ബലപ്രയോഗത്തിൽനിന്നോ പുറമേനിന്നുണ്ടാകുന്ന വലിയ ഭയത്തിൽനിന്നോ രക്ഷപ്പെടുന്നതിനുവേണ്ടി ഒരു വ്യക്തി വിവാഹം നടത്തുവാൻ നിർബന്ധിതനാകുകയാണെങ്കിൽ-പ്രസ്തുത ഭീഷണി മനഃപൂർവ്വമുള്ളതല്ലായിരുന്നെങ്കിൽത്തന്നെയും-ആ വിവാഹം അസാധുവായിരിക്കും.*

ന്യായമായോ അന്യായമായോ അടിച്ചേൽപ്പിക്കപ്പെട്ട ഭയത്തിൽനിന്നു രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗമായി, വിവാഹത്തിന് ആഗ്രഹമില്ലെങ്കിലും വിവാഹത്തെ കാണുന്നവരുണ്ട്. ഇങ്ങനെ നേരിട്ടും അല്ലാതെയുമുള്ള ഭയത്താൽ നടത്തപ്പെടുന്ന വിവാഹം അസാധുവാണ്.

ബലപ്രയോഗം (force) എന്നത് ശാരീരികമോ ധാർമ്മികമോ ആവാം. ഭയം (fear) മനഃശാസ്ത്രപരമായ സമ്മർദ്ദഫലമായോ ധാർമ്മികപ്രേരണയുടെ ഫലമായോ മനസ്സിനുണ്ടാകുന്ന സമ്മർദ്ദഫലമായോ ധാർമ്മികപ്രേരണയുടെ ഫലമായോ മനസ്സിനുണ്ടാകുന്ന ഒരു ചാഞ്ചല്യമാണ്. ഇതിൽനിന്നു സ്വതന്ത്രമാകുന്നതിനായിട്ടാകാം ചിലർ വിവാഹം തിരഞ്ഞെടുക്കുന്നത്.

അടിച്ചേൽപ്പിക്കപ്പെട്ടതോ ആവശ്യമില്ലാത്തതോ ആയ വിവാഹത്തോടുള്ള താല്പര്യമില്ലായ്മ ഭയത്തിന്റെ ഒരു പരോക്ഷമായ തെളിവാണ്. വിവാഹത്തോടുള്ള താല്പര്യമില്ലായ്മ വ്യക്തിയോടുള്ള താല്പര്യമില്ലായ്മയാവണമെന്നില്ല.

**കാനോന 826:** *ഏതെങ്കിലും വ്യവസ്ഥവച്ചുകൊണ്ട് വിവാഹം സാധുവായി നടത്തുവാൻ സാധിക്കുകയില്ല.*

വ്യവസ്ഥയോടുകൂടിയ വിവാഹം (conditional marriage) അസാധുവാണ്. ഇത്തരം വിവാഹത്തോടുള്ള എതിർപ്പ് എല്ലാ പൗരസ്ത്യ സഭാപാരമ്പര്യങ്ങളിലും പണ്ടുമുതലേ പ്രകടമാണ്.

ക്രിസ്തീയവിവാഹത്തിന് അവശ്യംവേണ്ട പൂർണ്ണമായ സ്വയം സമർപ്പണത്തിനെതിരാണ് വിവാഹാവസരത്തിൽ വ്യവസ്ഥകൾ വയ്ക്കുന്നത്. ഇത് വിവാഹഉടമ്പടിയുടെ പൂർണ്ണത, ആത്മാർത്ഥത, പരിശുദ്ധി എന്നിവയ്ക്കും എതിരാണ്.

**കാനോന 827:** *വിവാഹതടസ്സമുള്ളതിനാലോ, നിയമം ആവശ്യപ്പെടുന്ന കാനോനികക്രമത്തിൽ വന്ന വൈകല്യംമൂലമോ വിവാഹം അസാധുവായാണ് നടന്നിട്ടുള്ളതെങ്കിൽപ്പോലും, വിവാഹസമ്മതം പിൻവലിച്ചതായി തെളിയിക്കപ്പെടുന്നതുവരെ അതു തുടരുന്നതായി പരിഗണിക്കപ്പെടുന്നു.*

വിവാഹസമ്മതം ഒരു നിശ്ചിതസമയത്തേക്കുള്ളതല്ല, പിന്നെയോ എന്നെന്നേക്കുമുള്ളതാണ്. വിവാഹതടസ്സങ്ങളാലോ സമ്മതത്തിന്റെ പോരായ്മയാലോ വിവാഹം അസാധുവായാണ് നടന്നത് എന്നു വ്യക്തമാണെങ്കിലും ദമ്പതികളിലൊരാൾ അത് ഏറ്റുപറയുകയും അത് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നതുവരെ വിവാഹസമ്മതം തുടരുന്നതായി കണക്കാക്കണം.

## വിവാഹത്തിന്റെ കാനോനികക്രമം

**കാനോന 828: §1.** *സ്ഥലമേലദ്ധ്യക്ഷന്റെയോ സ്ഥലത്തെ വികാരിയുടെയോ, അല്ലെങ്കിൽ വിവാഹം ആശീർവ്വദിക്കുവാൻ അവരിലാരെങ്കിലും അധികാരപ്പെടുത്തുന്ന വൈദികന്റെയോ സാന്നിദ്ധ്യത്തിലും രണ്ടുസാക്ഷികളുടെ മുമ്പാകെയും, എന്നാൽ 832,828§2എന്നീ കാനോനകളിൽ പറഞ്ഞിരിക്കുന്ന അപവാദങ്ങൾ കണക്കിലെടുത്തുകൊണ്ടും താഴെക്കൊടുത്തിരിക്കുന്ന കാനോനകൾ അനുസരിച്ച് തിരുക്കർമ്മത്തോടുകൂടി നടത്തുന്ന വിവാഹങ്ങൾ മാത്രമേ സാധുവായിരിക്കുകയുള്ളൂ.*





**§2.** *വിവാഹം പരികർമ്മംചെയ്തുകൊണ്ടും ആശീർവ്വദിച്ചുകൊണ്ടുമുള്ള വൈദികന്റെ സാന്നിദ്ധ്യമാണ് 'തിരുക്കർമ്മം' എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്.*

വൈദികരുടെ നേതൃത്വത്തിലുള്ള തിരുക്കർമ്മശുശ്രൂഷ എന്നതിനൊപ്പം തന്നെ, വിവാഹം വൈദികന്റെ ആശീർവ്വാദത്തോടുകൂടിയ വിശുദ്ധമായ ഒരു കർമ്മമാണെന്ന് പൗരസ്ത്യസഭാനിയമം അനുസ്മരിപ്പിക്കുന്നു. ലത്തീൻ കാനൻനിയമത്തിൽ, കക്ഷികളിൽനിന്ന് സഭയുടെ നാമത്തിൽ സമ്മതം ചോദിക്കുവാൻ വൈദികനും ഡീക്കനും അനുവാദമുണ്ട്. എന്നാൽ വൈദികന്റെ ആശീർവ്വാദത്താൽ വിശുദ്ധമായിത്തീരുന്ന കർമ്മം എന്ന നിലയ്ക്ക് പൗരസ്ത്യസഭാനിയമത്തിൽ ഡീക്കന്റെയോ അത്മായരുടേയോ മാത്രം സാന്നിദ്ധ്യത്തിൽ വിവാഹം സാധാരണയായി നടക്കാറില്ല.

**കാനോന 829: §1.** *ഔദ്യോഗികമായി അധികാരമേൽക്കുന്ന അന്നുമുതൽ നിയമാനുസൃതമായി ഉദ്യോഗത്തിൽ ഇരിക്കുന്നിടത്തോളം കാലം സ്ഥലമേലദ്ധ്യക്ഷനും സ്ഥലത്തെ വികാരിക്കും, തങ്ങളുടെ അധീനതയിൽപ്പെട്ടവരായാലും അല്ലാത്തവരായാലും കക്ഷികളിലൊരാളെങ്കിലും തന്റെ സ്വയാധികാരസഭയിൽ അംഗമാണെങ്കിൽ അവരുടെ വിവാഹം തന്റെ അതിർത്തിക്കുള്ളിൽ എവിടെയുംവച്ച് സാധുവായി ആശീർവ്വദിക്കാവുന്നതാണ്.*

**§2.** *ഒരു കക്ഷിയെങ്കിലും തങ്ങളുടെ അധീനതയിലുള്ള ആളാണെങ്കിൽ വ്യക്തിപരമായ അധികാരം വിനിയോഗിക്കുന്നമേലദ്ധ്യക്ഷനും വികാരിക്കും തങ്ങളുടെ അധികാരാതിർത്തിക്കുള്ളിൽമാത്രം ഔദ്യോഗികാധികാരത്താൽ വിവാഹം സാധുവായി ആശീർവ്വദിക്കുവാൻ കഴിയും.*

**§3.** *ഒരു കക്ഷിയെങ്കിലും താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയിൽ അംഗമായിരിക്കുന്നിടത്തോളംകാലം നിയമത്തിന്റെ മറ്റ് അനുശാസനങ്ങൾ പാലിച്ചുകൊണ്ട് ലോകത്തിന്റെ ഏതുഭാഗത്തും വ്യക്തിപരമായി വിവാഹം ആശീർവ്വദിക്കുന്നതിന് പാത്രിയർക്കീസിന് നിയമത്താൽത്തന്നെ അധികാരമുണ്ട്.*

**കാനോന 830: §1.** *നിയമാനുസൃതമായി അധികാരം വഹിക്കുന്നിടത്തോളംകാലം സ്ഥലമേലദ്ധ്യക്ഷനും സ്ഥലത്തെ വികാരിക്കും തങ്ങളുടെ അതിർത്തിക്കുള്ളിപ്പെട്ട ഒരു നിശ്ചിതവിവാഹം ആശീർവ്വദിക്കുന്നതിനുള്ള അധികാരം ഏതു സ്വയാ*

*ധികാരസഭയിലെ വൈദികർക്കും-ലത്തീൻസഭയിലെപോലും -നൽകുവാൻ കഴിയും.*

**§2.** *എന്നിരുന്നാലും, കാനോന302§2 പരിഗണിച്ചുകൊണ്ടുതന്നെ, വിവാഹം ആശീർവ്വദിക്കുന്നതിനുള്ള പൊതുവായ അധികാരം (general faculty)നൽകുവാൻ സ്ഥലമേലദ്ധ്യക്ഷനുമാത്രമേ കഴിയുകയുള്ളൂ.*

**§3.** *വിവാഹങ്ങൾ ആശീർവ്വദിക്കുവാനുള്ള അധികാരം നൽകുന്നത് സാധുവാകണമെങ്കിൽ പ്രസ്തുത അധികാരം നിശ്ചിത വൈദികർക്ക് വ്യക്തമായി നൽകപ്പെടണം. കൂടാതെ ഈ അധികാരം പൊതുവായത് ആണെങ്കിൽ അത് രേഖാമൂലം നൽകപ്പെടണം.*

വിവാഹം ആശീർവ്വദിക്കുന്നതിന് ലത്തീൻസഭയിൽ അധികാരപരിധിയുടെ അതിർത്തി (territorial competence) മാത്രമേ പരിഗണിക്കേണ്ടതുള്ളൂ. പൗരസ്ത്യകാനൻനിയമങ്ങളിൽ അധികാരപരിധിയുടെ അതിർത്തികൂടാതെ റീത്തിന്റെ അധികാരപരിധി (territorial competence) യുംകൂടി പരിഗണിക്കണം; അതായത് വിവാഹം ആശീർവ്വദിക്കുന്ന പുരോഹിതന്റെ റീത്തും വധൂവരന്മാരിലൊരാളുടെ റീത്തും ഒന്നായിരിക്കണം.

നേരത്തെ ഒരു പൗരസ്ത്യകത്തോലിക്കാമെത്രാനോ വൈദികനോ തന്റെ സഭാംഗങ്ങളല്ലാത്ത രണ്ടുപേരുടെ വിവാഹം സാധുവായി ആശീർവ്വദിക്കുവാൻ അനുവാദമില്ലായിരുന്നു; അതുപോലെ ലത്തീൻസഭയിലെ മെത്രാനും വൈദികനും രണ്ടു പൗരസ്ത്യകാനൻനിയമം ലത്തീൻസഭയിൽപ്പെട്ട വൈദികനാണെങ്കിൽപ്പോലും പൗരസ്ത്യരുടെ വിവാഹം ആശീർവ്വദിക്കുവാനുള്ള അർപ്പിതാധികാരം(delegation)അദ്ദേഹത്തിനു നൽകുവാൻ സ്ഥലമേലദ്ധ്യക്ഷനോ വികാരിക്കോ അനുവാദം നൽകുന്നു. കുടിയേറ്റം വർദ്ധിച്ചുവരുന്ന ആധുനികസാഹചര്യത്തിൽ പൗരസ്ത്യരെ സംബന്ധിച്ചിടത്തോളം ഇതു പ്രസക്തമാണ്.

**കാനോന 831: §1.** *താഴെപ്പറയുന്ന അവസരങ്ങളിൽ സ്ഥലമേലദ്ധ്യക്ഷനോ സ്ഥലത്തെ വികാരിക്കോ നിയമാനുസൃതം വിവാഹം ആശീർവ്വദിക്കാവുന്നതാണ്:*

**1°.** *കക്ഷികളുടെ സ്ഥിരവാസസ്ഥാനമോ, താൽക്കാലികവാസസ്ഥാനമോ ഒരു മാസത്തിൽ കുറയാത്ത താമസമോ സ്ഥിരവാസമില്ലാതെ ഊരുചുറ്റി നടക്കുന്നവരുടെ കാര്യത്തിലാണെങ്കിൽ വിവാഹം നടക്കുന്ന സ്ഥലത്ത് ഏതെങ്കിലും ഒരു കക്ഷിക്ക് യഥാർത്ഥത്തിലുള്ള താമസമോ സ്ഥിരീകരിച്ചതിനുശേഷം;*

**2°.** *മുകളിൽപ്പറഞ്ഞിരിക്കുന്ന സാഹചര്യങ്ങൾ ഇല്ലാത്തപ്പോൾ, ന്യായമായ കാരണം ഒഴിവ് അനുവദിക്കാത്ത പക്ഷം, ഏതെങ്കിലും ഒരു കക്ഷിയുടെ സ്ഥിരവാസസ്ഥലത്തെയോ താൽക്കാലികവാസസ്ഥലത്തെയോ മേലദ്ധ്യക്ഷന്റെയോ ഇടവകവികാരിയുടെയോ അനുവാദം അദ്ദേഹത്തിനുണ്ടെങ്കിൽ;*

**3°.** *മറ്റൊരു സ്വയാധികാരസഭയുടെ മാത്രമായ സ്ഥലത്തുവച്ചാണെങ്കിൽ അവിടെ തന്റെ അധികാരം വിനിയോഗിക്കുന്ന മേലദ്ധ്യക്ഷൻ വ്യക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ലെങ്കിൽ.*

**§2.** *പ്രത്യേകനിയമം മറിച്ചു നിശ്ചയിക്കാതിരിക്കുകയോ ന്യായമായ കാരണം ഇളവനുവദിക്കാതിരിക്കുകയോ ആണെങ്കിൽ വരന്റെ ഇടവകവികാരിയുടെ മുമ്പാകെയാണ് വിവാഹം നടത്തേണ്ടത്.*

വിവാഹം നിയമാനുസൃതം ആശീർവ്വദിക്കുവാനുള്ള അധികാരം വരന്റെയോ വധുവിന്റയോ സ്ഥലമേലദ്ധ്യക്ഷനും ഇടവകവികാരിക്കുമാണുള്ളത്. സ്ഥലമേലദ്ധ്യക്ഷനെ അല്ലെങ്കിൽ വികാരിയെ നിശ്ചയിക്കുന്നത് കക്ഷികളുടെ സ്ഥിരവാസസ്ഥാനത്തിന്റെയോ താല്ക്കാലികവാസസ്ഥാനത്തിന്റെയോ അടിസ്ഥാനത്തിലാണ്. ഇവ രണ്ടുമില്ലാത്തവരുടെ കാര്യത്തിൽ, വിവാഹം നടക്കുന്ന സ്ഥലത്തുള്ള ഒരു മാസത്തെ താമസം കണക്കിലെടുക്കണം. ഊരുചുറ്റി നടക്കുന്നവരുടെ കാര്യത്തിൽ അവർ താമസിക്കുന്ന സ്ഥലമാണ് പരിഗണിക്കേണ്ടത്. മറ്റു വൈദികർക്ക് വിവാഹം ആശീർവ്വദിക്കണമെങ്കിൽ മുകളിൽപ്പറഞ്ഞ സ്ഥലമേലദ്ധ്യക്ഷന്റെയോ ഇടവകവികാരിയുടെയോ അനുവാദം ആവശ്യമാണ്.

**കാനോന 832: §1.** *നിയമത്തിന്റെ മാനദണ്ഡപ്രകാരം അധികാരമുള്ള ഒരു വൈദികനെ ലഭിക്കുവാനോ സമീപിക്കുവാനോ ഗൗരവമായ അസൗകര്യം കൂടാതെ സാധിക്കുകയില്ലെങ്കിൽ ശരിയായ വിവാഹം (true marriage) നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് സാക്ഷികളുടെമാത്രം സാന്നിധ്യത്തിൽ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ സാധുവായും നിയമാനുസൃതമായും വിവാഹിതരാകാം:*

**1°.** *മരണാസന്നാവസ്ഥയിൽ;*

**2°.** *മരണാസന്നാവസ്ഥയ്ക്ക് പുറമെ, ഒരു മാസക്കാലം ഇങ്ങനെയുള്ള സാഹചര്യങ്ങൾ തുടരുമെന്ന് വിവേക പൂർവ്വം മുൻകൂട്ടി കാണുന്നുവെങ്കിൽ.*

**§2.** *മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് സാഹചര്യങ്ങളിൽ സാക്ഷികളുടെമാത്രം സാന്നിധ്യത്തിൽവച്ചു നടത്തുന്ന വിവാഹം സാധുവാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടുതന്നെ, മറ്റൊരു പുരോഹിതന് സന്നിഹിതനാകുവാൻ കഴിയുകയാണെങ്കിൽ വിവാഹം ആശീർവ്വദിക്കുന്നതിനായി സാധിക്കുന്നിടത്തോളം അദ്ദേഹത്തെ വിളിക്കേണ്ടതാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അകത്തോലിക്കാപുരോഹിതനെയും വിളിക്കാവുന്നതാണ്.*

**§3.** *സാക്ഷികളുടെമാത്രം സാന്നിധ്യത്തിലാണ് വിവാഹം നടത്തപ്പെട്ടതെങ്കിൽ എത്രയും പെട്ടെന്ന് ഒരു വൈദികനിൽനിന്നു വിവാഹാശീർവ്വാദം സ്വീകരിക്കുന്ന കാര്യത്തിൽ ദമ്പതികൾ ഉപേക്ഷവരുത്തരുത്.*

ലത്തീൻ കാനൻനിയമത്തിലെ 1116-ാം കാനോന പൗരസ്ത്യകാനൻ നിയമത്തിൽ 832-ാം കാനോനയിലെ 2-ാം ഖണ്ഡികയായി സ്വീകരിച്ചിരിക്കുന്നു. വൈദികന്റെ ആശീർവ്വാദം വിവാഹത്തിന് അത്യാവശ്യമാണെന്ന പൗരസ്ത്യവീക്ഷണത്തിലെ കാഴ്ചപ്പാടുമായി ഇതിനെ യോജിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഇതിലെ മൂന്നാമത്തെ ഖണ്ഡിക വിവാഹം ചെയ്യുവാനുള്ള വ്യക്തിയുടെ സ്വാഭാവിക അവകാശത്തെ പ്രത്യേകവിധത്തിൽ പരിഗണിക്കുന്നതാണ്. ഇത് ലത്തീൻ കാനൻനിയമത്തിൽ കാണുന്നില്ല.

**കാനോന 833: §1.** *പൗരസ്ത്യ അകത്തോലിക്കാസഭയിലെ വിശ്വാസികൾക്ക് ഗൗരവമാർന്ന അസൗകര്യംകൂടാതെ തങ്ങളുടെ സഭയിലെ ഒരു വൈദികനെ സമീപിക്കുവാൻ സാധിക്കാതിരിക്കുകയും ആശീർവ്വാദത്തിന് അവർ സ്വമനസാ ആവശ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ, സാധുവും നിയമാനുസൃതവുമായ വിവാഹത്തിന് യാതൊന്നും തടസ്സമാകാത്തിടത്തോളം സ്ഥലമേലദ്ധ്യക്ഷന് അവരുടെ വിവാഹം ആശീർവ്വദിക്കുന്നതിനുള്ള അധികാരം ഏതു കത്തോലിക്കാപുരോഹിതനും നൽകാവുന്നതാണ്.*

**§2.** *കത്തോലിക്കാപുരോഹിതൻ വിവാഹം ആശീർവ്വദിക്കുന്നതിനുമുമ്പ് സാധിക്കുമെങ്കിൽ ഇക്കാര്യത്തെപ്പറ്റി പ്രസ്തുത ക്രിസ്തീയവിശ്വാസികളുടെ തക്ക അധികാരിയെ അറിയിക്കേണ്ടതാണ്.*





സ്വന്തം വൈദികരുടെ സേവനം ലഭ്യമല്ലാത്ത അവസരത്തിൽ അകത്തോലിക്കരുടെ വിവാഹം ആശീർവ്വദിക്കുവാൻ സ്ഥലമേലദ്ധ്യക്ഷൻ കത്തോലിക്കാപുരോഹിതന് അംഗീകാരം നൽകുക അജപാലനപരമായ ആവശ്യങ്ങളെ മുൻനിറുത്തിയാണ്. സാധുവായും നിയമാനുസൃതമായും വിവാഹം നടത്തുവാൻ സാദ്ധ്യമായ നിർദ്ദേശങ്ങളുണ്ടെങ്കിൽമാത്രമേ ഇത് സാധിക്കൂ. അകത്തോലിക്കാകക്ഷികളുടെ അധികാരിയെ ഇക്കാര്യം അറിയിക്കുവാൻ വിവാഹം ആശീർവ്വദിക്കുന്ന പുരോഹിതനു കടമയുണ്ട്.

**കാനോന 834: §1.** *ദമ്പതിമാരിൽ ഒരാളെങ്കിലും കത്തോലിക്കാസഭയിൽ മാമ്മോദീസ മുങ്ങുകയോ അതിലേക്ക് സ്വീകരിക്കപ്പെടുകയോ ചെയ്തിട്ടുള്ളതാണെങ്കിൽ നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമം പാലിക്കേണ്ടതാണ്.*

**§2.** *എന്നിരുന്നാലും ഏതെങ്കിലും പൗരസ്ത്യസ്വയാധികാരസഭയിൽ അംഗമായിരിക്കുന്ന കത്തോലിക്കാകക്ഷി പൗരസ്ത്യ അകത്തോലിക്കാസഭയിലെ കക്ഷിയുമായി വിവാഹത്തിലേർപ്പെടുകയാണെങ്കിൽ നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമം പാലിക്കേണ്ടത് നൈയാമികതയ്ക്കുവേണ്ടി മാത്രമാണ്. നിയമത്തിന്റെ മറ്റ് അനുശാസനങ്ങൾ പാലിക്കുന്നതോടൊപ്പം പുരോഹിതന്റെ ആശീർവ്വാദവും സാധുതയ്ക്കുവേണ്ടി ആവശ്യമാണ്.*

ലത്തീൻസഭാനിയമം അനുസരിച്ച് ഔദ്യോഗികമായി സഭവിട്ടുപോയ വ്യക്തി സഭയുടെ കാനോനികക്രമം അനുസരിക്കുവാൻ ബാദ്ധ്യസ്ഥനല്ല. കാരണം, അത് ഒരു സഭാനിയമം മാത്രമാണ്. പൗരസ്ത്യകാനൻനിയമമനുസരിച്ച് കത്തോലിക്കാസഭയിൽ മാമ്മോദീസ സ്വീകരിച്ച എല്ലാവരും-അവർ കത്തോലിക്കാസഭയുടെ അംഗങ്ങളായി തങ്ങളെ കരുതിയാലും ഇല്ലെങ്കിലും-സഭയുടെ കാനോനികക്രമം അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

പൗരസ്ത്യഅകത്തോലിക്കരും പൗരസ്ത്യകത്തോലിക്കരുമായുള്ള വിവാഹബന്ധത്തിന്റെ നിയമാനുസൃതത്വവും സാധുതയും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പൗരസ്ത്യസഭകളെ സംബന്ധിച്ചുള്ള വത്തിക്കാൻ കൗൺസിൽ ഡിക്രി(O.E.)യിൽനിന്നു സ്വീകരിച്ചവയാണ്.

**കാനോന 835:** *നിയമം ആവശ്യപ്പെടുന്ന വിവാഹത്തിന്റെ കാനോനികക്രമത്തിൽനിന്നു വിടുതൽ നല്കുന്നത് ശ്ലൈഹികസിംഹാസനത്തിനോ പാത്രിയർക്കീസിനോ ആയി നീക്കിവച്ചിരിക്കുന്നു; വളരെ ഗൗരവമായ കാരണമില്ലാത്തപക്ഷം അവർ ഇപ്രകാരം വിടുതൽ നല്കുകയില്ല.*

മെത്രാന്മാരെക്കുറിച്ചുള്ള കൗൺസിൽ ഡിക്രി (C.D.) പൊതുവായ കാര്യങ്ങൾക്ക് ഒഴിവു നല്കുവാൻ മെത്രാന്മാർക്കു നല്കിയിരിക്കുന്ന അധികാരം പാശ്ചാത്യപൗരസ്ത്യ മെത്രാന്മാർക്ക് തുല്യമാണെങ്കിലും കാനോനികക്രമത്തിൽനിന്ന് ഒഴിവു നല്കുവാനുള്ള അവകാശം പൗരസ്ത്യസഭകളിലെ രൂപതാമെത്രാന്മാർക്ക് ഇല്ല. വളരെ ഗൗരവമുള്ള കാരണത്തിന്റെ പേരിൽ ശ്ലൈഹികസിംഹാസനത്തിനോ പാത്രിയർക്കീസിനോ വിവാഹത്തിന്റെ കാനോനികക്രമത്തിൽനിന്നും മോചനം നല്കാം. ലത്തീൻ സഭയിൽ എല്ലാ രൂപതാമെത്രാന്മാർക്കും ഉള്ള ഈ അധികാരം പൗരസ്ത്യസഭയിൽ ശ്ലൈഹികസിംഹാസനത്തിനും പാത്രിയർക്കീസിനുമായി സംവരണം ചെയ്തിരിക്കുന്നു.

**കാനോന 836:** *അത്യാവശ്യസാഹചര്യങ്ങളിലൊഴികെ, വിവാഹം പരികർമ്മം ചെയ്യുന്നതിൽ ആരാധനക്രമപുസ്തകങ്ങളിലെ നിർദ്ദേശങ്ങളും നിയമാനുസൃത ആചാരങ്ങളും പാലിക്കേണ്ടതാണ്.*

വിവാഹത്തിന്റെ കാനോനികക്രമം സാധുതയ്ക്കുവേണ്ടിയും ആരാധനക്രമകർമ്മങ്ങൾ നിയമാനുസൃതത്വത്തിനുവേണ്ടിയുമാണ്. വിവാഹത്തിൽ ആരാധനക്രമത്തിന്റെ ഉപയോഗത്തിന് ഒഴിവുകൊടുക്കുന്ന അടിയന്തര സാഹചര്യങ്ങളായി കണക്കാക്കേണ്ടവ 832-ാം കാനോനയിൽ പറഞ്ഞിരിക്കുന്നവയാണ്. ഉദാ: മരണം ആസന്നമായിരിക്കുന്ന അവസ്ഥ.

**കാനോന 837: §1.** *ഇരുകക്ഷികളും ഒരേസമയം സന്നിഹിതരായിരിക്കുകയും വിവാഹസമ്മതം പരസ്പരം വെളിപ്പെടുത്തുകയും ചെയ്യേണ്ടത് വിവാഹം സാധുവായി നടത്തുന്നതിന് ആവശ്യമാണ്*

**§2.** *സ്വയാധികാരസഭയുടെ പ്രത്യേകനിയമം മറിച്ച് വ്യവസ്ഥചെയ്യുന്നില്ലെങ്കിൽ വിവാഹം പകരക്കാരൻ (proxy) വഴി സാധുവായി നടത്തുവാൻ കഴിയുകയില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ ഇപ്രകാരമുള്ള വിവാഹം നടത്തുന്നതിനുവേണ്ട വ്യവസ്ഥകൾകൂടി പ്രത്യേകനിയമം നൽകിയിരിക്കണം.*





വിവാഹത്തിന് ആന്തരികസമ്മതം മാത്രം പോരാ. സമ്മതം ബാഹ്യമായും പ്രകടിപ്പിക്കേണ്ടതുണ്ട്. കാരണം, ഇതിന് ബാഹ്യതലത്തിലും പ്രസക്തിയുണ്ട്. ലത്തീൻനിയമത്തിലെ പകരക്കാരൻ വഴി (by proxy) യുള്ള വിവാഹ (CIC. c. 1105) ത്തിൽനിന്നു വ്യത്യസ്തമായി, പൗരസ്ത്യകാനൻനിയമം ദമ്പതികൾസന്നിഹിതരായി പരസ്പരസമ്മതം നടത്തണമെന്ന് നിഷ്കർഷിക്കുന്നു. പൗരസ്ത്യസഭകളുടെ പാരമ്പര്യമനുസരിച്ച് സമ്മതത്തിന്റെയും ഉടമ്പടിയുടെയും ഐക്യം ഇതിൽനിന്നു വ്യക്തമാണ്. പരിശുദ്ധാത്മാവു നൽകുന്ന വിശുദ്ധീകരണത്തിന്റെ കൃപ ദമ്പതികൾക്കു ലഭിക്കുന്നത് വിവാഹാവസരത്തിലായതിനാൽ അവർ വ്യക്തിപരമായി അവിടെ സന്നിഹിതരായിരിക്കണം. കത്തുകൾ, ടെലഗ്രാം, ടെലഫോൺ, മറ്റു ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ എന്നിവവഴി സാധുവായി വിവാഹം നടത്തുവാൻ കഴിയില്ലെന്ന് ഈ കാനോന വ്യക്തമാക്കുന്നു.

പൊതുനിയമത്തിൽ പകരക്കാരൻ വഴിയുള്ള വിവാഹം നടത്തുവാൻ സാധ്യത നല്കിയിട്ടില്ല. എന്നാൽ, ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമത്തിൽ അതിനു വ്യവസ്ഥ ചെയ്യുവാൻ നിയമം അനുവദിക്കുന്നുണ്ട്.

**കാനോന 838: §1.** *വിവാഹം നടത്തേണ്ടത് ഇടവകദൈവാലയത്തിലോ, സ്ഥലമേലദ്ധ്യക്ഷന്റെയോ സ്ഥലത്തെ വികാരിയുടെയോ അനുവാദത്തോടുകൂടി മറ്റേതെങ്കിലും വിശുദ്ധസ്ഥലത്തോവച്ചാണ്. എന്നാൽ സ്ഥലമേലദ്ധ്യക്ഷന്റെ അനുവാദം കൂടാതെ ഇതരസ്ഥലങ്ങളിൽവച്ച് വിവാഹം നടത്തുവാൻ സാധിക്കില്ല.*

**§2.** *ഓരോ സ്വയാധികാരസഭയുടെയും പ്രത്യേകനിയമം വ്യവസ്ഥ ചെയ്തിരിക്കുന്ന നിബന്ധനകളാണ് വിവാഹനടത്തിപ്പിന്റെ സമയത്തെ സംബന്ധിച്ചു പാലിക്കേണ്ടത്.*

വിവാഹപരികർമ്മം വളരെ പ്രാധാന്യമുള്ള വിശുദ്ധമായ ഒരു കർമ്മവും തന്മൂലം വൈദികന്റെ സാന്നിദ്ധ്യത്തിൽ നടത്തേണ്ടതുമാണ്. ഇടവകദൈവാലയമാണ് കൂദാശാപരികർമ്മത്തിനുള്ള അനുയോജ്യമായ സ്ഥലം. കാരണം, ഇടവകസമൂഹത്തിലാണ് ക്രൈസ്തവജീവിതത്തിന്റെ യഥാർത്ഥരൂപവത്ക്കരണം നടക്കുന്നത്. വിവാഹകർമ്മത്തിന്റെ സമയം പ്രത്യേക നിയമം അനുശാസിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം.

**കാനോന 839:** *വിവാഹത്തിന്റെ കാനോനിക പരികർമ്മത്തിനു മുമ്പോ അതിനുശേഷമോ, വിവാഹസമ്മതം നല്കുന്നതിനോ*

*പുതുക്കുന്നതിനോ ആയി അതേ വിവാഹത്തിന്റെതന്നെ മതപരമായ മറ്റൊരു കർമ്മം നടത്തുന്നത് നിരോധിച്ചിരിക്കുന്നു. അതുപോലെ, ഒരേ മതകർമ്മത്തിൽ കത്തോലിക്കാപുരോഹിതനും അകത്തോലിക്കാശുശ്രൂഷിയും വെവ്വേറെ കക്ഷികളുടെ സമ്മതം ചോദിക്കുന്നതും നിരോധിച്ചിരിക്കുന്നു.*

കാനോനികക്രമപ്രകാരം പരികർമ്മം ചെയ്യപ്പെട്ട വിവാഹം സാധുവാണെന്നും, ദമ്പതികൾ മാമ്മോദീസ സ്വീകരിച്ചവരാണെങ്കിൽ അത് ഒരു കൂദാശയാണെന്നും 839-ാം കാനോന വ്യക്തമാക്കുന്നു. അതിനാൽ മറ്റു വിവാഹാഘോഷങ്ങളോ, വിവാഹസമ്മതത്തിന്റെ ആവർത്തനമോ വിശ്വാസികളിൽ വിവാഹസമ്മതത്തെക്കുറിച്ച് സംശയങ്ങൾ ഉളവാക്കും. മിശ്രവിവാഹങ്ങളിൽ വിവാഹം ഒന്നുകിൽ കത്തോലിക്കാപുരോഹിതന്റെയോ അല്ലെങ്കിൽ അകത്തോലിക്കാപുരോഹിതന്റെയോ മാത്രം കാർമ്മികത്വത്തിൽ നടത്തപ്പെടുന്നുവെന്നതിനാൽ മറ്റേയാൾക്കും ക്രമങ്ങളിൽ സംബന്ധിക്കാം; എന്നാൽ സമ്മതം ചോദിക്കുന്നത് ഒരാൾ മാത്രമാണ്.

**കാനോന 840: §1.** *ഗൗരവാവഹവും അടിയന്തരവുമായ ഒരു കാരണത്താൽ സ്ഥലമേലദ്ധ്യക്ഷന് രഹസ്യവിവാഹത്തിന് അനുവാദം നല്കാവുന്നതാണ്. സ്ഥലമേലദ്ധ്യക്ഷനും, ഇടവകവികാരിയും, വിവാഹം ആശീർവ്വദിക്കുവാൻ അനുവാദം നല്കപ്പെട്ട വൈദികനും, സാക്ഷികളും, ഒരു കക്ഷി ഇത് വെളിവാക്കുവാൻ സമ്മതിക്കുന്നില്ലാത്തപക്ഷം ഇതരകക്ഷിയും രഹസ്യം പാലിക്കുവാനുള്ള ഗൗരവമായ ഉത്തരവാദിത്വംകൂടി ഈ അനുവാദം ഉൾക്കൊള്ളുന്നുണ്ട്.*

**§2.** *രഹസ്യം പാലിക്കുന്നതുകൊണ്ട് ഗുരുതരമായ ഉതപ്പോ, വിവാഹത്തിന്റെ പരിശുദ്ധിക്ക് സാരമായ ഭംഗമോ സംഭവിക്കുവാൻ സാധ്യതയുണ്ടെങ്കിൽ രഹസ്യം പാലിക്കുവാനുള്ള കടമ സ്ഥലമേലദ്ധ്യക്ഷന് ഇല്ലാതാകുന്നു.*

**§3.** *രഹസ്യമായി നടത്തിയ വിവാഹം രൂപതാകാര്യാലയത്തിലെ രഹസ്യരേഖാലയത്തിൽ സൂക്ഷിക്കേണ്ട പ്രത്യേക രജിസ്റ്ററിൽ മാത്രം-അത്യന്തം ഗൗരവമുള്ള ഒരു കാരണം തടസ്സമാകുന്നില്ലെങ്കിൽ-രേഖപ്പെടുത്തണം.*

രഹസ്യവിവാഹം സഭയെ സംബന്ധിച്ചിടത്തോളം അസാധാരണമായ പ്രത്യേകാനുവാദം നല്കലാണ്. സഭ വാസ്തവത്തിൽ രഹസ്യവിവാഹങ്ങൾക്കെതിരാണ്. കാരണം വളരെ ഗൗരവമേറിയ തെറ്റുകളായ ബഹുഭാര്യാത്വം, ചതി, ഉതപ്പുനല്കൽ തുടങ്ങിയവയൊക്കെ





ഇതിന്റെ ഫലങ്ങളായി ഉണ്ടാകാവുന്നതാണ്. അടിയന്തരാവശ്യമോ ഗുരുതരമായ കാരണമോമൂലം സ്ഥലമേലദ്ധ്യക്ഷന് രഹസ്യവിവാഹം അനുവദിക്കാവുന്നതാണ്. കക്ഷികളുടെ സാമൂഹ്യാവസ്ഥയിലുള്ള തുല്യതയില്ലായ്മ, മാതാപിതാക്കളിൽനിന്നുള്ള അകാരണമായ എതിർപ്പ്, സിവിൽനിമയപ്രകാരമുള്ള നിരോധനം തുടങ്ങിയവ രഹസ്യവിവാഹം അനുവദിക്കാൻ കാരണമായേക്കാം.

**കാനോന 841: §1.** *വിവാഹത്തിനുശേഷം എത്രയുംപെട്ടെന്ന് വിവാഹം നടന്ന സ്ഥലത്തെ വികാരിയോ വികാരിയുടെ സ്ഥാനം വഹിക്കുന്ന വൈദികനോ-അവരല്ല വിവാഹം ആശീർവ്വദിച്ചതെങ്കിൽപ്പോലും-താഴെപ്പറയുന്ന കാര്യങ്ങൾ വിവാഹരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്: ദമ്പതികളുടെ വിവാഹം ആശീർവ്വദിച്ച വൈദികന്റെയും സാക്ഷികളുടെയും പേരുകൾ; വിവാഹം നടത്തിയ സ്ഥലവും തീയതിയും; കാനോനികക്രമത്തിൽനിന്നോ മറ്റു വിവാഹതടസ്സങ്ങളിൽനിന്നോ ഒഴിവു നല്കിയിട്ടുണ്ടെങ്കിൽ അവയും, ഒഴിവ് നല്കിയിരിക്കുന്ന അധികാരിയുടെ പേരും ഒഴിവു നല്കപ്പെട്ട വിവാഹതടസ്സവും അതിന്റെ കരിന്തലയും; വിവാഹം ആശീർവ്വദിക്കുന്നതിന് അധികാരം നല്കിയതും; അതുപോലെ തന്നെ സ്വന്തം രൂപതാദ്ധ്യക്ഷൻ നിർദ്ദേശിച്ചിരിക്കുന്ന രീതിയനുസരിച്ച് മറ്റുകാര്യങ്ങളും.*

**§2.** *കൂടാതെ, തന്റെ ഇടവകയിൽവച്ച് ഇന്നദിവസം ദമ്പതികൾ വിവാഹം നടത്തി എന്ന് മാമ്മോദീസ രജിസ്റ്ററിൽ സ്ഥലംവികാരി ചേർക്കേണ്ടതാണ്. ദമ്പതിമാർ ഒരാൾ മറ്റൊരു സ്ഥലത്താണ് മാമ്മോദീസ സ്വീകരിച്ചിട്ടുള്ളതെങ്കിൽ ആ വ്യക്തിയുടെ മാമ്മോദീസ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തെ വികാരിക്ക് വിവാഹത്തിന്റെ രേഖ സ്ഥലംവികാരി വ്യക്തിപരമായോ, രൂപതാകാര്യാലയംവഴിയോ അയച്ചുകൊടുക്കണം. വിവാഹക്കാര്യം മാമ്മോദീസ രജിസ്റ്ററിൽ ചേർത്തു എന്നുള്ള അറിയിപ്പ് കിട്ടിയതിനുശേഷം മാത്രമേ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം തീരുന്നുള്ളൂ.*

**§3.** *കാനോന 832 അനുസരിച്ചാണ് വിവാഹം നടത്തിയിരിക്കുന്നതെങ്കിൽ പ്രസ്തുത വിവരം കഴിയുന്നതുംവേഗം നിശ്ചിതരജിസ്റ്ററിൽ ചേർക്കുന്ന കാര്യത്തിൽ, വിവാഹം ആശീർവ്വദിച്ചിട്ടുണ്ടെങ്കിൽ ആശീർവ്വദിച്ച വൈദികനും അല്ലെങ്കിൽ സാക്ഷികളും ദമ്പതികളും ശ്രദ്ധിക്കണം.*

**കാനോന 842:** *ബാഹ്യതലത്തിൽ സാധുവാക്കപ്പെട്ടതോ അസാധുവാണെന്ന് പ്രഖ്യാപിക്കപ്പെട്ടതോ മരണംമൂലമല്ലാതെ നിയമാനുസൃതം വേർപെടുത്തപ്പെട്ടതോ ആയ വിവാഹത്തിന്റെ കാര്യത്തിൽ പ്രസ്തുത വിവരം വിവാഹ-മാമ്മോദീസ രജിസ്റ്ററുകളിൽ ചേർക്കേണ്ടതിനായി കാര്യം വിവാഹം നടന്ന സ്ഥലത്തെ ഇടവകവികാരിയെ അറിയിക്കേണ്ടതാണ്.*

ഇടവകവികാരിയോ അസ്തേന്തിയോ ആശീർവ്വദിച്ചതല്ലെങ്കിൽക്കൂടിയും വിവാഹകർമ്മത്തിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നത് അവരുടെ ഗൗരവമുള്ള ഉത്തരവാദിത്വവും കടമയുമാണ്. വിവാഹകർമ്മത്തിന്റെ സാധുതയെയും നിയമാനുസൃതത്വത്തെയും സംബന്ധിക്കുന്ന പ്രസക്തമായ വിവരങ്ങൾ, തടസ്സങ്ങളിൽനിന്നുള്ള ഒഴിവാക്കൽ, മറ്റു തെളിവുകൾ തുടങ്ങിയവയൊക്കെ ഈ രജിസ്റ്ററിൽ ഉൾച്ചേർക്കേണ്ടതുണ്ട്. സിവിൽ നിയമ സാധുതയ്ക്കായി സാക്ഷികളുടെ ഒപ്പ് അത്യാവശ്യമാണ്. ഭാവിയിലെ പ്രസക്തമായ വിവരങ്ങൾ രേഖപ്പെടുത്താനായി രജിസ്റ്ററിൽ അല്പം സ്ഥലം ഒഴിച്ചിടുക ഒരാവശ്യമാണ്.

## വിവാഹം സാധുവാക്കൽ ക്രമം

### 1º. സാധാരണ സാധുവാക്കൽ ക്രമം

**കാനോന 843: §1.** *വിവാഹതടസ്സംമൂലം അസാധുവായിരിക്കുന്ന ഒരു വിവാഹം സാധുവാക്കു(convalidate)ന്നതിന് ആ തടസ്സം ഇല്ലാതാകുകയോ അതിൽനിന്ന് ഒഴിവു നല്കപ്പെടുകയോ ചെയ്യുകയും, പ്രസ്തുത വിവാഹതടസ്സത്തെപ്പറ്റി അറിവുള്ള കക്ഷിയെങ്കിലും സമ്മതം പുതുക്കയും വേണം.*

**§2.** *ആരംഭത്തിൽത്തന്നെ ഇരുകക്ഷികളും വിവാഹസമ്മതം നല്കുകയും പിന്നീട് അത് പിൻവലിക്കാതിരിക്കുകയുമാണെങ്കിൽപോലും വിവാഹം സാധുവാക്കൽ വാസ്തവമാകുന്നതിന് ഈ സമ്മതംപുതുക്കൽ ആവശ്യമാണ്.*

**കാനോന 842:** *ആരംഭമുതലേ അസാധുവായിരുന്നുവെന്ന് സമ്മതം പുതുക്കന്ന കക്ഷി അറിയുകയോ ചിന്തിക്കുകയോ ചെയ്യുന്ന ഒരു വിവാഹം സംബന്ധിച്ച് നടത്തുന്ന സമ്മതം പുതുക്കൽ ഇച്ഛാശക്തിയുടെ പുതിയ തീരുമാനമായിരിക്കണം.*

**കാനോന 844: §1.** *വിവാഹതടസ്സം പരസ്യമായ ഒന്നാണെങ്കിൽ നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമമനുസരിച്ച് ഇരുകക്ഷികളും വിവാഹസമ്മതം പുതുക്കേണ്ടതാണ്.*





**§2.** *വിവാഹതടസ്സം പരസ്യമായി അറിയപ്പെടാത്തതായിരിക്കുകയും (occult)മറുകക്ഷി നേരത്തെ നല്കിയിരിക്കുന്ന സമ്മതത്തിൽ നിലനിൽക്കുകയും ചെയ്യുകയാണെങ്കിൽ വിവാഹതടസ്സത്തെക്കുറിച്ച് അറിവുള്ള കക്ഷിമാത്രം സ്വകാര്യമായും രഹസ്യമായും വിവാഹസമ്മതം പുതുക്കിയാൽ മതിയാകും. വിവാഹതടസ്സത്തെക്കുറിച്ച് ഇരുകക്ഷികൾക്കും അറിവുണ്ടെങ്കിൽ അവരിരുവരും ഇപ്രകാരം സമ്മതം പുതുക്കേണ്ടതാണ്.*

**കാനോന 846: §1.** *വിവാഹസമ്മതം നൽകാതിരുന്ന കക്ഷി ഇപ്പോൾ സമ്മതം നൽകുകയും മറുകക്ഷി നൽകിയിട്ടുള്ള സമ്മതം അഭംഗുരം നിലനിൽക്കുകയും ചെയ്യുകയാണെങ്കിൽ വിവാഹസമ്മതത്തിന്റെ പോരായ്മകൊണ്ട് അസാധുവായിരിക്കുന്ന ഒരു വിവാഹം സാധുവായിത്തീരുന്നു.*

**§2.** *വിവാഹസമ്മതത്തിന്റെ പോരായ്മ തെളിയിക്കുവാൻ സാധിക്കുന്നതല്ലെങ്കിൽ വിവാഹസമ്മതം നൽകാതിരുന്ന വ്യക്തി സ്വകാര്യമായും രഹസ്യമായും വിവാഹസമ്മതം നൽകിയാൽ മതിയാകും.*

**§3.** *വിവാഹസമ്മതത്തിന്റെ പോരായ്മ തെളിയിക്കുവാൻ സാധിക്കുന്നതാണെങ്കിൽ നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമമനുസരിച്ച് സമ്മതം നൽകേണ്ടത് ആവശ്യമാണ്.*

**കാനോന 847:** *നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമത്തിന്റെ പോരായ്മകൊണ്ട് അസാധുവായിരിക്കുന്ന ഒരു വിവാഹം സാധുവായിത്തീരുന്നതിന് പ്രസ്തുത ക്രമമനുസരിച്ച് വിവാഹം പുതുതായി വീണ്ടും നടത്തേണ്ടതാണ്.*

പ്രത്യക്ഷത്തിൽ സാധുവും എന്നാൽ യാഥാർത്ഥ്യത്തിൽ അസാധുവുമായ വിവാഹമുണ്ട്. ഇങ്ങനെയുള്ള വിവാഹത്തെ തിരുത്തൽക്രമംകൊണ്ട് സാധുവാക്കാവുന്നതാണ്. സാധാരണ തിരുത്തൽ ക്രമം (simple convalidation) കൊണ്ടും വേരിൽത്തന്നെയുള്ള തിരുത്തൽ (radical sanation) കൊണ്ടുമാണ് ഇവയെ സാധുവാക്കുന്നത്.

സാധുതയില്ലായ്മയുടെ കാരണം അവസാനിച്ചതിനുശേഷം, സാധുതയ്ക്കായുള്ള കാനോനികക്രമം വീണ്ടും അനുഷ്ഠിക്കാതെ ദമ്പതികളിൽ ഒരാളോ രണ്ടുപേരുമോ വിവാഹസമ്മതം പുതുക്കു

ന്നതാണ് സാധാരണ തിരുത്തൽക്രമം. വീണ്ടും വിവാഹക്രമം പാലിക്കേണ്ടതിന്റെ ആവശ്യമില്ല; കാരണം നേരത്തെയുള്ള കാനോനികക്രമത്തിന് സാധാരണ തിരുത്തൽ ക്രമം ഒരു പുതിയ സമ്മതം നൽകുന്നതു മാത്രമേയുള്ളൂ. കാനോനികക്രമം സമ്മതത്തിന്റെ നവീകരണത്തിനാവശ്യമായി വരികയാണെങ്കിൽ അവിടെ തിരുത്തൽക്രമമല്ല, ഒരു പുതിയ ആചരണമാണ് നടക്കുക.

2º. വേരിൽത്തന്നെയുള്ള തിരുത്തൽ (Radical Sanation)

**കാനോന 848: §1.** *വിവാഹതടസ്സമുണ്ടായിരുന്നെങ്കിൽ അതിൽനിന്നും, നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമം പാലിച്ചില്ലായിരുന്നെങ്കിൽ അതിൽനിന്നും വിടുതൽ നൽകിയും, വിവാഹത്തിന്റെ കാനോനികഫലങ്ങൾക്ക് മുൻകാലപ്രാബല്യം നല്കിയും, വിവാഹസമ്മതത്തിന്റെ പുതുക്കൽകൂടാതെ തക്ക അധികാരിയുടെ അനുവാദത്തോടെ അസാധുവായ ഒരു വിവാഹത്തെ സാധുവാക്കുന്ന പ്രക്രിയയാണ് വേരിൽത്തന്നെയുള്ള തിരുത്തൽ.*

**§2.** *ഈ ആനുകൂല്യം നൽകപ്പെടുന്ന നിമിഷംതന്നെ വിവാഹം സാധുവാക്കപ്പെടുന്നു. ആനുകൂല്യകല്പനയിൽ വ്യക്തമായി മറിച്ച് പറയുന്നില്ലായെങ്കിൽ ഇതിന് വിവാഹം നടന്ന നിമിഷം മുതൽ മുൻകാലപ്രാബല്യമുണ്ട്.*

**കാനോന 849: §1.** *വേരിൽത്തന്നെയുള്ള തിരുത്തലിനെക്കുറിച്ച് ഏതെങ്കിലും ഒരു കക്ഷിയോ അല്ലെങ്കിൽ ഇരുകക്ഷികളുമോ അജ്ഞരായിരുന്നാൽപ്പോലും അത് സാധുവായി നല്കാവുന്നതാണ്.*

**§2.** *ഗൗരവമാർന്ന കാരണം കൂടാതെയും, കക്ഷികൾ വൈവാഹികജീവിതകൂട്ടായ്മയിൽ നിലനിൽക്കുവാൻ ആഗ്രഹിക്കുന്നുവെന്നു യുക്തമായി തോന്നാതെയും വേരിൽത്തന്നെയുള്ള തിരുത്തൽ നടത്തരുത്.*

**കാനോന 850: §1.** *ഇരുകക്ഷികളുടെയും വിവാഹസമ്മതം നിലനില്ക്കുകയാണെങ്കിൽ, അസാധുവായ ഒരു വിവാഹം തിരുത്തുവാൻ(sanate) സാധിക്കും.*

**§2.** *ദൈവികനിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവാഹതടസ്സം മൂലം അസാധുവായിരിക്കുന്ന ഒരു വിവാഹം സാധുവായി തിരുത്തുവാൻ പിന്നീട് ആ തടസ്സം ഇല്ലാതാകുന്നതുവരെ കഴിയുകയില്ല.*





**കാനോന 851: §1.** *വിവാഹത്തിന്റെ ആരംഭംമുതൽത്തന്നെ ഏതെങ്കിലും ഒരു കക്ഷിക്കോ അല്ലെങ്കിൽ ഇരുകക്ഷികൾക്കുമോ വിവാഹസമ്മതം ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ അവർ ആരംഭത്തിൽ കൊടുത്തിരുന്ന സമ്മതം പിന്നീട് പിൻവലിച്ചിരിക്കുകയോ ആണെങ്കിൽ വിവാഹം വേരിൽത്തന്നെ തിരുത്തുവാൻ കഴിയുകയില്ല.*

**§2.** *ആരംഭത്തിൽ വിവാഹസമ്മതം ഇല്ലായിരുന്നുവെങ്കിലും പിന്നീട് അത് നൽകിയിട്ടുണ്ടെങ്കിൽ സമ്മതം നല്കിയ നിമിഷം മുതൽ തിരുത്തൽ അനുവദിക്കാവുന്നതാണ്.*

**കാനോന 852:** *നിയമം അനുശാസിക്കുന്ന കാനോനികക്രമത്തിന്റെ പോരായ്മകൊണ്ടോ, തങ്ങൾക്ക് ഒഴിവുനൽകാൻ കഴിയുന്ന വിവാഹതടസ്സങ്ങൾകൊണ്ടോ വിവാഹത്തിന്റെ സാധുതയ്ക്ക് തടസ്സം വരികയാണെങ്കിൽ പാത്രിയർക്കീസുമാർക്കും രൂപതാദ്ധ്യക്ഷന്മാർക്കും, ഓരോ പ്രത്യേക കേസുകളിലും വേരിൽത്തന്നെയുള്ള തിരുത്തൽ നല്കുവാൻ കഴിയും. കാനോന 814-ൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ നിറവേറ്റിയിട്ടുണ്ടെങ്കിൽ, നിയമം നിർദ്ദേശിച്ചിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളിലും ഇങ്ങനെ സാധിക്കും. ഇതര സാഹചര്യങ്ങളിലും ദൈവികനിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വിവാഹതടസ്സം ഇപ്പോൾ ഇല്ലാതായിരിക്കുന്ന സാഹചര്യത്തിലും ശ്ലൈഹികസിംഹാസനത്തിനുമാത്രമേ വേരിൽത്തന്നെയുള്ള തിരുത്തൽ അനുവദിക്കാൻ സാധിക്കുകയുള്ളൂ.*

പൗരസ്ത്യപാരമ്പര്യങ്ങളോട് ചേർന്നുപോകുന്നതല്ലെങ്കിലും വേരിൽത്തന്നെയുള്ള തിരുത്തൽ കാനൻനിയമത്തിൽ നിലനിർത്തിയിരിക്കുന്നത് ലത്തീൻ സഭയുമായി വൈവാഹികനിയമങ്ങളിൽ ഉള്ള ഐക്യത്തിന്റെ ഒരു സൂചനയാണ്. പ്രത്യേക സാഹചര്യങ്ങളിൽ ആത്മാക്കളുടെ രക്ഷയ്ക്കായി വേരിൽത്തന്നെയുള്ള തിരുത്തൽ ആവശ്യമാകുന്നു. അസാധുവായ വിവാഹത്തെ നിയമാനുസൃതാധികാരിയുടെ ഒഴിവുനൽകൽവഴി വിവാഹസമ്മതം പുതുക്കാതെയും തടസ്സങ്ങൾക്ക് ഒഴിവുകൊടുത്തും കാനോനികക്രമം പാലിച്ചില്ലെങ്കിൽ അതിനും ഒഴിവുകൊടുത്തും വിവാഹത്തിന്റെ കാനോനികഫലങ്ങൾക്ക് മുൻകാലപ്രാബല്യം നൽകിയും വിവാഹം സാധുവാക്കുന്ന പ്രക്രിയയാണ് വേരിൽത്തന്നെയുള്ള തിരുത്തൽ. സാധാരണ കേസുകളിൽ, വേരിൽത്തന്നെയുള്ള തിരുത്തലിൽ ഒഴിവു നൽകലിനുള്ള അധികാരം പാത്രിയർക്കീസിനും രൂപതാമെത്രാനുമാണ്. ദൈവികനിയമങ്ങൾ, സ്വാഭാവികനിയമങ്ങൾ തുടങ്ങിയ

വയുടെ അടിസ്ഥാനത്തിലുള്ള തടസ്സങ്ങൾക്ക് ഒഴിവുനൽകാൻ ആർക്കും അധികാരമില്ല. അതിനാൽ അവ താനേ ഇല്ലാതായാൽ മാത്രമേ വേരിൽത്തന്നെയുള്ള തിരുത്തൽ സാധിക്കുകയുള്ളു. അപ്രകാരം ചെയ്യുന്നതിനു ശ്ലൈഹികസിംഹാസനത്തിനുമാത്രമേ അധികാരമുള്ളൂ.

### ദമ്പതികളെ വേർപെടുത്തൽ

1°. ദാമ്പത്യബന്ധം ഒഴിവാക്കൽ

**കാനോന 853:** *സംയോഗംവഴിയായി പൂർണ്ണത കൈവന്നിട്ടുള്ള കൗദാശികവിവാഹബന്ധം വേർപെടുത്തുവാൻ ഏതെങ്കിലും മാനുഷികശക്തിക്കോ, മരണത്തിനല്ലാതെ മറ്റേതെങ്കിലും കാരണത്തിനോ കഴിയില്ല.*

ദാമ്പത്യധർമ്മാനുഷ്ഠാനത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒരേയൊരു കാനോനയാണ് 853-ാമത്തെ കാനോന. സംയോഗംവഴി പൂർണ്ണത കൈവന്നിട്ടുള്ള കൗദാശിക വിവാഹബന്ധം മരണത്താലല്ലാതെ യാതൊരു കാരണത്താലും വേർപെടുത്താവുന്നതല്ല. 'സാധുവായതും സംയോഗംമൂലം പൂർണ്ണമാക്കപ്പെട്ടതും' (ratum consummatum) എന്ന ലത്തീൻ സഭാനിയമത്തിലെ നിർവ്വചനം പൗരസ്ത്യ കാനൻനിയമത്തിൽ ഉപയോഗിച്ചിട്ടില്ല. വൈദികന്റെ ആശീർവ്വാദത്താൽ ഒരിക്കൽ വിശുദ്ധമായി പരികർമ്മം ചെയ്യപ്പെട്ട വിവാഹം പൂർണ്ണവും അവികലവു (complete and perfect) മാണ്. മാമ്മോദീസ സ്വീകരിച്ച രണ്ടു വ്യക്തികളുടെ വിവാഹം ഒരു കൗദാശിക ഉടമ്പടിയായതിനാൽ യാതൊരു മാനുഷികശക്തിക്കും അതിനെ വേർപെടുത്തുവാൻ കഴിയില്ല. "ദൈവം യോജിപ്പിച്ചത് മനുഷ്യർ വേർപെടുത്താതിരിക്കട്ടെ" (മത്താ. 19:6).

സാധുവായതും എന്നാൽ സംയോഗത്താൽ പൂർണ്ണമാക്കപ്പെടാത്തതുമായ വിവാഹ (ratum et non- consummatum) ത്തിന്റെ വേർപെടുത്തലിനെ സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ ശ്ലൈഹികസിംഹാസനം നല്കുന്നു. 1986 ഡിസംബർ 20-ന് 'കൂദാശകൾക്കായുള്ള കാര്യാലയം' (Congregation for Sacraments) ഇതു സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

**കാനോന 854: §1.** *മാമ്മോദീസ സ്വീകരിച്ചിട്ടില്ലാത്ത രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹബന്ധത്തിന്റെ കാര്യത്തിൽ അവരിൽ ഒരു കക്ഷി മാമ്മോദീസ സ്വീകരിക്കുകയും മാമ്മോദീസ സ്വീകരിക്കാത്ത കക്ഷി പിരിഞ്ഞുപോവുകയും ചെയ്യുന്ന സാഹചര്യത്തിൽ, മാമ്മോദീസ സ്വീകരിച്ച കക്ഷി വേറൊരു വിവാഹബന്ധത്തിലേർപ്പെടുകയാണെങ്കിൽ അയാളുടെ വിശ്വാസത്തിനനുകൂലമായിട്ടുള്ള പൗളിൻ(Pauline)ആനുകൂല്യത്താൽ നിയമത്താൽത്തന്നെ മുൻവിവാഹബന്ധം ഇല്ലാതാകുന്നു.*

**§2.** *മാമ്മോദീസ സ്വീകരിച്ച കക്ഷി മാമ്മോദീസയ്ക്കുശേഷം അക്രൈസ്തവകക്ഷിക്കു വേർപിരിയുന്നതിന് ന്യായമായ കാരണം ഒന്നും കൊടുക്കാതെതന്നെ ആ കക്ഷി ദൈവദൂഷണം കൂടാതെ സമാധാനപരമായി ഒന്നിച്ചു ജീവിക്കുവാൻ വിസമ്മതിക്കുന്നപക്ഷം, അയാൾ വേർപിരിഞ്ഞുപോകുന്നതായി കരുതപ്പെടുന്നു.*

വിശ്വാസത്തിന്റെ ആനുകൂല്യത്തെ പൗളിൻ ആനുകൂല്യം (Pauline privilege), പെറ്ററയിൻ ആനുകൂല്യം (Petrine privilege) എന്ന് രണ്ടായിതിരിക്കാവുന്നതാണ്. മാമ്മോദീസ സ്വീകരിച്ചയാളും മാമ്മോദീസ സ്വീകരിക്കാത്തയാളും തമ്മിലുള്ള നിയമാനുസൃതമായതും സംയോഗംവഴി പൂർണ്ണമാക്കപ്പെട്ടതുമായ വിവാഹബന്ധം വിശ്വാസാനുകൂല്യപ്രകാരം റോമാമാർപാപ്പ വേർപിരിക്കുന്നതാണ് പെറ്ററയിൻ ആനുകൂല്യം. ഇത് പാശ്ചാത്യ-പൗരസ്ത്യ കാനൻനിയമങ്ങളിൽ ഇല്ലെങ്കിലും 1973 ഡിസംബർ 6-ാം തീയതി 'വിശ്വാസ കാര്യാലയ'ത്തിൽനിന്നു നൽകപ്പെട്ട നിർദ്ദേശങ്ങളിലുൾക്കൊള്ളുന്നതിനാൽ സാർവ്വത്രികസഭയ്ക്കു മുഴുവൻ ബാധകമാണ്.

മാമ്മോദീസ സ്വീകരിക്കാത്ത രണ്ടു വ്യക്തികളുടെ നിയമാനുസൃതമായ വിവാഹം സംയോഗത്താൽ പൂർണ്ണമാക്കപ്പെട്ടതാണെങ്കിൽപ്പോലും നിയമത്താൽത്തന്നെ, വിശ്വാസത്തിനനുകൂലമായി വേർപിരിക്കുന്നതാണ്. പൗളിൻ ആനുകൂല്യം (Pauline privilege). ഇതിന് 3 വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

1) മാമ്മോദീസ സ്വീകരിക്കാത്ത രണ്ടു വ്യക്തികളുടെ സാധുവായ വിവാഹം. 2) ദമ്പതികളിലൊരാളുടെ സാധുവായ മാമ്മോദീസാസ്വീകരണം. 3) മാമ്മോദീസ സ്വീകരിക്കാത്ത വ്യക്തി സമാധാനപരമായി കൂടെ വസിക്കുവാൻ തയ്യാറാകാത്ത അവസ്ഥ.

വിശ്വാസം സ്വീകരിച്ചു എന്ന ഏകകാരണത്താൽ മാമ്മോദീസ സ്വീകരിക്കാത്ത ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുന്ന കത്തോലിക്കാസ്ത്രീയ്ക്കു പുനർവിവാഹം ചെയ്യാവുന്നതാണ്.

**കാനോന 855: §1.** *മാമ്മോദീസ സ്വീകരിച്ച കക്ഷിക്ക് മറ്റൊരു വിവാഹം സാധുവായി നടത്തണമെങ്കിൽ അക്രൈസ്തവ*

*കക്ഷിയോട് താഴെപ്പറയുന്ന കാര്യങ്ങൾ ചോദിച്ചറിഞ്ഞിരിക്കണം:*

**1°.** *മാമ്മോദീസ സ്വീകരിക്കുവാൻ ആഗ്രഹമുണ്ടോ;*

**2°.** *മാമ്മോദീസ സ്വീകരിച്ച വ്യക്തിയുമായി ദൈവദൂഷണം കൂടാതെ സമാധാനപരമായി ഒന്നിച്ച ജീവിക്കുവാനെങ്കിലും ആഗ്രഹമുണ്ടോ.*

**§2.** *ഇപ്രകാരമുള്ള ചോദ്യംചെയ്യൽ (interrogation) മാമ്മോദീസായ്ക്കുശേഷമാണ് നടത്തേണ്ടത്. ഗൗരവമാർന്ന കാരണമുണ്ടെങ്കിൽ മാമ്മോദീസായ്ക്കുമുമ്പ് പ്രസ്തുത ചോദ്യംചെയ്യൽ നടത്തുവാൻ സ്ഥലമേലദ്ധ്യക്ഷന് അനുവദിക്കാവുന്നതാണ്. ചോദ്യംചെയ്യൽ നടത്തുന്നത് അസാധ്യമോ പ്രയോജനരഹിതമോ ആണെന്ന് സംക്ഷിപ്തരൂപത്തിലുള്ളതും കോടതിമുറ കൂടാതെയുമുള്ള അന്വേഷണത്തിൽനിന്നു സ്ഥാപിക്കപ്പെടുകയാണെങ്കിൽ ചോദ്യംചെയ്യൽ മാമ്മോദീസയ്ക്കു മുമ്പോ പിമ്പോ നടത്തുന്നതിൽനിന്നുപോലും ഒഴിവുനൽകുവാൻ സ്ഥലമേലദ്ധ്യക്ഷന് കഴിയും.*

**കാനോന 856: §1.** *മാനസാന്തരപ്പെട്ട കക്ഷിയുടെ സ്ഥലമേലദ്ധ്യക്ഷന്റെപേരിലാണ് സാധാരണയായി ചോദ്യംചെയ്യൽ നടത്തുന്നത്. പ്രത്യുത്തരം നല്കുന്നതിന് അക്രൈസ്തവകക്ഷി കൂടുതൽ സമയം ആവശ്യപ്പെടുകയാണെങ്കിൽ അതേ മേലദ്ധ്യക്ഷന് അത്-പ്രത്യുത്തരമൊന്നും കൂടാതെ നിശ്ചിതകാലം കഴിയുന്നപക്ഷം പ്രസ്തുത വ്യക്തിയുടെ മൗനം നിഷേധാത്മകമായ മറുപടിയായി പരിഗണിക്കുമെന്നുള്ള മുന്നറിയിപ്പോടുകൂടി-അനുവദിക്കാവുന്നതാണ്.*

**§2.** *മുകളിൽപ്പറഞ്ഞിരിക്കുന്ന നിശ്ചിതക്രമം പാലിക്കുവാൻ സാധിക്കാത്തപ്പോൾ മാനസാന്തരപ്പെട്ട കക്ഷിക്കുതന്നെ ചോദ്യംചെയ്യൽ സ്വകാര്യമായി നടത്താവുന്നതാണ്; അതു നിയമാനുസൃതവുമായിരിക്കും.*

**§3.** *മുകളിൽപ്പറഞ്ഞിരിക്കുന്ന ഏതു രീതിയിലാണെങ്കിലും ചോദ്യം ചെയ്യൽ നടന്നുവെന്ന വസ്തുതയും അതിന്റെ ഫലവും ബാഹ്യതലത്തിൽ നിയമാനുസൃതം വ്യക്തമായിരിക്കണം.*

**കാനോന 857: §1.** *മാമ്മോദീസ സ്വീകരിച്ച കക്ഷിക്ക് താഴെപ്പറയുന്ന സാഹചര്യങ്ങളിൽ മറ്റൊരു കത്തോലിക്കാകക്ഷിയുമായി പുതിയ ഒരു വിവാഹത്തിലേർപ്പെടുന്നതിന് അവകാശമുണ്ട്:*





**1°.** *ചോദ്യംചെയ്യലിനോട് മറുകക്ഷി നിഷേധാത്മകമായി പ്രതികരിക്കുന്നു;*

**2°.** *ചോദ്യംചെയ്യൽ നിയമാനുസൃതം ഒഴിവാക്കുന്നു;*

**3°.** *ചോദ്യംചെയ്യപ്പെട്ടതോ, അല്ലാത്തതോ ആയ അക്രൈസ്തവകക്ഷി ആരംഭത്തിൽ സമാധാനപരമായി സഹവസിച്ചതിനുശേഷം പിന്നീട് ന്യായമായ കാരണം കൂടാതെ പിരിഞ്ഞുപോകുന്നു; ഈ സാഹചര്യത്തിൽ 855-ഉം 856-ഉം കാനോനകളിലെ നിബന്ധനകൾ അനുസരിച്ച് ചോദ്യം ചെയ്യൽ നടത്തേണ്ടതാണ്.*

മാമ്മോദീസ സ്വീകരിക്കാത്ത കക്ഷി വേർപിരിയുന്നത് ഒരു അത്യാവശ്യമായി (absolute requirement) വരുന്നുണ്ടോ എന്നു തീർച്ചയാക്കാനാണ് ഈ ചോദ്യംചെയ്യൽ. പുതിയ വിവാഹത്തിന്റെ സാധുതയ്ക്കുള്ള ഒരു വ്യവസ്ഥയാണിത്. നിയമാനുസൃതമായ ഒരു വിവാഹം, മാനസാന്തപ്പെടുന്നയാളുടെ മാമ്മോദീസായുടെ അവസരത്തിൽ വേർപിരിയുന്നില്ല എന്നത് പ്രത്യേകം പ്രാധാന്യമർഹിക്കുന്നതാണ്. മാനസാന്തരപ്പെട്ടയാൾ ഒരു പുതിയ വിവാഹത്തിലേക്ക് പ്രവേശിക്കുമ്പോൾ മാത്രമാണ് മുൻവിവാഹം വേർപിരിയുന്നത്. ചോദ്യംചെയ്യൽ നടന്നിട്ടില്ലെങ്കിൽ പുതിയ വിവാഹം കാനോനികമായി അസാധുവായിരിക്കും. മാനസാന്തരപ്പെടുന്ന വ്യക്തിയുടെ സ്ഥലമേലദ്ധ്യക്ഷനാണ് ചോദ്യംചെയ്യലിന്റെ ഉത്തരവാദിത്വം.

**കാനോന 858:** *പൗളിൻ ആനുകൂല്യമുപയോഗിക്കുന്ന മാമ്മോദീസ സ്വീകരിച്ച കക്ഷിയെ, ഗൗരവമായ കാരണമുണ്ടെങ്കിൽ, മാമ്മോദീസ സ്വീകരിച്ചതോ സ്വീകരിക്കാത്തതോ ആയ ഒരു അകത്തോലിക്കാകക്ഷിയുമായി വിവാഹം നടത്തുവാൻ സ്ഥലമേലദ്ധ്യക്ഷന് അനുവദിക്കാവുന്നതാണ്. ഇക്കാര്യത്തിൽ മിശ്രവിവാഹം സംബന്ധിച്ച നിബന്ധനകളുംകൂടി പാലിക്കപ്പെടേണ്ടതാണ്.*

വിശ്വാസാനുകൂല്യത്തിന്റെ ഫലമനുഭവിക്കേണ്ടതിന് പുതിയ വിവാഹത്തിലേർപ്പെടുന്നവരിൽ ഒരാൾ കത്തോലിക്കാവ്യക്തിയും മറ്റേയാൾ അക്രൈസ്തവനും ആയിരുന്നാലും മതി; എപ്പോഴും വിവാഹം രണ്ടു കത്തോലിക്കർ തമ്മിലുള്ളതോ രണ്ടു ക്രൈസ്തവർതമ്മിലുള്ളതോ ആയിരിക്കണമെന്നില്ല. എന്നിരുന്നാലും ആവശ്യമായ വിടുതലുകൾ (dispensations) ലഭിച്ചിരിക്കണം.

**കാനോന 859: §1.** *മാമ്മോദീസ സ്വീകരിക്കാത്ത പല ഭാര്യമാർ ഒരേ സമയത്തുള്ള, മാമ്മോദീസ സ്വീകരിക്കാത്ത ഒരു പുരുഷന് കത്തോലിക്കാസഭയിൽ മാമ്മോദീസ സ്വീകരിച്ചതിനുശേഷം അവരിൽ ആദ്യത്തെ ഭാര്യയുമായി ഒരുമിച്ചുജീവിക്കുവാൻ ബുദ്ധിമുട്ടാണെങ്കിൽ ഭാര്യമാരിലാരെയെങ്കിലും ഒരാളെ നിലനിർത്തുകയും മറ്റുള്ളവരെ പറഞ്ഞുവിടുകയും ചെയ്യാവുന്നതാണ്. മാമ്മോദീസ സ്വീകരിക്കാത്ത പല ഭർത്താക്കന്മാർ ഒരേ സമയമുള്ള, മാമ്മോദീസ സ്വീകരിക്കാത്ത ഒരു സ്ത്രീയുടെ കാര്യത്തിലും ഇത് ബാധകമാണ്.*

**§2.** *നിയമത്തിന്റെ മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും നിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമമനുസരിച്ചും ഈ സാഹചര്യത്തിൽ വിവാഹം നടത്തേണ്ടതാണ്.*

**§3.** *ഉപേക്ഷിക്കപ്പെടുന്നവർക്ക് നീതിയുടെയും ഉപവിയുടെയും ധാർമ്മികനീതി (equity) യുടെയും മാനദണ്ഡങ്ങൾ അനുസരിച്ച് ജീവിക്കുവാൻ ആവശ്യമായവ ലഭ്യമാണന്ന് വ്യക്തികളുടെയും സ്ഥലങ്ങളുടെയും ധാർമ്മികവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ കണക്കിലെടുത്തതിനുശേഷം, സ്ഥലമേലദ്ധ്യക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്.*

പല ജീവിതപങ്കാളികളുണ്ടായിരുന്ന ഒരു വ്യക്തി വിശ്വാസത്തിലേക്കു വരുമ്പോൾ അയാൾ അവരിൽ ആദ്യപങ്കാളിയെ നിലനിർത്തുകയോ, അതിനു സാധിക്കുന്നില്ലെങ്കിൽ ഏതെങ്കിലുമൊരു പങ്കാളിയെ നിലനിർത്തുകയോ ചെയ്യുവാൻ 1537 ജൂൺ 1-ന് പുറത്തിറക്കിയ ആൾത്തിത്ത്യൂദോ (Altitudo) യിലൂടെ പോൾ 3-ാമൻ പാപ്പ നിർദ്ദേശിക്കുന്നു. ദമ്പതികളുടെ ആത്മാർത്ഥത അനുസരിച്ചായിരിക്കും ഇത്തരം സന്ദർഭങ്ങളിൽ വിവാഹത്തിന്റെ സാധുത. പീയൂസ് 5-ാമൻ പാപ്പ 1571 ആഗസ്റ്റ് 2-ന് പ്രസിദ്ധീകരിച്ച 'റൊമാനി പൊന്തിഫിച്ചെസ്' (Romani pontificis) പല വിവാഹപങ്കാളികളുണ്ടായിരിക്കേ മാമ്മോദീസ സ്വീകരിച്ച വ്യക്തി, മാമ്മോദീസ സ്വീകരിച്ച ഒരു പങ്കാളിയെത്തന്നെ ഭാര്യയായി തുടർന്നു സ്വീകരിക്കുവാനായി പ്രേരിപ്പിക്കുന്നു. ഇതു പരമ്പരാഗതമായ പൗളിൻ ആനുകൂല്യത്തിന്റെ (Pauline privilege) നിയമാനുസൃതമായ ഒരു തുടർച്ചയാണ്.

ബഹുഭാര്യാത്വത്തിന്റെയും ബഹുഭർതൃത്വത്തിന്റെയും കാര്യത്തിൽ 859-ാം കാനോനയിൽ പറഞ്ഞിരിക്കുന്നവ പാലിക്കേണ്ടതാണ്. എന്നിരുന്നാലും ഒരു വ്യക്തിക്കു പല ഭാര്യമാരോ ഭർത്താക്കന്മാരോ പല വിവാഹങ്ങളിലായി ഉണ്ടായിരിക്കുകയും വിവാഹമോചനം നേടുകയും ചെയ്തിരിക്കുന്ന അവസരത്തിൽ ഇത് ബാധകമല്ല.





**കാനോന 860:** *മാമ്മോദീസ സ്വീകരിച്ചിട്ടില്ലാതിരുന്ന ഒരു വ്യക്തി കത്തോലിക്കാസഭയിൽ മാമ്മോദീസ സ്വീകരിച്ചതിനുശേഷം താൻ തടവിലാക്കപ്പെട്ടതുമൂലമോ പീഢനംമൂലമോ മാമ്മോദീസ സ്വീകരിക്കാത്ത കക്ഷിയുമായി സഹവാസം പുനഃസ്ഥാപിക്കുവാൻ കഴിയാതെ വരുമ്പോൾ-പ്രസ്തുതകക്ഷി ഇതിനിടെ മാമ്മോദീസ സ്വീകരിച്ചിട്ടുണ്ടെങ്കിൽപ്പോലും-കാനോന 853 പരിഗണിച്ചുകൊണ്ടുതന്നെ മറ്റൊരു വിവാഹം നിയമാനുസൃതം നടത്താവുന്നതാണ്.*

**കാനോന 861:** *സംശയകരമായ ഒരു കാര്യത്തിൽ വിശ്വാസത്തിന്റെ ആനുകൂല്യത്തിന് നിയമാനുകൂല്യം സിദ്ധിക്കുന്നു.*

**കാനോന 862:** *ദാമ്പത്യസംയോഗംവഴി പൂർണ്ണത കൈവന്നിട്ടില്ലാത്ത ഒരു വിവാഹത്തെ തക്കകാരണമുണ്ടെങ്കിൽ മാർപാപ്പയ്ക്ക് ദമ്പതിമാരിരുവരുടെയും അപേക്ഷയിൻമേലോ, ഒരാൾ അപേക്ഷിക്കുകയും മറ്റേയാൾ എതിർക്കുകയുമാണെങ്കിൽ പോലുമോ വേർപെടുത്താവുന്നതാണ്.*

### 2º. ദാമ്പത്യബന്ധം നിലനിൽക്കെയുള്ള വേർപെടുത്തൽ

**കാനോന 863: §1.** *ഇതരദമ്പതി വ്യഭിചാരം ചെയ്ത കക്ഷിക്ക് ഉപവിയാൽ പ്രേരിതമായും കുടുംബത്തിന്റെ സുസ്ഥിതിയെ മുൻനിറുത്തിയും മാപ്പ് നിഷേധിക്കാതെയിരിക്കണമെന്നും വൈവാഹികജീവിതക്കൂട്ടായ്മയെ നശിപ്പിക്കരുതെന്നും ശക്തമായി ശുപാർശ ചെയ്യപ്പെടുന്നു. എന്നിരുന്നാലും ഒരു കക്ഷി മറുകക്ഷിയുടെ തെറ്റ് പ്രത്യക്ഷമായോ പരോക്ഷമായോ ക്ഷമിക്കാത്തപക്ഷം-അയാൾ കൂട്ടാളിയുടെ വ്യഭിചാരത്തിന് സമ്മതിക്കുകയോ അതിനു കാരണമാകുകയോ അയാൾകൂടിയും വ്യഭിചാരം നടത്തുകയോ ചെയ്തിട്ടില്ലെങ്കിൽ-പ്രസ്തുത കക്ഷിക്ക് വിവാഹക്കൂട്ടായ്മാജീവിതത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്നതിനുള്ള അവകാശമുണ്ട്.*

**§2.** *നിർദ്ദോഷിയായ കക്ഷി വ്യഭിചാരത്തെക്കുറിച്ച് അറിഞ്ഞതിനുശേഷം മറുകക്ഷിയുമായി സ്വമനസ്സാലെ ദാമ്പത്യസ്നേഹ*

*ത്തിൽ ജീവിക്കുകയാണെങ്കിൽ പരോക്ഷമായി ക്ഷമിച്ചു എന്നു കരുതേണ്ടതാണ്. ഇങ്ങനെ ആറു മാസക്കാലം വൈവാഹിക ജീവിതക്കൂട്ടായ്മയിൽ തുടരുകയും, ഇതിനിടെ സഭാധികാരികളെയോ സിവിൽ അധികാരികളെയോ വേർപെടുത്തലിനു വേണ്ടി സമീപിക്കാതിരിക്കുകയും ചെയ്താൽ പരോക്ഷമായി ക്ഷമിച്ചു എന്ന് അനുമാനിക്കാവുന്നതാണ്.*

**§3.** *നിർദ്ദോഷിയായ കക്ഷി സ്വമനസ്സാലെ വൈവാഹിക ജീവിതക്കൂട്ടായ്മ വേർപെടുത്തുകയാണെങ്കിൽ ആറുമാസത്തിനകം തക്ക അധികാരിയുടെ പക്കൽ വേർപെടുത്തലിനുള്ള കേസ് സമർപ്പിക്കേണ്ടതാണ്. തെറ്റു ക്ഷമിക്കാനും വേർപാട് നീട്ടിക്കൊണ്ടുപോകാതിരിക്കാനും നിർദ്ദോഷിയായ കക്ഷിയെ പ്രേരിപ്പിക്കുവാൻ സാധിക്കുമോയെന്ന് എല്ലാ സാഹചര്യങ്ങളും അന്വേഷിച്ചറിഞ്ഞതിനുശേഷം തീരുമാനിക്കേണ്ടത് ഈ അധികാരിയാണ്.*

**കാനോന 864: §1.** *ദമ്പതിമാരിൽ ആരെങ്കിലും ജീവിതപങ്കാളിക്കോ സന്താനങ്ങൾക്കോ സാരമായ അപകടത്തിനു കാരണമായിത്തീരുകയോ കൂട്ടായജീവിതം ദുസ്സഹമാക്കുകയോ ചെയ്താൽ അയാൾ മറ്റേയാൾക്ക്, സ്ഥലമേലദ്ധ്യക്ഷന്റെ കല്പനയാലോ കാലതാമസം അപകടത്തിനിടയാക്കുമെങ്കിൽ സ്വന്തം തീരുമാനത്താലോ ബന്ധം വേർപെടുത്തുന്നതിനുള്ള നിയമാനുസൃതമായ കാരണം കൊടുക്കുന്നു.*

**§2.** *ജനങ്ങളുടെ രീതികളും സ്ഥലത്തെ സാഹചര്യങ്ങളും അനുസരിച്ച് മറ്റുകാരണങ്ങൾ സ്വയാധികാരസഭയുടെ പ്രത്യേക നിയമത്തിൽ നിശ്ചയിക്കാവുന്നതാണ്.*

**§3.** *തക്ക അധികാരി മറിച്ചു നിശ്ചയിക്കാത്ത പക്ഷം, വേർപെടുത്തലിനുള്ള കാരണം ഇല്ലാതാകുമ്പോൾ എല്ലാകേസുകളിലും ദാമ്പത്യജീവിതക്കൂട്ടായ്മ പുനഃസ്ഥാപിക്കപ്പെടേണ്ടതാണ്.*

**കാനോന 865:** *ദമ്പതികളുടെ വേർപെടുത്തൽ നടത്തുമ്പോൾ കുട്ടികളുടെ ഉപജീവനത്തിനും വിദ്യാഭ്യാസത്തിനും ഉതകുന്നവിധത്തിൽ അനുയോജ്യമായ സംവിധാനം നേരത്തെതന്നെ ഉണ്ടാക്കണം.*

**കാനോന 866:** *നിർദ്ദോഷിയായ കക്ഷിക്ക് മറ്റേ കക്ഷിയെ വൈവാഹികജീവിതത്തിലേക്ക് ശ്ലാഘനീയമായി തിരികെ സ്വീകരിക്കാവുന്നതാണ്. വേർപിരിയുന്നതിനുള്ള അവകാശം ഇതോടെ നഷ്ടപ്പെടുന്നു.*





വിവാഹവിയോജനത്തിനുള്ള കാരണങ്ങളെ സംബന്ധിച്ച് ലത്തീൻ കാനൻനിയമം ഗൗരവമേറിയത്, ഭൗതികമായത്, ധാർമ്മികമായത് എന്നിങ്ങനെ നടത്തുന്ന വിഭജനങ്ങൾ പൗരസ്ത്യകാനൻനിയമത്തിലില്ല. തെറ്റുചെയ്യാത്ത കക്ഷിക്ക് വിവാഹവിയോജനത്തിന് തക്ക കാരണമാകാവുന്നവയുടെ ലിസ്റ്റ് Crebrae Allatae-യിൽ നല്കിയിരുന്നു. മറുകക്ഷി ഒരു അകത്തോലിക്കാഗ്രൂപ്പിൽ ചേരുക, കുട്ടികൾക്ക് അകത്തോലിക്കാവിദ്യാഭ്യാസം നല്കുക, ഒരു ക്രിമിനൽജീവിതം നയിക്കുക, ക്രൂരതയാൽ പങ്കാളിയുടെ ജീവിതം വിഷമകരമാക്കുക തുടങ്ങിയവയൊക്കെ ആ ലിസ്റ്റിൽപെടും. പുതിയ കാനൻനിയമം ഇതിനു പകരമായി 'ജീവിത പങ്കാളിക്കോ കുട്ടികൾക്കോ കൂട്ടായ ജീവിതം അപകടകരമാക്കിത്തീർക്കുന്നുവെങ്കിൽ' എന്ന പ്രയോഗമാണ് നടത്തിയിരിക്കുന്നത്.

ദമ്പതികളുടെ സഹവാസം വേർപെടുത്തൽ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ആ പ്രക്രിയയുടെ സാധുതയ്ക്കു നീതിസംരക്ഷകന്റെ (Promoter of Justice) ഇടപെടൽ ആവശ്യമാണ്. കാരണം കുടുംബത്തിന്റെ സംരക്ഷണവും സുസ്ഥിതിയും ദമ്പതികളുടെ വ്യക്തിപരമായ നന്മയ്ക്കായി മാത്രമല്ല, സഭയുടെ മുഴുവൻ പൊതുനന്മയ്ക്കായുമുള്ളതാണ്. വേർപെടുത്താനുള്ള ഡിക്രി പുറപ്പെടുവിക്കേണ്ടത് രൂപതാമെത്രാനോ, അല്ലെങ്കിൽ ജഡ്ജിയോ ആണെന്ന് കാനോന 1378§1 പറയുന്നു. സ്ഥലമേലദ്ധ്യക്ഷനാണ് വേർപിരിയാനുള്ള ഡിക്രി പുറപ്പെടുത്താനുള്ള അവകാശം എന്നു കാനോന 864§1 പറയുന്നു. രൂപതാമെത്രാന്റെ പ്രതിനിധിയായാണ് സ്ഥലമേലദ്ധ്യക്ഷൻ പ്രവർത്തിക്കുന്നതെങ്കിൽ മേല്പറഞ്ഞ രണ്ടു കാനോനകളും തമ്മിലുള്ള വ്യത്യാസം പ്രത്യക്ഷത്തിൽ മാത്രമാണ്.